KOTTAYAM PUBLIC LIBRARY

Call No M330.947 Acc. No 84153

Author ലിജിൻ ജോസ് .വി

Title ധനവും ജനവും.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

961

# ധനവും കടവും

KOTTAYAM PUBLIC LIBRARY
KOTTAYAM.
82153
20695

ഗ്രന്ഥകർത്താ:

വി. ചെരസ്‌ലിജിൻ

DISTRIBUTING LIBRARY
No. ..................
KOTTAYAM

വിവർത്തകൻ:

സി. ആർ. കുഞ്ഞുണ്ണി

പ്രസാധകർ: 3058

കറൻറ് ബുക്ക്സ്, തൃശ്ശൂർ

വില: 3_00

330.947
LIG.F

# DHANAVUM KATAVUM
(FINANCE & CREDIT)

First Impression August 1967
Copies: 1000
Price Rs. 3.00

by
PERESLEGIN

Translated by
C. R. KUNJUNNY

Cover: Sankarankutty
Blocks: Sankar Blocks
Rights Reserved
Printed at: Current Printers, Trichur
Publishers: Current Books, Trichur

# വിഷയവിവരം

20695

## ഭാഗം ഒന്നു്:

### സ്റ്റെയിററ് സാമ്പത്തികസമ്പ്രദായം


പൊതുധനം 7

സ്റ്റെയിററ്ധനത്തെപ്പററിയുള്ള ആധുനികാഭിപ്രായം 15

യു. എസ്സ്. എസ്സ്. ആറിലെ സാമ്പത്തികസമ്പ്രദായം 37


## ഭാഗം രണ്ടു്:

### സോവിയററ് ബഡ്ജററ്സമ്പ്രദായം


സോവിയററ് ബഡ്ജററ്സമ്പ്രദായത്തിൻെറ ഘടന 60

സോവിയററ് ബഡ്ജററ്സമ്പ്രദായത്തിൻെറ പ്രാഥമികവികസനം 67

സോഷ്യലിസം പടുത്തുയത്തുമ്പോഴുള്ള ബഡ്ജററ്സമ്പ്രദായം 91

സോവിയററ് സ്റ്റെയിററ്ബഡ്ജററിൻെറ ആസൂത്രണവും രൂപീകരണവും നിവ്വഹണവും 96


## ഭാഗം മൂന്നു്:

### വായ്പാസമ്പ്രദായത്തിൻെറ ഘടന


വായ്പാസമ്പ്രദായത്തിൻെറ നിവ്വചനം 110

സോവിയററ് വായ്പാസമ്പ്രദായം 124

ഇന്നത്തെ സോവിയററ് വായ്പാസമ്പ്രദായം 146

# ഭാഗം ഒന്ന്

## അദ്ധ്യായം ഒന്ന്

# സ്റ്റെയിററ് സാമ്പത്തികസമ്പ്രദായം

### പൊതുധനം

ഭൗതികസമ്പത്തിന്റെ ഉല്പാദനവും വിതരണവും—ചുരുക്കത്തിൽ സമ്പദ്‌വ്യവസ്ഥ—സാമൂഹ്യജീവിതത്തിന്റെ ഏററവും പ്രധാനമായ വശമാണ്. ധനത്തിന്, പ്രത്യേകിച്ച് പൊതുധനത്തിന്, സാമ്പത്തികവികസനവുമായി അടുത്ത ബന്ധമുണ്ട്. ഗവണ്മെന്റുസ്ഥാപനങ്ങൾക്കും രാഷ്ട്രീയപാർട്ടികൾക്കും സാമ്പത്തികകാര്യങ്ങളിലും പ്രശ്നങ്ങളിലും താല്പര്യമുണ്ട്. ഒരു രാജ്യത്തിന്റെ സാമ്പത്തികപ്രശ്നങ്ങളുമായി ആ രാജ്യത്തിലെ മിക്കവാറും എല്ലാ പൗരന്മാർക്കും ഇടപാടുകളുണ്ട്.

അതുകൊണ്ടാണ് പൊതുധനകാര്യത്തിൽ ജനങ്ങൾ താല്പര്യം കാണിക്കുന്നതും അതിന്റെ പ്രവർത്തനങ്ങൾ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നതും. ധനത്തിന്റെ ഉള്ളടക്കത്തെപ്പററിയും പങ്കിനെപ്പററിയും സാമൂഹ്യവികസനത്തിന് ധനം ഉപയോഗപ്പെടുത്തുന്നതിനെപ്പററിയും പ്രതിപാദിക്കുന്ന വിജ്ഞാനസമുച്ചയമാകുന്ന സാമ്പത്തികശാസ്ത്രം, അവർ അന്വേഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്ന, ഉത്തരങ്ങൾ നല്കുന്നു.

## എന്താണ് ധനം?

സമ്പദ്‌വ്യവസ്ഥയുടെ ഒരു ഘടകമാണ് ധനമെന്ന് ആദ്യമായി പറയാം. അത് പണത്തെയും പണം സമൂഹത്തിൽ ഉപയോഗിക്കുന്നതിനെയും സംബന്ധിക്കുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ, ആദായങ്ങളുണ്ടാക്കുകയും ഉപയോഗിക്കുകയും ചിലവഴിക്കുകയും ചെയ്യുകയെന്ന, പണസംബന്ധമായ, പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള സാമൂഹ്യബന്ധങ്ങളെ ധനം പ്രതിനിധീകരിക്കുന്നു.

എല്ലാ ആദായവും ഒന്നാകെയായി വർഗ്ഗീകരിച്ചും ഒന്നാകെയായി കൂട്ടുന്നതും ധനസംബന്ധിച്ചുള്ള ഒരു വസ്തുതയായി കണക്കാക്കാം. അങ്ങിനെയുള്ള വരവുകളുടെയും ചിലവുകളുടെയും സമ്പ്രദായങ്ങളിവയാണ്:

1. അവ പണരൂപത്തിലുള്ളവയാണ്; 2. ജനങ്ങൾ, സ്ഥാപനങ്ങൾ അല്ലെങ്കിൽ സംഘടനകൾ എന്നിവയുടെ പ്രവർത്തനഫലമായിട്ടുള്ളവയാണ്. 3. ആദായം ലഭിക്കുന്ന വഴികളും ചിലവഴിക്കുന്ന രൂപവും പ്രത്യേക ജീവിതസ്ഥിതികളെയും സാമൂഹ്യവികാസത്തിന്റെ നിലവാരത്തെയും ആശ്രയിച്ചിരിക്കുന്നവയും രാഷ്ട്രത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ടിട്ടുള്ളവയുമാണ്.

ജനങ്ങളും വർഗ്ഗങ്ങളും ഒരു ഭാഗത്തും രാഷ്ട്രം മറുഭാഗത്തുമായിട്ടുള്ള, പണസംബന്ധമായ ബന്ധങ്ങൾ സംബന്ധിച്ച, ഒന്നാണ് ധനമെന്ന് ഇതിനാൽ സിദ്ധിക്കുന്നു. അതനുസരിച്ചാണ് പണനിക്ഷേപങ്ങൾ (ആദായങ്ങൾ) സ്വരൂപിക്കപ്പെടുന്നതും വിതരണം ചെയ്യപ്പെടുന്നതും ഉപയോഗിക്കപ്പെടുന്നതും. (ചിലവുകൾ) പണമായിട്ടുള്ള ആദായങ്ങളും അവയുടെ ശേഖരണവുമാണ് ധനാഗമമാർഗ്ഗങ്ങളുണ്ടാക്കുന്നത്. ഇവയുടെ ഉപയോഗം ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും വർഗ്ഗങ്ങളുടെയും രാഷ്ട്രത്തിന്റെയും വിവിധാവശ്യങ്ങൾക്കുള്ള പണമുണ്ടാക്കുന്നു.

വ്യക്തികളുടെ സ്വകാര്യസ്വത്തുക്കളേക്കാൾ പൊതുസ്വത്താണ് സാമൂഹ്യജീവിതത്തിലും രാഷ്ട്രത്തിന്റെ ജീവിതത്തിലും പ്രാധാന്യം വഹിക്കുന്നതു്. ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ ഉള്ളടക്കത്തെ പൊതുധനം പൂർണ്ണമായി തുറന്നുകാട്ടുന്നു. സാമ്പത്തികവിഭവങ്ങൾ സമ്പാദിക്കുകയും ചിലവഴിക്കുകയും ചെയ്യുന്ന മാർഗ്ഗങ്ങളെ അതു് വ്യക്തമാക്കുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തികകാര്യങ്ങൾ, സാമ്പത്തികനയം, സാമ്പത്തിക നിയമവിധാനം, സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സാമ്പത്തിക പ്രവർത്തനങ്ങൾ, നികുതികൾ, വായ്പകൾ, രസീതുകൾ, ധനസഹായങ്ങൾ എന്നിവ പൊതുധനത്തിന്റെ മുഖ്യഭാഗമാണ്.

## എന്താണ് പൊതുധനം? What is Commonwealth

ഗവണ്മെണ്ട് ധനം, പൊതുസ്ഥാപനങ്ങളുടെയും സംഘങ്ങളുടെയും ധനം, പൊതുസംഘടനകളുടെ ധനം എന്നിവ പൊതുധനത്തിലുൾപ്പെടുന്നു. ഗവണ്മെണ്ടിന്റെ ധനവും (ബഡ്ജററ്, ഗവണ്മെണ്ട് സ്ഥാപനങ്ങളിൽനിന്നുള്ള ആദായം മുതലായവ) പ്രാദേശിക ഗവണ്മെണ്ട് സമിതികളുടെയും സ്ഥാപനങ്ങളുടെയും ധനവും കൂടിയതാണ് രാഷ്ട്രത്തിന്റെ ധനം. ഈ ഭാഗത്തിന്റെ രണ്ടാമദ്ധ്യായത്തിൽ രാഷ്ട്രത്തിന്റെ ധനത്തിനെപ്പററി കൂടുതലായ വിശദീകരണം കൊടുത്തിട്ടുണ്ട്.

സഹകരണസംഘങ്ങൾ, വായ്പ നൽകുന്ന സ്ഥാപനങ്ങൾ (സംഘടനകൾ) ഇൻഷ്വറൻസ് കമ്പനികൾ, സാമൂഹ്യസേവന സമിതികൾ മുതലായ പൊതുസ്ഥാപനങ്ങളും സംഘങ്ങളും ഓരോ രാജ്യത്തിലുമുണ്ട്. ഈ സ്ഥാപനങ്ങളുടെ പണരൂപത്തിലുള്ള വരുമാനങ്ങളും പണശേഖരണവും വിനിയോഗവും ഏററിനങ്ങൾ സ്വകാര്യധനത്തേക്കാൾ പൊതുധനവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നതു്.

രാഷ്ട്രീയപ്പാർട്ടികൾ, ട്രെയിഡ്യൂണിയനുകൾ (തൊഴിലാളിസംഘടനകൾ), ക്രെഡിററ് (വായ്പ) യൂണിയനുകൾ, സ്പോ

ട്ട്സ് (വിനോദങ്ങൾ) സംഘടനകൾ മുതലായ പൊതുസ്ഥാപനങ്ങളുടെ ധനവും പൊതുധനത്തിന്റെ ഒരു ഭാഗമാണ്. ഗവൺമെന്റിന്റെയും പൊതുസ്ഥാപനങ്ങൾ, സംഘടനകൾ, സംരംഭങ്ങൾ എന്നിവയുടെയും ധനം കൂടിച്ചേർന്നതാണ് പൊതുധനം. മേൽപറഞ്ഞവയെ പൊതുധനമെന്ന പേരുകൊണ്ട് വ്യവഹരിക്കുന്നത് അത്ര ശരിയായിരിക്കുകയില്ല. സ്വകാര്യധനത്തിൽ നിന്നു വ്യത്യസ്തമാണെന്നുള്ളതുമാത്രമാണ് അവയ്ക്കുള്ള പൊതുവായിട്ടുള്ള സ്വഭാവം. ഗവൺമെന്റുധനത്തിന്റെ സാമ്പത്തികമായ ഉള്ളടക്കം, ആദായങ്ങളുടെ (വരവുകൾ) ഉറവിടങ്ങളും രൂപങ്ങളും, പണം വിതരണം ചെയ്യുന്ന (ചിലവുകൾ) സമ്പ്രദായങ്ങളും ഉദ്ദേശങ്ങളും പൊതുസ്ഥാപനങ്ങളുടെ ധനത്തിന്റേതിൽനിന്നു വ്യത്യസ്ഥമാണ്. ഗവൺമെന്റ്, നികുതികൾ ചുമത്തുകയും പിരിക്കുകയും ചെയ്യുന്നു. പൊതുസ്ഥാപനങ്ങൾക്കതു ചെയ്യുവാൻ കഴിയുകയില്ല; ചെയ്യുവാൻ പാടില്ലതാനും. ഗവൺമെന്റിന്റെ ചിലവുകളും പൊതുസ്ഥാപനങ്ങളുടെയും സംഘടനകളുടെയും ചിലവുകളും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. ട്രേഡ് യൂണിയനുകളുടെ ധനവും ഗവൺമെന്റിന്റെ ധനവും തമ്മിൽ രൂപത്തിലും ഉള്ളടക്കത്തിലും പ്രധാനമായ വ്യത്യാസങ്ങളുണ്ട്. പൊതുധനത്തിന്റെ ഉള്ളടക്കവും ഘടനയും ഓരോ രാജ്യത്തിലും ഓരോ വിധമാണ്. എന്നാൽ മുതലാളിത്തരാജ്യങ്ങളിലെ പൊതുധനവും സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെ പൊതുധനവും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ട്.

## മുതലാളിത്തരാജ്യങ്ങളിലെ പൊതുധനം

സാമ്പത്തിക-രാഷ്ട്രീയസംഘടനകളിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങളും മുതലാളിത്തരാജ്യങ്ങളുടെയും സോഷ്യലിസ്റ്റ്‌രാജ്യങ്ങളുടെയും സ്വഭാവത്തിലും പ്രവർത്തനങ്ങളിലുമുള്ള വൈജാത്യങ്ങളും മുതലാളിത്തപൊതുധനത്തെ സോഷ്യലിസ്റ്റ് പൊതുധനത്തിൽനിന്നു സമൂലം വേർതിരിക്കുന്നു. ഉല്പാദനോ

പകരണങ്ങളുടെയും അധ്വാനഫലത്തിന്റെയും സ്വകാര്യ ഉടമാ വകാശം മുതലാളിത്തസമ്പ്രദായത്തിന്റെ സവിശേഷതയാണ്. സമ്പദ്‌വ്യവസ്ഥയുടെ ഭൂരിഭാഗവും താക്കോൽ സ്ഥാനങ്ങളും കുത്തകമുതലാളിത്തത്തിന്റെയോ, വ്യക്തികളായ മുതലാളിമാരുടെയോ കയ്യിലായിരിക്കും. മുതലാളിത്തരാജ്യങ്ങളിൽ ഉല്പാദനവും പൊതുസ്ഥാപനങ്ങളുടേയും സംരംഭങ്ങളുടേയും സാമ്പത്തികപ്രവർത്തനങ്ങളും നടത്തപ്പെടുന്നതു് ലാഭത്തിനുവേണ്ടിയാണ്. അതുകൊണ്ട് മുതലാളിത്തത്തിനു കീഴിലുള്ള പൊതുധനം രാജ്യത്തിന്റെ മുഴുവൻ സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെടുന്നില്ല; ദേശീയ സമ്പദ്‌വ്യവസ്ഥയുടെ ഒരു ചെറിയ ഭാഗത്തെ മാത്രം പ്രതിനിധീകരിക്കുന്ന ഗവർമ്മെണ്ടിന്റെ സാമ്പത്തികപ്രവർത്തനങ്ങളും സഹകരണസംഘങ്ങൾ, പൊതുസംഘടനകൾ, സംരംഭങ്ങൾ എന്നിവയുടെ സാമ്പത്തിക പ്രവർത്തനങ്ങളുമായിട്ടേ പൊതുധനത്തിനു് ബന്ധമുള്ളൂ. സഹകരണസംഘങ്ങൾ, പൊതുസംരംഭങ്ങൾ, പൊതുസ്ഥാപനങ്ങൾ (സംഘടനകൾ, ഇൻഷ്യൂറൻസ് കമ്പനികൾ മുതലായവ) എന്നിവയുടെ അന്തിമ ലക്ഷ്യം ലാഭസമ്പാദനമാണ്. ഏറ്റവുമധികം മൂലധനം കയ്യിലുള്ളവരാണ് ഇവയെ നിയന്ത്രിക്കുന്നതു്. ഈ സംരംഭങ്ങളുടെയും സംഘടനകളുടെയും സാമ്പത്തിക ലാഭങ്ങൾ, സ്വാർത്ഥപരമായ നേട്ടമുദ്ദേശിച്ചുകൊണ്ടു്, ഉപയോഗപ്പെടുത്തുന്നതു് മുതലാളിഗ്രൂപ്പുകളും നേതൃസ്ഥാനത്തുള്ള മുതലാളിമാരായ വ്യക്തികളുമാണ്. പൊതുധനം ശാസ്ത്രീയമായി ആസൂത്രണംചെയ്യുന്നതിനോ, ഉല്പാദനമത്സരങ്ങളെ അനാരോഗ്യകരമായ, സ്വകാര്യസ്വത്തു് അസാദ്ധ്യമാക്കുന്നു. തൊഴിലാളിവർഗ്ഗമാണ്—തൊഴിലാളികളും കൃഷിക്കാരും—രാഷ്ട്രത്തിന്റെയും പൊതുസ്ഥാപനങ്ങളുടെയും സംരംഭങ്ങളുടേയും ധനപരമായ ആദായം ഉണ്ടാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതു്. സംരംഭങ്ങൾക്കു ലാഭമുണ്ടാക്കിക്കൊടുക്കുന്നതു് അവരുടെ അദ്ധ്വാനമാണ്. കൂടാതെ, അവരുടെ സമ്പാദ്യത്തിന്റെ ഒരു ഭാഗം ഏതെങ്കിലും സ്ഥാപനത്തിനപ

യോഗിക്കുവാൻ ഏല്പിക്കുന്നു. ഇങ്ങിനെ കൊടുക്കുന്ന ധനംകൊണ്ടാണു് സാമ്പത്തികവിഭവങ്ങൾ (ആദായമാർഗ്ഗങ്ങൾ) സൃഷ്ടിക്കപ്പെടുന്നതു്. ഇങ്ങിനെ സ്ഥാപനങ്ങൾക്കു ലഭിക്കുന്ന ആദായങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനല്ല ഉപയോഗിക്കുന്നതു്; ആ സ്ഥാപനങ്ങളും സംരംഭങ്ങളും നിയന്ത്രിക്കയും സ്വന്തമാക്കിവെക്കുകയും ചെയ്യുന്നവരുടെ പോഷണത്തിനുവേണ്ടിയാണു് വിനിയോഗിക്കുന്നതു്.

മുതലാളിത്തരാഷ്ട്രം സമ്പദ്‌വ്യവസ്ഥയിൽ ഇടപെടുന്നു. ഇങ്ങിനെ ചെയ്യുന്നതിന്നിടയിൽ മുതലാളിത്തരാഷ്ട്രം അതിന്റെ സാമ്പത്തികപ്രവർത്തനങ്ങൾ നടത്തുന്നതു്, ചില ബൂർഷ്വാസാമ്പത്തിക ശാസ്ത്രജ്ഞന്മാർ അവകാശപ്പെടുന്നതുപോലെ, ജനങ്ങളുടെ താല്പര്യത്തിനുവേണ്ടിയല്ല പ്രത്യുത മുതലാളിമാരുടേയും മുതലാളിത്തസംഘടനകളുടേയും താല്പര്യങ്ങൾക്കുവേണ്ടിയാണു്. നികുതിപിരിവു വഴി, തൊഴിലാളികളുടെ വരുമാനത്തിന്റെ ഒരു ഭാഗം ഗവർമ്മെണ്ടു് പിടിച്ചെടുക്കുകയും ഈ പണം മുതലാളിമാർക്കു ലാഭകരമായ ധനസഹായങ്ങൾ (Subsidy) ഗ്രാന്റുകൾ, പട്ടാളത്തിന്നുള്ള ഓർഡറുകൾ, റോഡുനിർമ്മാണം, കെട്ടിടനിർമ്മാണം മുതലായ ഗവർമ്മെണ്ടു ചിലവുകൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. നികുതിദായകന്മാരുടെ കീശകളിൽനിന്നു് ഊറ്റിയെടുക്കുന്ന പണത്തിന്റെ ഒരു ഭാഗമാണ് ഇങ്ങിനെ മുതലാളിമാരുടെ കീശകളിലേക്കു ഇട്ടുകൊടുക്കുന്നതു്. ഇങ്ങിനെ മുതലാളിമാരും അവരുടെ കുത്തകസംഘടനകളും അവരുടെ സാമ്പത്തികതാല്പര്യങ്ങൾക്കുവേണ്ടി രാഷ്ട്രത്തെ ചൂഷണം ചെയ്യുന്നു. ഈ സമ്പ്രദായം നിലനിർത്തുവാൻ പണവും പരിശ്രമവും ആവശ്യമാണു്; മുതലാളിത്തരാഷ്ട്രം ഇവ രണ്ടും ഉപയോഗിക്കുകയും ചെയ്യുന്നു. പോലീസ്സേന, കോടതികൾ, ജയിലുകൾ എന്നിവ നിലനിർത്തുവാനും ഈ സമ്പ്രദായത്തിന്നനുകൂലമായി പ്രചരണം നടത്തുവാനും (പത്രങ്ങൾ, റേഡിയോ മുതലായവ വഴി) മുതലാളിത്തരാഷ്ട്രം അതിന്റെ സമ്പത്തിന്റെ ഒരു ഭാഗം ചിലവഴി

കുന്നു. മുതലാളിത്തത്തിന്റെ കീഴിലുള്ള പൊതുധനം ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുകയില്ലെന്നാണിതു കാണിക്കുന്നതു്. നേരെമറിച്ചു് അതു് ജനങ്ങളുടെ വരുമാനം മുതലാളികൾക്കു വീണ്ടും വീതിച്ചുകൊടുത്തുകൊണ്ടു് ജനങ്ങളുടെ ജീവിതസൗകര്യങ്ങൾ കൂടുതൽ മോശമാക്കുന്നു.

## സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ പൊതുധനം

സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുള്ള രാജ്യങ്ങളിൽ ഉല്പാദനോപകരണങ്ങൾ ജനങ്ങൾക്കൊന്നാകെയുള്ളവയോ (ഗവൺമെണ്ടുമുതൽ) ഓരോ കൂട്ടുസ്ഥാപനങ്ങൾക്കുള്ളവയോ (സഹകരണമുതൽ) ആണ്. ദേശീയ സമ്പദ്‌വ്യവസ്ഥയുടെ താക്കോൽസ്ഥാനങ്ങൾ ഗവൺമെണ്ടിന്റെ കൈവശമാണ്. പൊതുധനമങ്ങിനെ ദേശീയ സമ്പത്തിന്റെ മുഴുവൻ ഭാഗത്തേയോ അല്ലെങ്കിൽ മിക്കവാറും മുഴുവൻ ഭാഗത്തേയോ പ്രതിനിധീകരിക്കുന്നു. സാമൂഹ്യാടിസ്ഥാനത്തിലുള്ള ഉൽപാദനമാണ് അതിന്റെ ഭൗതികമായ അടിസ്ഥാനം. ഗവൺമെണ്ട് നടത്തുന്നതും സഹകരണസ്ഥാപനങ്ങൾ നടത്തുന്നതുമായ സംരംഭങ്ങളുടെ ആദായവും മുതലുമാണ് ഗവൺമെണ്ടിന്റെ വരുമാനമാർഗ്ഗങ്ങൾ. ഭൗതികസമ്പത്തിന്റെ ഉൽപാദനം വർദ്ധിപ്പിക്കുവാനും ജനങ്ങളുടെ വർദ്ധിച്ചുവരുന്ന സാംസ്കാരികാവശ്യങ്ങൾ നിർവ്വഹിക്കുവാനും ഈ ഗവൺമെണ്ട് ധനം ഉപയോഗിക്കുന്നു.

ഇക്കാരണത്താൽ പൊതുധനംസംബന്ധിച്ച ആസൂത്രണം ആവശ്യമായി വരുന്നു. ഗവൺമെണ്ടും സഹകരണസ്ഥാപനങ്ങളും ഒരു കൊല്ലത്തിനിടയിലോ കുറെ കൊല്ലങ്ങൾക്കിടയിലോ അധികാധികം കാലത്തിനിടയിലോ തങ്ങൾക്കു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന വരുമാനത്തെപ്പറ്റിയും ഉൽപാദനത്തിനും പൊതുജനാവശ്യങ്ങൾക്കും വേണ്ടിവരുന്ന ചിലവുകളുടെ സ്വഭാവം, സംഖ്യ, ഉദ്ദേശം എന്നിവയെപ്പറ്റിയും വിശദമായി [illegible] കണക്കുകൂട്ടി വർഷത്തേക്കുള്ള [illegible] ബഡ്ജറ്റുകൾ

ങ്ങളാണ് എസ്റ്റിമേററുകൾ (മതിപ്പുകൾ) ശാസ്ത്രീയാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതു്. അങ്ങിനെ ആസൂത്രിത സാമ്പത്തിക വികസനത്തിനും സമൂഹത്തിന്റെ വർധിച്ചുവരുന്ന ഭൌതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വേണ്ട വിധത്തിൽ പൊതു ധനം ഉപയോഗിക്കുവാൻ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് സാധിക്കുന്നു.

ഗവർമ്മെണ്ടുധനം മുതലാളിത്തരാജ്യങ്ങളിലേയും സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും പൊതുധനത്തിന്മേൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നതു്.

അദ്ധ്യായം രണ്ട്

# സ്റ്റെയിററ്ധനത്തെപ്പററിയുള്ള ആധുനികാഭിപ്രായം

സ്റ്റെയിററ (ഗവർമ്മെണ്ട്) ധനത്തിന് ഒരു നീണ്ട ചരിത്രമാണുള്ളത്. രാഷ്ട്രത്തിന്റെ ആവിർഭാവത്തോടൊപ്പം അത് നിലവിൽവരികയും രാഷ്ട്രത്തോടൊപ്പം വളരുകയും ചെയ്തു. ഒരിക്കൽ സാമൂഹ്യജീവിതത്തിന്റെ പ്രധാന മേഖലയായിരുന്ന ധനം ഇപ്പോൾ മുതലാളിത്തരാജ്യങ്ങളിൽ, പ്രത്യേകിച്ച് സോഷ്യലിസ്റ്റ്രാജ്യങ്ങളിൽ ഒരു സങ്കീർണ്ണവസ്തുവായിട്ടുണ്ട്.

## സ്റ്റെയിററ്ധനത്തെപ്പററിയുള്ള നിർവ്വചനം

ഗവർമ്മെണ്ടും ജനവർഗ്ഗങ്ങളും വിഭാഗങ്ങളും തമ്മിലുള്ള പണസംബന്ധമായ ബന്ധങ്ങളുടെ ഒരു സമ്പ്രദായമാണ് ആധുനിക സ്റ്റെയിററ്ധനമെന്ന് പൊതുവെ പറയാം. ഈ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രത്തിന്റെ പണനിക്ഷേപങ്ങൾ സ്വരൂപിക്കപ്പെടുകയും അതിന്റെ പല കടമകൾ നിർവ്വഹിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഈ ചുരുങ്ങിയ വിവരണം സ്റ്റെയിററ്ധനത്തിന്റെ ഉള്ളടക്കത്തെ പൂർണ്ണമായും വ്യക്തമാക്കുന്നില്ല. എന്നാൽ ഈ വിവരണം പണമല്ലാപ്പണബന്ധങ്ങളാണ് അതിന്റെ ഉള്ളടക്കം രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. പണസംബന്ധമാക

യായി, ഈ ബന്ധങ്ങൾക്ക് സാമ്പത്തികവും സാമൂഹ്യവുമായ സ്വഭാവമുണ്ട്. ഇവ ഉത്ഭവിക്കുകയും ഗവർമ്മെണ്ട് ഒരു പക്ഷത്തും ജനവർഗ്ഗങ്ങളും വിഭാഗങ്ങളും സമൂഹത്തിലെ അംഗങ്ങളും മറുഭാഗത്തുമായി നിലനില്ക്കുകയും ചെയ്യുന്നു. നികുതികൾ ചുമത്തുകയും കല്പനകൾ പുറപ്പെടുവിക്കുകയും ഭരണകൂടത്തേയും സൈന്യത്തേയും നിലനിർത്തുകയും ചെയ്യുന്ന രാഷ്ട്രത്തിന്റെ ആഗ്രഹം (ഇച്ഛ) ഇങ്ങിനെയുണ്ടാകുന്ന ബന്ധങ്ങളെ അനുകൂലിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. ഗവർമ്മെണ്ട് പണം ശേഖരിക്കുകയും അതിന്റെ പ്രവർത്തനങ്ങളും കടമകളും നിർവ്വഹിക്കുന്നതിന്ന് ആ പണം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

മുതലാളിത്തരാജ്യങ്ങളുടെ, പ്രത്യേകിച്ച്, സാമ്രാജ്യത്തരാജ്യങ്ങളായ അമേരിക്ക, പശ്ചിമജർമ്മനി, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ, ചുമതലകളും പ്രവർത്തനങ്ങളും സോവിയററ്യൂണിയൻ, പോളണ്ട് മുതലായ സോഷ്യലിസ്റ്റ്രാജ്യങ്ങളുടെ ചുമതലകളും തമ്മിൽ വളരെ കുറച്ചു സാദൃശ്യമേയുള്ളു. കോളനിഭരണങ്ങളിൽനിന്ന് അടുത്തകാലത്ത് വിമോചിതരായവയും സ്വതന്ത്രമായി വികസിച്ചുകൊണ്ടിരിക്കുന്നവയുമായ മാലി, അൾജീരിയ, ഘാന മുതലായ രാജ്യങ്ങളുടെ പ്രവർത്തനങ്ങളും ചുമതലകളും മുതലാളിത്തരാജ്യങ്ങളുടേതിൽനിന്ന് വളരെ വ്യത്യസ്തമാണ്. ഈ രാജ്യങ്ങളിലെ സ്റ്റേയ്ററധനത്തിന് വ്യത്യസ്തമായ ഉള്ളടക്കവും ലക്ഷ്യവുമാണുള്ളത്. ഈ രാജ്യങ്ങളിലെ പണബന്ധങ്ങളുടെ സ്വഭാവവും ഗവമ്മെണ്ടുധനത്തിനുള്ള കടമകളും ഉദ്ദേശങ്ങളും വ്യത്യസ്തമാണ്.

വിവിധരൂപങ്ങളിലുള്ള രാഷ്ട്രങ്ങളുടെ സ്വഭാവം, കടമകൾ, ഉദ്ദേശങ്ങൾ എന്നിവയിലുള്ള വൈജാത്യങ്ങളാണ് ഈ വ്യത്യസ്തതയ്ക്ക് രൂപംകൊടുക്കുന്നത്.

## സ്റ്റേയിററ്ധനത്തിന്റെ പങ്ക്

മുതലാളിത്തരാജ്യങ്ങളിൽ മുതലാളിവർഗ്ഗങ്ങളുടെ താല്പര്യങ്ങളെയാണ് ഗവമ്മെണ്ട് പരിരക്ഷിക്കുന്നത്. മുതലാളിമാർ

പ്രത്യേകിച്ച് കുത്തകമുതലാളിമാർ, അങ്ങേയററത്തെ ലാഭം അടിച്ചെടുക്കുന്നതിനുവേണ്ടി സ്റ്റേററ്ധനം ഉപയോഗപ്പെടുത്തുന്നു. നികുതിഭാരത്തിൻെറ സിംഹഭാഗവും, ഗവർമ്മെണ്ടിൻെറ സഹായത്തോടുകൂടി, തൊഴിലാളിവർഗ്ഗത്തിൻെറ തലയിൽ ബൂർഷ്വാസി കെട്ടിവെയ്ക്കുന്നു. വ്യവസായവിഭവങ്ങളുടെ വിലകളെ വർദ്ധിപ്പിച്ചും കാർഷികവിഭവങ്ങളുടെയും അസംസ്കൃതപദാർത്ഥങ്ങളുടെയും വിലകളിടിച്ചുംകൊണ്ടാണ് ബൂർഷ്വാസി ഇങ്ങിനെ ചെയ്യുന്നത്. കോളണികളെ ചൂഷണംചെയ്യണമെന്ന് ഉദ്ദേശിച്ചുകൊണ്ട് അവിടങ്ങളിലും ഇതേ നയംതന്നെയാണ് സാമ്രാജ്യത്വശക്തികൾ പിന്തുടരുന്നത്. തൊഴിലാളിവർഗ്ഗം നൽകുന്ന നികുതികളാണ് മുതലാളിത്തരാജ്യങ്ങളിലെ പ്രധാന വരുമാനമാർഗ്ഗം. തങ്ങളുടെ അധ്വാനഫലത്തിൻെറ മൂന്നിലൊന്ന് ഗവർമ്മെണ്ടിനു കാഴ്ചവെയ്ക്കുവാൻ ഗവർമ്മെണ്ടിൻെറ നികുതിനയം തൊഴിലാളികളെ നിർബ്ബന്ധിക്കുന്നു. അങ്ങിനെ ബൂർഷ്വാരാഷ്ട്രം അതിൻെറയും കോളണികളിലെയും ജനങ്ങളെ കൂടുതലായിട്ടുള്ള ചൂഷണത്തിന് വിധേയരാക്കുന്നു. സാമ്രാജ്യത്വഗവർമ്മെണ്ട് അതിൻെറ സമ്പത്തിൻെറ വലിയ ഒരു ഭാഗത്തെ അനാവശ്യമായിട്ടാണുപയോഗപ്പെടുത്തുന്നത്. ഉദാഹരണത്തിന്, പടക്കോപ്പുനിർമ്മാണപന്തയം നടത്തുന്നതിനുവേണ്ടി സമ്പദ്വ്യവസ്ഥയെ യുദ്ധകാലാടിസ്ഥാനത്തിലാക്കുക, ജനങ്ങളെ അടിച്ചമർത്തുവാനുള്ള ഉപാധികളെയും പട്ടാളത്തെയും നിലനിർത്തുക, (പോലീസ്സ്, കോടതി, ജയിൽ) മുതലാളിമാർക്കും ജന്മിമാർക്കും സൌജന്യങ്ങളനുവദിക്കുന്നതിനും ഭരണവർഗ്ഗങ്ങളുടെ ആവശ്യാനുസരിച്ച് ജനവിരുദ്ധമായ നടപടികൾ എടുക്കുന്നതിനും ഭീമമായ സംഖ്യകൾ ചിലവാക്കുക മുതലായവ.

സോഷ്യലിസത്തിൻ കീഴിലുള്ള സ്റ്റേററധനത്തിൻെറ ഘടന, ഉദ്ദേശം, ആവശ്യം എന്നിവ ക്യാപ്പിററലിസത്തിന് (മുതലാളിത്തത്തിന്) കീഴിലുള്ളവയെയപേക്ഷിച്ച്, തീരെ വ്യത്യസ്തമാണ്. ഇതുകൊണ്ട് അവ ജനങ്ങളുടെ ജീവിതത്തിൽ

തീരെ വ്യത്യസ്തമായ പങ്കാണ് വഹിക്കുന്നതു്. സോഷ്യലിസ്റ്റ് രാജ്യത്തിന്റെ വരുമാനത്തിൽ 80—95 ശതമാനവും ഉണ്ടാകുന്നതു് ദേശീയസമ്പദ്‌വ്യവസ്ഥയിൽ കൂടിയുള്ള ആദായംകൊണ്ടും ധനശേഖരണംകൊണ്ടുമാണ്. ഗവണ്മെണ്ടിന്റെ അധീനത്തിൽ വന്നുചേരുന്ന പണനിക്ഷേപങ്ങളുടെ ഭൂരിഭാഗവും ഉല്പാദനക്ഷമങ്ങളായ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നതു്. ഉല്പാദനം വർദ്ധിപ്പിക്കുവാനും പുതിയ ദേശീയ ഫാക്ടറികൾ തുറക്കുവാനും, പുതിയ തൊഴിലാളികൾക്കു പരിശീലനം നല്കുവാനും, തൊഴിലാളികളുടെ ഐശ്വര്യം വർദ്ധിപ്പിക്കുവാനും, ശാസ്ത്രത്തെ പുരോഗമിപ്പിക്കുവാനും, ജനങ്ങളുടെ ജീവിതത്തോതുയർത്തുവാനും ഈ ധനനിക്ഷേപങ്ങൾ ഉപയോഗിക്കുന്നു. ജനങ്ങളുടെ പൊതുവായിട്ടുള്ളതും വ്യക്തിപരമായിട്ടുള്ളതുമായ താല്പര്യങ്ങളെ പരിസേവിക്കുവാൻവേണ്ടി സോഷ്യലിസ്റ്റ് രാഷ്ട്രം അതിന്റെ സാമ്പത്തികപ്രവർത്തനങ്ങൾ എങ്ങിനെ സംഘടിപ്പിക്കുന്നുവെന്നു് കൂടുതൽ വിശദീകരിക്കപ്പെടുന്നതാണ്.

കൊളോണിയൽനുകത്തിൽനിന്നു് സ്വയം വിമോചിതമായവയും സ്വതന്ത്രമായ വികസനം ആരംഭിച്ചിട്ടുള്ളവയുമായ രാജ്യങ്ങളിലെ ബഡ്ജറ്റ്ധനം കൂടുതൽ ഉപയോഗപ്പെടുത്തുന്നതു് രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതം പുനഃസംഘടിപ്പിക്കുവാനും നാടുവാഴിത്തത്തിന്റെയും കൊളോണിയൽസമ്പ്രദായത്തിന്റെയും അവശിഷ്ടങ്ങൾ തുടച്ചുമാററുവാനുമാണ്. അതേ അവസരത്തിൽ തന്നെ വികസിച്ചുവരുന്ന പല രാജ്യങ്ങളിലും സോഷ്യലിസം പടുത്തുയർത്തുവാനാവശ്യമായ നടപടികളും എടുത്തുവരുന്നുണ്ട്. ഈ രാജ്യങ്ങളിൽ ഗവർമ്മെണ്ടിന്റെയും ഗവർമ്മെണ്ടധീനത്തിന്റെയും പങ്കു് കൊല്ലംതോറും വർദ്ധിച്ചുവരികയാണ്. വ്യവസായങ്ങളും കൃഷിയും വികസിപ്പിക്കുവാനും സാംസ്കാരികസ്ഥാപനങ്ങളുണ്ടാക്കുവാനും ധനം കൂടുതലായി ഉപയോഗപ്പെടുത്തിവരുന്നു. രാജ്യകാര്യങ്ങളിൽ പുതിയ ജനവിഭാഗങ്ങൾ പങ്കെടുത്തു [illegible] സാമ്പത്തികവും [illegible] രാജ്യങ്ങളിലെ [illegible]

പ്രാദേശിക സ്വയംഭരണസമിതികളുടെ, മുൻകയ്യിനെ ഗവർണ്മെന്റുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

തങ്ങളുടെ സാമ്പത്തികപ്രവർത്തനങ്ങൾക്കിടയ്ക്കു് എല്ലാ രാജ്യങ്ങളും പ്രത്യേകമായ സാമ്പത്തികസമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.

## സ്റ്റെയിററ് സാമ്പത്തികസമ്പ്രദായത്തെപ്പററിയുള്ള വിവരണം

സ്റ്റെയിററ് സാമ്പത്തികസമ്പ്രദായം ഒന്നാമതായി, വരുമാനം ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനു് ഒരു ഗവമ്മെന്റു് സ്വീകരിക്കുന്ന രൂപങ്ങളിൽനിന്നും മാർഗ്ഗങ്ങളിൽനിന്നും ഉത്ഭവിക്കുന്ന പണസംബന്ധമായ ബന്ധങ്ങളുടെ ആകെത്തുകയാണു്; രണ്ടാമതായി, വരുമാനം സ്വരൂപിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഒരു രാജ്യത്തിലെ സമ്പത്തുല്പാദിപ്പിക്കുന്ന സമിതികളുടെയും സ്ഥാപനങ്ങളുടെയും സമ്പ്രദായമാണു്.

ഈ വിവരണത്തിന്റെ പ്രഥമഭാഗം സാമൂഹ്യ–സാമ്പത്തിക സത്തയെ സൂചിപ്പിക്കുന്നതും രാഷ്ട്രത്തിന്റെ വർഗ്ഗസ്വഭാവത്തോടു് അടുത്തബന്ധമുള്ളതുമാണു്. ദ്വിതീയഭാഗം രാഷ്ട്രത്തിന്റെ സാമ്പത്തികനയം നടപ്പിലാക്കുന്ന ഗവർമ്മെണ്ടു്. സാമ്പത്തികസമിതികളുടെയും സ്ഥാപനങ്ങളുടെയും ഘടനയാണു് സൂചിപ്പിക്കുന്നതു്.

താഴെപ്പറയുന്ന കണ്ണികൾ ഉൾക്കൊള്ളുന്നതാണു് സ്റ്റെയിറ്റ് സാമ്പത്തികസമ്പ്രദായം:

ബഡ്ജററ് സമ്പ്രദായം: ഈ സമ്പ്രദായത്തിൽ പ്രധാന പങ്കുവഹിക്കുന്നതു് സ്റ്റെയിററ് ബഡ്ജററാണു് (ആയവ്യയ കണക്കു്). ഒരു കൊല്ലത്തിൽ ലഭിക്കുമെന്നു കരുതുന്ന വരവിന്റേയും ചിലവിന്റേയും വാർഷിക എസ്റ്റിമേററ് (പ്രതീക്ഷ).

നികുതിസമ്പ്രദായം: ഒട്ടാകെയുള്ള നികുതി (ബഡ്ജററിലേയ്ക്കുള്ള നിർബ്ബന്ധസംഭാവനകൾ) പിരിക്കുന്നതിനു് ഒരു ഗവർ

മെന്റ് സ്വീകരിക്കുന്ന രൂപങ്ങളും മാറ്റങ്ങളും ഉൾക്കൊള്ളുന്നുണ്ട്.

ഗവണ്മെണ്ട് (സ്റ്റേറ്റ്) കടം: പലിശയോടുകൂടി മടക്കി കൊടുക്കേണ്ടതായ പണം, താല്ക്കാലികാവശ്യങ്ങൾക്കുവേണ്ടി, ഗവർമ്മെണ്ട് സ്വീകരിക്കൽ. കടംവാങ്ങിയും കടപ്പത്രങ്ങൾ (Bonds) പുറപ്പെടുവിച്ചും ഗവർമ്മെണ്ട് സെക്യൂരിററികളിൽ (ഇവകളിന്മേൽ) ജനങ്ങൾ നിക്ഷേപിക്കുന്ന പണം സ്വീകരിച്ചും ഉണ്ടാക്കുന്നവ.

സ്റ്റേററ് സംരംഭങ്ങളിൽനിന്നുള്ള ആദായം: ഇവ സംരംഭങ്ങൾ അവയുടെ ലാഭത്തിന്റെ ഒരു ഭാഗം ഗവണ്മെണ്ടിൽ നിക്ഷേപിക്കുന്നു.

തീരുവകൾ: ചുങ്കങ്ങൾവഴി ലഭിക്കുന്ന തീരുവകളും നികുതികളും (Excise duty)

ഗവണ്മെണ്ടിന് ധനമുണ്ടാക്കിക്കൊടുക്കുന്ന സാമ്പത്തിക സമ്പ്രദായത്തിന്റെ പ്രധാന കണ്ണികളാണ് മേൽപറഞ്ഞവ.

ഗവണ്മെണ്ടുധനം ഉപയോഗിക്കുന്നതിനെ (ചിലവുകൾ) സംബന്ധിച്ചേടത്തോളമുള്ള ഗവർമ്മെണ്ട് സാമ്പത്തികസമ്പ്രദായമിങ്ങനെയാണ്:

1. ഗവണ്മെണ്ടിന്റെ വിവിധ ആവശ്യങ്ങൾക്കും ബാദ്ധ്യതകൾക്കും പണം നൽകുന്നു. അതായത് ഗ്രാന്റ്, സബ്സിഡി മുതലായവ നല്കുകയും സൈന്യം, പോലീസ്, ശാസ്ത്രവികസനം മുതലായവയ്ക്കുള്ള ചിലവുകൾ വഹിക്കുകയും ചെയ്യുന്നുവെന്നർത്ഥം.

2. മററു രാജ്യങ്ങൾക്കും ബാങ്കുകൾക്കും സംഘടനകൾക്കും വായ്പ നൽകുന്നു.

3. ആദ്യം പറഞ്ഞതിലുള്ള വായ്പകൾക്കും മററും പലിശ നൽകുന്നു.

4. ഗവണ്മെണ്ടിന്റെ കടങ്ങൾ മുതലായവ വീട്ടുന്നു.

ഗവണ്മെണ്ടിന്റെ പ്രധാന ചിലവുകളാണ് മേൽ പറഞ്ഞവ.

സോവിയററ് സാമ്പത്തികസമ്പ്രദായത്തിന്റെ ഓരോ കണ്ണിയുടെയും സാമ്പത്തികമായ ഉള്ളടക്കവും ഘടനയും പങ്കം നിർണ്ണയിക്കപ്പെടുന്നത് ഓരോ രാജ്യത്തിലെയും സാമൂഹ്യസമ്പ്രദായവും രാഷ്ട്രസ്വഭാവവും പ്രവർത്തനങ്ങളുമനുസരിച്ചാണ്.

ഒരു രാജ്യത്തിലെ സാമൂഹ്യ-സാമ്പത്തികനിലയും രാഷ്ട്രീയസമ്പ്രദായവും ആ രാജ്യത്തിലെ സമ്പത്ത് ഉല്പാദിപ്പിക്കുന്ന സമിതികളുടെ ഘടന നിർണ്ണയിക്കുന്നതാണ്.

തങ്ങളുടെ പ്രവർത്തനങ്ങളുടെ വ്യാപ്തി—പരിധികൾക്കനുസരിച്ച് സോവിയററ് സാമ്പത്തികസ്ഥാപനങ്ങൾ രണ്ടു പങ്കങ്ങളായി പ്രവർത്തിക്കുന്നു. (a) രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രസ്ഥാപനങ്ങൾ. (b) പ്രാദേശികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പ്രാദേശികസ്ഥാപനങ്ങൾ (ദേശം, ജില്ല, സംസ്ഥാനം, സമൂഹം.)

സാമ്പത്തികപ്രവർത്തനങ്ങളുടെ സ്വഭാവമനുസരിച്ച് അവയെ ഇങ്ങനെ തരംതിരിച്ചിരിക്കുന്നു.

a) ബഡ്ജററ് ധനം നല്കുന്ന സ്ഥാപനങ്ങളും സമിതികളും.

b) നികുതിയാപ്പീസുകൾ.

c) കടം നല്കുന്ന സ്ഥാപനങ്ങൾ. (ബാങ്കുകൾ, സേവിങ്സ് ബാങ്കുകൾ, സഹകരണസംഘങ്ങൾ, സംഘടനകൾ.)

മുതലാളിത്തരാജ്യങ്ങളിൽ സാമ്പത്തികസമ്പ്രദായത്തെ പ്രതിനിധീകരിക്കുന്നത് ധനകാര്യമന്ത്രികാര്യാലയമാണ്. ബഡ്ജററ് തയ്യാറാക്കുക, അതു നടപ്പിലാക്കുക, നികുതിപിരിവിന്റെ ചുമതല വഹിക്കുക, സാമ്പത്തികനിയമങ്ങളുണ്ടാക്കുക, ചിലവുകൾക്കുള്ള ധനം സംഘടിപ്പിക്കുക മുതലായ കാര്യങ്ങൾ ഈ മന്ത്രികാര്യാലയം നിർവ്വഹിക്കുന്നു. പല രാജ്യങ്ങളുടെയും സാമ്പത്തിക—ബഡ്ജററ്—നികുതിപിരിവുസമ്പ്രദായങ്ങളിൽ വലിയ വ്യത്യാസങ്ങളുണ്ട്. മുതലാളിത്തരാജ്യങ്ങളുടെയും സോഷ്യലിസ്റ്റ്രാജ്യങ്ങളുടെയും സാമ്പത്തികസമ്പ്രദായങ്ങളിലുള്ള സ്വഭാവ

വികമായ വ്യത്യാസങ്ങളെപ്പററിമാത്രമേ ഇവിടെ പറയുന്നുള്ളു. പ്രധാന സോഷ്യലിസ്റ്റ് രാജ്യമായ യു. എസ്സ്. എസ്സ്. ആറിൽ ധനവും കടവും സംഘടിപ്പിക്കുന്നതു സംബന്ധിച്ചുള്ള തത്വങ്ങൾ ഈ പുസ്തകത്തിൽ കൂടുതലായി വിവരിക്കപ്പെട്ടിട്ടുണ്ട്.

## മുതലാളിത്തരാജ്യങ്ങളിലെ സാമ്പത്തികസമ്പ്രദായം

എല്ലാം ആധുനികരാജ്യങ്ങളിലെയും സാമ്പത്തികസമ്പ്രദായങ്ങളുടെ സവിശേഷസ്വഭാവങ്ങൾ താഴെ പറയുന്നവയാണ്:

a) ഗവമ്മെണ്ട് സാമ്പത്തികസമ്പ്രദായത്തിന്റെ പരിമിതമായ സ്വഭാവം. ഇതു രാജ്യത്തിന്റെ സാമ്പത്തികസമ്പ്രദായത്തിൽ മിക്കവാറും കേന്ദ്രീകരിച്ചിരിക്കുന്നു.

b) ആധുനിക മുതലാളിത്തരാജ്യങ്ങളുടെ ബഡ്ജററസമ്പ്രദായത്തിന്റെ കെട്ടുപിണഞ്ഞതും വിഭജിക്കപ്പെട്ടതും ജനാധിപത്യവിരുദ്ധമായ സ്വഭാവം.

മുതലാളിത്തരാജ്യങ്ങളുടെ ബഡ്ജററുകളിലെ പ്രധാന വരുമാനമാർഗ്ഗം ഇന്നു നികുതികളാണ്. അവയധികവും ചിലവഴിക്കപ്പെടുന്നതു സൈനികാവശ്യങ്ങൾക്കാണ്. ബഡ്ജററിലെ കമ്മി ഭയങ്കരമാണ്. (വരവിനേക്കാളധികം ചിലവ്)

മുതലാളിത്തരാജ്യങ്ങളിലെ സമ്പദ്വ്യവസ്ഥ മുതലാളിമാരുടെയും അവരുടെ സംഘടനകളുടെയും (കുത്തകകൾ) ഹസ്തങ്ങളിൽ സ്ഥിതിചെയ്യുന്നു. സമ്പത്ത്, ഉൽപാദനം എന്നീ പ്രധാനവും നിർണ്ണായകവുമായ കണ്ണികളെ മുതലാളിത്തരാജ്യം നിയന്ത്രിക്കുന്നില്ല. മുതലിന്റെ ഉടമകളായ ബൂർഷ്വാസിയുടെ ദാസനായിട്ടാണ് ഭരണകൂടം പ്രവർത്തിക്കുന്നതു്. ഇക്കാരണങ്ങൾകൊണ്ട് രാഷ്ട്രത്തിന്റെ പങ്ക്, പരിധി, പ്രവർത്തനങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്ന സ്റ്റേററ് ബഡ്ജററിൽമാത്രം ഒതുങ്ങിനില്ക്കുകയാണ് ഈ രാജ്യങ്ങളിലെ സ്റ്റേററ് ധനം. മുതലാളിത്ത ബഡ്ജററിലെ വരവും ചിലവും തെളതികൊല്ലാനൊത്ത ദേരി

ളുടെ സ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതല്ല; രാഷ്ട്രത്തിന്റെ താല്പര്യത്തിനനുസരിച്ച് (പ്രധാനമായും കുത്തകമുതലാളിത്തത്തിന്റെ) ദേശീയ വരുമാനത്തെ മരണാപരമായി പുനർവിതരണം ചെയ്യുകയെന്ന ആശയത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

നിലവിലുള്ള വർഗ്ഗപരവും ചൂഷണാസക്തവുമായ ബന്ധങ്ങളെയും രീതികളേയും അടിസ്ഥാനമാക്കിയാണ് മുതലാളിത്ത രാജ്യങ്ങളിലെ ബഡ്ജറ്റസമ്പ്രദായം നിലകൊള്ളുന്നത്. ഈ തത്വം തുല്യമായ തോതിൽ ആ രാജ്യങ്ങളിലെ പ്രാദേശിക ഭരണ ഘടകങ്ങൾക്കും (ജില്ല, സംസ്ഥാനം മുതലായവ) സാമ്പത്തികമായി സ്വാതന്ത്ര്യമുള്ള കേന്ദ്രസ്ഥാപനങ്ങളുടെ ബഡ്ജറ്റുകൾക്കും (അല്ലെങ്കിൽ എസ്റ്റിമേറ്റുകൾക്കും) ബാധകമാണ്.

പല തരത്തിലുമുള്ള മുതലാളിത്തബഡ്ജറ്റുകളും എസ്റ്റിമേറ്റുകളും ഫണ്ടുകളുമുണ്ടെങ്കിലും ബഡ്ജറ്റസമ്പ്രദായത്തിന് ആന്തരികമായ ഐക്യമില്ല. പലപ്പോഴും ഒരു രാഷ്ട്രത്തിലെ കേന്ദ്രബഡ്ജറ്റ് പ്രാദേശികഘടകങ്ങളുടെ ബഡ്ജറ്റുകളിലെ വരുമാനമാർഗ്ഗങ്ങളെ ഏകീകരിക്കുന്നില്ല. പല പ്രാദേശിക സ്റ്റേറ്റ് സമിതികളുടെ ബഡ്ജറ്റുകളും കേന്ദ്ര സ്റ്റേറ്റ് ബഡ്ജറ്റിന് കീഴെയുള്ളവയല്ല. ഗവൺമെന്റ് സ്ഥാപനങ്ങളുടെ ബഡ്ജറ്റും അല്ലെങ്കിൽ വേറെയുള്ള എസ്റ്റിമേറ്റുകളും ബഡ്ജറ്റിനു പുറമെയുള്ള പ്രത്യേകഫണ്ടുകളും പ്രാദേശികഭരണസമിതിയുടെ ബഡ്ജറ്റുകളോടൊപ്പം നിലനില്ക്കുന്നു. അങ്ങനെ അമേരിക്കയുടെ അന്താരാഷ്ട്രീയവികസന ഏജൻസിയുടെയും ഫെഡറൽ ഏവിയേഷൻ (വിമാനഗതാഗതം) ഏജൻസിയുടെയും മറ്റും നിധികൾ ഗവൺമെന്റുബഡ്ജറ്റിന്റെ ഒരു ഭാഗമാകുന്നില്ല. ബ്രിട്ടീഷ് ഗവർമ്മെണ്ടു ബഡ്ജറ്റിലെ വരവും ചിലവും രണ്ടു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ധനകാര്യാലയത്തിന് ലഭിക്കുന്ന സാധാരണ വരുമാനങ്ങളെയും രാജ്യകടബാദ്ധ്യതകൾക്കും ഭടസൈന്യങ്ങൾക്കും മറ്റുമുള്ള ചിലവുകളെയും സൂചിപ്പിക്കുന്നതാണ് ഒന്നാമത്തേത്. (Budget above the line)

വായ്പകൾ കൊടുക്കൽ, ഗവണ്മെൻറുകടം വീട്ടൽ, ദേശസാല്ക്കരിച്ച സ്ഥാപനങ്ങൾക്ക് ധനസഹായം നല്കൽ, മററു ചില പലവകച്ചിലവുകൾ ചെയ്യൽ സംബന്ധിച്ചുള്ള ധനകാര്യാലയത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിക്കുന്നതാണ് രണ്ടാമത്തേത്. (Budget below the line) ഫ്രാൻസിന് ഒരു സ്റ്റാറററിബഡ്ജററും, പ്രത്യേകം കണക്കുകളും, സപ്ലിമെൻററി ബഡ്ജററുകളും, സ്വതന്ത്ര ബഡ്ജററുകളും പ്രത്യേകനിധികളും, അസാധാരണനിധികളും ഉണ്ട്. ആൾജീരിയയിലെ കോളണിയുദ്ധകാലത്ത് "വടക്കേ ആഫ്രിക്കയിൽ അസാധാരണമായ ചിലവുകൾക്കായി" ഫ്രാൻസ് ഒരു തിട്ടപ്പട്ടികപോലും തയ്യാറാക്കിയിരുന്നു. പശ്ചിമ ജർമ്മനിക്ക് സാധാരണവും അസാധാരണവുമായ ബഡ്ജററുകളുണ്ട്. ഇത്തരം രണ്ടു ബഡ്ജററുകൾക്കു പുറമെ 'മൂലധനത്തിന്റെ പ്രയാണം" എന്ന പേരുള്ള മൂന്നാമതൊരു ബഡ്ജററുകൂടിയുണ്ട് ഇററലിക്ക്. ഗവർമ്മെണ്ടുബഡ്ജററിനു പുറമെ ബിസിനസ് കണക്കിലുള്ള പ്രത്യേക കണക്കുകൾ ജപ്പാനിലുണ്ട്.

ബഡ്ജററുകൾ, നിധികൾ, കണക്കുകൾ, എസ്റ്റിമേററുകൾ എന്നിവയുടെ സമൃദ്ധിമൂലം ഗവർമ്മെണ്ടുധനത്തിന്മേലുള്ള പാർലിമെൻററി നിയന്ത്രണം കെട്ടുപിണഞ്ഞതായിത്തീരുന്നു. പ്രാദേശിക ഗവർമ്മെണ്ടുസമിതികളുടെ, വളരെയധികം നിയന്ത്രിതമായ, സാമ്പത്തികാവകാശങ്ങൾ മുതലാളിത്തരാഷ്ട്രത്തിന്റെ ബഡ്ജററനുസരണത്തിന് ജനാധിപത്യവിരുദ്ധമായ സ്വഭാവം നൽകുന്നു. കേന്ദ്രഗവണ്മെൻറിന്റെ ഹസ്തങ്ങളിലാണ് രാഷ്ട്രത്തിന്റെ വരുമാനമാർഗ്ഗങ്ങൾ കൂടുതലായും കേന്ദ്രീകരിച്ചിരിക്കുന്നത്. അതേ അവസരത്തിൽതന്നെ പ്രാദേശികാധികൃതസമിതികളുടെ സാമ്പത്തികവരുമാനങ്ങളെയും, അധികാരങ്ങളെയും തുടർച്ചയായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ 40 കൊല്ലങ്ങൾക്കിടയിൽ (1913-1965) അമേരിക്കയിലെ പൊതുബഡ്ജററിൽ പ്രാദേശികബഡ്ജററുകളുടെ ഓഹരി അമ്പത്തിയെട്ടിൽനിന്ന് 16 ശതമാനമായി കുറഞ്ഞു. ബ്രിട്ടനിൽ ഈ കുറവ് 47-ൽനിന്ന് 20 ശതമാനമായി.

KOTTAYAM ... LIBRARY 82153

പ്രധാന മുതലാളിത്തരാജ്യങ്ങളിലെ ബഡ്ജററുവരുമാനത്തിന്റെ 85 മുതൽ 95 ശതമാനംവരെയുള്ളതു് നികുതികളാണു്. അമേരിക്കൻ ബഡ്ജററിലെ മൊത്തം വരവിന്റെ 5[illegible]–60 ശതമാനവും ബ്രിട്ടീഷ് ബഡ്ജററിലെ മൊത്തം വരുമാനത്തിന്റെ 45–50 ശതമാനവും ജനങ്ങളിൽനിന്നു് ലഭിക്കുന്ന നേരിട്ടുള്ള നികുതികളാണു്. അമേരിക്കൻ ഫെഡറൽ ബഡ്ജററിലെ 80 ശതമാനത്തിലധികവും നൽകുന്നതു് ഫാക്ടറി തൊഴിലാളികളും ആഫീസ് ജീവനക്കാരും കൃഷിക്കാരുമാണു്. ഫ്രാൻസിൽ ബഡ്ജററുവരുമാനത്തിന്റെ 80 ശതമാനത്തിലധികവും ലഭിക്കുന്നതു് തൊഴിലാളിവർഗ്ഗം നല്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ നികുതികൾ മുഖേനയാണു്. നികുതികൾ ഒഴിച്ചുള്ള ബഡ്ജററുവരുമാനം (ഗവണ്മെന്റ് ഉടമയിലുള്ള സംരംഭങ്ങൾ, വസ്തുവില്പന മുതലായവ) അമേരിക്കയിൽ 5 ശതമാനവും ബ്രിട്ടനിൽ 7 ശതമാനവും ഫ്രാൻസിൽ [illegible] ശതമാനവുമാണു്.

മുതലാളിത്തരാജ്യങ്ങളുടെ ബഡ്ജററുചിലവുകളിൽ സൈനികച്ചിലവുകൾക്കു് പ്രാധാന്യം നല്കിയിരിക്കുന്നു. സൈന്യത്തിനുവേണ്ടിയുള്ള നേരിട്ടുള്ള ചിലവു്, പട്ടാളക്കാർക്കുള്ള പെൻഷൻ, ഗവണ്മെന്റിന്റെ കടംവീട്ടൽ (പ്രധാനമായും യുദ്ധവും യുദ്ധത്തിനു് തയ്യാറെടുക്കലും സംബന്ധിച്ച ചിലവുകൾ) എന്നിവയെല്ലാം അമേരിക്കയുടെ മൊത്തം വരുമാനവും ഒട്ടാകെയുള്ള ബഡ്ജററുചിലവിൽ 70–[illegible]0 ശതമാനം നീക്കിവെയ്ക്കപ്പെടുന്നു. ബ്രിട്ടനിൽ ഇവയുടെ അനുപാതം [illegible]2–5[illegible] ശതമാനവും ഫ്രാൻസിൽ 42–[illegible]4 ശതമാനവുമാണു്.

വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വീട്ടുനിർമ്മാണം മുതലായ ദേശീയാവശ്യങ്ങൾക്കു് ബഡ്ജററുവരുമാനത്തിന്റെ 6 ശതമാനമായ ചെറിയ തുക മാത്രമാണു് അമേരിക്കയിൽ ചിലവഴിക്കുന്നതു്. ബ്രിട്ടനിൽ ഇതു് 12 ശതമാനവും ഫ്രാൻസിൽ ഏകദേശം 15 ശതമാനവുമാണു്.

സാമ്രാജ്യത്വകാലഘട്ടത്തിൽ ബഡ്ജററു് കമ്മികൾ അനുഭവപ്പെടുകയെന്നുള്ളതു് മുതലാളിത്തരാജ്യങ്ങളിൽ സാധാരണ

മായിരുന്നു. 1914മുതൽ 1959 വരെയ്ക്കു്. അമേരിക്കയിൽ 29 പ്രാവശ്യം കമ്മിബഡ്ജററുകളുണ്ടാക്കി. ബ്രിട്ടനിൽ 32 പ്രാവശ്യവും ഫ്രാൻസിൽ 42 പ്രാവശ്യവും ഇതേ കാലഘട്ടത്തിൽ കമ്മിബഡ്ജററുകളുണ്ടാക്കേണ്ടിവന്നു. 1959_നുശേഷവും വലിയ കമ്മിയോടുകൂടിയാണു് ബഡ്ജററ് ഉണ്ടാക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്നതു്.

ബഡ്ജററുകമ്മി നികത്തുവാൻവേണ്ടി മുതലാളിത്തരാജ്യങ്ങളിൽ നികുതി വർദ്ധിപ്പിക്കുകയും കടപ്പത്രങ്ങളും വലിയ സംഖ്യകൾക്കുള്ള കറൻസിനോട്ടുകളും ഇറക്കുകയും ചെയ്യുന്നു. തന്മൂലം കറൻസിയുടെ വാങ്ങാനുള്ള കഴിവു് കുറയുന്നു (നോട്ടിന്റെ വില ഇടിയുന്നു). അധികാരിവർഗ്ഗങ്ങളുടെ കീശവീർപ്പിക്കുവാൻവേണ്ടി സാമ്രാജ്യത്തരാജ്യങ്ങൾ ആശ്രിതരാജ്യങ്ങളുടെയും കോളനികളുടെയും ബഡ്ജററുകളിൽനിന്നു് പണം ചോർത്തിയെടുക്കുന്നു. ഇങ്ങനെയുള്ള പണം അടിച്ചേല്പിക്കുന്നതു്, ഈ ആശ്രിതരാജ്യങ്ങളിൽ ഭരണം നിലനിർത്താനും പോലീസിനേയും പട്ടാളത്തേയും സംരക്ഷിക്കുവാനും പലിശ വസൂലാക്കുവാനുമാണെന്നു് പറഞ്ഞുകൊണ്ടാണു്. ഇങ്ങിനെ തട്ടിയെടുക്കുന്ന പണത്തിന്റെ ഒരു ഭാഗം കുത്തകമുതലാളിമാർക്കു് ലാഭകരമായ രീതിയിൽ അത്യാവശ്യമായ അസംസ്കൃതസാധനങ്ങൾ ചുരുങ്ങിയ വിലയ്ക്കു് ലഭിക്കുവാനും റയിൽവേനിരത്തുകളും മററു സൗകര്യങ്ങളും ഉണ്ടാക്കുവാൻ അവരുടെ സഹകരണം സമ്പാദിക്കുവാനും ഉപയോഗപ്പെടുത്തുന്നു.

മുതലാളിത്തരാജ്യങ്ങളിലെ ഗവണ്മെന്റു് ബഡ്ജററുകൾ സസൂക്ഷ്മം പരിശോധിക്കുന്നപക്ഷം ഈ ബൂർഷ്വാ ഗവണ്മെന്റുകൾ നികുതിദായകന്മാരുടെ ഭാരം വർദ്ധിപ്പിക്കുകയും ആശ്രിതരാജ്യങ്ങളിലെയും കോളനികളിലെയും ജനങ്ങളെ കൊള്ളയടിക്കുകയും പട്ടാളച്ചിലവു് വർദ്ധിപ്പിക്കുകയും കടലാസുപണം സൃഷ്ടിക്കുകയും ഉല്പാദനക്ഷമമല്ലാത്ത വൻചിലവുകൾ ചെയ്യുകയുമാണെന്നു് വ്യക്തമാകുന്നതാണു്. ഇങ്ങിനെ ചെയ്യുന്നതുമൂലം ഈ ഗവണ്മെ

ങ്കുകൾ സാമ്പത്തികവികാസത്തെ ത്വരിതപ്പെടുത്തുകയും വിഭ ങ്ങളെ കേന്ദ്രീകരിക്കുകയും ചെയ്യുന്നു.

## സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സാമ്പത്തികസമ്പ്രദായം

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സാമ്പത്തികസമ്പ്രദായം തീരെ വ്യത്യസ്തമായ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ വ്യത്യസ്തവും പുരോഗമനപരവുമായ സ്വഭാവങ്ങളിവയാണ്:

എ) അത് അനേകം ശാഖകളുള്ള ഏക സമ്പ്രദായമാണ്.

ബി) അതിന്റെ കണ്ണികൾ സൗഹാർദ്ദപരമായി പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

സി) അതിന്റെ ഭൗതികാടിസ്ഥാനം ഉറച്ചതാണ്.

ഡി) അതു വികസിക്കുന്നതും പ്രവർത്തിക്കുന്നതും പദ്ധതി അനുസരിച്ചാണ്.

ഇ) അത് എല്ലാ ജനങ്ങളുടെയും താല്പര്യങ്ങളെ പരിസേവിക്കുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ഗവർമ്മെണ്ട് സാമ്പത്തികസമ്പ്രദായം ശാഖോപശാഖകളുള്ളതാണ്; (ശാഖകളോടുകൂടി പടർന്നു പന്തലിച്ചുനില്ക്കുന്നത്) അനേകം കണ്ണികൾ, ശാഖകൾ, കൂട്ടായ സമ്പ്രദായങ്ങൾ എന്നിവയുൾപ്പെടുന്നതാണ്. ഇവയിൽ പ്രധാനമായ ബഡ്ജററ്സമ്പ്രദായം, വായ്പ, സോഷ്യൽ ഇൻഷ്വറൻസ്, വസ്തു–ലൈഫ് ഇൻഷ്വറൻസ്, അപായ ഇൻഷ്വറൻസ് രാഷ്ട്രത്തിന്റെയും സഹകരണസംരംഭങ്ങളുടെയും, സംഘടനകളുടെയും ധനം എന്നിവയാണ്. മൊത്തത്തിൽ പറഞ്ഞാൽ ഈ കണ്ണികൾ ഒരൊററ സ്റ്റേററ് സാമ്പത്തികസമ്പ്രദായമാണ് സൃഷ്ടിക്കുന്നത്. അതിന്റെ ഓരോ കണ്ണികൾക്കും ആ സമ്പ്രദായത്തിനൊട്ടാകെയും ഒരേ സാമൂഹ്യാടിസ്ഥാനമാണുള്ള

ത്. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സാമ്പത്തികസമ്പ്രദായം സോഷ്യലിസ്റ്റ് തത്വങ്ങളെയാണ് പിൻതുടരുന്നത്. ആ സമ്പ്രദായം രാഷ്ട്രത്തിന് കീഴ്പെട്ടിട്ടുള്ളതാണ്; രാഷ്ട്രം അതിനെ ഉപയോഗിക്കുകയും ഗവർമ്മെണ്ടിന്റെയും ജനങ്ങളുടെയും പൊതുതാല്പര്യങ്ങൾക്കുവേണ്ടി അതിന്റെ എല്ലാ കണ്ണികളെയും വികസിപ്പിക്കുകയും ചെയ്യുന്നു.

ഈ സമ്പ്രദായത്തിലെ ഓരോ കണ്ണിയും വ്യക്തമായി നിർവ്വചിക്കപ്പെട്ടതും പൊതുവായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുമാണ്. എല്ലാ കണ്ണികളും പരസ്പരബന്ധമുള്ളവയാണ്; ബഡ്ജറ്റ് കടത്തിനോടും കടം ബഡ്ജറ്റിനോടും. സോഷ്യൽ ഇൻഷ്വറൻസ് (സാമൂഹ്യരക്ഷാഭാഗം) ബഡ്ജറ്റിനോടും സംരംഭങ്ങളുടെ മുതലുകളോടും ബഡ്ജറ്റും സംരംഭങ്ങളുടെ മുതലുകളും സോഷ്യൽ ഇൻഷ്വറൻസിനോടും ബന്ധപ്പെട്ടിരിക്കുന്നു. വസ്തു, ലൈഫ് ഇൻഷ്വറൻസ്, അപായഇൻഷ്വറൻസ് എന്നിവ ബഡ്ജറ്റിനോടും സഹകരണസംരംഭങ്ങളുടെ മുതലിനോടും ബന്ധമുള്ളവയാണ്. സോഷ്യലിസ്റ്റ് സംരംഭങ്ങളുടെ ധനം പ്രാഥമികമായി ബഡ്ജറ്റിനോടും ലഭ്യമായ വായ്പയോടും ബന്ധമുള്ളതാണ്. ഈ ധനത്തിന് മററു കണ്ണികളുമായി ബന്ധമുണ്ടാകുന്നു.

ഈ കണ്ണികളുടെയും ഒന്നാകെയുള്ള സാമ്പത്തികസമ്പ്രദായത്തിന്റെയും മേന്മയാണ് ഇവയുടെ ഭൗതികാടിസ്ഥാനം സുസ്ഥിരമാക്കുന്നത്. അതുണ്ടാക്കുന്നത് സോഷ്യലിസ്റ്റ് ഉല്പാദനമാണ്. ഈ ഉല്പാദനത്തിന്റെ നിർണ്ണായകമായ ഭാഗം ഗവൺമെണ്ട് നിയന്ത്രണത്തിലുമാണ്. ഗവൺമെണ്ടിന്റെയും അതിന്റെ സാമ്പത്തികസമ്പ്രദായത്തിലെ എല്ലാ കണ്ണികളുടെയും പ്രധാനവും സ്ഥിരവുമായ വരുമാനമാർഗ്ഗം സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിലെ ധനശേഖരണമാണ്.

ആസൂത്രിതമാണ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സാമ്പത്തികസമ്പ്രദായം. ആ സമ്പ്രദായത്തിലെ ഓരോ കണ്ണിക്കുമുള്ള

ധനമാനവും അതിന്റെ വിനിയോഗവും ആസൂത്രിതമാണ്. സാമ്പത്തികപദ്ധതികൾ ബദ്ധ്യസ്ഥതയുള്ളവയാണ്. ഓരോ കണ്ണിയുടെയും സമ്പ്രദായത്തിന്റെ ഒന്നാകെയുമുള്ള വികസനാവശ്യകതകളും ഗതികളും ഈ സാമ്പത്തികപദ്ധതികൾ നിർണ്ണയിക്കുന്നു. ഗവണ്മെന്റ് അതിന്റെ സാമ്പത്തികനയം നടപ്പിലാക്കുകയും സാമ്പത്തികപദ്ധതികൾവഴി രാജ്യത്തിന്റെ സാമ്പത്തികജീവിതത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. സാമ്പത്തികപദ്ധതികൾ ആവിഷ്കരിക്കുന്നതിന് സാമ്പത്തികസൂക്ഷ്മണനസമ്പ്രദായത്തെ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ഉപയോഗിക്കുന്നു. അങ്ങിനെ ചെയ്യുമ്പോൾ ഈ രാജ്യങ്ങൾ, കേന്ദ്രീകൃതാസൂത്രണത്തെ പ്രാദേശിക ഭരണസമിതികളുടെയും സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകളുടെയും മുൻകയ്യും സ്വാതന്ത്ര്യമായ പ്രവർത്തനങ്ങളും തൊഴിലാളിവർഗ്ഗത്തിന്റെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളുമായി യോജിപ്പിക്കുന്നു.

സോഷ്യലിസ്റ്റ് സാമ്പത്തികസമ്പ്രദായം ജനകീയരാഷ്ട്രത്തെയാണ് സേവിക്കുന്നത്. സമ്പത്ത് സംഘടിപ്പിക്കലും സാംസ്കാരിക–വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തലുമാണ് ഗവണ്മെന്റിന്റെ പ്രധാന കർത്തവ്യങ്ങൾ. ഇവ നിർവ്വഹിക്കുന്നതിനു വേണ്ടി ഗവണ്മെന്റ് പണമുണ്ടാക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രം, സംസ്കാരം, വിദ്യാഭ്യാസം എന്നിവ വികസിപ്പിക്കുന്നതിനും രാഷ്ട്രത്തിന്റെ ആരോഗ്യം പരിരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവിതതോത് ഉയർത്തുന്നതിനും രാജ്യരക്ഷാശക്തി വർദ്ധിപ്പിക്കുന്നതിനും അതുപയോഗിക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ബഡ്ജറ്റിന്റെ പുരോഗമനാത്മകവും ജനകീയവുമായ സ്വഭാവം ഒറ്റനോട്ടത്തിൽതന്നെ വ്യക്തമാകുന്നതാണ്. മിക്ക സോഷ്യലിസ്റ്റ്‌രാജ്യങ്ങളുടെയും ബഡ്ജറ്റുകളിലെ ഒട്ടാകെയുള്ള വരുമാനത്തിന്റെ ൮൦–൯൦ ശതമാനവും ലഭിക്കുന്നത് സോഷ്യലിസ്റ്റ് വ്യവസായസ്ഥാപനങ്ങളിൽനിന്നാണെന്ന് കാണാവുന്നതാണ്. ജനങ്ങളിൽനിന്ന് പിരി-

ക്കുന്ന നികുതി 5–10 ശതമാനം മാത്രമാണ്. സ്റ്റേയിററ് ബഡ്ജററ ചിലവുകളിൽ 43–65 ശതമാനം സാമ്പത്തികവികസനത്തിനും 23–38 ശതമാനം സാമൂഹ്യ–സാംസ്കാരികപ്രവർത്തനങ്ങൾക്കും (വിദ്യാഭ്യാസം, പൊതുജനാരോഗ്യം മുതലായവ) 5–15 ശതമാനം സൈനികാവശ്യങ്ങൾക്കും ഉപയോഗിക്കപ്പെടുന്നു. എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും ബഡ്ജററുകൾക്ക് ഉറപ്പുള്ള സാമ്പത്തികാടിസ്ഥാനമുണ്ട്. ഈ ബഡ്ജററുകൾ തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും വരവുമിച്ചം കാണിച്ചുകൊണ്ടാണ് (ചിലവിനെക്കാൾ വരവു കൂടിയിരിക്കുമെന്നത്ഥ).

ഒട്ടാകെയുള്ള സാമ്പത്തികസമ്പ്രദായത്തിന്റെ കെട്ടുറപ്പിനും ഭദ്രതക്കും ഇതു് ഉറപ്പുനല്കുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ഗവർമ്മെന്റുധനം ജനങ്ങളുടെ താല്പര്യങ്ങളെ സേവിക്കുന്നതും അവരുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാൻവേണ്ടി ഉപയോഗിക്കപ്പെടുന്നതും എങ്ങനെയെന്നു് മേൽപറഞ്ഞ വസ്തുത വ്യക്തമാക്കുന്നു. ഈ ഉദ്ദേശത്തോടുകൂടിത്തന്നെയാണ് ഫാക്ടറിത്തൊഴിലാളികൾക്കും ആഫീസ് ജീവനക്കാർക്കുമുള്ള സാമൂഹ്യ ഇൻഷുറൻസ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. ഇതു് ഗവർമ്മെന്റിന്റെ കീഴിലുള്ള ജീവനക്കാർക്കും സഹകരണസ്ഥാപനങ്ങളിലെ ജോലിക്കാർക്കും താല്ക്കാലികമോ സ്ഥിരമോ ആയ അവശത ഏർപ്പെടുമ്പോൾ (വയസ്സുകാലം, സുഖക്കേട്, ഗർഭധാരണം, പ്രസവാനന്തരസമയം) സഹായം നൽകുകയും പൊതുജനാരോഗ്യം, പൊതുനന്മ, സാംസ്കാരികസൗകര്യം ഇത്യാദി പ്രവർത്തനങ്ങൾക്ക് പണം ചിലവാക്കുകയും ചെയ്യുന്നു. സോഷ്യൽ ഇൻഷുറൻസ്നിധിയിലേയ്ക്ക് ഒട്ടാകെയുള്ള കൂലിയുടെ തോതനുസരിച്ചുള്ള സംഖ്യ ഗവർമ്മെന്റുസംഘങ്ങളും സ്ഥാപനങ്ങളും നല്കുന്നു. കൂലിയിൽനിന്നുള്ള നിധിയുടെ ഒരു ഭാഗമല്ല ഈ സംഖ്യ. ഈ സ്ഥാപനങ്ങളുടെ ലാഭത്തിൽനിന്നു് ഈ സംഖ്യ കിഴിവുചെയ്യപ്പെടുന്നു. സോഷ്യൽ ഇൻഷുറൻസ് സമ്പ്രദായം ട്രേഡ്യൂണിയനുകളുടെ ചുമതലയിലാണ് പ്രവർത്തിക്കുന്നതു്.

സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സാമ്പത്തികസമ്പ്രദായമാണ് ഏററവുമധികം ഉറച്ചതും കുററം അററതുമെന്ന് അവയുടെ പ്രായോഗിക അനുഭവം വ്യക്തമാക്കുന്നു. ആ സമ്പ്രദായം സമ്പദ്‌വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും ജനങ്ങളെ സേവിക്കുന്നതും ഉല്പാദനം വികസിപ്പിക്കുന്നതും സാംസ്കാരിക നിലവാരത്തെ മെച്ചപ്പെടുത്തുന്നതുമാണ്.

## വികസിച്ചുവരുന്ന രാജ്യങ്ങളിലെ സാമ്പത്തിക സമ്പ്രദായം

കോളണി ആശ്രിതത്വം വലിച്ചെറിഞ്ഞു സ്വതന്ത്രമായ വികസനത്തിനുവേണ്ടി പരിശ്രമിക്കുന്ന രാജ്യങ്ങളിലെ ഗവണ്മെണ്ട് സാമ്പത്തിക സമ്പ്രദായം പിൻതുടരുന്നതു് അതിൻെറ സ്വന്തം തത്വങ്ങളുടെ അടിസ്ഥാനത്തിലാണ്. വികസിച്ചുവരുന്ന രാജ്യങ്ങളിലെ സാമ്പത്തികസമ്പ്രദായം പുനഃസംഘടിപ്പിച്ചുകൊണ്ട് വരികയാണ്. ദേശീയവ്യവസായം പടുത്തുയർത്തുവാനും ഭൂപരിഷ്കാരം നടപ്പിലാക്കുവാനും നാടുവാഴിപ്രഭുത്വത്തിൻെറയും കോളണിഭരണത്തിൻെറയും അവശിഷ്ടങ്ങൾ തുടച്ചുനീക്കുവാനും വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സംസ്കാരം എന്നിവ വികസിപ്പിക്കുവാനും ഗവണ്മെൻറ് ധനം കൂടുതലായി ഉപയോഗിച്ചുവരുന്നു. ഈ രാജ്യങ്ങളിലെ സാമ്പത്തിക സമ്പ്രദായത്തിൻെറ ഏററവും പ്രധാനമായ കണ്ണി ബഡ്ജററാണ്. ബഡ്ജററുകളുടെതായ സമ്പ്രദായം കേന്ദ്രസ്റ്റേയിററ്ബഡ്ജററിനെയും സ്റ്റേററ്–സംസ്ഥാന–ജില്ലാബഡ്ജററുകളെയും ഉൾക്കൊള്ളുന്നതാണ്. ഭരണയന്ത്രം, സൈന്യം എന്നിവ നിലനിർത്തുന്നതിനുള്ള ചിലവുകൾ ചെയ്യുന്നതിനു പുറമെ, ദേശീയ സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക, വ്യവസായം, ട്രാൻസ്പോർട്ട്, കൃഷി, വാർത്താവിതരണം എന്നിവയിലെ ഗവണ്മെൻറ് മേഖല വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, നിരക്ഷരത്വം ഇല്ലാതാക്കി ജനതയുടെസാമൂഹ്യവും സാംസ്കാരികവുമായ നിലവാരം ഉയർത്തുക, പൊതുജനാരോഗ്യം നന്നാക്കുക, വിദ്യാലയ

ങ്ങളും സാംസ്കാരികസ്ഥാപനങ്ങളും നിർമ്മിക്കുക മുതലായ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും സ്റ്റേയിററ്ബഡ്ജററുകൾ ഉപയോഗപ്പെടുന്നു. (ബഡ്ജററിൽ പറയുന്ന വരവുകൾ ഉപയോഗിക്കപ്പെടുന്നുവെന്നു സാരം.) വികസിച്ചുവരുന്ന രാജ്യങ്ങളിൽ ഓരോ കൊല്ലവും സ്റ്റേയിററ്ബഡ്ജററിൻെറ വലിയ ഒരു ഭാഗം സാമ്പത്തികപുനഃസംഘടനയ്ക്കും വികസനത്തിനുമുള്ള, ദീർഘകാല പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള, മൂലധനനിക്ഷേപത്തിനായി ചിലവിടുന്നു.

വികസിച്ചുവരുന്ന രാജ്യങ്ങളിലെ സാമൂഹ്യവും സാമ്പത്തികവുമായ മാററങ്ങൾക്കു് ഗവൺമെൻറ് ധനവുമായി ഒരു ബന്ധമുണ്ടു്. സാമ്പത്തികരംഗത്തു് ജനാധിപത്യപരമായ മാററങ്ങളാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. കേന്ദ്രബഡ്ജററിനോടൊപ്പം പ്രാദേശിക ബഡ്ജററുകളും വികസിക്കുന്നു. തൊഴിലാളിവർഗ്ഗത്തിൻെറമേൽ ചുമത്തപ്പെട്ടിട്ടുള്ള നികുതികൾ ക്രമേണ കുറച്ചുകൊണ്ടുവരുന്നതോടൊപ്പം പണക്കാരുടെയും നാടുവാഴികളുടെയുംമേൽ കൂടുതൽ നികുതികൾ ചുമത്തുകയും ചെയ്യുന്നു. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സോഷ്യൽ ഇൻഷൂറൻസ് എന്നിവയ്ക്കു് കൂടുതൽ പണം ചിലവാക്കുന്നു. ദേശീയസൈന്യത്തെ സംഘടിപ്പിക്കുക, ദേശീയസ്വാതന്ത്ര്യം സംരക്ഷിക്കുവാനും എല്ലാവിധത്തിലും അതിനെ വികസിപ്പിക്കുവാനുമുള്ള ഭരണകൂടത്തെ നിലനിർത്തുക എന്നിവയ്ക്കുവേണ്ടി ബഡ്ജററുവരവിലെ നല്ല ഒരു ഭാഗം വിനിയോഗിക്കപ്പെടുന്നു.

പുതുതായി സ്വാതന്ത്ര്യംനേടിയ നാടുകളിലെ സാമ്പത്തിക സമ്പ്രദായത്തിനു് പല വൈഷമ്യങ്ങളോടും മല്ലിടേണ്ടതായിട്ടുണ്ടു്. അവയുടെ സ്റ്റേയിററ്ബഡ്ജററുകൾ മിക്കപ്പോഴും കമ്മിയിൽ കലാശിക്കുന്നു. ആവശ്യമുള്ള പണം ഉണ്ടാക്കുവാൻ അവയുടെ വരുമാനങ്ങൾ മതിയാകുന്നില്ല. അതുകൊണ്ടു് അവയിൽ ചിലവ തങ്ങളുടെ മുമ്പത്തെ യജമാനരാജ്യങ്ങളിൽനിന്നു ഇപ്പോഴും "സഹായം" സ്വീകരിക്കുന്നു. ഈ രാജ്യങ്ങൾ സഹായം നല്കുന്നതു് മുമ്പത്തെ കോളനികളിൽ തങ്ങൾക്കുള്ള സ്വാധീനശക്തി നിലനിർത്തുവാൻ

ഉദ്ദേശിച്ചുകൊണ്ടാണ്. എന്നാൽ വികസിച്ചുവരുന്ന രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥയിൽ വരുന്ന മാററങ്ങളും സാമ്പത്തിക പരിഷ്കാരങ്ങളും ഗവണ്മെൻറ് സാമ്പത്തിക സമ്പ്രദായത്തെ ഉറപ്പിക്കുകയും അതിനെ തങ്ങളുടെ പൂർവ്വയജമാനന്മാരിൽനിന്ന് കൂടുതൽ കൂടുതൽ സ്വതന്ത്രമാക്കുകയും ചെയ്യുന്നു. കൂടുതൽ ഉറപ്പുള്ള സാമ്പത്തിക അടിസ്ഥാനവും ഉപയോഗത്തിന് കൂടുതൽ ധനാഗമമാർഗ്ഗങ്ങളും ഉണ്ടായിട്ടുള്ളതിനാൽ സാമ്പത്തിക വികാസം ത്വരിതപ്പെടുത്തുന്നതിന് ഈ രാജ്യങ്ങൾക്ക് കഴിയുന്നു. യു. എസ്. എസ്. ആറും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളും ഇവയ്ക്ക് നിസ്വാർത്ഥമായി നല്കുന്ന സാമ്പത്തിക സഹായം വളരെയധികം ആശ്വാസകരമാണ്.

പുതുതായി സ്വാതന്ത്ര്യംപ്രാപിച്ച കീനിയ റിപ്പബ്ലിക്കിലെ സാമ്പത്തിക സമ്പ്രദായത്തിലും മാററങ്ങൾ കാണുമാനുണ്ട്.

## കീനിയായിലെ സ്റ്റേയിററ് ധനം

കീനിയ ബ്രിട്ടീഷ്കോളനിയായിരുന്ന 70 കൊല്ലക്കാലങ്ങളിൽ ആ രാജ്യത്തിലെ ധനത്തിൻെറ ഭൂരിഭാഗവും ഉപയോഗിച്ചിരുന്നതു ഭരണകൂടത്തെയും പോലീസ്സേനയെയും നിലനിത്താനായിരുന്നു. സാമ്പത്തിക–സാംസ്കാരിക വികസനത്തിന് തുച്ഛമായ സംഖ്യമാത്രമാണ് ചിലവഴിച്ചിരുന്നതു്. സ്റ്റെയിററ്ബഡ്ജററ് കമ്മിയിലായിരുന്നു. ബഡ്ജററ്കമ്മി നികത്തുന്നതിനുവേണ്ടി, കീനിയായിൽനിന്നു ലഭിച്ച സമ്പത്തിൻെറ ഒരു ഭാഗം ബ്രിട്ടൻ ആ രാജ്യത്തിന് നല്കി. വലിയ പലിശനിരക്കോടുകൂടിയാണ് ബ്രിട്ടൻ ഈ രാജ്യത്തിനു വായ്പ നല്കിയതു്. ബ്രിട്ടനുമാത്രമായി കീനിയ കൊടുത്തുതീക്കുവാനുള്ള കടം 100000000 പവനാണ്.

1962 ഡിസംബർ 12–ാംനു-യാണ് കീനിയായ്ക്കു സ്വാതന്ത്ര്യം ലഭിച്ചതു്. ആ രാജ്യത്തിൻെറ സാമ്പത്തികവും ധനപരവുമായ കാര്യങ്ങളിൽ ബ്രിട്ടീഷ്മൂലധനത്തിൻെറയും ബാങ്കുകളുടെയും സ്വാധീനം ഇപ്പോഴും ഉണ്ട്.

സ്വതന്ത്രമായ വികസനത്തിലേയ്ക്കു കീനിയ നീങ്ങിയതിനു ശേഷം (1963) കോളണിഭരണത്തിൻെറ അവശിഷ്ടമായ ദാരിദ്ര്യം സുഖക്കേട്, നിരക്ഷരത്വം എന്നിവയെ നേരിടുന്നതിനും സാമ്പത്തികവികസനം കൈവരുത്തുന്നതിനും ബഡ്ജററവരുമാനത്തിൻെറ വലിയ ഒരു ഭാഗം ചിലവഴിച്ചു. ഈ ചിലവുകൾ മുറയ്ക്കു വദ്ധിച്ചുകൊണ്ടുവരികയാണ്. സാധാരണ ബഡ്ജററ്(നടപ്പുള്ളതു്) വികസന ബഡ്ജററു് (മൂലധനനിക്ഷേപത്തിനുള്ളതു്) എന്നിവ അടങ്ങിയതാണ് കീനിയായുടെ ബഡ്ജററ്സമ്പ്രദായം.

സ്വാതന്ത്ര്യം ലഭിച്ച് 2 കൊല്ലങ്ങൾക്കുള്ളിൽ കീനിയാബഡ്ജററിനുണ്ടായ വികാസം താഴെ പറയുന്ന കണക്കുകളിൽക്കൂടി വ്യക്തമാകുന്നു. (ദശലക്ഷപവൻകണക്കിൽ)

| | 1962_63 സാമ്പത്തിക വർഷം | 1963_64 സാമ്പത്തിക വർഷം |
|---|---|---|
| എ) സാധാരണ ബഡ്ജററു് | | |
| വരവ് | 32,4 | 35,1 |
| ചിലവ് | 36,5 | 31,0 |
| ബി) വികസന ബഡ്ജററു് | | |
| വരവും ചിലവും | 14,0 | 14,10 |

സാധാരണ ബഡ്ജററിലെ വരവിലധികവും, പരോക്ഷനികുതികൾക്ക് പ്രാമാണ്യമുള്ള, നികുതികൾ (80 ശതമാനം) മുഖേനയാണ്.

സാമ്പത്തികവികസനത്തിനു് കൂടുതൽ സംഖ്യകൾ ഉണ്ടാക്കുന്നതിനുവേണ്ടി കീനിയാഗവമ്മെണ്ടു് സ്വകാര്യകമ്പനികളുടെ മേൽ തീരുവയും നികുതിയും വദ്ധിപ്പിച്ചിട്ടുണ്ട്. അത്യാവശ്യമല്ലാത്ത സാധനങ്ങളുടെ മേൽ ഉള്ള (മോട്ടോർകാറുകൾ, ചിലതരം തുണികൾ മുതലായവ) പരോക്ഷനികുതികളും വദ്ധിപ്പിച്ചു.

എന്നിട്ടും കീനിയായുടെ ബഡ്ജററ് കമ്മിതന്നെയാണ് കാണിക്കുന്നതു്. ധനസഹായം, വായ്പകൾ എന്നിവയുടെ രൂപത്തിൽ ബ്രിട്ടീഷ് "സഹായം" സ്വീകരിക്കുവാൻ കീനിയാ ഇപ്പോഴും നിർബ്ബന്ധിതമാണ്. അമേരിക്ക മുതലായ മററു മുതലാളിത്തരാജ്യങ്ങളിൽനിന്നും കീനിയാഗവമ്മെണ്ടിനു് കടം ലഭിച്ചിട്ടുണ്ടു്.

ഉല്പാദനക്ഷമമല്ലാത്ത കാര്യങ്ങൾക്കുവേണ്ടിയുള്ള ചിലവുകൾ കുറച്ചും കൂടുതൽ വരവുകൾ ഉണ്ടാക്കിയും മററും ബഡ്ജററിനെ സമീകൃതമാക്കുകയെന്നതാണ് കീനിയായുടെ കേന്ദ്രസാമ്പത്തികച്ചുമതല. അതേയവസരത്തിൽതന്നെ സ്റ്റെയിററ്ധനം വർദ്ധിപ്പിക്കുവാനും ധനസ്ഥിതി ഉറപ്പിക്കുവാനും വരുമാനവർദ്ധനവ് രാജ്യത്തിൻെറ സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിനു വേണ്ടി ഉപയോഗിക്കുവാനും . ഗവമ്മെണ്ടു് മാർഗ്ഗങ്ങൾ ആരായുന്നുണ്ടു്.

സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, മററു പല താദൃശരാജ്യങ്ങളെപ്പോലെ, സാമ്പത്തികസ്വാതന്ത്ര്യം നേടുകയെന്ന പ്രശ്നമാണ് കീനിയായെയും അഭിമുഖീകരിച്ചതു്. സാമ്പത്തിക-സാമൂഹ്യവികസനത്തിനു് ഏതു മാർഗ്ഗം സ്വീകരിക്കണമെന്ന കാര്യം കീനിയായ്ക്കു് തീരുമാനിക്കേണ്ടിവന്നു.

വ്യസനകരമായ പഴയ അനുഭവങ്ങളുടെ വെളിച്ചത്തിലും കീനിയയ്ക്കു മുമ്പു് സ്വതന്ത്രമായ രാജ്യങ്ങളുടെ സ്വതന്ത്രമായ വികസനമാർഗ്ഗങ്ങളെ അനുകരിച്ചും ശാസ്ത്രീയസോഷ്യലിസത്തിലേയ്ക്കു് കൂടുതൽ കൂടുതൽ നീങ്ങണമെന്ന അഭിപ്രായത്തോടു് ഗവമ്മെണ്ടിലേയും ആഫ്രിക്കൻ നാഷനൽ യൂണിയനിലേയും പുരോഗമനവാദികൾ ആനുകൂല്യം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ആ വഴിക്കുള്ള പ്രഥമനടപടികൾ കീനിയാ എടുത്തുകഴിഞ്ഞിട്ടുണ്ടു്. തൊഴിലില്ലായ്മക്കെതിരായി ഗവർമ്മെണ്ടു് സമരം ചെയ്യുന്നു; നിരക്ഷരനിർമ്മാജ്ജനത്തിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നു; ഭൂമിയില്ലാത്ത കൃഷികർക്കു ഭൂമി നല്കുന്നു; സഹകരണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നു; ചില കോപ്പറേഷനുകൾ

ദേശവല്ക്കരിക്കുന്നതിനു് നടവടികഠം സ്വീകരിച്ചുവരുന്നു. 1964 ജൂണിൽ കീനിയാ പാർലിമെൻറിൽ ഒരാറുകൊല്ലക്കാലപദ്ധതി (64 ജൂലായി 1—70 ജൂൺ 30) ഗവർമ്മെണ്ടു് സമർപ്പിച്ചു. 370,000,000 പവൻെറ മൂലധനനിക്ഷേപത്തിനു് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള പദ്ധതിയായിരുന്നു അതു്. ഇത്രയും വലിയ ഒരു തുക ശേഖരിക്കുകയെന്നതു് എളുപ്പമായ കാര്യമല്ലെന്നു മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് പദ്ധതി തയ്യാറാക്കിയതു്. കീനിയൻ ജനതയ്ക്കു് സോഷ്യലിസത്തിൽക്കൂടി സന്തോഷവും സമൃദ്ധിയും കൈവരുന്നതാണു്. ഈ മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കുന്ന കീനിയാ ഒററയ്ക്കായി നില്ക്കുകയില്ല. കുത്തകമുതലാളിമാരുടെയും വിദേശ ബാങ്കുകളുടെയും സന്മനസ്സിനെ ആ രാജ്യം ഇനി ആശ്രയിക്കുകയില്ല. പുതുതായി സ്വാതന്ത്ര്യം നേടിയ പല ആഫ്രിക്കൻരാജ്യങ്ങളും സോഷ്യലിസ്റ്റ്വികസനമാർഗ്ഗം സ്വീകരിച്ചതായി കീനിയായിലെ പുരോഗമനവാദികഠംക്കറിയാം.

ചരിത്രപരമായ കാരണങ്ങളാൽ, സോഷ്യലിസം പടുത്തുയർത്തുവാൻ ഒരുമ്പെടുകയും വിജയത്തോടുകൂടി ആ കടമ നിർവ്വഹിക്കുകയും ചെയ്ത ആദ്യത്തെ രാജ്യം സോവിയററ്യൂണിയനാണു്.

സാമ്പത്തിക സമ്പ്രദായം, സ്റ്റെയിററ്സാമ്പത്തിക സമ്പ്രദായത്തിൻെറ ഘടന, ധനവിഭവങ്ങഠം ശരിക്കുപയോഗിച്ചുകൊണ്ടു് സോഷ്യലിസത്തിനുവേണ്ട പശ്ചാത്തലം മുൻകൂട്ടി സജ്ജമാക്കൽ എന്നിവ സോവിയററ്യൂണിയനിൽ സോഷ്യലിസം പടുത്തുയർത്തുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ടു്.

ധനവും കടവും സംഘടിപ്പിക്കുന്നതിൽ സോവിയററ്യൂണിയൻ നേടിയ പരിചയം കീനിയായിലെയും മററു വികസിച്ചുവരുന്ന രാജ്യങ്ങളിലെയും ജനങ്ങഠംക്കു് വലിയ സഹായമായിത്തീരുന്നതാണു്. ഈ രാജ്യങ്ങഠം സാമ്പത്തിക–സാംസ്കാരിക വികസനത്തിനുവേണ്ടി നടത്തുന്ന പരിശ്രമങ്ങഠംക്കു് സഹായം നൽകുവാൻ സോവിയററ്യൂണിയനു കഴിയുന്നതാണു്.

Financial System of Soviet Russia

**അദ്ധ്യായം മൂന്നു്**

# യൂ. എസ്സ്. എസ്സ്. ആറിലെ സാമ്പത്തിക സമ്പ്രദായം

കെട്ടുപിണഞ്ഞതും, വിഷമകരവുമായ ഒരു പന്ഥാവിനെയാണു് സോവിയററു് സാമ്പത്തികസമ്പ്രദായം 47 കൊല്ലങ്ങൾ കൊണ്ടു് തരണംചെയ്തതു്. സോഷ്യലിസം പടുത്തുയർത്തുന്നതിനുള്ള ചരിത്രപരമായ വിവിധ ഘട്ടങ്ങളിൽ സോവിയററു്യൂണിയൻ അതിൻെറ സാമ്പത്തികസമ്പ്രദായത്തെ, നിലവിലുണ്ടായിരുന്ന പ്രത്യേക സാമ്പത്തിക സ്ഥിതികൾക്കും യഥാർത്ഥവും പ്രായോഗികവുമായ കടമകൾക്കും അനുസൃതമായി, സ്വീകരിച്ചു. സോഷ്യലിസത്തിൻെറ അടിസ്ഥാനവും സാഹചര്യങ്ങളും സൃഷ്ടിക്കൽ, സോഷ്യലിസം പടുത്തുയർത്തൽ, കമ്മ്യൂണിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിസ്ഥാനം നിർമ്മിക്കൽ എന്നിവ കൈകാര്യം ചെയ്യുന്ന കാലഘട്ടങ്ങളിൽ സോഷ്യലിസ്ററു് സാമ്പത്തികസമ്പ്രദായത്തിനു് വിരുദ്ധ സ്വഭാവങ്ങളോടുകൂടിയ പ്രശ്നങ്ങളുമായി ഇടപെടേണ്ടിവന്നുവെന്നുള്ളതു് ശ്രദ്ധേയമാണു്.

## പ്രാരംഭവികസനം

ഒരു സോഷ്യലിസ്ററു് സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതായിരുന്നു സോഷ്യലിസ്ററു് വിപ്ലവത്തിനും ആഭ്യന്തര വിപ്ലവത്തിനും ശേഷമുള്ള സോവിയററു്ഗവമ്മെണ്ടിൻെറ അടിയ

ന്തിരകടമ. 1918-ൻെറ ആരംഭത്തിൽ സോവിയററ് ജനതയുടെ നേതാവും പുതിയ സോവിയററ് സോഷ്യലിസ്ററ് രാഷ്ട്രത്തിൻെറ സ്ഥാപകനുമായ ലെനിൻ ഇപ്രകാരം ചൂണ്ടിക്കാണിച്ചു:

"എന്തു വില കൊടുത്തും നാം ഭദ്രമായ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കണം; നമ്മുടെ സാമ്പത്തികനയം വിജയകരമാകാത്തപക്ഷം ഏതു പുരോഗമനപരമായ പരിഷ്കാരങ്ങളും പരാജയപ്പെടുമെന്നു് നാം ഓക്കുകയും വേണം."* സാമ്പത്തിക പുന:സംഘടനയുടെ പ്രഥമ ഘട്ടങ്ങളിൽ, സാമ്പത്തികസമ്പ്രദായം സംഘടിപ്പിക്കുന്ന കാര്യത്തിൽ, പ്രായംകുറഞ്ഞ സോവിയററ് രാഷ്ട്രത്തിനു് വമ്പിച്ച വിഷമങ്ങൾ നേരിടേണ്ടിവന്നു. സ്റ്റേയിററ് ബഡ്ജററിൽ വമ്പിച്ച കമ്മിയായിരുന്നു. പണത്തിനു് വില കുറയുകയും സാധനവിലകൾ കുതിച്ചുകയറുകയും ചെയ്തു. വിദേശ രാജ്യങ്ങൾക്കു് വമ്പിച്ച സംഖ്യകൾ കൊടുക്കേണ്ട ബാദ്ധ്യത ഗവമ്മെണ്ടിനുണ്ടായിരുന്നു. മുമ്പത്തെ സാറിസ്ററ്ഗവമ്മെണ്ടു് വരുത്തിവെച്ച കടമായിരുന്നു ഇതു്. സ്റ്റേയിററ് ഇൻഷൂറൻസ് തീരെയും അസംഘടിതമായിരുന്നു. ആഭ്യന്തരസമരം അവസാനിച്ചസമയത്തു് (1921) ദ്രുതഗതിയിൽ വില കുറഞ്ഞുകൊണ്ടുവന്ന കടലാസുനോട്ടുകൾ അടിച്ചിറക്കുക എന്നതായിരുന്നു ഗവമ്മെണ്ടിൻെറ പ്രധാന വരുമാനമാഗ്ഗം. അതുകൊണ്ടു സോവിയററ് ധനസ്ഥിതി ശക്തിപ്പെടുത്തുവാനുള്ള കടമ ലെനിൻ വ്യക്തമാക്കി. ഇതു് പ്രഥമ പ്രാധാന്യം അഹിക്കുന്നതാണെന്നും അന്താരാഷ്ട്രീയ മൂലധനത്തിൽനിന്നുള്ള സോവിയററ് റഷ്യയുടെ മോചനവും രാജ്യത്തിൻെറ സാമ്പത്തികവും സാംസ്കാരികവുമായ വികാസവും ഇതിനെ ആശ്രയിച്ചിരിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

സോവിയററ്ഗവമ്മെണ്ടു് സാറിസ്ററ്ഭരണയന്ത്രം നശിപ്പിക്കുകയും പുതിയ ഭരണകൂടം സൃഷ്ടിക്കുകയും വഗ്ഗീയാനുകൂല്യ

---

* വി. ഐ. ലെനിൻ, കളക്ടഡ് വർക്സ്, മോസ്കോ, 1965 വാള്യം 27 പേജ് 383

DISTRIBUTING LIBRARY
No.
KOTTAYAM

ങ്ങളും ദേശീയ മത്സരവും അവസാനിപ്പിക്കുകയും ദേശീയ സമ്പദ് വ്യവസ്ഥയിലെ നിർണ്ണായകസ്ഥാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

ഈ പരിശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ സാമ്പത്തികനടപടികൾ ഒരു പ്രധാന പങ്കുവഹിച്ചു. അവയിൽ പ്രധാനമായവ താഴെ പറയുന്നവയാണ്.

(1) ബാങ്ക് ദേശവൽക്കരണം (2) റഷ്യൻ ജന്മിമാരും ബൂർഷ്വാസിയും വരുത്തിവെച്ച കടങ്ങൾ റദ്ദാക്കൽ (3) എല്ലാ തരത്തിലുമുള്ള ഇൻഷൂറൻസിൻെറമേൽ ഗവമ്മെണ്ട് നിയന്ത്രണം ഏർപ്പെടുത്തൽ; പിന്നീട് ഇൻഷൂറൻസ് ഗവണ്മെണ്ട് കുത്തകയാക്കൽ.

രാജ്യത്തിലെ സാമ്പത്തിക്സമ്പ്രദായത്തിന് വരുമാനം വർദ്ധിപ്പിക്കുകയും പണം ചിലവാക്കുന്നതിൽ കർശനമായ നിയന്ത്രണം പാലിക്കുകയും ചെയ്യേണ്ടിയിരുന്നു. വില കുറയുന്ന കടലാസ്പണം പുറപ്പെടുവിക്കുന്നത് കുറയ്ക്കുകയും, ഒടുവിൽ നിറുത്തുകയും ചെയ്യേണ്ടിയിരുന്നു. സമ്പദ്‌വ്യവസ്ഥയിലെ സ്റ്റെയിററ് മേഖലകളുടെ വളർച്ചയ്ക്ക് ബാങ്കിങ്ങ് വികസിപ്പിക്കേണ്ടതുണ്ടായിരുന്നു. ബഡ്ജററുകമ്മി കുറയ്ക്കുകയും പിന്നീട് തീരെ ഇല്ലാതാക്കുകയും ചെയ്യേണ്ടതാവശ്യമായിവന്നു. . അതായത് ചിലവ് ചുരുക്കുകയും വരവ് വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ബഡ്ജററ് സ്വീകൃതമാക്കേണ്ടിയിരുന്നു എന്നു സാരം.

ഈ ഉദ്ദേശസാധ്യത്തിനുവേണ്ടി ഒരു നാണ്യപരിഷ്ക്കാരം നടപ്പിലാക്കി. വിലകുറഞ്ഞ പഴയ കടലാസ്സുനാണ്യത്തിൻെറ സ്ഥാനം പുതിയ സോവിയററ് ട്രഷറി നോട്ടുകളും വെള്ളി–ചെമ്പ് നാണയങ്ങളും കരസ്ഥമാക്കി. നാണ്യപരിഷ്ക്കാരത്തോടൊപ്പം ബഡ്ജററ്–നികുതിപരിഷ്ക്കാരങ്ങളും നിലവിൽ വരുത്തി. ഇവ ഗവമ്മെണ്ടിൻെറ സാമ്പത്തികനയത്തെ ഒരുപടി മുന്നോട്ടുകൊണ്ടുപോയി. തൊഴിലാളിവർഗ്ഗവും, കൃഷിക്കാരും തമ്മിലുള്ള ബന്ധം അതു് ശക്തിപ്പെടുത്തുകയും ചൂഷണാസക്തമായ മുതലാളിതാല്പര്യ

ങ്ങൾക്കെതിരായ സോഷ്യലിസ്ററ് മൂലകങ്ങളുടെ (Elements) പങ്കിന്ന് ബലം കൂട്ടുകയും ചെയ്തു. വ്യവസായം, ട്രാൻസ്പോർട്ട്, കൃഷി എന്നിവയുടെ പുന:സംഘടനയ്ക്കു വേണ്ടതായ പണം ബഡ്ജ്ജററും നികുതിസമ്പ്രദായവും നൽകേണ്ടതുണ്ടായിരുന്നു. ഗവമ്മെണ്ട് ഉടമയിലുള്ളതും സഹകരണസംഘങ്ങൾ നടത്തുന്നതുമായ പ്രസ്ഥാനങ്ങളേയും അവയ്ക്കു സമ്പദ്‌വ്യവസ്ഥയിലുള്ള സ്ഥാനത്തേയും ശക്തിപ്പെടുത്തുകയും പണക്കാരും ചൂഷകന്മാരുമായ മുതലാളിമാരെ പിന്നണിയിലേയ്ക്കു തള്ളിനീക്കുകയും ചെയ്യുകയെന്ന ഉദ്ദേശം മുൻനിത്തി ലഭിക്കാവുന്നത്ര പണം വിതരണം ചെയ്യേണ്ടിയിരുന്നു.

ബഡ്ജററിലെ കമ്മി ഇല്ലാതാക്കുവാൻ നടപടികൾ സ്വീകരിച്ചു. ചിലവുകൾ ചുരുക്കുകയും സാധനങ്ങൾക്കും സേവനങ്ങൾക്കും റൊക്കമായി പണം കൊടുക്കുന്ന സമ്പ്രദായം ഏപ്പെടുത്തിക്കൊണ്ട് ഗവണ്മെണ്ട് ഉടമയിലുള്ള സംരംഭങ്ങളുടെ വരവ് വദ്ധിപ്പിക്കുകയും ചെയ്തു. നികുതി സാധനങ്ങളായി പിരിക്കുന്നതിന്നു പകരം റൊക്കമായി പിരിക്കുകയും അങ്ങിനെ നികുതിവരുമാനം വദ്ധിപ്പിക്കുകയും ചെയ്തു. സമ്പദ്‌വ്യവസ്ഥയ്ക്ക് ആവശ്യമായ കൈമാററധനം ഉണ്ടാക്കുന്നതിന്ന് കടമിടപാടുകൾ വികസിപ്പിച്ചു. ബഡ്ജററു മുഖേന സംരംഭങ്ങൾ നേരിട്ടു നടത്തുന്ന സമ്പ്രദായം ഉപേക്ഷിച്ചു. ഈ പരിഷ്ക്കാരത്തിനുമുമ്പ് ഈ സംരംഭങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കുമുള്ള പണം ബഡ്ജററാണ് നൽകിയിരുന്നതു്. ഇവയുടെ ഉല്പാദിത സാധനങ്ങൾക്ക് ഗവമ്മെണ്ടിൽനിന്നു പണം ലഭിച്ചിരുന്നില്ല. പ്രാദേശിക ബഡ്ജററുസമ്പ്രദായം (മേഖല, ജില്ല, പ്രദേശം, റിപ്പബ്ലിക്ക്) ഏപ്പെടുത്തി. ചില ചിലവുകൾ (പ്രധാനമായും പ്രാദേശികാവശ്യങ്ങൾക്കുള്ളവ) കേന്ദ്രബഡ്ജററിൽനിന്നു് പ്രാദേശിക ബഡ്ജററുകളിലേക്ക് മാററി. ഭരണകൂടത്തിൻെറ ചിലവ് കുറയ്ക്കുവാൻവേണ്ടി അനേകം ഗവർമ്മേണ്ട് ആപ്പീസുകളുടേയും അവയുടെ ജീവനക്കാരുടെയും എണ്ണം കുറച്ചു. ബഡ്ജ്ജററുചിലവുകൾ കുറച്ചതോടൊപ്പം വരുമാനത്തിനുള്ള പുതിയ

മാർഗ്ഗങ്ങൾ ആരാഞ്ഞു. ജനങ്ങൾക്കു വില്ക്കപ്പെടുന്ന ഗവൺമെണ്ടു് ബോണ്ടുകൾ റൊക്കം പണമുണ്ടാക്കുവാനുള്ള പ്രധാനമാർഗ്ഗമായി.

1922_23_ൽ ഹ്രസ്വകാലവായ്പയും ദീർഘകാലവായ്പയുമായി 81.9 ദശലക്ഷം റൂബിളും 1924_25_ൽ 130.5 ദശലക്ഷം റൂബിളും 1925_26ൽ 146 ദശലക്ഷം റൂബിളും ലഭിച്ചു.

വ്യവസായനികുതി (വ്യവസായം, കരകൗശലം, വ്യാപാരം എന്നിവയിന്മേൽ) ആദായ_വസ്തു നികുതി, പിന്തുടച്ച്ാവകാശ_സമ്മാനനികുതി, ഗവൺമെണ്ടു് വീട്ടുനികുതി എന്നിവയും വീഞ്ഞു്, പുകയിലവസ്തുക്കൾ, തീപ്പെട്ടി, ഉപ്പ്, പഞ്ചസാര, ചായ മുതലായവയിന്മേലുള്ള നികുതികളും തീരുവകളും ഏർപ്പെടുത്തി. 1923_24_ൽ 785.5 ദശലക്ഷം റൂബിൾ നികുതിവരവുണ്ടായിരുന്നതു് 1925_26ൽ 1791.2 ദശലക്ഷം റൂബിളായി വർദ്ധിച്ചു. ഈ രണ്ടു കൊല്ലങ്ങൾകൊണ്ടു് ലാഭത്തിൽനിന്നുള്ള കിഴിവ് 48.9 ദശലക്ഷം റൂബിളായി വർദ്ധിച്ചു. ഗവൺമെണ്ടുവസ്തുക്കളിൽനിന്നുള്ള ആദായം 64.6 ദശലക്ഷറൂബിളിൽനിന്നു് 256.8 ദശലക്ഷറൂബിളായി ഉയൎന്നു.

1923 മുതൽ 1925 വരെയുള്ള കാലഘട്ടത്തിൽ ബഡ്ജററ്വരുമാനം നാലിരട്ടിയായി ഉയൎന്നു. 1925 ആയതോടുകൂടി ബഡ്ജററ് കമ്മി നികത്തപ്പെട്ടു. ലഭിക്കാവുന്ന പണത്തിലധികവും സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുവാനും സംസ്കാരത്തെയും പൊതുജനാരോഗ്യത്തെയും നന്നാക്കുവാനും വിനിയോഗിച്ചു. അക്കാലത്താണു് സ്റ്റെയിററ് സോഷ്യൽഇൻഷൂറൻസ് പദ്ധതികൾ ആവിഷ്ക്കരിച്ചതു്. എല്ലാ വിധത്തിലും രൂപത്തിലുമുള്ള ഇൻഷൂറൻസുകൾ ഗവൺമെണ്ടു് കുത്തകയാക്കി. സ്റ്റെയിററ് ഇൻഷൂറൻസിൻെറ പ്രധാന ഭരണം 1921ൽ ധനകാര്യമന്ത്രികാര്യാലയത്തിൻെറ (പീപ്പിൾസ് കമ്മിസ്സാറിയററ്) കീഴിലാക്കി. 1922_ൽ സ്റ്റെയിററ് ഇൻഷൂറൻസ് പ്രവർത്തിച്ചിരുന്നതു് കോസ്റ്റ് അക്കൌ

ണ്ടിംഗ് (Cost accounting)* അടിസ്ഥാനത്തിലായിരുന്നു. വസ്തു ഇൻഷൂറൻസിനു പുറമെ ലൈഫ് ഇൻഷൂറൻസ് പദ്ധതിയും നടപ്പിലാക്കി.

കൂലിക്ക് പണിയെടുക്കുന്നവക്കുള്ള സോഷ്യൽ ഇൻഷൂറൻസ് സംബന്ധിച്ച് 1921-ൽ സോവിയററ് ഗവമ്മെണ്ട് ഒരു കല്പന പുറപ്പെടുവിച്ചു. ഈ കല്പനയനുസരിച്ച് സംരംഭങ്ങളും ആപ്പീസ്സുകളും ഇൻഷൂറൻസ്ഫീസ്സുകഠം നല്കി. ഉയന്നനിരക്കിലുള്ള ഫീസ്സാണ് സ്വകാര്യമേഖലയ്ക്കു നൽകേണ്ടിവന്നതു്.

സോഷ്യൽ ഇൻഷൂറൻസിൻെറ ഉദ്ദേശവും വ്യവസ്ഥകളും നിവ്വചിക്കപ്പെട്ടു.

ഇൻഷൂറൻസ് ആപ്പീസ്സുകളാണ് സോഷ്യൽ ഇൻഷൂറൻസ് നടത്തിയിരുന്നതു്. 1923 വരെ സോഷ്യൽ ഇൻഷൂറൻസ് സമ്പ്രദായത്തിനു കീഴിലായിരുന്നു ഈ ആപ്പീസുകഠം. പിന്നീടതു് തൊഴിൽകാര്യമന്ത്രികാര്യാലയത്തിൻെറ (പീപ്പിഠംസ് കമ്മിസ്സാറിയററ്) കീഴിലാക്കി.

ട്രെയിഡ്യൂണിയൻ സമ്മേളനത്തിൽവെച്ചാണ് ഇൻഷൂറൻസ് ആപ്പീസ്സുകഠം നടത്തുന്ന കമ്മററികളെ തിരഞ്ഞെടുത്തതു്. ഇൻഷൂറൻസ് സമിതികഠംക്കാവശ്യമായ സംഘടനാപരവും താത്വികവുമായ നേതൃത്വം നൽകുവാൻ ട്രെയിഡ്യൂണിയനുകളെ

---

* സോഷ്യലിസ്റ്റ്സംരംഭങ്ങളിൽ പദ്ധതിയനുസരിച്ചുള്ള ധനകാര്യമേൽനോട്ടത്തിൻെറ ഒരു സമ്പ്രദായമാണ് കോസ്റ്റ് അക്കൌണ്ടിംഗ്. സംരംഭങ്ങളുടെ സ്വന്തം വരുമാനങ്ങളിൽ നിന്നു് അവയ്ക്കു് ചിലവാകുന്ന പണത്തിനു് പരിഹാരമുണ്ടാകുന്നവിധത്തിൽ ഉല്പാദിതവസ്തുക്കഠംക്കും സാമ്പത്തിക പ്രവർത്തനങ്ങഠംക്കുമുള്ള ചിലവ് അതു പണത്തിൻെറ രൂപത്തിൽ താരതമ്യപ്പെടുത്തുകയും ഉല്പാദനം ലാഭത്തിൽ നടത്തുന്നതിനു് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

അധികാരപ്പെടുത്തി. തൊഴിലാളികൾക്കു് താല്ക്കാലികാവശതയേപ്പെടുമ്പോഴും ഗർഭംധരിച്ചിരിക്കുമ്പോഴും പ്രസവിക്കുമ്പോഴും വേണ്ടതായ സാമ്പത്തികസഹായം ഇൻഷൂറൻസ് ആപ്പീസ്സുകൾ നല്കി. പ്രസവകാലത്തു് ഗ്രാൻറ് നല്കുക, ശവദാഹച്ചിലവുകൾ നിർവ്വഹിക്കുക, തൊഴിലില്ലായ്മവേതനം നല്കുക, സുഖക്കേടു്, പരുക്കു്, വയസ്സുകാലം എന്നിവ സംഭവിക്കുമ്പോൾ പെൻഷൻ നൽകുക, ഫാക്ടറി–ആപ്പീസ്സ് ജീവനക്കാർക്കു വൈദ്യസഹായം നൽകുക മുതലായവയും ഈ ആപ്പീസ്സുകൾ ചെയ്തു.

1933ൽ പ്രാദേശിക സോഷ്യൽ ഇൻഷൂറൻസ് ആപ്പീസ്സുകൾ വേണ്ടെന്നുവെക്കുകയും ഫാക്ടറിജോലിക്കാരുടെയും ആപ്പീസു് ജീവനക്കാരുടെയും ഏററവും വലിയ ബഹുജനസംഘടനയായ ട്രെയിഡ്യൂണിയനുകൾക്കു് സോഷ്യൽ ഇൻഷൂറൻസ് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. സ്റ്റേയിററു് സോഷ്യൽ ഇൻഷൂറൻസിൻെറ ഫണ്ടുകളും മുതലുകളും ട്രെയിഡ്യൂണിയനുകളുടെ ഹസ്തങ്ങളിലേയ്ക്കു മാററി. ഇവയിപ്പോൾ സോഷ്യൽ ഇൻഷൂറൻസിൻെറ മേൽനോട്ടം വഹിക്കുകമാത്രമല്ലാ ഭരണം നിർവ്വഹിക്കുകകൂടി ചെയ്യുന്നു.

ഒരു പുതിയ സാമ്പത്തിക സമ്പ്രദായം സൃഷ്ടിക്കുന്നതിന്നു് നാലഞ്ചുകൊല്ലം എടുത്തു. ഈ സമ്പ്രദായത്തിന്നു് ഭദ്രമായ ഒരു സാമൂഹ്യ—സാമ്പത്തികാടിസ്ഥാനമുണ്ടായി. സോഷ്യലിസത്തിൻെറയും സോഷ്യലിസ്റ്റു് നിർമ്മാണത്തിൻെറയും ഭൌതികവും സാങ്കേതികവുമായ അടിസ്ഥാനമുണ്ടാക്കുന്നതിനെ സഹായിക്കുവാനുള്ള ശക്തമായ ഒരു ആയുധമെന്ന നിലയിൽ അതു് വർത്തിച്ചു. സോഷ്യലിസ്ററുസമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനം കെട്ടിപ്പടുക്കുന്നതിന്നു വ്യവസായ വികസനം, പ്രത്യേകിച്ചു് ഘനവ്യവസായ വികസനം, ത്വരിതപ്പെടുത്തുകയും സഹകരണകൃഷിയും സമ്പദ്‌വ്യവസ്ഥയുടെ സോഷ്യലിസ്ററു് (പൊതു) മേഖലയും വികസിപ്പിക്കുകയും ജനങ്ങളുടെ സാംസ്കാരികനിലവാരവും ജീവിതത്തോതും ഉയർത്തുകയും ചെയ്യേണ്ടിയിരുന്നു.

സോഷ്യലിസത്തിൻെറ ഭൌതികവും സാങ്കേതികവുമായ അടിസ്ഥാനം നിർമ്മിക്കുന്നതിനുവേണ്ടി സോവിയററ് യൂണിയനിൽ വ്യവസായങ്ങളൊന്നാകെ വികസിപ്പിക്കേണ്ടിയിരുന്നു. അതിലും പ്രധാനമായി ചെയ്യേണ്ടിയിരുന്നതു് ഉല്പാദനോപകരണങ്ങൾ (യന്ത്രങ്ങൾ, ഉപകരണങ്ങൾ, കൽക്കരി, ലോഹം മുതലായവ) ഉല്പാദിപ്പിക്കുന്ന ഗവൺമെൻറു് വ്യവസായ വിഭാഗം സൃഷ്ടിക്കുകയും വികസിപ്പിക്കുകയും ചെയ്യുകയെന്നതായിരുന്നു.

വികസനത്തിൻേറതായ ഈ മാർഗ്ഗം സോഷ്യലിസ്ററ് വ്യാവസായികരണമെന്നറിയപ്പെട്ടു. സോവിയററ്യൂണിയനു ഈയാവശ്യത്തിലേക്കു് പണം കടം കൊടുക്കുവാൻ മുതലാളിത്ത രാഷ്ട്രങ്ങൾ വിസമ്മതിച്ചു. അതുകൊണ്ടു്, ഇതിന്നാവശ്യമായ പണം രാജ്യത്തിന്നകത്തുനിന്നുതന്നെ ഉണ്ടാക്കണമെന്നു് വന്നു.

കോളണികളെ കൊള്ളയടിക്കുക, യുദ്ധംവഴി പിടിച്ചുപറി നടത്തുക, അവ്യവസ്ഥിതമായ വായ്പകളനുവദിക്കുക, ചങ്ങലക്കിട്ടുന്ന ആനുകൂല്യങ്ങൾ നൽകുക എന്നീ മുതലാളിത്തമാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സോവിയററുരാഷ്ട്രത്തിന്നു കഴിഞ്ഞില്ല. ഇവ സോവിയററുഗവർമ്മേണ്ടിൻെറ തത്വങ്ങൾക്കെതിരായിരുന്നു. ഒരൊററ മാർഗ്ഗംമാത്രമേ ഉണ്ടായിരുന്നുള്ളു—ലെനിൻ കാണിച്ചുതന്ന സോഷ്യലിസ്ററു് സമ്പദ്ശേഖരണം. ജനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി; ദേശവൽക്കരിക്കപ്പെട്ട വ്യവസായം, വിദേശവ്യാപാരകുത്തക, ഗവർമ്മെണ്ടു് നിയന്ത്രിതമായ ആഭ്യന്തരവ്യാപാരം, ബാങ്കിങ്ങ് സമ്പ്രദായം, ബഡ്ജററ് എന്നിവയായിരുന്നു ഈ സമ്പദ്ശേഖരണത്തിനുള്ള മാർഗ്ഗങ്ങൾ.

എന്നിരുന്നാലും സമ്പദ്ശേഖരണം ഒന്നുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടില്ല. ശേഖരിക്കപ്പെട്ട ധനം ശാസ്ത്രീയമായും ലാഭകരമായും ചിലവഴിക്കപ്പെടേണ്ടിയിരുന്നു. പണം ദുരുപയോഗപ്പെടുത്തുന്നതും സോഷ്യലിസ്ററുവ്യവസായവല്ക്കരണത്തിൻെറ പൊതുസ്വഭാവത്തിൽനിന്നു് വ്യതിചലിക്കുന്നതും തടയേണ്ടിയിരുന്നു.

സോഷ്യലിസ്ററ് സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനം നിമ്മിക്കുന്നയവസരത്തിൽ സോവിയററ് സാമ്പത്തിക സമ്പ്രദായത്തിന്നു പ്രധാനമായും സങ്കീണ്ണമായ കടമകളാണ് നിവ്വഹിക്കേണ്ടിവന്നതു്. സോഷ്യലിസ്റ്റ്വ്യവസായവല്ക്കരണം ശീഘ്രമായി നടപ്പിലാക്കുവാനും കൃഷി സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുവാനും രാജ്യത്തിന്നകത്തുനിന്നു് വമ്പിച്ച സംഖ്യകൾ ഉണ്ടാക്കേണ്ടിവന്നു. വ്യവസായത്തിലും വ്യാപാരത്തിലും സമ്പദ് ശേഖരണം വദ്ധിപ്പിക്കുവാൻ (ഉല്പാദനച്ചിലവ് കുറച്ചും അദ്ധ്വാനത്തോതു് വദ്ധിപ്പിച്ചും) നടപടികൾ എടുക്കേണ്ടിവന്നു. ബഡ്ജററും കടമെടുപ്പും ഉപയോഗിച്ചു് ധനം സ്വത്രൂപിക്കുന്നതു് കൂടുതൽ വർദ്ധിപ്പിച്ചു. പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള പൈസക്കാക്ക് കൂടുതൽ നികുതി ചുമത്തലായിരുന്നു മറെറാരു നടപടി. വിദേശവ്യാപാരമിച്ചം കൂടുതലായി. പുതിയ ഫാക്ടറികളും ഖനികളും നിമ്മിക്കുവാനും നിലവിലുള്ള ഘനവ്യവസായം പുനഃസംഘടിപ്പിക്കുവാനും ചെറുതും ഇടത്തരവുമായ കൃഷിസ്ഥലങ്ങളെ സഹകരണകൃഷിയാക്കി മാററുവാനും ഗവർമ്മേണ്ടിൻെറ വദ്ധിച്ചുവന്ന വരുമാനങ്ങൾ കൂടുതലായി ഉപയോഗിക്കപ്പെട്ടു. പണം ആവശ്യത്തിനു മാത്രമായി ഉപയോഗിക്കുകയെന്നതായിരുന്നു മുദ്രാവാക്യം. സോഷ്യലിസ്റ്റ്സാമ്പത്തികാടിസ്ഥാനനിമ്മാണത്തെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് ഒന്നാം പഞ്ചവത്സരപദ്ധതി (1928-32) ആവിഷ്ക്കരിച്ചതു്.

യു. എസ്സ്. എസ്സ്. ആറിലെ ധന-കട സമ്പ്രദായം സോഷ്യലിസ്റ്റ്സമ്പദ്ശേഖരണത്തിന്നുവേണ്ടിയാണ് ഉപയോഗപ്പെടുത്തിയതു്. രാജ്യത്തെ വ്യവസായവല്ക്കരിക്കുന്നതിന്നു ലഭ്യമായ ഓരോ റൂബിളും ഉപയോഗപ്പെടുത്തി.

വ്യവസായവല്ക്കരണത്തിൻെറ പുരോഗതി ഗവർമ്മേണ്ടിൻെറ വരുമാനത്തിൽ വലിയ വർദ്ധനവുണ്ടാക്കി. 1925 മുതൽ 1930 വരെയുള്ള കാലഘട്ടത്തിൽ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയിൽപെട്ട സംരംഭങ്ങൾ കേന്ദ്ര—റിപ്പബ്ലിക്കൻ ബഡ്ജററുകളി

ലേക്കു് നൽകിയ ആദായവും നികുതികളും ഏകദേശം പതിനൊന്നു് ഇരട്ടിയായി വർദ്ധിച്ചു. (202 ദശലക്ഷത്തിൽനിന്നു് 2218 ദശലക്ഷമായി) ആദായക്കിഴിവ് ആറിരട്ടിയായി. (172 ദശലക്ഷത്തിൽനിന്നു് 2218 ദശലക്ഷം റൂബിളായി) എക്സൈസ്നികുതി വരുമാനം മൂന്നിരട്ടി വർദ്ധിച്ചു. (842 ദശലക്ഷത്തിൽനിന്നു 2643 ദശലക്ഷം റൂബിൾ) അതെയവസരത്തിൽതന്നെ ഗവർമ്മേണ്ടു് ചില്ലറ വിലകൾ കുറയ്ക്കുകയും ഉല്പാദന–വിതരണ മേഖലകളിൽനിന്നു് സ്വകാര്യ മുതലാളിമാരെ കുറെശ്ശെയായി മാററിനിത്തുകയും ചെയ്തു.

വ്യവസായവല്ക്കരണത്തോടൊപ്പം മുതലാളിത്ത മൂലകങ്ങളും (elements) സോഷ്യലിസ്റ്റ് മൂലകങ്ങളും തമ്മിൽ സമ്പദ്‌വ്യവസ്ഥാരംഗത്തിൽ കടുത്ത മത്സരം നിന്നു. ഈ മത്സരത്തിന്നിടയിൽ സോഷ്യലിസ്റ്റ്മേഖല അനുക്രമം വികസിക്കുകയും ഗ്രാമങ്ങളിലെ പണക്കാരായ കൃഷകന്മാരും നഗരങ്ങളിലെ സ്വകാര്യ വ്യാപാരികളും കരകൌശല–ശില്പപ്പണിക്കാരും കൂടുതലായി നിയന്ത്രിക്കപ്പെടുകയും ക്രമേണ പുറത്താക്കപ്പെടുകയും ചെയ്തു. ഒരു വശത്തു് സോഷ്യലിസ്റ്റ് വ്യവസായവല്ക്കരണത്തിനുള്ള ധനം സംഭരിക്കുവാനും മറുഭാഗത്തു് മുതലാളിത്ത മൂലകങ്ങളെ പുറന്തള്ളിക്കൊണ്ടു് സോഷ്യലിസ്ററ് സഹകരണ കൃഷിസമ്പ്രദായം വികസിപ്പിക്കുവാനും നികുതിനയം ഉപകരിച്ചു.

നാട്ടിൻപുറങ്ങളിലെ നികുതിനയത്തിൻെറ ഉദ്ദേശം ആദ്യഘട്ടത്തിൽ സാധനങ്ങളായുള്ള നികുതിപിരിവിൻെറ സ്ഥാനത്തു് റൊക്കമായി നികുതി പിരിക്കുകയും പിന്നീടു ഓരോ കൃഷിസ്ഥലത്തിൻെറയും കഴിവും ഗുണവും നോക്കി നികുതിയുടെ തോതു് നിശ്ചയിക്കുകയുമായിരുന്നു. കാഷികാദായനികുതി, പുരോഗമനപരമായ ആദായനികുതിയെ അടിസ്ഥാനപ്പെടുത്തീട്ടുള്ളതാകേണ്ടിയിരുന്നു. സഹകരണകൃഷിസമ്പ്രദായവികസനം ത്വരിതപ്പെടുത്തുന്നതിന്നും സ്വകാര്യ മുതലാളിത്ത മൂലകങ്ങളെ പരാജയപ്പെടുത്തുന്നതിന്നും എല്ലാ വരുമാനമാർഗ്ഗങ്ങളെയും ആശ്രയിക്കേണ്ടിവന്നു.

DISTRIBUTING LIBRARY No. ........ KOTTAYAM

സാമ്പത്തികസമ്പ്രദായം ഗവമ്മെണ്ടിന്ന് രണ്ടു തരത്തിലുപകരിച്ചു. വ്യവസായവല്ക്കരണത്തിനുള്ള പണം ശേഖരിക്കുവാൻ അതു സഹായകമായി; സമ്പദ്‌വ്യവസ്ഥയിലെ മുതലാളിത്തമൂലകങ്ങളെ എതിർക്കുന്നതിന്ന് അതൊരായുധവുമായി.

ഒന്നാം പഞ്ചവത്സരപദ്ധതിയുടെ സാമ്പത്തികപരിപാടി നിറവേററുകമാത്രമല്ല, അതിനെ കവച്ചുവെക്കുകകൂടി ചെയ്തു. പ്ലാൻചെയ്ത 91,600 ദശലക്ഷം റൂബിളിന്നു പകരം 1,20,100 ദശലക്ഷം റൂബിൾ പിരിച്ചു. നികുതിവരുമാനത്തിൻെറ ഘടന തന്നെ മാറി. ഒട്ടാകെയുള്ള വരവിനങ്ങളിൽ 69.6 ശതമാനം സാമൂഹ്യവല്ക്കരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥയിൽനിന്നും 5.3 ശതമാനം സ്ഥായിയായ മുതലുകളിൽനിന്നുള്ള തേമാനഫണ്ടിൽനിന്നും 17.9 ശതമാനം ജനങ്ങളുടെ നിക്ഷേപങ്ങളിൽനിന്നും (വായ്പ, നികുതി, വദ്ധിച്ച സേവിങ്ങ്സ് നിക്ഷേപങ്ങൾ) 7.2 ശതമാനം മററു വരുമാനങ്ങളിൽനിന്നുമായിരുന്നു. (പൊതുസംഘടനകളുടെ ഫണ്ടുകൾ, തീരുവകൾ മുതലായവ). സോഷ്യലിസ്ററ് വ്യവസായം വികസിപ്പിക്കുക, സഹകരണകൃഷി പുരോഗമിപ്പിക്കുക, സഹകരണകൃഷിസ്ഥലങ്ങൾക്കു സഹായങ്ങൾ നല്കുക (യന്ത്രങ്ങൾ, വിത്ത്, കടം മുതലായവ) ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുക എന്നീ കാര്യങ്ങൾക്കാണ് ഗവർമ്മെണ്ടു് ഈ പണം ഉപയോഗിച്ചതു്. ഒട്ടാകെ ചിലവാക്കിയ 120100 ദശലക്ഷം റൂബിളിൽ 66.8 ശതമാനം ദേശീയസമ്പദ്‌വ്യവസ്ഥയ്ക്കും 20 ശതമാനം സാമൂഹ്യ-സാംസ്കാരികനടവടികൾക്കും (പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്രവികസനം) 7.5 ശതമാനം രാജ്യരക്ഷയ്ക്കും 1.9 ശതമാനം ആഭ്യന്തരവായ്പകൾക്കു പലിശനൽകുവാനും 3.8 ശതമാനം മററു ചിലവുകൾക്കുമാണ് (കോടതി മുതലായവ) വിനിയോഗിച്ചതു്.

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് സോഷ്യലിസ്ററ് മേഖലയ്ക്കു വ്യവസായത്തിലും വ്യാപാരത്തിലും മേധാവിത്വം സിദ്ധിച്ചു. ചെറിയ കൃഷിസ്ഥലങ്ങൾ, യന്ത്രവല്ക്കരിക്കപ്പെട്ട സഹ

കരണകൃഷിയിൽ ലയിപ്പിക്കപ്പെട്ടു. വിദ്യാഭ്യാസ–സാംസ്കാരിക വികസനം സംബന്ധിച്ച് സോവിയററ് യൂണിയൻ ലോകത്തിൽ ഒന്നാം സ്ഥാനത്തേയ്ക്കു മുന്നേറുകയും ജനങ്ങളുടെ ജീവിതത്തോതു ഗണ്യമായി ഉയരുകയും ചെയ്തു. സോഷ്യലിസ്ററ് സമ്പദ്‌വ്യവസ്ഥയുടെ അസ്തിവാരനിർമ്മാണം പൂർത്തിയായി.

## സോഷ്യലിസം പടുത്തുയർത്തുന്നകാലത്തുള്ള സാമ്പത്തികസമ്പ്രദായം

ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടുകൂടി (1932) സമ്പദ്‌വ്യവസ്ഥയുടെ സോഷ്യലിസ്റ്റ്‌രൂപങ്ങൾ സോവിയററ് യൂണിയനിൽ മേധാവിത്വം വഹിച്ചു. സോഷ്യലിസ്ററ് വ്യവസായത്തിൻെറയും വ്യാപാരത്തിൻെറയും മുതല്വകൾ മുറയ്ക്കു് വദ്ധിച്ചുവന്നു. സ്വകാര്യമുതലാളിത്തമേഖലയെ കുഴിച്ചുമൂടി. സഹകരണകൃഷി അതിവേഗം പുരോഗമിച്ചു. ഒന്നാം പഞ്ചവത്സരപദ്ധതിക്കു് മുമ്പുള്ളതും വിവിധങ്ങളുമായ നികുതിസമ്പ്രദായം മാറിയ പരിതസ്ഥിതികൾക്കു യോജിക്കാതായി. ദേശീയ സമ്പദ് വ്യവസ്ഥയിൽ സ്വകാര്യമേഖലയ്ക്കുമാത്രം പ്രാധാന്യമുള്ളപ്പോഴായിരുന്നു, 1930 വരെ നടപ്പിലുണ്ടായിരുന്ന, നികുതിസമ്പ്രദായം രൂപപ്പെടുത്തിയിരുന്നതു്. അക്കാലത്തു് ഉല്പാദിതവസ്തുക്കളുടെ മേൽ, നികുതിയ്ക്കു പുറമെ നികുതിയെന്നവിധത്തിൽ, അവയുടെ ഉല്പാദനഘട്ടത്തിലും വിതരണഘട്ടത്തിലും നികുതികൾ ചുമത്തപ്പെട്ടിരുന്നു. സാമ്പത്തികാസൂത്രണത്തിലും വിലനിയന്ത്രണത്തിലും ഈ സമ്പ്രദായം തടസ്സങ്ങളുണ്ടാക്കി. അതുകൊണ്ടു്, സോഷ്യലിസ്റ്റു് സമ്പദ്‌വ്യവസ്ഥയിലെ സംരംഭങ്ങളുടെയും സംഘടനകളുടെയും നികുതികൊടുക്കൽസമ്പ്രദായം ഏകീകരിക്കുകയും ഇതിനു് ബഡ്ജററുമായുള്ള ബന്ധം ലളിതമാക്കുകയും ചെയ്യേണ്ടിയിരുന്നു.

1930–31ൽ ഒരു നികുതിപരിഷ്കാരം ഏർപ്പെടുത്തി. സാമൂഹ്യവല്ക്കരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥ അതുവരെ കൊടുത്തിരുന്ന അനേകം നികുതികളും രണ്ടായി ചുരുക്കി; ഗവർമ്മെണ്ടു് സംരംഭ

ങ്ങളുടെ മേലുള്ള ടേൺഓവർ നികുതിയും (മൊത്തം ഉല്പാദനത്തിന്മേലൊ വിൽപ്പനയിന്മേലൊ ഉള്ള നികുതി) ആദായക്കിഴിവും സഹകരണസ്ഥാപനങ്ങളുടെ മേലുള്ള ടേൺഓവർ നികുതിയും ആദായനികുതിയും.

സഹകരണ കൃഷി വികസിച്ചതോടുകൂടി നാട്ടിൻപുറങ്ങളിൽ ഗവർമ്മേണ്ടു്സമിതികളാവശ്യമായിവന്നു. നാട്ടിൻപുറങ്ങളിലെ സ്ഥാപനങ്ങളുടെ സാമ്പത്തികാടിസ്ഥാനം ഏകീകരിക്കേണ്ടിയിരുന്നു. റിപ്പബ്ലിക്കൻ ബഡ്ജററിൻെറയും പ്രാദേശിക ബഡ്ജററിൻേറയും വരുമാനമാർഗ്ഗങ്ങരം പുഷ്ടിപ്പെടുത്തുകയും ഉറപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു. ഗവർമ്മേണ്ടിൻേറയും പ്രാദേശികസമിതികളുടേയും വരുമാനപദ്ധതികരം നിറവേററുവാൻ റിപ്പബ്ലിക്ക്—മേഖല—ജില്ല—നഗരസമിതികളെ പ്രോത്സാഹിപ്പിക്കേണ്ടിയിരുന്നു. ടേൺഓവർ നികുതിയുടെ ഒരു ഭാഗം റിപ്പബ്ലിക്കുകളുടെ ബഡ്ജററുകരംക്കനുവദിച്ചുകൊണ്ടു് ഇതു് സാധിച്ചു. റിപ്പബ്ലിക്കൻ ബഡ്ജററുകളാകട്ടെ ഈ വരുമാനത്തിൻെറ ഒരു ഭാഗം പ്രാദേശിക ബഡ്ജററുകരംക്കനുവദിച്ചു. ഇതു് റിപ്പബ്ലിക്കുകളുടേയും പ്രാദേശിക ഭരണസമിതികളുടേയും വരുമാനത്തെ, സ്റേറയിററ് ബഡ്ജററിന്നു്വേണ്ടി നികുതികരം പിരിക്കുന്നതിൽ ഇവ നേടുന്ന വിജയവുമായി, ബന്ധിപ്പിച്ചു.

അതേയവസരത്തിൽതന്നെ നിർബ്ബന്ധിത കാർഷിക ഇൻഷൂറൻസ് പുനഃസംഘടിപ്പിച്ചു. 1931 ഒക്ടോബർ 1-ാംനു- നിലവിലിരുന്ന ഏകീകൃത നിരക്കുകരംക്കു് പകരം വ്യത്യസ്തമായ ഇൻഷൂറൻസ് നിരക്കുകരം നടപ്പിലാക്കി. സഹകരണസംഘങ്ങരംക്കുള്ള നിരക്കുകരം വളരെ കുറയ്ക്കുകയും കൃഷകന്മാർക്കുള്ളതു് അദ്ധ്വാനിക്കുന്ന കർഷകകുഡുംബങ്ങരംക്കുള്ളതിൻെറ ഇരട്ടിയാക്കുകയും ചെയ്തു.

സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാനും കൃഷിയിലെ ചൂഷണമില്ലാതാക്കുവാനും അസാധാരണമായ നികുതികരം ചുമത്തപ്പെട്ടു. സഹകരണ സ്ഥാപനങ്ങളെ സഹായിക്കുവാനും കാ

ഷികോല്പാദനവർദ്ധനവിനുവേണ്ടി അവയെ പ്രോത്സാഹിപ്പിക്കു വാനും കാർഷിക നികുതിസമ്പ്രദായം പുനഃസംഘടിപ്പിച്ചു. അതെയവസരത്തിൽതന്നെ നാട്ടിൻപുറങ്ങളിലെ മുതലാളിത്തമൂലകങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാൻ നികുതിപിരിവുസമ്പ്രദായം ഉപയോഗപ്പെടുത്തി. ഓരോ കുഡുംബത്തിന്മേലും അസാധാരണമായ ലെവി (പിരിവ്) ചുമത്തപ്പെട്ടു. ഈ ലെവിയുടെ തോതും പല വിധത്തിലായിരുന്നു. കൃഷിസ്ഥലം ഏതിനത്തിൽ പെടുമെന്നതിനെ ആശ്രയിച്ചാണ് ഈ ലെവി ചുമത്തപ്പെട്ടത്. സാംസ്കാരിക നികുതി, വീട്ടുനികുതി എന്നിവയെ സംബന്ധിച്ചേടത്തോളം ഈ തത്വംതന്നെയാണ് സ്വീകരിക്കപ്പെട്ടത്.

രാജ്യത്തിൽ സാമ്പത്തികാച്ചടക്കം നിലനിർത്തുന്നതിനുവേണ്ടി 1932 അവസാനത്തോടുകൂടി നനകാര്യ–ബഡ്ജററ് പരിശോധനാസമ്പ്രദായം നടപ്പിലാക്കി. ബഡ്ജററുവരുമാനം ചിലവഴിക്കുന്നതിൽ, ഈ പരിശോധനാസമ്പ്രദായം പരിപൂർണ്ണമായ നിയന്ത്രണം ചെലുത്തിയിരുന്നു. പരിശോധിക്കപ്പെടുന്ന സ്ഥാപനത്തിലെ കണക്കുകൾ സ്ഥലത്തുവെച്ചുതന്നെ, ആ സ്ഥാപനത്തിലെ ജോലിക്കാരുടെ സഹായത്തോടുകൂടി, ആഡിററ് ചെയ്യപ്പെടുന്നതാണ്.

സോഷ്യലിസ്ററ് പുനഃസംഘടനയുടെ കാലത്ത് സാങ്കേതിക പുനഃസംഘടനയും മുഴുവൻ ഉയർച്ചയും മുഴുമിപ്പിക്കുവാനും ജനങ്ങളുടെ ഭൌതികവും സാംസ്കാരികവുമായ നിലവാരം ശീഘ്രമായി ഉയർത്തുവാനും സാമ്പത്തികസമ്പ്രദായം സഹായിച്ചു. താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കുവാൻ സാമ്പത്തിക സമ്പ്രദായത്തെ നിയോഗിച്ചു.

—വർദ്ധിച്ചുവരുന്ന സാമ്പത്തിക—സാമൂഹ്യ—സാംസ്കാരികാവശ്യങ്ങൾക്ക് വേണ്ടതായ വരുമാനമാർഗ്ഗങ്ങൾ ശേഖരിക്കുക.

—ഗവർമ്മേണ്ടു് ധനവും ദേശീയസമ്പദ്‌വ്യവസ്ഥയുടെ വരുമാനമാർഗ്ഗങ്ങളും ഏററവുമധികം ഫലപ്രദമായി ഉപയോഗിക്കുന്നതിന്നുറപ്പു വരുത്തുക.

—സോഷ്യലിസ്ററ് പൊതുമുതൽ കാത്തുരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ പൊതുതാല്പര്യവും വ്യക്തിതാല്പര്യങ്ങളും യോജിപ്പിക്കുക.

—അദ്ധ്വാനത്തോടും പൊതുസ്വത്തിനോടും സോഷ്യലിസ്ററ് മനോഭാവം വളർത്തുക.

അദ്ധ്വാനഫലം വർദ്ധിപ്പിക്കുവാനും ഉല്പാദനച്ചിലവുകൾ കുറയ്ക്കുവാനുംവേണ്ടി ഭൌതികപ്രചോദനമെന്ന തത്വത്തെ ഉപയോഗപ്പെടുത്തി. ഉല്പാദനച്ചിലവും വിലയും തമ്മിൽ മുമ്പുണ്ടായിരുന്ന വിടവ് ഇല്ലാതാക്കുവാനും ഘനവ്യവസായങ്ങൾക്ക് ലാഭമുണ്ടാക്കുവാനുംവേണ്ടി 1936ൽ വ്യാവസായികോല്പാദനവസ്തുക്കളുടെ മൊത്തവിലകളിൽ വേണ്ടതായ മാററം വരുത്തി. ഘനവ്യവസായോല്പാദിതവസ്തുക്കളുടെ വിലവർദ്ധനവിന്നു് പരിഹാരമായി ചെറുകിട വ്യവസായങ്ങൾ നൽകുന്ന ടേൺഓവർ നികുതിയിൽ കുറവ് വരുത്തി. വ്യാവസായികോല്പാദനച്ചിലവ് കുറയ്ക്കുവാൻവേണ്ടി യു. എസ്സ്. എസ്സ്. ആർ. സ്റേറയിററ്ബാങ്ക്, ദീഘ്കാലനിക്ഷേപ ബാങ്കുകൾ സേവിങ്ങ്സ്ബാങ്കുകൾ എന്നിവ കുറഞ്ഞ പലിശനിരക്കുകൾ ഏർപ്പെടുത്തി.

കടപ്പത്രങ്ങൾക്ക് ഗവർമ്മെണ്ടു് നൽകുന്ന പലിശ 8 ശതമാനത്തിൽനിന്നു 4 ശതമാനമാക്കി കുറച്ചുകൊണ്ടും മുമ്പെടുത്ത വായ്പകൾ തിരിച്ചടക്കേണ്ട കാലാവധി 10 കൊല്ലത്തിൽനിന്നു് 20 കൊല്ലമാക്കിക്കൊണ്ടും ഒരു പുതിയ നിയമം കൊണ്ടുവന്നു.

സാമ്പത്തിക നിയന്ത്രണസമിതികളെ പുനഃസംഘടിപ്പിച്ചുകൊണ്ടു സാമ്പത്തികാച്ചടക്കം ശക്തിപ്പെടുത്തി. യു. എസ്സ്. എസ്സ്. ആർ. ധനകാര്യകമ്മിസ്സാറിയെററിൻെറ കീഴിൽ ഒരു പ്രത്യേക മേലന്വേഷണപരിശോധനാവകുപ്പ് ഏർപ്പെടുത്തിയതു് ഒരുപ്രധാന നടപടിയായിരുന്നു.

1936ൽ കൂട്ടുകൃഷിസ്ഥലങ്ങൾക്കു് നികുതി ചുമത്തുന്നതിൽ മാററങ്ങൾ വരുത്തി. പദ്ധതിയനുസരിച്ചു് കൃഷിയിറക്കിയ ഓ

രോ ഹെക്ടെയറും അതിലെ വിളവും അടിസ്ഥാനമാക്കിയാണു് കൂട്ടുകൃഷിസ്ഥലങ്ങൾ അതുവരെ കാർഷികാദായനികുതി നൽകിയിരുന്നതു്. കോഴി–മൃഗവളർത്തുകേന്ദ്രങ്ങളേയും മിക്ക നാണ്യവിളവുകളേയും നികുതിയിൽനിന്നു് ഒഴിവാക്കിയിരുന്നു. നാണ്യവിളവുകൾ, മൃഗവളർത്തുകേന്ദ്രങ്ങൾ, തോട്ടകൃഷി, കരകൌശലം എന്നിവയിൽനിന്നു് കൂട്ടുകൃഷിസ്ഥലങ്ങൾക്കു് വർദ്ധിച്ച ആദായമുണ്ടായി. അവയുടെ ധാന്യകൃഷിയിൽനിന്നുള്ള ആദായത്തിന്മേൽ നികുതി കുറയ്ക്കുവാൻ ഇതു് സഹായകമായി. കൂടുതൽ വിളവുണ്ടാക്കുവാൻ വേണ്ടി അദ്ധ്വാനിക്കുവാനും കൂടുതൽ സ്ഥലത്തു് കൃഷിയിറക്കുവാനും ഇതൊരു പ്രചോദനമായി. കാർഷികാദായനികുതിയുടെ സ്ഥാനത്തു് ആദായനികുതി ഏർപ്പെടുത്തി. കൂട്ടുകൃഷിസ്ഥാപനത്തിൻെറ വാർഷികറിപ്പോർട്ടിൽ രേഖപ്പെടുത്തിയ മുൻകൊല്ലത്തിലെ മൊത്താദായത്തിന്മേലാണു് ഈ ആദായനികുതി കൊടുക്കേണ്ടിയിരുന്നതു്. സോഷ്യലിസ്ററു സമ്പദ്വ്യവസ്ഥയുടെ വളർച്ച, രണ്ടാം പഞ്ചവത്സരപദ്ധതിപ്രകാരമുള്ള (1933–37) സാമ്പത്തിക പരിപാടി ലക്ഷ്യത്തേക്കാളുപരിയായി നടപ്പിലാക്കുവാൻ സഹായകമായി. ഈ കാലഘട്ടത്തിൽ 4,69,400 ദശലക്ഷ റൂബിൾ നികുതി വരുമാനമായി സംഭരിക്കപ്പെട്ടു. ഇതു് ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് പിരിച്ചതിനേക്കാൾ ഏകദേശം നാലിരട്ടിയിലധികമായിരുന്നു. ലക്ഷ്യത്തിൻെറ 32 ശതമാനം കൂടുതലെന്നർത്ഥം. സോഷ്യലിസ്റ്റു് സമ്പദ്വ്യവസ്ഥയിൽനിന്നുള്ള വരുമാനം 3,91,700 റൂബിളായിരുന്നു. ജനങ്ങൾ നൽകിയതു് 45200 ദശലക്ഷം റൂബിൾ മാത്രവും. ദേശീയ സമ്പദ്വ്യവസ്ഥയുടെ ആവശ്യത്തിന്നായി 2,60,000 ദശലക്ഷ റൂബിളും സാമൂഹ്യ–സാംസ്കാരിക വികസനത്തിന്നു 1,16,000 ദശലക്ഷം റൂബിളും നീക്കിവെച്ചു. സോവിയററു് സ്റ്റെയിററു് ബഡ്ജററു് നിർണ്ണായക പ്രാധാന്യമുള്ളതായിരുന്നു. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ആ ബഡ്ജററിലെ വരുമാനം 3,83,500 ദശലക്ഷംറൂബിൾ അല്ലെങ്കിൽ രാ

20695

ജ്യത്തിൻെറ ഒട്ടാകെയുള്ള സാമ്പത്തിക വരുമാനത്തിൻെറ 81.7 ശതമാനമായിരുന്നു. ബഡ്ജററ്ചിലവ് 3,69,800 ദശലക്ഷ റൂബിളും. ഒട്ടാകെയുള്ള ബഡ്ജററുചിലവിൽ 184000 ദശല ക്ഷറൂബിഠം ദേശീയ സമ്പദ്വ്യവസ്ഥയുടെ ചിലവുകഠംക്കായും 93,700 ദശലക്ഷറൂബിഠം സാമൂഹ്യ-സാംസ്കാരികാവശ്യങ്ങഠംക്കായും നീക്കിവെച്ചു.


മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു (1938—42) സോവ യററുസാമ്പത്തിക സമ്പ്രദായം കൂടുതൽ വികസിക്കുകയുണ്ടായി നികുതിപിരിവ് സമ്പ്രദായം പരിഷ്ക്കരിച്ചു. ആദായനികുതി കൃഷി യിൽ വ്യാപകമാക്കി. സഹകരണസ്ഥാപനങ്ങഠംക്ക് പരസ്യ വിപണിയിൽ സാധനസാമഗ്രികഠം വിററുകിട്ടുന്ന ലാഭത്തിന്മേലു ള്ള നികുതികഠം വർദ്ധിപ്പിച്ചു. വ്യക്തികളുടെ ഉപയോഗത്തിലി രുന്ന ഭൂമിയിന്മേൽ നികുതി കൂട്ടി. 1940ൽ കരകൌശലക്കാരും ശിൽപികളും നൽകിയിരുന്ന നികുതികഠം പുതുക്കി. അവരുടെ യഥാത്ഥവരുമാനത്തിന്മേലാണ് നികുതി ചുമത്തിയതു്.

നഗരങ്ങളിലെയും നാട്ടിൻപുറങ്ങളിലെയും ജനങ്ങളുടെ ജീ വിതത്തോതു ഉയൎത്തുകമൂലം, മൂന്നാം പഞ്ചവത്സരപദ്ധതിയുടെ ത്വരിതമായ പൂൎത്തീകരണത്തിന്നു, മുടങ്ങിക്കിടന്നിരുന്ന പണം ഉപയോഗിക്കുവാൻ സാധിച്ചു. (ജീവിതത്തോതിൻെറ വർദ്ധനവു മൂലം ജനങ്ങളുടെ പക്കൽ കൂടുതൽ പണമുണ്ടായെന്നും അതു ഉപ യോഗിക്കാതെ, മുടങ്ങിക്കിടക്കുന്ന പണമായെന്നും അതു പദ്ധതി ച്ചിലവുകഠംക്കു ലഭിച്ചുവെന്നും സാരം.) മുടങ്ങിക്കിടന്നിരുന്ന ഈ പണം (Idle money) ശേഖരിക്കുവാൻ സാമ്പത്തിക സമ്പ്രദായ ത്തെ നിയോഗിച്ചു. ഗവർമ്മേണ്ടു് കടപ്പത്രങ്ങഠം വിതരണം ചെ യ്തുകൊണ്ടും സേവിങ്ങ്സ്ബാങ്കുകഠം വദ്ധിപ്പിച്ചുകൊണ്ടുമാണ് ഈ പണം സംഭരിച്ചതു്. 1938ൽ കൈമാററം ചെയ്യാവുന്ന ഷോഡ തികടപ്പത്രങ്ങഠം ഗവർമ്മേണ്ടു പുറപ്പെടുവിച്ചു. ഇവ എല്ലാ സേ വിങ്ങ്സ് ബാങ്കുകളിലും വാങ്ങുകയും വില്ക്കുകയും ചെയ്തിരുന്നു.

ഭരണകൂടത്തെ കൂടുതൽ ഫലപ്രദമാക്കുവാനും അതിൻെറ ചിലവുകഠം കുറയ്ക്കുവാനും 1940ൽ നടപടികഠം സ്വീകരിച്ചു. ഗവൺമെണ്ടു് ഉടമയിലുള്ള സംരംഭങ്ങളുടെ ഉദ്യോഗസ്ഥ ലിസ്ററും ശമ്പളനിധികളും നിയന്ത്രിക്കുവാൻ സമ്പദ്സമിതികഠക്കു് കൂടുതൽ അധികാരങ്ങഠം നൽകി.

സോഷ്യലിസം പടുത്തുയർത്തുന്ന കാലഘട്ടത്തിലെ സാമ്പത്തികസമ്പ്രദായത്തിൻെറ ഘടന അടുത്തുവരുന്ന പട്ടികയിൽ കാണാവുന്നതാണു്.

1945ൽ ഫാസിസ്റ്റു് ജർമ്മനിയുടെ മേൽ വിജയം കൈവരിച്ച ശേഷം സോവിയററു് ജനത സമ്പദ്വ്യവസ്ഥയെ പുനരുദ്ധരിക്കുകയും അതിനെ വളരെയധികം പുരോഗമിപ്പിക്കുകയും ചെയ്തു. ഈ വിജയങ്ങളിൽ സാമ്പത്തികസമ്പ്രദായത്തിനു് പ്രധാനപങ്കുണ്ടായിരുന്നു. യുദ്ധത്തിനുശേഷം (1947) സോവിയററു് യൂണിയനിൽ നടപ്പാക്കിയ പണപ്പരിഷ്ക്കാരം, കൂലിയുടെയും കോസ്റ്റു് എക്കൌണ്ടിംഗ്, വിലകഠം, ലാഭം, ധനം, കടം എന്നീ മററു സാമ്പത്തികോത്തോലകങ്ങളുടെയും (economic levers) യഥാർത്ഥമൂല്യം വർദ്ധിപ്പിക്കുകയുണ്ടായി. ജനങ്ങളുടെ ജീവിതത്തോതും സാംസ്കാരികനിലവാരവും ഉയർത്തുവാൻ നടപടികളെടുത്തു; പ്രത്യേകിച്ചും 1953നു് ശേഷം. ഈ കാലഘട്ടത്തിൽ തൊഴിൽദിവസത്തിൻെറ ദൈർഘ്യം കുറയ്ക്കുകയും കൂലി കൂട്ടുകയും സാമൂഹ്യസംരക്ഷാസമ്പ്രദായം നന്നാക്കുകയും കൂടുതൽപേക്കു പെൻഷൻ വർദ്ധിപ്പിക്കുകയും സെക്കണ്ടറിസ്കൂളുകളിലെ ഉയർന്ന ക്ലാസ്സുകളിലും യൂണിവേർസിററി നിലവാരത്തിലുള്ള സ്ഥാപനങ്ങളിലും ഫീസ്സു് വേണ്ടെന്നുവെക്കുകയും താഴ്ന്ന ശമ്പളക്കാരുടെ നികുതി കുറയ്ക്കുകയും ചില സംഗതികളിൽ ഭാഗികമായി വേണ്ടെന്നുവെക്കുകയും ചെയ്തു. 1961 ജനുവരി 1-ാംനു-യുടെ ആരംഭത്തോടുകൂടി പഴയ പണത്തിൻെറ പത്തിരട്ടി മൂല്യമുള്ള പുതിയ പണം പ്രചാരത്തിലാക്കി.


യു. എസ്സ്. എസ്സ്. ആറിലെ സാമ്പത്തിക സമ്പ്രദായം
സോഷ്യലിസ്റ്റ് സംരംഭങ്ങളുടെ ധനവും ദേശീയ സമ്പദ്വ്യവസ്ഥയുടെ ശാഖകളും
സ്റ്റെയിറ്റ് ധനം
ഗവണ്മെണ്ട് ഉടമയിലുള്ള സംരംഭങ്ങളുടേയും സംഘടനകളുടേയും ധനം
സഹകരണ സംരംഭങ്ങളുടെ ധനം
യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിറ്റ് ബഡ്ജറ്റ്
സ്റ്റെയിറ്റ് സോഷ്യൽ ഇൻഷ്വറൻസ്
സ്റ്റെയിറ്റ് വസ്തു–ജീവ–അപായ ഇൻഷ്വറൻസ്
വിവിധ കടങ്ങൾ

യുദ്ധത്തിനുമുമ്പുള്ള കാലത്തെയപേക്ഷിച്ച് (1940), പത്തു കൊല്ലങ്ങൾക്കിടയിൽ (1954-63) ദേശീയവരുമാനം 130 ശതമാനം വദ്ധിച്ചു. (അഞ്ചിരട്ടി വദ്ധിച്ചുവെന്നത്ഥം) ജനങ്ങളുടെ യഥാത്ഥവരുമാനം 61 ശതമാനം കൂടി. നികുതികൾ കുറച്ചതുമൂലം ജനങ്ങൾക്ക് ഒരു കൊല്ലത്തിൽ 2100 ദശലക്ഷറൂബിൾ കൂടുതലാദായമുണ്ടായി. സാമൂഹ്യ-സാംസ്കാരിക നടവടികൾക്കുള്ള ചിലവ് 150 ശതമാനം വദ്ധിച്ചു. വദ്ധിച്ച ആദായവും സമ്പദ് വ്യവസ്ഥയുടെ എല്ലാ രംഗങ്ങളിലുമുള്ള ധനശേഖരണവും ഗവമ്മെണ്ടിനു് കൂടുതൽ വരുമാനമാഗ്ഗങ്ങൾ തുറന്നുകൊടുത്തു. യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ് ബഡ്ജററിൻെറ വളച്ചയ്ക്കു് നിദാനമായ നടവടികളും അതിലെ വരവും ചിലവും വഹിക്കുന്ന പങ്കും അടുത്ത അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

## പുതിയ ചുമതലകൾ

1980 കൊണ്ടവസാനിക്കുന്ന രണ്ടു ദശാബ്ദങ്ങൾക്കകം കമ്മ്യൂണിസത്തിൻെറ ഭൌതികവും സാങ്കേതികവുമായ അടിസ്ഥാനം നിമ്മിക്കുന്നതിനുള്ള ചുമതല മുന്നിൽ വെച്ചുകൊണ്ടു് സോവിയററ് ജനത പരിശ്രമിച്ചുവരികയാണു്. ഈ കാലഘട്ടത്തിൽ സോഷ്യലിസ്റ്റ് സാമൂഹ്യബന്ധങ്ങൾ ക്രമേണ കമ്മ്യൂണിസ്ററു് ബന്ധങ്ങളായി മാറേറണ്ടതുണ്ടു്. ഒരു പുതിയ മനുഷ്യൻ—അവൻ നിമ്മിക്കുന്ന കമ്മ്യൂണിസ്റ്റ്സമുദായത്തിൻെറ ആദർശങ്ങൾ ഉൾക്കൊള്ളുന്ന മനുഷ്യൻ—രൂപംപ്രാപിക്കുന്നതായിരിക്കും. വ്യാവസായികോല്പാദനം 520-540 ശതമാനവും കാഷികോല്പാദനം 250 ശതമാനവും ദേശീയവരുമാനം 400 ശതമാനവും ചില്ലറ വ്യാപാരം 400 ശതമാനവും വദ്ധിപ്പിക്കുവാൻ പ്ലാനിട്ടിരിക്കുന്നു. വ്യവസായത്തിൽ 300-350 ശതമാനവും കൃഷിയിൽ 400-500 ശതമാനവും അദ്ധ്വാനവർദ്ധനവുണ്ടായിരിക്കും. വ്യാവസായികോല്പാദനച്ചിലവിൽ വരുന്ന കുറവുമൂലം 1400000 മുതൽ 1500000 ദശലക്ഷം റൂബിൾവരെ സമ്പാദ്യമുണ്ടാകുന്നതായിരിക്കും.

ജനങ്ങളുടെ യഥാൎത്ഥവരുമാനം 250 ശതമാനവും അതില ധികവുമാകുവാൻ പ്ലാനിട്ടിട്ടുണ്ട്. ബാലശുശ്രൂഷാകേന്ദ്രങ്ങളിൽ കുട്ടികളെ സൌജന്യമായി പരിപാലിക്കുക, മരുന്നുകൾ സൌജന്യ മായി വിതരണം ചെയ്യുക, വാടകകൂടാതെ വീടുകൾ നല്കുക, സൌ ജന്യമായ സാമൂഹ്യസേവനങ്ങൾ ഏൎപ്പെടുത്തുക, സൌജന്യമായ മുനിസിപ്പൽ ട്രാൻസ്പോർട്ട്, ടെലിഫോൺ മുതലായവ അനുവദി ക്കുക എന്നീ സൌകര്യങ്ങൾ ഏൎപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സൌജന്യമായ പൊതുഭോജനം ഏൎപ്പെടുത്തുന്ന പദ്ധതിയും ആരം ഭിക്കുന്നതായിരിക്കും.

ഇതിന്നാവശ്യമായവിധത്തിൽ ദേശീയസമ്പദ്വ്യവസ്ഥ വി കസിപ്പിക്കുവാൻ വമ്പിച്ച ധനാഗമമാൎഗ്ഗങ്ങളാവശ്യമായിവരുന്ന താണ്. ഈ 20 കൊല്ലങ്ങൾക്കിടയിൽ മൂലധനനിക്ഷേപംതന്നെ 20,00000 ദശലക്ഷം റൂബിൾ വേണ്ടിവരുന്നതാണ്. സോവി യററ് യൂണിയൻ നിലവിൽവന്നശേഷം ഈയാവശ്യത്തിനുവേണ്ടി ചിലവാക്കിയ സംഖ്യയുടെ ആറിരട്ടി വരുന്നതാണീ സംഖ്യ.

കമ്മ്യൂണിസം പടുത്തുയൎത്തുന്നതിനുള്ള പദ്ധതികൾ നടപ്പി ലാക്കുവാൻ സാമ്പത്തികസമ്പ്രദായം സഹായകമാകേണ്ടതാണ്. അതിൻെറ എല്ലാ മേഖലകളും എല്ലാ മാൎഗ്ഗങ്ങളും, ആവശ്യമായ വരുമാനം ഉണ്ടാക്കുന്നതിന്, കേന്ദ്രീകരിക്കപ്പെടുന്നതാണ്. സംരം ഭങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ വൈദഗ്ദ്ധ്യം പ്രകടിപ്പിക്കു ന്നതിനും അദ്ധ്വാനോല്പാദനം വദ്ധിപ്പിക്കുന്നതിന്നും ഉല്പാദിതവസ്തു ക്കളുടെ ഗുണവും ഉല്പാദനവും വദ്ധിപ്പിക്കുന്നതിനും സമ്പദ്വ്യവ സ്ഥയുടെ എല്ലാ രംഗങ്ങളിലും സമ്പദ്ശേഖരണം ഉളവാക്കുന്ന തിനും സമ്പദ്വ്യവസ്ഥയാകെ സമരംചെയ്യേണ്ടിയിരിക്കുന്നു.

വൻകിട നിൎമ്മാണപദ്ധതികളിലുള്ള നിക്ഷേപങ്ങൾ ഏററ വും ഫലപ്രദമായിരിക്കണം. കഴിയുന്നത്ര കൂടുതൽ ലാഭവും നി ക്ഷേപിക്കുന്ന ഓരോ റൂബിളുമനുസരിച്ച്, കഴിയുന്നത്ര കൂടുതൽ ഉല്പാദനവും ഉണ്ടാക്കുവാനും അനേകം സംരംഭങ്ങളിൽ ഒരേസമയ ത്തു് വരുമാനം ചിന്നിച്ചിതറുന്നതു നിൎത്തുവാനും നിൎമ്മാണത്തി

ലുള്ള സംരംഭങ്ങൾ വേഗം മുഴമിപ്പിക്കുവാനുതകുന്ന വിധത്തിൽ നിക്ഷേപങ്ങൾ കേന്ദ്രീകരിക്കുവാനും സാധിക്കണം.

കൂലി–ബോണസ്സ് സമ്പ്രദായം മെച്ചപ്പെടുത്തുക, സംരംഭങ്ങളും അവയിലെ ജോലിക്കാരും ചെയ്യുന്ന ജോലിയുടെ അളവും ഗുണവും നിയന്ത്രിക്കുക, കോസ്റ്റ് അക്കൌണ്ടിംഗ് പ്രോത്സാഹിപ്പിച്ചും വികസിപ്പിച്ചും വരുമാനത്തിൽ മിച്ചമുണ്ടാക്കുക, ചിലവ് ചുരുക്കി സംരംഭങ്ങളുടെ ആദായം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ സോവിയററ് സാമ്പത്തിക സമ്പ്രദായത്തിൻെറ എല്ലാ കണ്ണികളും സാധിക്കേണ്ടതാണ്. സാമ്പത്തികസമ്പ്രദായത്തിൻെറ ഓരൊ കണ്ണിയും സാമ്പത്തികപദ്ധതികൾ വിജയകരമായി നിറവേററുന്നതും കർശനമായി ചിലവുകൾ ചുരുക്കുന്നതും ജനങ്ങളുടേതായ (സ്റ്റെയിററിൻേറയൊ സഹകരണപ്രസ്ഥാനത്തിൻേറയൊ) ഓരൊ റുബിളും യാഥാർത്ഥ്യബോധത്തോടുകൂടി, ചിലവ് ചെയ്യുന്നതും സോവിയററ് ജനതയുടെ കമ്മ്യൂണിസത്തിലേയ്ക്കുള്ള പുരോഗതി ത്വരിതപ്പെടുത്തുന്നതാണ്.

കമ്മ്യൂണിസത്തിൻെറ ഭൌതികവും സാങ്കേതികവുമായ അടിസ്ഥാനം നിർമ്മിക്കുവാനും ജനങ്ങളുടെ ഭൌതികവും സാംസ്ക്കാരികവുമായ നിലവാരം ഉയർത്തുവാനും വികസിച്ചുവരുന്ന രാജ്യങ്ങൾക്ക് സാമ്പത്തികസഹായം നൽകുവാനും ആവശ്യമായ സമ്പത്ത് ശേഖരിക്കുന്നതിൽ സ്റ്റെയിററ്ബഡ്ജററ് ഒരു പ്രധാന പങ്കുവഹിക്കുന്നു. ഗവമ്മെണ്ടു് പണം ഫലപ്രദമായും ദുർവ്യയമില്ലാതെയും ഉപയോഗിക്കുന്ന കാര്യത്തിൽ സ്റ്റെയിററ്ബഡ്ജററ് വഹിക്കുന്ന പങ്ക് വമ്പിച്ചതാണ്.

## ഭാഗം രണ്ട്

# സോവിയററ് ബഡ്ജററ് സമ്പ്രദായം

സോവിയററ് സാമ്പത്തികസമ്പ്രദായത്തിൻെറ പ്രധാന കണ്ണിയാണ് ബഡ്ജററ്സമ്പ്രദായം. സോവിയററ് റിപ്പബ്ലിക്ക് സ്ഥാപിക്കപ്പെട്ടയുടനെ അതിൻെറ പ്രധാന പങ്ക് പ്രകടമായി. സോഷ്യലിസ്റ്റ് സാമ്പത്തികവ്യവസ്ഥ പടുത്തുയർത്തുന്ന കാലഘട്ടത്തിൽ—സോഷ്യലിസത്തിൻെറ മുന്നോടിയായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും വികസിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്ന കൊല്ലങ്ങളിൽ—അതു് രൂപംപ്രാപിച്ചു. യു. എസ്സ്. എസ്സ്. ആറിൽ കമ്മ്യൂണിസം പൂർണ്ണമായതോതിൽ പടുത്തുയർത്തുമ്പോഴുള്ള അതിൻെറ സാമ്പത്തിക പ്രാധാന്യം ഇനിയും വർദ്ധിക്കുന്നതാണ്.

അദ്ധ്യായം ഒന്നു്

# സോവിയററ് ബഡ്ജററ് സമ്പ്രദായത്തിൻെറ ഘടന

ആധുനികമായ ഓരോ രാജ്യത്തിനും ബഡ്ജററ് സമ്പ്രദായമുണ്ടു്. ഈ സമ്പ്രദായത്തിൻെറ സാമൂഹ്യ—സാമ്പത്തികോദ്ദേശവും അതിൻെറ ഘടനയും അതിൻെറ കണ്ണികഠം തമ്മിലുള്ള പരസ്പരപ്രവത്തനവും സ്റ്റെയിററിൻെറ സ്വഭാവം, വർഗ്ഗസ്വഭാവം, സ്റ്റെയിററ് സമ്പ്രദായം എന്നിവയെ ആശ്രയിച്ചിരിക്കും. ബഡ്ജററ് സമ്പ്രദായത്തിൻെറ സ്വഭാവങ്ങളും മുതലാളിത്തരാജ്യങ്ങളിലേയും സ്റ്റെയിററ് ബഡ്ജററുകഠം തമ്മിലുള്ള വ്യത്യാസങ്ങളും ഒന്നാംഭാഗത്തിൽ വിവരിച്ചിട്ടുണ്ടു്. ഇനി നമുക്കു് സോവിയററ് യൂണിയൻെറ ബഡ്ജററ് സമ്പ്രദായം പരിശോധിക്കാം.

## ഒരു ബഡ്ജററ് സമ്പ്രദായത്തെപററിയുള്ള പൊതുവിവരണം

ഒരു രാജ്യത്തിലെ സാമൂഹ്യസമ്പ്രദായം പരിഗണിക്കാതെ ബഡ്ജററ്സമ്പ്രദായത്തെപ്പററി ആലോചിക്കുന്നപക്ഷം, അതിനെ ഭരണമണ്ഡലത്തിൻെറയും പ്രാദേശികമേഖലകളുടെയും രാജ്യത്തിലെ സ്ഥാപനങ്ങളുടെയും ബഡ്ജററുകളുടെ സമാഹാരമെന്നു്—മൊത്തത്തിലുള്ളതെന്നു്—വിവരിക്കാം. മൊത്തത്തിലുള്ള ബഡ്ജററിൻെറ അടിസ്ഥാനം താഴെപ്പറയുന്നവയാണു്.

1. സമുദായത്തിൽ നിലനില്ക്കുന്ന സാമ്പത്തികബന്ധങ്ങൾ. 2. ഭരണതലത്തിലും പ്രാദേശികതലത്തിലും വിവിധ ഗവമ്മെണ്ടു് സ്ഥാപനങ്ങളിലും അധിഷ്ഠിതമായ നീതിന്യായനിലവാരം.

സോവിയററ് യൂണിയനിലെ ബഡ്ജററ്സമ്പ്രദായം സൂചിപ്പിക്കുന്നതു്, രാജ്യത്തിലെ എല്ലാ നിലവാരത്തിലുമുള്ള ബഡ്ജററുകളുടെ മൊത്തത്തെയും ബഡ്ജററ് തയ്യാറാക്കുക, അംഗീകരിക്കുക, നടപ്പിലാക്കുക എന്നിവസംബന്ധിച്ചു് കേന്ദ്ര–പ്രാദേശിക ഘടകങ്ങളുടെ പ്രാപ്തി തീരുമാനിക്കുന്ന നീതിന്യായനിലവാരത്തെയുമാണു്.

## യു. എസ്സ്. എസ്സ്. ആർ. ബഡ്ജററ് സമ്പ്രദായത്തിന്റെ ഘടന

സോവിയററ് യൂണിയനിലെ ഇന്നത്തെ ബഡ്ജററ്സമ്പ്രദായം താഴെ പറയുന്നവ ഉൾക്കൊള്ളുന്നു. എ) യൂണിയൻബഡ്ജററ്. ബി) 15 യൂണിയൻ റിപ്പബ്ലിക്കുകളുടെ ബഡ്ജററുകൾ. സി) സ്റ്റെയിററ് സോഷ്യൽ ഇൻഷൂറൻസ് ബഡ്ജററ്. ഈ ബഡ്ജററുകളെല്ലാം കൂടിയതാണു് യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിററ് ബഡ്ജററ്. സോവിയററ് യൂണിയനിലെ എല്ലാ യൂണിയനുകളുടെയും കേന്ദ്രീകൃതനിധിയുടെ രൂപീകരണം, വിനിയോഗം എന്നിവ സംബന്ധിച്ചുള്ള പ്രധാന സാമ്പത്തികപദ്ധതിയാണു് യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിററ് ബഡ്ജററ്. ദേശീയ സമ്പദ്‌വ്യവസ്ഥയുടെ വിവിധ ശാഖകൾ, യൂണിയൻ റിപ്പബ്ലിക്കുകൾ, സാമ്പത്തിക മേഖലകൾ എന്നിവയ്ക്കു ദേശീയവരുമാനത്തിന്റെ പ്രധാന ഭാഗം വിതരണം ചെയ്യുവാനും പുനർവിതരണം നടത്തുവാനും ഗവമ്മെണ്ടു് സ്റ്റെയിററ്ബഡ്ജററിനെ ഉപയോഗപ്പെടുത്തുന്നു. ദേശീയവരുമാനത്തിന്റെ ഒരു ഭാഗം, ബഡ്ജററ്വഴി, ഗവമ്മെണ്ടിന്റെ കേന്ദ്രീകൃതനിധിയിലേയ്ക്കു ചെന്നുചേരുന്നു. ദേശീയ സമ്പദ്‌വ്യവസ്ഥ, പൊതു വിദ്യാഭ്യാസം, അദ്ധ്യാപനപരിശീലനം, പൊതുജനാരോഗ്യം, സാമൂഹ്യസംരക്ഷണം

രാജ്യരക്ഷാവികസനം എന്നിവയ്ക്കാണ് ഈ പണം ചിലവാക്കപ്പെടുന്നത്.

മറെറാരുവിധത്തിൽ പറഞ്ഞാൽ, സാമ്പത്തികവും രാഷ്ട്രീയവുമായ കടമകൾ നിർവ്വഹിക്കുവാൻ സ്റെറയിററ്ബഡ്ജററ് സഹായിക്കുന്നുവെന്നു സാരം.

രാജ്യത്തിന് മുഴുവനും പ്രാധാന്യമുള്ളതും ബാധകവുമായ സംരംഭങ്ങൾക്കാണ് കേന്ദ്രബഡ്ജററ് ധനസഹായം ചെയ്യുന്നത്. രാഷ്ട്രത്തിൻെറ വരുമാനത്തിൽ ഒരു ഭാഗം യൂണിയൻ റിപ്പബ്ലിക്കുകൾക്കായി പുനർവിതരണം നടത്തുന്നു. റിപ്പബ്ലിക്കുകളുടെ സമ്പദ്സ്ഥിതി നന്നാക്കുവാനും ജനങ്ങളുടെ ജീവിതത്തോതും സാംസ്കാരിക നിലവാരവും ഉയർത്തുവാനുമാണിതു് ചെയ്യുന്നത്.

റിപ്പബ്ലിക്കുകളുടെ ഭരണാധികാരികൾ തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക സാംസ്കാരിക പരിപാടികൾ നിർവ്വഹിക്കുന്നതിന്നാവശ്യമായ പണം 15 യൂണിയൻ റിപ്പബ്ലിക്കുകളുടെ സ്റ്റെയിററുബഡ്ജററുകൾ നല്കുന്നു.

ട്രെയിഡ്യൂണിയനുകളാണ് സ്റ്റെയിററ് സോഷ്യൽ ഇൻഷൂറൻസ് ബഡ്ജററ് തയ്യാറാക്കുന്നതും നടപ്പിൽവരുത്തുന്നതും.

സംരംഭങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവ നൽകുന്ന സംഖ്യകൾകൊണ്ടാണ് സോഷ്യൽ ഇൻഷൂറൻസ് ബഡ്ജററിലേയ്ക്കുള്ള വരുമാനമുണ്ടാക്കുന്നതു്. അതുകൊണ്ട് സ്റ്റെയിററിൻെറ ചിലവിലാണ് യു. എസ്സ്. എസ്സ്. ആറിൽ സോഷ്യൽ ഇൻഷൂറൻസ് നടപ്പിലാക്കുന്നതെന്നു് കാണാം. പെൻഷൻ നല്കുക, രോഗികൾക്ക് ആനുകൂല്യങ്ങളനുവദിക്കുക, ഗർഭധാരണകാലത്തും പ്രസവക്കാലത്തും സ്ത്രീകൾക്ക് ഗ്രാൻറ നല്കുക, ചികിത്സാകേന്ദ്രങ്ങളിലും വിശ്രമകേന്ദ്രങ്ങളിലും ആളുകളെ അയച്ച് സേവനങ്ങൾ നല്കുക മുതലായി ജനങ്ങളുടെ സാമ്പത്തികവും സാംസ്കാരികവുമായ നിലവാരം ഉയർത്തുന്ന നടപടികൾക്കായി


20695

ട്ടാണ് സോഷ്യൽ ഇൻഷൂറൻസിന്റെ പണം വിനിയോഗിക്കുന്നതു്.

സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയനിൽ സ്വേച്ഛാനുസരണം അംഗമായിട്ടുള്ള ഓരോ സോവിയററ്. സോഷ്യലിസ്ററ് റിപ്പബ്ലിക്കിനും അതിന്റേതായ സ്റ്റേയിററ് ബഡ്ജററുണ്ടു്.

യൂണിയൻ റിപ്പബ്ലിക്കുകളുടെ സ്റെറയിററ് ബഡ്ജററുകളിൽ യൂണിയൻ റിപ്പബ്ലിക്കിന്റെ റിപ്പബ്ലിക്കൻ ബഡ്ജററുകൾ ഓട്ടോണോമസ് (സ്വയംഭരണാധികാരമുള്ള) റിപ്പബ്ലിക്കുകളുടെ സ്റെറയിററ് ബഡ്ജററുകൾ (യൂണിയൻ റിപ്പബ്ലിക്കിൽ ചേർത്തു്) പ്രാദേശിക ബഡ്ജററുകൾ എന്നിവ ഉൾപ്പെടുന്നു. സ്വയംഭരണാധികാരമുള്ള റിപ്പബ്ലിക്കുകളുടെ സ്റെറയിററ് ബഡ്ജററുകളിൽ സ്വയംഭരണാധികാരമുള്ള റിപ്പബ്ലിക്കുകളുടെ റിപ്പബ്ലിക്കൻ ബഡ്ജററുകളും, പ്രാദേശിക ബഡ്ജററുകളും ഉൾപ്പെടും. സ്വയംഭരണാധികാരമുള്ള റിപ്പബ്ലിക്കിലോ യൂണിയൻ റിപ്പബ്ലിക്കിലോപെട്ട മേഖല, സ്വയംഭരണമേഖല, പ്രദേശം, ജില്ല, നഗരം, വില്ലേജ്സോവിയററുകൾ എന്നിവയ്ക്കു് പ്രാദേശിക ബഡ്ജററ് എന്നറിയപ്പെടുന്ന അവയുടേതായ ബഡ്ജററുകളുമുണ്ടു്.

ഓരോ യൂണിയൻ റിപ്പബ്ലിക്കിന്റെയും നിയമനിർമ്മാണമനുസരിച്ചാണ് യൂണിയൻ റിപ്പബ്ലിക്കുകളുടെ സ്റ്റേററ്ബഡ്ജററിലെ വരുമാനവും ചിലവും യൂണിയൻ റിപ്പബ്ലിക്കുകളുടെ റിപ്പബ്ലിക്കൻബഡ്ജററുകൾക്കും ഓട്ടോണൊമസ് റിപ്പബ്ലിക്കുകളിലെ സ്റ്റേയിററ്ബഡ്ജററുകൾക്കും, പ്രാദേശികബഡ്ജററുകൾക്കും വീതിക്കപ്പെടുന്നതു്. ഓരോ യൂണിയൻ റിപ്പബ്ലിക്കിന്റെയും നിയമനിർമ്മാണമനുസരിച്ചാണ്. താഴെ കാണിച്ചിരിക്കുന്നവിധത്തിലാണ് യു. എസ്സ്. എസ്സ്. ആറിലെ ബഡ്ജററുസമ്പ്രദായത്തിന്റെ ഘടന.



യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററു് ബഡ്ജററു്
സ്റ്റേയ്ററു് സോഷ്യൽ ഇൻഷ്വറൻസ് ബഡ്ജററു്
യൂണിയൻ ബഡ്ജററു്
യൂണിയൻ റിപ്പബ്ലിക്കുകളുടെ സ്റ്റേയിററു് ബഡ്ജററുകൾ
ആട്ടോണമസ് റിപ്പബ്ലിക്കുകളുടെ ബഡ്ജററുകൾ
യൂണിയൻ റിപ്പബ്ലിക്കുകളുടെ റിപ്പബ്ലിക്കൻ ബഡ്ജററുകൾ
പ്രാദേശിക ബഡ്ജററുകൾ
മേഖലാ (പ്രാദേശിക) ബഡ്ജററുകൾ
റിപ്പബ്ലിക്കിന്റെ കീഴിലുള്ള നഗരങ്ങളുടെയും പട്ടണങ്ങളുടെയും ബഡ്ജററുകൾ
ജില്ലാ (പ്രാദേശിക) ബഡ്ജററുകൾ
നഗര പട്ടണ ബഡ്ജററുകൾ
തൊഴിലാളികളുടെ പട്ടണ ബഡ്ജററുകൾ
ഗ്രാമസോവിയററു് ബഡ്ജററുകൾ

ഇപ്പോഠം സോവിയററയൂണിയനിൽ പതിനായിരക്കണക്കിന്ന് ബഡ്ജററുകഠം ഉണ്ടെങ്കിലും അവയെല്ലാംകൂടി ഏകീകൃതവും അനുരഞ്ജനപരവുമായ ഒരു ബഡ്ജററസമ്പ്രദായം ഉണ്ട്. യു. എസ്സ്. എസ്സ്. ആർ. സ്റ്റേററ്ബഡ്ജററിൻെറ അഭേദ്യമായ ഭാഗങ്ങളാണ് ഈ ബഡ്ജററുകഠം എന്നുള്ളതു് ഈ സമ്പ്രദായത്തിനു ഉറപ്പുനൽകുന്നു. സോഷ്യലിസ്ററ്രാഷ്ട്രത്തിൻെറ ഏകീകൃതമായ രാഷ്ട്രീയവും സാമ്പത്തികവുമായ അടിസ്ഥാനവും രാജ്യത്തിലെ അധികാരത്തിൻെറയും ഭരണത്തിൻെറയും ലക്ഷ്യങ്ങളിലും ചുമതലകളിലുമുള്ള ഐക്യവുമാണ് ഈ യോജിപ്പിനു നിദാനം. ഈ ഐക്യത്തിൻെറ അത്ഥം, ബഡ്ജററ്സമ്പ്രദായം ദേശീയസാമ്പത്തികപദ്ധതിയാൽ നിയന്ത്രിക്കപ്പെടുന്നുവെന്നുള്ളതാണ്. സോവിയററ്സ്റ്റേററിൻെറ നയമനുസരിച്ചുള്ള സാമ്പത്തിക സാമൂഹ്യവികസനവ്യവസ്ഥകളേയും ലക്ഷ്യങ്ങളേയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ് ദേശീയസമ്പദ്വ്യവസ്ഥ.

ഏകീകൃതമായ സാമ്പത്തികപദ്ധതിയനുസരിച്ച് വികസിക്കുന്ന സോഷ്യലിസ്ററ് സാമ്പത്തികസമ്പ്രദായം യു. എസ്സ്. എസ്സ്. ആർ. ബഡ്ജററ്സമ്പ്രദായത്തിൻെറ ഭദ്രതയ്ക്കു് ഉറപ്പുനല്കുന്നു. അതിൻെറ എല്ലാ ഘടകങ്ങളും സ്റ്റെറയിററ്വരുമാനമെന്ന ഏകീകൃതസമ്പ്രദായത്തിന്മേൽ അധിഷ്ഠിതമാണെന്ന പരമാത്ഥം അവയുടെ സംഘടനാപരമായ ഐക്യത്തിനു കാരണമാകുന്നു. യു. എസ്സ്. എസ്സ്. ആർ. സ്റ്റെറയിററ്ബഡ്ജററിൻെറ ഐക്യം ബഡ്ജററസമ്പ്രദായത്തിൻെറ ഘടന നിണ്ണയിക്കുന്നു. ഈ സമ്പ്രദായമാണ് സോഷ്യലിസം പടുത്തുയർത്തുവാൻ സഹായിച്ചതു്; അതിപ്പോഠം കമ്മ്യൂണിസം പടുത്തുയത്തുന്നതിനുവേണ്ടി ഉപയോഗിച്ചുവരുന്നു. ഇങ്ങിനെയുള്ള പരിതഃസ്ഥിതികളിൽ കേന്ദ്ര–പ്രാദേശികസമിതികളുടെ താല്പര്യങ്ങഠം തമ്മിൽ എതിർപ്പ് ഉണ്ടാകാൻ ഇടയില്ല.

ഇന്നു നിലവിലുള്ള സമ്പ്രദായത്തിലേയ്ക്കു് യു. എസ്സ്. എസ്സ് ആർ. ബഡ്ജററ് ക്രമേണയാണു വളൎന്നുവന്നതു്. സോഷ്യലിസ്ററ് സമ്പദ്വ്യവസ്ഥയ്ക്കു് മുമ്പുണ്ടായിരിക്കേണ്ട സ്ഥിതിയും അടിസ്ഥാനവും നിൎമ്മിക്കുന്ന കാലഘട്ടത്തിലും സോഷ്യലിസം പടുത്തുയൎത്തുന്ന കാലഘട്ടത്തിലും സോവിയററ് സോഷ്യലിസ്ററ്രാഷ്ട്രത്തിൻെറ ബഡ്ജററുസമ്പ്രദായം എങ്ങിനെ രൂപപ്പെട്ടുവെന്നും എങ്ങിനെ പ്രവൎത്തിച്ചു എന്നും ഗ്രഹിക്കുന്നതു് രസാവഹമായിരിക്കും.

## അദ്ധ്യായം രണ്ടു്

# സോവിയററ് ബഡ്ജററ്സമ്പ്രദായത്തിന്റെ പ്രാഥമികവികസനം

വിദേശശക്തികളുടെ സൈനികമായ് ഇടപെടൽ അവസരത്തിലും അഭ്യന്തരസമരഘട്ടത്തിലും സോവിയററ്രാഷ്ട്രത്തിനു് ഉറച്ച ഒരു ബഡ്ജററ്സമ്പ്രദായമുണ്ടായിരുന്നില്ല. ദേശീയ സമ്പദ്വ്യവസ്ഥ പുന:രുദ്ധരിക്കുകയും സോഷ്യലിസം പടുത്തുയർത്തുന്നതിനാവശ്യമുള്ള പരിത:സ്ഥിതി സൃഷ്ടിക്കുകയും ചെയ്യുന്നതിനു് രാജ്യം പരിശ്രമിച്ചുതുടങ്ങിയതോടുകൂടിയാണു് ബഡ്ജററ്സമ്പ്രദായം വികസിക്കുവാൻ ആരംഭിച്ചതു്.

## ബഡ്ജററ് രൂപീകരണവും പ്രാഥമികനടപടികളും

ശൈശവപ്രായത്തിലുള്ള സോവിയററ്രാഷ്ട്രത്തിൽ, ആഭ്യന്തരസമരം നടന്നുകൊണ്ടിരിക്കുന്നകാലത്തു്, ഒരു രണ്ടാംതരം പങ്കാണു് ബഡ്ജററ് വഹിച്ചിരുന്നതു്. സാധനങ്ങളിൽ (നികുതികളും മററും സാധനങ്ങളായി കൊടുക്കൽ) കൂടിയുള്ള സാമ്പത്തികബന്ധങ്ങളാണു് സാമ്പത്തികരംഗത്തു മേധാവിത്വം വഹിച്ചിരുന്നതു്. നോട്ടടിച്ചും പണക്കാരുടെ പക്കൽനിന്നു സംഭാവനകൾ വാങ്ങിയും അവക്കു നികുതിചുമത്തിയുമാണു് രാജ്യത്തിന്റെ പണമായുള്ള വരുമാനത്തിലധികവും സംഭരിച്ചിരുന്നതു്. കൊല്ലത്തിൽ

രണ്ടു ബഡ്ജററുകളുണ്ടായിരുന്നു. (ജനുവരി 1 മുതൽ ജൂലായ് 1 വരെയും, ജൂലായ് 1 മുതൽ ഡിസംബർ 31 വരെയും) വിവിധ ഡിപ്പാർട്ടുമെൻറുകൾ സമപ്പിക്കുന്ന എസ്ററിമേററുകളെ (പ്രതീക്ഷകളെ) അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയായിരുന്നു രാജ്യത്തിൻെറ ബഡ്ജററ് എസ്ററിമേററുകൾ. നിലവിലുണ്ടായിരുന്ന വിലവദ്ധനവുമൂലം ബഡ്ററവരുമാനവും ചിലവും ശതലക്ഷം ബിൾക്കണക്കിലും സഹസ്രദശലക്ഷംബിൾക്കണക്കിലും ചെന്നെത്തി.

അടുത്തു് ദേശവല്ക്കരിക്കപ്പെട്ട സംരംഭങ്ങൾക്കാവശ്യമായ പണം ബഡ്ജററിൽനിന്നു (ജനകീയകമ്മിസ്സാറിയേററുകൾ മുഖേന) ലഭിച്ചു. അവയ്ക്കു ലഭിക്കുന്ന എല്ലാ പണവും ബഡ്ജററിലേയ്ക്കു കൊടുത്തു.

ആഭ്യന്തരസമരം അവസാനിച്ചപ്പോൾ രാജ്യത്തിനു് അതിൻെറ വ്യവസായവും കൃഷിയും ട്രാൻസ്പ്പോർട്ടും സമുദ്ധരിക്കേണ്ടിവന്നു. ഇതിനു് അനേകം ഗവമ്മെണ്ടുനടപടികൾ എടുക്കേണ്ടിവരുകയുമുണ്ടായി. ഉറച്ച കറൻസിസമ്പ്രദായം നൽകിയ പണപരിഷ്കാരം രാജ്യത്തിനു് വളരെ സഹായകമായിരുന്നു. ഉറച്ചതും സമീകൃതവുമായ ബഡ്ജററ് ഉണ്ടാക്കുവാനുള്ള നടപടികൾ സ്വീകരിക്കപ്പെട്ടു.

കോസ്റ്റ് അക്കൗണ്ടിങ്ങ് അടിസ്ഥാനത്തിൽ വ്യവസായം സ്വാശ്രയമായി പ്രവർത്തിക്കുവാൻ ആരംഭിച്ചു. കൃഷിയിൽനിന്നു് സാധനങ്ങളായി നികുതികൾ വാങ്ങിക്കുന്ന സമ്പ്രദായത്തിൻെറ സ്ഥാനത്തു് റൊക്കമായി വാങ്ങിക്കുന്ന സമ്പ്രദായം നടപ്പിലാക്കി. ചില്ലറ വ്യാപാരം വികസിക്കുവാൻ ആരംഭിച്ചു.

ഗവമ്മെണ്ടുവരുമാനങ്ങൾ വദ്ധിപ്പിക്കുകയും രാജ്യത്തിൻെറ വരുമാനം ചിലവുചെയ്യുന്നതു് അങ്ങേയററം കുറയ്ക്കുകയും ചെയ്യേണ്ടിയിരുന്നു. പൊതുഖജനാവിൻെറ താല്പര്യവും അധികാരവും അങ്ങേയററം ഉയർത്തിക്കൊണ്ടുള്ള ഒരു കല്പന 1921–ൻെറ അവസാനത്തിൽ സോവിയററ്ഗവമ്മെണ്ടു് പുറപ്പെടുവിച്ചു. എസ്റ്റിമേററു

കളേയും അഖില യൂണിയൻ ബഡ്ജററിനേയും പററി പരിചിന്തിക്കവാനും എസ്റ്റിമേററുകളുടേയും ബഡ്ജററുകളുടേയും മേൽ പരിശോധന നടത്തുവാനും രാഷ്ട്രത്തിൻെറ പരമോന്നതസമിതി ഒരു പ്രത്യേക ബഡ്ജററ് കമ്മീഷനെ നിയമിച്ചു. അതുവരെ ഒന്നായിരുന്ന അഖിലയൂണിയൻ ബഡ്ജററും പ്രാദേശികബഡ്ജററുകളും വെവ്വേറെയാക്കി. പ്രാദേശികബഡ്ജററുകളുടെ വരുമാനം ഉറച്ച അടിസ്ഥാനത്തിലാക്കുകയും അവയുടെ വരവുചിലവുകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുകയും ചെയ്തു. ഈ ബഡ്ജററുകൾ എങ്ങിനെ തയ്യാറാക്കുകയും അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് നിർണ്ണയിച്ചു. പ്രാദേശിക സോവിയററുകളുടെ ബഡ്ജററുസംബന്ധിച്ച അധികാരാവകാശങ്ങൾ വ്യക്തമാക്കപ്പെട്ടു.

പ്രാദേശിക ഗവമ്മെണ്ട്സമിതികൾക്ക് ഭരണം നടത്തുവാനും പ്രാദേശികപ്രാധാന്യമുള്ള സാമൂഹ്യ–സാംസ്കാരികനടപടികൾ നിർവ്വഹിക്കുവാനും സംരംഭങ്ങൾ നടത്തുവാനുമുള്ള ചിലവിൽ ഒരു ഭാഗം വഹിക്കുവാൻ പ്രാദേശികബഡ്ജററുകൾക്ക് അധികാരം നല്കി. പ്രാദേശികബഡ്ജററുകളെ യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ്ബഡ്ജററിൽനിന്ന് വേർതിരിച്ചതു് പ്രാദേശികഭരണസമിതികൾക്ക് സ്വന്തം വരുമാനമാർഗ്ഗങ്ങൾ തേടുവാനും പ്രാദേശിക സ്വത്തുക്കൾ കൂടുതൽ നന്നായി ഉപയോഗിക്കുവാനും പ്രാദേശിക സോവിയററുകളാൽ നിയന്ത്രിക്കപ്പെടുന്ന സംരംഭങ്ങൾ കൂടുതൽ നന്നായി നടത്തുവാനുമുള്ള പ്രചോദനം നല്കി.

1922–ൽ ചേർന്ന അഖിലരഷ്യൻ സോവിയററ്കോൺഗ്രസ്സ് ഇപ്രകാരം തീരുമാനിച്ചു: "സോവിയററ്നിർമ്മാണത്തിനും സാമ്പത്തിക മുൻകൈ എടുക്കുന്നതിനും പ്രദേശങ്ങൾക്കു വേണ്ടതായ പണം നല്കുന്ന യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററുബഡ്ജററിൻെറ പ്രധാന അനുബന്ധമായ (Supplement) പ്രാദേശികബഡ്ജററുകളിലേയ്ക്കുള്ള മാററത്തെ ഈ കോൺഗ്രസ്സ് അംഗീകരിക്കുന്നു. പ്രാദേശികബഡ്ജററുകളുടെ വരുമാനം, നികുതികളേയും പ്രാദേ

ശികസംരംഭങ്ങളുടെ വദ്ധമാനമായ ലാഭത്തേയും മാത്രം അടിസ്ഥാനമാക്കിട്ടുള്ളതാകയാൽ—കടലാസ് പണം പുറപ്പെടുവിച്ചിട്ടല്ല—സാമ്പത്തികസമ്പ്രദായം സൃഷ്ടിക്കുന്നതിനുള്ള ഫലപ്രദമായ ഉപാധികളാണ് പ്രാദേശികബഡ്ജററുകൾ എന്ന് ഈ കോൺഗ്രസ്സ് വിശ്വസിക്കുന്നു."

അക്കാലത്ത് എടുത്ത നടപടികൾ സ്റ്റെയിററ് ബഡ്ജററിലേയ്ക്ക് കൂടുതൽ വരുമാനം ഒഴുകുവാൻ ഇടയാക്കുകയും ദേശീയസമ്പദ്‌വ്യവസ്ഥയ്ക്കും സാമൂഹ്യവും സാംസ്കാരികവും മററുമായ ആവശ്യങ്ങൾക്കുവേണ്ടി ഗവർമ്മെണ്ടിന് കൂടുതൽ പണം നീക്കിവെയ്ക്കുവാൻ സാധിക്കുകയും ചെയ്തു.

1922 മുതൽ കൊല്ലംതോറും ബഡ്ജററുകൾ രൂപീകരിക്കുവാൻ ആരംഭിച്ചു. സാമ്പത്തികവഷം ഒക്ടോബർ 1–ന് ആരംഭിച്ച് സെപ്ററമ്പർ 30–ന് അവസാനിക്കുന്നു. ബഡ്ജററിന്ന് കൃഷിയുമായി അടുത്ത ബന്ധമുള്ളതുകൊണ്ടാണ് ഇങ്ങനെ നിശ്ചയിച്ചതു്.

ദേശീയസമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് (1922—26) സോവിയററ് റിപ്പബ്ലിക്കിൻെറ ബഡ്ജററുസമ്പ്രദായം ആവിഷ്കരിച്ചതു്. 1924–ൽ പാസ്സാക്കിയ യു. എസ്സ്. എസ്സ്. ആർ. ഭരണഘടനയിൽ ബഡ്ജററുരൂപീകരണവ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ഭരണഘടനയനുസരിച്ച് യു. എസ്സ്. എസ്സ്. ആർ. ബഡ്ജററ് താഴെ പറയുന്നവ ഉൾക്കൊള്ളുന്നു: അഖിലയൂണിയൻ സ്റ്റെയിററ്ബഡ്ജററ്, യൂണിയൻ റിപ്പബ്ലിക്കുകളുടെ സ്റ്റെയിററുബഡ്ജററുകൾ, ആട്ടോണമസ് റിപ്പബ്ലിക്കുകളുടെ സ്റ്റെയിററ്ബഡ്ജററുകൾ, പ്രാദേശികഭരണസമിതികളുടെ ബഡ്ജററുകൾ. വിവിധബഡ്ജററുകൾ തമ്മിൽ വരുമാനങ്ങളും ചിലവുകളും വീതിക്കുന്ന കാര്യം വിശദീകരിക്കപ്പെട്ടിട്ടുണ്ടു്. ഏകീകൃതമായ സ്റ്റെയിററ്ബഡ്ജററു് അംഗീകരിക്കുവാനും അഖിലയൂണിയൻ നികുതികളും മററും നടപ്പിലാക്കുവാനും അവയിൽനിന്നുള്ള കിഴിവുകൾ (വിഹിതം) തീരുമാനിക്കുവാനും

ഉള്ള അധികാരം ഭരണാധികാരത്തിൻെറ പരമോന്നതസമിതിയായ യു. എസ്സ്. എസ്സ്. ആർ. കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിററിക്കാണെന്നു് ഭരണഘടന പ്രഖ്യാപിച്ചു.

താഴെ പറയുന്നവിധത്തിൽ ബഡ്ജററുകാംക്കു വരവും ചിലവും വിതരണംചെയ്യപ്പെടാവുന്നതാണ്.

അഖിലയൂണിയൻ പീപ്പിാംസ് കമ്മിസ്സാറിയേററുകളുടെയും (മന്ത്രിക്കാര്യാലയങ്ങരം) വകുപ്പുകളുടെയും സാമ്പത്തികമായ മതിപ്പുകാം അനുസരിച്ചു് നിശ്ചയിക്കപ്പെടുന്ന, നികുതികാം ഒഴിച്ചുള്ള, എല്ലാ വരുമാനങ്ങളും അഖിലയൂണിയൻ സ്റ്റെയിററ്ബഡ്ജററിൽ ഉാംപ്പെടുന്നു. പ്രത്യക്ഷനികുതികാം വഴിക്കുള്ള എല്ലാ വരുമാനങ്ങളും തീരുവകളും ഗവമ്മെണ്ടിലേയ്ക്കുള്ള ബാദ്ധ്യതകളും—യൂണിയൻ റിപ്പബ്ലിക്കുകാംക്കവകാശപ്പെട്ട, പ്രത്യേകം നിശ്ചിതമായ കിഴിവുകളോ കൂട്ടലുകളോ ഒഴികെ—അഖിലയൂണിയൻ സ്റ്റെയിററു ബഡ്ജററിലേയ്ക്കുള്ളവയാണ്. എല്ലാ പരോക്ഷനികുതികളും അഖിലയൂണിയൻ സ്റ്റെയിററ്മുതലിൽനിന്നുള്ള ആദായം എന്നിവയും അഖിലയൂണിയൻ സ്റ്റെയിററ്ബഡ്ജററിനു് ചേൎന്നവയാണ്.

അഖിലയൂണിയൻ സ്റ്റെയിററുബഡ്ജററിൻെറ ചിലവിൽ അഖിലയൂണിയൻ പീപ്പിാംസ് കമ്മിസ്സാറിയേററിറേറയും വകുപ്പുകളുടെയും സാമ്പത്തികപ്രതീക്ഷകളിൽ കാണിച്ചിട്ടുള്ള എല്ലാ ചിലവുകളും വകുപ്പുകളുടെ അഖിലയൂണിയൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചിലവുകളും ഉാംപ്പെടുന്നതാണ്. യൂണിയൻ റിപ്പബ്ലിക്കൻ ബഡ്ജററുകളിൽ റിപ്പബ്ലിക്കുകളുടെ കേന്ദ്ര എക്സിക്യൂട്ടീവുകമ്മിററികളുടെയും പീപ്പിാംസ് കമ്മിസ്സാർ കൗൺസിലുകളുടെയും ഡിപ്പാർട്ടുമെൻറുകളുടെയും സാമ്പത്തികമതിപ്പുകാം അനുസരിച്ചു് നിശ്ചയിക്കപ്പെട്ട നികുതികാം ഒഴികെയുള്ള എല്ലാ സ്റ്റെയിററുവരുമാനങ്ങളും ഉാംപ്പെടുന്നു.

റിപ്പബ്ലിക്കിന്നുചേൎന്ന എല്ലാ പ്രത്യക്ഷനികുതികളും ലഭിക്കേണ്ടതായ മററു വരുമാനങ്ങളും അഖിലയൂണിയൻ നികുതികളിൽനിന്നും തീരുവകളിൽനിന്നും മററുമുള്ള വിഹിതങ്ങളും സ്റ്റെയി

ററ്കടമെട്ടപ്പിൻെറ വിഹിതവും, ബഡ്ററ് കമ്മിയാണെങ്കിൽ, അഖിലയൂണിയൻ സ്റ്റെയിററ്ബഡ്ജററിൽനിന്നുള്ള ധനസഹായവും റിപ്പബ്ലിക്കൻ ബഡ്ജററിൻെറ വരുമാനമാർഗ്ഗങ്ങളിൽപ്പെട്ടവയാണ്. റിപ്പബ്ലിക്കിലെ ഡിപ്പാർട്ടുമെൻറുകളും സ്ഥാപനങ്ങളും നിലനിർത്തുക, റിപ്പബ്ലിക്കൻബഡ്ജററിനോട്ട് ബന്ധമുള്ള സമ്പദ്വ്യവസ്ഥയ്ക്കു പണം നല്കുക എന്നിവ ചിലവുകളിൽ ഉൾപ്പെടുന്നു.

പ്രാദേശിക ഭരണഘടകങ്ങൾ എന്ന നിലയിൽ പ്രാദേശിക സോവിയററുകളാണ് പ്രാദേശിക സമ്പദ്വ്യവസ്ഥയുടെ ഉത്തരവാദിത്വം വഹിച്ചിരുന്നത്. അതുകൊണ്ട് അവയ്ക്കു ബഡ്ജററ് സംബന്ധിച്ച അധികാരങ്ങൾ നല്കി. 1924ലെ ലോക്കൽ ഫൈനാൻസ് നിയമപ്രകാരം പ്രാദേശികബഡ്ജററുകളുടെ വരുമാനം താഴെപ്പറയുന്നവയാണ്.

1) പ്രാദേശികസോവിയററുകളുടെ കീഴിലുള്ള സംരംഭങ്ങളിൽനിന്നും വസ്തുക്കളിൽനിന്നുമുള്ള, നികുതിയൊഴികെയുള്ള, ആദായം.

2) അഖിലയൂണിയൻ നികുതികളിൽനിന്നുള്ള കിഴിവുകളും വരുമാനങ്ങളും.

3) പ്രത്യേകമായ പ്രാദേശികനികുതികളും ലഭിക്കേണ്ടതായ ററു വരുമാനങ്ങളും.

നികുതികൾ ഒഴിച്ചുള്ള വരുമാനത്തിൽ ട്രാംവെ, പവർപ്ലാൻറുകൾ, വ്യവസായം, ചില്ലറവ്യാപാരം, അഖിലയൂണിയൻ—റിപ്പബ്ലിക്കൻ ട്രസ്ററുകളുമായി ബന്ധപ്പെടാത്ത കാർഷിക–ട്രാൻസ്പോർട്ട് സംരംഭങ്ങൾ മുതലായ സാമൂഹ്യസേവനോപാധികളിൽനിന്നുള്ള ആദായങ്ങൾ ഉൾപ്പെടുന്നു. മരം, പട്ടണത്തിലെ ഭൂമി, അതിൽനിന്നു ലഭിക്കുന്ന വാടക, വസ്തു, വനം, പ്രാദേശികസമിതികളുടെ കീഴിലുള്ള ധാതുവിഭവങ്ങൾ എന്നിവയിൽനിന്നുള്ള ആദായങ്ങളും പ്രാദേശിക സോവിയററുകൾക്കു ചേർന്നതാണ്. 1923–25 കാലഘട്ടത്തിൽ ഈ വക ആദായങ്ങൾ, പ്രാദേശികബഡ്ജററുകളുടെ ഒട്ടാകെയുള്ള വരുമാനത്തിൻെറ 35 ശതമാനത്തോളമായിരുന്നു.

അഖിലയൂണിയൻവരുമാനത്തിൽനിന്നും ഏകീകൃതമായ കാഷിക നികുതിയിൽനിന്നും വ്യവസായനികുതിയിൽനിന്നുമുള്ള കിഴിവുകളായിരുന്നു (വിഹിതം) ഇവയുടെ പ്രധാന വരുമാനമാർഗ്ഗങ്ങൾ.

സ്റ്റേയിററ്നികുതികളിൽനിന്നുള്ള വിഹിതത്തിനു് പുറമെ ആദായനികുതിയിന്മേലും സ്റ്റേയിററ് വ്യവസായനികുതിയിന്മേലും പ്രത്യേക നികുതി ചുമത്തുവാൻ പ്രാദേശികസോവിയററുകളെ അധികാരപ്പെടുത്തി. ഇങ്ങിനെ പ്രത്യേകം ചുമത്തുന്ന നികുതി ചിലപ്പോൾ, ആദ്യമേപ്പെടുത്തിയ നികുതിയെ അപേക്ഷിച്ച്, 200 മുതൽ 300 ശതമാനംവരെ കൂടുതൽ ആകാറുണ്ട്.

മൂന്നാമത്തെ ആദായമാർഗ്ഗം സോവിയററുകളുടെ പ്രാദേശിക കോൺഗ്രസ്സുകളോ, എക്സിക്യൂട്ടീവ് കമ്മിററികളുടെ പ്ലീനറിയോഗങ്ങളോ ചുമത്തുന്ന പ്രാദേശികനികുതികളും ഈടാക്കുന്ന സംഖ്യകളുമാണ്. അവയിൽ ഏററവും വലുതു് കെട്ടിടങ്ങളിന്മേലുള്ള പ്രാദേശികനികുതിയാണ്. ഗതാഗതസൌകര്യം, മൃഗങ്ങളെയും മററും വളർത്തൽ മുതലായവയിൽനിന്നുള്ള നികുതികളും പ്രാദേശികബഡ്ജററുകൾക്കു് ചേർന്നവയാണ്.

1922_24ൽ ആകെയുള്ള പ്രാദേശിക ബഡ്ജററവരുമാനത്തിൻെറ 10 മുതൽ 12 ശതമാനംവരെയായിരുന്നു ഈ പ്രാദേശികനികുതികൾ.

സ്റ്റേയിററ്ബഡ്ജററും പ്രാദേശികബഡ്ജററും ഒരേ ഘടകത്തിനുതന്നെ സമാന്തരമായി പണം ചിലവാക്കുന്നതു് ഇല്ലാതാക്കുവാൻ ശ്രദ്ധിക്കുകയുണ്ടായി.

പ്രാദേശികഭരണസമിതികൾക്കുള്ള ചിലവ്, അവയുടെ പ്രവർത്തനം കേന്ദ്രാധികൃതന്മാരുമായി പ്രത്യേക ബന്ധമുണ്ടാക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ അവയ്ക്കു പ്രത്യേകം സ്വാതന്ത്ര്യം ഉണ്ടെങ്കിൽ, പ്രാദേശികബഡ്ജററുകൾ നിർവ്വഹിച്ചുപോന്നു. അങ്ങിനെ പ്രാദേശികധനവകുപ്പുകൾ, കർഷക_തൊഴിലാളി പരിശോധനാഡിപ്പാർട്ടുമെൻററ ആഫീസുകൾ, പ്രാദേശിക ഖജനാവുകൾ മുതലായവ നിലനിർത്തിവന്നതു് അഖിലയൂണിയൻ ബഡ്ജററാണ്. സാംസ്കാരിക_സാമൂഹ്യാവശ്യങ്ങൾക്കു പണം ചിലവാക്കുകയെന്നതാണ്

പ്രാദേശികബഡ്ജററുകളുടെ പ്രധാന ചിലവു് (വിദ്യാഭ്യാസം, പൊതുജനാരോഗ്യം) 1) തൊഴിൽവിദ്യാലയങ്ങാം. 2) വിദ്യാഭ്യാസം. 3) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സ്ഥാപനങ്ങളും സംഘടനകളും എന്നിവയ്ക്കാണു് പ്രധാനമായും പണം ചിലവിട്ടിരുന്നതു്. ഒന്നാംഗ്രൂപ്പിൽ താഴ്ന്ന നിലവാരത്തിലുള്ള തൊഴിൽ വിദ്യാലയങ്ങാം (സാങ്കേതിക—സാമ്പത്തിക—സംഗീത സ്കൂളുകാം) നടത്തുക എന്നതു് ഉാംപ്പെടുന്നു. രണ്ടാംഗ്രൂപ്പിൽ പ്രൈമറി—സെക്കൻററി സ്കൂളുകാം നടത്തുകയും മൂന്നാംഗ്രൂപ്പിൽ വായനശാലകാം, സാമൂഹ്യകേന്ദ്രങ്ങാം, പ്രാദേശിക ലൈബ്രറികാം, വയോജനവിദ്യാലയങ്ങാം നടത്തുകയും ഉാംപ്പെടുന്നു.

വൈദ്യസേവനസ്ഥാപനങ്ങാം, ഔട്ട്പേഷ്യൻറ് പ്രാദേശിക ക്ലിനിക്കുകാം, ആരോഗ്യകേന്ദ്രങ്ങാം, അവശക്കുള്ള മന്ദിരങ്ങാം, മററു പൊതുജനാരോഗ്യസൗകര്യങ്ങാം എന്നിവ സംഘടിപ്പിക്കുക, അവയ്ക്കുള്ള സജ്ജീകരണങ്ങാം ഏപ്പെടുത്തുക, അവയ്ക്കുള്ള ചിലവുകളെല്ലാം വഹിക്കുക എന്നീ ചുമതലകളും പ്രാദേശികബഡ്ജററുകാം നിർവ്വഹിച്ചുപോന്നു. കൂടാതെ പ്രാദേശിക സാമൂഹ്യസേവനങ്ങാം, ഗ്രാമങ്ങളിൽ റോഡുകാം ഉണ്ടാക്കൽ, പ്രാദേശികപ്രാധാന്യമുള്ള ഭൂപരിഷ്കാരം, കാഷികക്കെടുതികാംക്കെതിരായുള്ള സമരം എന്നിവയ്ക്കും പ്രാദേശികബഡ്ജററുകളാണു് പണം ചിലവാക്കുന്നതു്.

രാജ്യത്തിലെ വ്യവസായം, കൃഷി എന്നിവയുടെ പുനർനിർമ്മാണം, അവയുടെ ഏകീകരണം, വ്യാപാരവികസനം, സാധനങ്ങളുടെ ഉല്പാദനത്തിലും വരുമാനത്തിലുമുള്ള വർദ്ധനവു്, ധനസ്ഥിതി ശക്തിപ്പെടുത്തൽ, 1922 മുതൽ 1926 വരെയുള്ള ജനങ്ങളുടെ ജീവിത—സാംസ്കാരികത്തോതു് ഉയർത്തൽ എന്നിവ സ്റ്റെയിററ്ബഡ്ജററിൻെറയും അതിൻെറ വിവിധ ഭാഗങ്ങളുടെയും വളർച്ചയിൽ പ്രതിഫലിപ്പിച്ചിരുന്നു.

സ്റ്റെയിററ്ബഡ്ജററ്വരുമാനം 1922—1923 സാമ്പത്തികവർഷത്തിലെ 925 ദശലക്ഷറൂബിളിൽനിന്നു് 1926—27—ൽ 5877

ദശലക്ഷറൂബിറാം ആയി വദ്ധിച്ചു; ആറിരട്ടിയിൽ അധികം വദ്ധന വുണ്ടായി എന്നു സാരം. അതനുസരിച്ചുള്ള സ്റ്റേയിററുചിലവുകളും ഉണ്ടായി. മററു ബഡ്ജററുകളുടെ വരുമാനവദ്ധനവു് യൂണിയൻ ബഡ്ജററു്വദ്ധനവിനോടൊപ്പമായിരുന്നു. എല്ലാ ബഡ്ജററുകളുടേയും വികസനം താഴെ കാണിച്ചിരിക്കുന്ന, ദശലക്ഷറൂബിറാംകണക്കിലുള്ള, ബഡ്ജററുചിലവുകറാംവഴി വിശദീകരിക്കപ്പെട്ടിരിക്കുന്നു.

| സാമ്പത്തിക വർഷം | മൊത്തം ചിലവ് | ഉറാപ്പെടെ | | |
|---|---|---|---|---|
| | | യൂണിയൻ ബഡ്ജററു് | റിപ്പബ്ലിക്കൻ ബഡ്ജററുകറാം | പ്രാദേശിക ബഡ്ജററുകറാം |
| 1923_24 | 2022 | 1227 | 272 | 523 |
| 1924_25 | 3065 | 1825 | 388 | 852 |
| 1925_26 | 4210 | 2344 | 654 | 1212 |
| 1926_27 | 5779 | 3259 | 858 | 1662 |

എല്ലാ ചിലവുകളുടേയും 50 ശതമാനത്തിലധികം യൂണിയൻ ബഡ്ജററ് വഹിച്ചു. സ്റ്റേയിററിലെ വരുമാനത്തിൻെറ 27_30 ശതമാനം പ്രാദേശികബഡ്ജററുകറാം ചിലവാക്കി. 12_17 ശതമാനം റിപ്പബ്ലിക്കൻ ബഡ്ജററുകളും. റിപ്പബ്ലിക്കൻ ബഡ്ജററുകളുടേയും പ്രാദേശികബഡ്ജററുകളുടേയും വളച്ച ദ്രുതഗതിയിലായിരുന്നു.

സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ, വ്യവസായവല്ക്കരണം, കൂട്ടകൃഷിയിലേയ്ക്കുള്ള പരിവത്തനം എന്നിവയ്ക്കുള്ള അടിസ്ഥാനം നിമ്മിക്കുന്നതുമൂലം ബഡ്ജററ്സമ്പ്രദായത്തിൻെറ ഘടനയിൽ പ്രധാന മാററമൊന്നുമുണ്ടായില്ല. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ്ബഡ്ജററിൽ വരുത്തിയ മാററങ്ങറാം വരുമാനത്തിൻെറ ഘടനയേയും ചിലവുകളേയും മാത്രമേ ബാധിച്ചുള്ളു.

## സോഷ്യലിസത്തിന്റെ അടിസ്ഥാനം നിമ്മിക്കുമ്പോഴുള്ള സ്റ്റേയിററ് ബഡ്ജററ് വരുമാനം

സമ്പദ്വ്യവസ്ഥയുടെ പുനർനിമ്മിതിക്കും സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥയുടെ അടിസ്ഥാനങ്ങറം സൃഷ്ടിക്കുന്നതിനും സോവിയററ്യൂണിയന്ന് വമ്പിച്ച ധനാഗമമാഗ്ഗങ്ങറം ആവശ്യമായിവന്നു. വൻകിടവ്യവസായങ്ങറം എല്ലാവിധത്തിലും വികസിപ്പിച്ചും കൂട്ടുകൃഷി വളർത്തിയും ഈ ലക്ഷ്യം സാധിക്കേണ്ടിയിരുന്നു. വരുമാനമെന്ന നിലയിൽ ആവശ്യമായത്ര പണം സ്റ്റേയിററ്ബഡ്ജററിൽ ഉണ്ടായി. ഈ വരുമാനമാഗ്ഗങ്ങറം താഴെപറയുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ് ബഡ്ജററ് വരുമാനം
(ദശലക്ഷരൂബിളിൽ)

| | സാമ്പത്തികവർഷം | | |
|---|---|---|---|
| | 1923_24 | 1925_26 | 1927_28 |
| മൊത്തം വരുമാനം (താഴെ പറയുന്നവയുറംപ്പെടെ) | 2056 | 4246 | 7320 |
| a) എല്ലാതരത്തിലുമുള്ള നികുതികറം | 991 | 2193 | 3523 |
| b) നികുതികളൊഴികെയുള്ള വരുമാനം | 538 | 1237 | 2018 |
| c) സ്റ്റേയിററ് വായ്പകറം | 184 | 146 | 727 |
| d) സോഷ്യൽ ഇൻഷൂറൻസിൽനിന്നു ലഭിക്കേണ്ടതു് | — | 670 | 1052 |

ദേശീയസമ്പദ്വ്യവസ്ഥ പുനരുദ്ധരിച്ചുകൊണ്ടുവന്ന നാലുകൊല്ലക്കാലത്തു് ബഡ്ജററുവരുമാനം 250 ശതമാനത്തിലധികം

വൎദ്ധിച്ചു. ഒട്ടാകെയുള്ള വരുമാനത്തിന്റെ 50 ശതമാനം നികുതികളിൽനിന്നായിരുന്നു. മററു വരുമാനങ്ങളുടെ വൎദ്ധനവു് മൂന്നിരട്ടിയിൽ അധികമായിരുന്നു. പുനഃരുദ്ധാരണഘട്ടത്തിന്റെ അവസാനത്തിൽ ആ നികുതിവരുമാനം ഒട്ടാകെയുള്ള ബഡ്ജററുവരുമാനത്തിന്റെ 28 ശതമാനമായി.

സമ്പദ്‌വ്യവസ്ഥയുടെ എല്ലാ ശാഖകളുടേയും പുനർനിൎമ്മാണത്തിനുവേണ്ടി ധനാഗമമാൎഗ്ഗങ്ങൾ ശേഖരിക്കുക എന്ന കേന്ദ്രപ്രശ്നത്തേയും രാജ്യത്തിലെ സാമ്പത്തികനിലയേയും ആശ്രയിച്ചുള്ളതായിരുന്നു അക്കാലത്തെ നികുതിനയം. മൂന്നു് അടിസ്ഥാനസാമ്പത്തിക മേഖലകളാണു് അന്നുണ്ടായിരുന്നതു്—സാമൂഹ്യവല്ക്കരിക്കപ്പെട്ട സ്റ്റെയിററ്മേഖല, സ്വകാര്യമുതലാളിത്തമേഖല, കൃഷിക്കാരും ചെറിയ കരകൗശലക്കാരും ഉൾക്കൊള്ളുന്ന ചെറുകിട മേഖല. സാമൂഹ്യവല്ക്കരിക്കപ്പെട്ട സ്റ്റെയിററ്മേഖലയുടെ പുനർനിൎമ്മിതിയും വികസനവും സാദ്ധ്യമാക്കുക, പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള സമ്പദ്‌വ്യവസ്ഥയിലെ മുതലാളിത്തമൂലകങ്ങളെ തടഞ്ഞു് പുറത്താക്കുക, കൃഷിക്കത്തൊഴിലാളികളേയും ചെറിയ കരകൗശലക്കാരേയും പ്രോത്സാഹിപ്പിച്ചു് അവരെ സഹകരണമാൎഗ്ഗത്തിലേയ്ക്കു കൊണ്ടുവരിക—എന്നിവയായിരുന്നു സോവിയററ്രാഷ്ട്രത്തിന്റെ അന്നത്തെ അടിസ്ഥാനപരമായ ചുമതല. ഇതനുസരിച്ചാണു് നികുതിനയം രൂപീകരിച്ചതു്.

മുതലാളിത്തമൂലകങ്ങളാണു് നികുതികളിൽ അധികവും കൊടുത്തുവന്നതു്. സ്വകാര്യമുതലാളിത്തമേഖലയെ നികുതികൾക്കു് വിധേയമാക്കുകമൂലം ഗവമ്മെണ്ടിനു് ധാരാളം പണം റൊക്കമായി ലഭിക്കുവാനും മുതലാളിത്തമേഖലയിൽ ധനം കുന്നുകൂടുന്നതു് കുറയ്ക്കുവാനും സമ്പദ്‌വ്യവസ്ഥയിൽനിന്നു് മുതലാളിത്തമേഖലയെ ക്രമേണ പുറംതള്ളുവാനും സാധിച്ചു.

കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏകീകൃതമായ നികുതിനയം ഉണ്ടായിരുന്നില്ല. സാധുകൃഷിക്കാരെ നികുതിയിൽനിന്നു് ഒഴിവാക്കുകയും ഇടത്തരം കൃഷിക്കാൎക്കു് ചില നികുതിയാനുകൂല്യ

ങ്ങൾ അനുവദിക്കുകയും ധനികരായ (മുതലാളിത്ത) കൃഷിക്കാർക്ക് കൂടുതൽ നികുതി ചുമത്തുകയും ചെയ്തു. അന്ന് നിലവിലുണ്ടായിരുന്ന നികുതികളെസ്സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

ബഡ്ജററ് നികുതിവരുമാനത്തിൻെറ ഘടന

(ദശലക്ഷറൂബിളിൽ)

| | സാമ്പത്തികവർഷം | | |
|---|---|---|---|
| | 1923_24 | 1925_26 | 1927_28 |
| മൊത്തം നികുതി വരുമാനം (താഴെപ്പറയുന്നവ യുൾപ്പെടെ) | 991 | 2193 | 3523 |
| a) കാർഷികനികുതി | 231 | 252 | 354 |
| b) വ്യവസായനികുതി | 234 | 483 | 704 |
| c) ആദായനികുതി | 76 | 186 | 297 |
| d) എക്സൈസ്തീരുവകൾ | 241 | 842 | 1492 |
| e) ചുങ്കം | 67 | 151 | 260 |

ഈ നികുതികളെങ്ങിനെ ചുമത്തുന്നുവെന്നും ആർ കൊടുക്കുന്നുവെന്നും നമുക്കിനി പരിശോധിക്കാം.

കൃഷിക്കാരാണ് കാർഷികനികുതി നല്കിയത്. ഒട്ടാകെയുള്ള കാർഷികവരുമാനത്തിൻെറ ഒരു നിശ്ചിത ശതമാനമാണ് ഈ നികുതി. കുടുംബത്തിൻെറ വലുപ്പം, കൃഷിചെയ്യാവുന്ന ഭൂമി, വിളവ്, ലഭ്യമായ കന്നുകാലികൾ എന്നിവ കണക്കിലെടുത്തുകൊണ്ടാണ് നികുതി ചുമത്തപ്പെട്ടത്. അക്കാലത്ത് കാർഷികനികുതി ചെറിയ തോതിൽ മാത്രം വർദ്ധിപ്പിക്കുവാനുള്ള കാരണം,

വളരെയധികം കൃഷിസ്ഥലങ്ങളെ നികുതിയിൽനിന്നു് ഒഴിവാക്കുകയൊ ഭാഗികമായ നികുതിയൊഴിവു് അനുവദിക്കുകയൊ ചെയ്തുകൊണ്ടായിരുന്നു. 1923_24ൽ ഈ നികുതിയിൽനിന്നു് രണ്ടു ശതമാനം കൃഷിസ്ഥലങ്ങളെ മാത്രമെ ഒഴിവാക്കിയിരുന്നുള്ളു. എന്നാൽ 1925_26ൽ 25 ശതമാനം കൃഷിസ്ഥലങ്ങൾ നികുതിയിൽനിന്നു് ഒഴിവാക്കപ്പെട്ടു. സാധുകൃഷിക്കാരുടെ നില നന്നാക്കുവാൻ ഈ നയമുപകരിച്ചു.

അക്കാലത്തു് വ്യാവസായികനികുതി കൂടുതൽ പ്രധാനമായ പങ്കാണു് വഹിച്ചതു്. രണ്ടു ഉപഗ്രൂപ്പുകളായി അതു് വിഭജിക്കപ്പെട്ടു—ലൈസൻസ് ഫീസും സമീകരണ ലെവിയും. പ്രവൎത്തനാവകാശത്തിനുവേണ്ടിയാണു് വ്യാപാര_വ്യവസായ സംരംഭങ്ങൾ (ഗവൺമെണ്ടു്_സഹകരണ_സ്വകാര്യസംരംഭങ്ങൾ) ലൈസൻസ് ഫീസ്സ് നല്കുന്നതു്. വിവിധ സംരംഭങ്ങൾക്കു്, അവയുടെ സ്വഭാവമനുസരിച്ചു്, വിവിധ ലൈസൻസുകളാണു് കൊടുത്തതു്. സംരംഭങ്ങളുടെ മൊത്തവില്പനയുടെ അല്ലെങ്കിൽ മൊത്തം ഉല്പാദനത്തിൻെറ ഒരു നിശ്ചിതശതമാനം ഈടാക്കുന്നതാണു് സമീകരണ ലെവി (**Equalising levy**). ഗ്രാമീണ കരകൌശലക്കാരെയും ശില്പികളെയും ഈ ലെവിയിൽനിന്നു് ഒഴിവാക്കി. (1924_25) പട്ടണങ്ങളിലെ കരകൌശലക്കാൎക്കും ശില്പികൾക്കും ചില്ലറവ്യാപാരികൾക്കും ലെവിസംബന്ധിച്ചു് ചില ആനുകൂല്യങ്ങൾ നല്കി. വ്യവസായനികുതിവരുമാനത്തിൻെറ 50 ശതമാനം പ്രാദേശിക ബഡ്ജററുകൾക്കനുവദിക്കപ്പെട്ടു.

1924ൽ ആദായ_വസ്തുനികുതിക്കു പകരം ആദായനികുതിയേൎപ്പെടുത്തി. ഒരു സംരംഭത്തിനൊ സ്ഥാപനത്തിനൊ ലഭിക്കുന്ന വരുമാനത്തിന്മേൽ ചുമത്തപ്പെടുന്ന ഈ നികുതി പ്രത്യക്ഷനികുതിയുടെ ഒരു പ്രധാന രൂപമായി. ലാഭം, പ്രതിഫലം (കൂലി), മററു ആദായങ്ങൾ എന്നിവയിന്മേലാണു് ഈ നികുതി ചുമത്തപ്പെട്ടതു്. സ്വതന്ത്രമായ ആദായം ലഭിക്കുന്നവർ, ജോയിൻറ് സ്റ്റോക്കു് കമ്പനികൾ, സ്വകാര്യ_ഗവൺമെണ്ടു് സംരംഭങ്ങൾ, പണം കടം കൊടുക്കുന്ന സ്ഥാപനങ്ങൾ, സോവിയററു് യൂണിയനിൽ പ്രവർ

ത്തനസ്വാതന്ത്ര്യം ലഭിച്ചിട്ടുള്ള വിദേശസ്ഥാപനങ്ങൾ എന്നിവയാണ് ഈ നികുതി കൊടുക്കുന്നത്. വിവിധ വിഭാഗങ്ങളിൽ പെട്ട നികുതിദായകന്മാർക്ക് വിവിധ നിരക്കുകളിലുള്ള നികുതികളായിരുന്നു. മുതലാളിത്തമൂലകങ്ങളെ തടഞ്ഞുനിർത്തുവാനും പിന്നീട് പുറന്തള്ളുവാനുമുള്ള ഒരു ഉപകരണമെന്ന നിലയിലാണ് സോവിയററ് ഗവൺമെണ്ട് ആദായനികുതിയെ ഉപയോഗിച്ചത്. പരിവർത്തനകാലഘട്ടത്തിൽ സ്വകാര്യമുതലാളിത്ത മൂലകങ്ങൾക്കുള്ള നികുതിത്തോതു വളരെ കൂടുതലും തൊഴിലാളികൾക്കുള്ളത് വളരെ ലഘുവുമായിരുന്നു. ബഡ്ജററുവരുമാനത്തിൻെറ ഒരു പ്രധാന മാർഗ്ഗമായിരുന്നു ആദായനികുതി. എന്നിരുന്നാലും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ വളർന്നതോടുകൂടി മൊത്തം ബഡ്ജററുവരുമാനത്തിൽ ഈ നികുതിയ്ക്കുള്ള സ്ഥാനം കുറയുകയാണുണ്ടായത്.

എക്സൈസ് മുഖേനയുള്ള പരോക്ഷനികുതികൾ ബഡ്ജററുവരുമാനത്തിൻെറ ഒരു പ്രധാന ഭാഗമായിരുന്നു. സാധനങ്ങളുടെ വിലകളിൽ ഇവ ഉൾപ്പെടുത്തപ്പെട്ടിരുന്നു. സാമ്പത്തികമേഖലകളുടെ വൈവിധ്യം, അവയനുസരിച്ച് നികുതികൾ പിരിക്കുവാനുള്ള സജ്ജീകരണങ്ങളുടെ അഭാവം എന്നിവയാണ് ഈ പരോക്ഷനികുതിസമ്പ്രദായത്തിന് പ്രേരകമായത്. കൂടാതെ, ദേശീയസമ്പദ്‌വ്യവസ്ഥയുടെ പുനർനിർമ്മിതിക്ക് വമ്പിച്ച സംഖ്യകൾ ഗവൺമെണ്ടിനാവശ്യമായിവരികയും ചെയ്തു.

ബൂർഷ്വാസിയെ തടയുന്നതിനും ഈ എക്സൈസ് നികുതിയെ ഗവണ്മെൻറ് ഉപയോഗിച്ചു. സുഖഭോഗവസ്തുക്കൾക്ക് വമ്പിച്ച എക്സൈസ് നികുതിയാണ് ചുമത്തിയത്. വീഞ്ഞ്, മദ്യം, ചില തുണിത്തരങ്ങൾ, ഇറക്കുമതിചെയ്യപ്പെടുന്ന സാധനങ്ങൾ മുതലായവയ്ക്ക് കൂടുതൽ നികുതി ചുമത്തി. ഉപ്പ്, മണ്ണെണ്ണ, പഞ്ചസാര മുതലായവയ്ക്ക് നേരിയ നികുതികൾ മാത്രമേ ചുമത്തിയുള്ളൂ.

നികുതികളൊഴിച്ചുള്ള വരുമാനം ബഡ്ജററുവരുമാനത്തിൻെറ ഒരു ചെറിയ ഭാഗം മാത്രമായിരുന്നു. ഈ വരുമാനം പ്രധാനമായും ഗവർമ്മെണ്ട് വ്യവസായ–വ്യാപാര സംരംഭങ്ങൾ, പണം വായ്പനല്കുന്ന സ്ഥാപനങ്ങൾ, ഗൃഹനിർമ്മാണ–ട്രാൻസ്പോർട്ട്

സ്ഥാപനങ്ങൾ എന്നിവയുടെ ലാഭങ്ങളിൽനിന്നുള്ള കിഴിവുകളായിരുന്നു.

വനങ്ങളിൽനിന്നുള്ള നികുതിയും മററും വരുമാനമാർഗ്ഗങ്ങളിൽ ഒന്നായിരുന്നു. വനനിയമങ്ങൾ ലംഘിക്കുക മുതലായവക്കു് ഈടാക്കിയിരുന്ന പിഴകളും ഈ വരുമാനത്തിൽ ഉൾപ്പെട്ടും.

ഈ വരുമാനത്തിൻെറ മറെറാരു ഭാഗം ധാതുസമ്പത്തുകളായിരുന്നു. ഖനനത്തിനുവേണ്ടി ഭൂമി പാട്ടത്തിനു കൊടുക്കുക, കരാറടിസ്ഥാനത്തിൽ വാടക പിരിക്കുക മുതലായവവഴിക്കാണു് ഈ വരുമാനം ഉണ്ടാക്കിയതു്.

മത്സ്യബന്ധനം, നായാട്ടു് എന്നിവകളിൽനിന്നും കോസ്റ്റു് എക്കൗണ്ടിങ്ങ്സമ്പ്രദായത്തിൽ പ്രവത്തിക്കുന്ന കാർഷികസംരംഭങ്ങളിൽനിന്നും സ്റ്റേയിററ് ഇൻഷൂറൻസിൽനിന്നും (ലാഭത്തിൽനിന്നു്) ഗവണ്മെണ്ടിനു് ആദായങ്ങൾ ലഭിച്ചിരുന്നു.

ഗവണ്മെണ്ട് വായ്പകൾ, സേവിങ്ങ്സ്ബാങ്കുകൾ എന്നിവയ്ക്കായി ബഡ്ജററുവരുമാനത്തിലെ പ്രധാനമായ ഒരു ഭാഗം നീക്കിവെച്ചു.

സോവിയററ് ഗവണ്മെണ്ടു് പുറപ്പെടുവിച്ച കടപ്പത്രങ്ങൾ ഗവണ്മെണ്ടിനും കടപ്പത്രങ്ങൾ എടുക്കുന്നവക്കും ഒരുപോലെ ഗുണകരമായിരുന്നു. നിക്ഷേപക്കാക്കു് സമ്മാനങ്ങളും നിക്ഷേപസംഖ്യയിന്മേൽ പലിശയും ലഭിച്ചു. ഫാക്ടറിത്തൊഴിലാളികൾ, ആഫീസ്ജീവനക്കാർ മുതലായവക്കും സ്റ്റേയിററ്—സഹകരണസംരംഭങ്ങൾക്കും മററും കടപ്പത്രങ്ങൾ വിതരണംചെയ്തു. ഈ നടപടിയെ തുരങ്കംവെയ്ക്കുവാൻ പരിശ്രമിച്ച മുതലാളിത്തമൂലകങ്ങൾക്കു് ഈ കടപ്പത്രങ്ങൾ വിതരണംചെയ്തതു് നിബ്ബന്ധപൂർവ്വമായിരുന്നു. ലൈസൻസുകൾ സമ്പാദിക്കുമ്പോഴും ആദായ–വസ്തുനികുതികൾ കൊടുക്കുമ്പോഴും, കൊടുക്കുന്ന നികുതിയുടെ തോതനുസരിച്ചു്, ബോണ്ടുകൾ വാങ്ങുവാൻ മുതലാളിമാർ നിർബ്ബന്ധിതരായി.

പുനഃരുദ്ധാരണഘട്ടത്തിൽ അനേകം സേവിങ്ങ്സ്ബാങ്കുകൾ ആരംഭിച്ചു. ഈ ബാങ്കുകളും ജനങ്ങളുടെ ജീവിതസൗകര്യങ്ങളും വദ്ധിച്ചതോടുകൂടി ബാങ്കമിച്ചങ്ങളും ക്രമേണ വർദ്ധിക്കുകയു

ണ്ടായി. സോഷ്യലിസ്റ്റ് പുനർനിർമ്മിതിക്കുവേണ്ടിയാണ് ഗവ ണ്മെൻറ് ഈ പണം ഉപയോഗിച്ചതു്. ഈ ബാങ്കുകളിൽ താല്ക്കാലികമായി മുടങ്ങിക്കിടന്നിരുന്ന പണം സ്റ്റേയിററ്ബഡ്ജററിൻെറ ആവശ്യത്തിന്നു വിട്ടുകൊടുത്തു.

സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനം നിർമ്മിച്ചുകൊണ്ടിരുന്ന ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ബഡ്ജററുസമ്പ്രദായത്തിൽ രണ്ടു പ്രധാന മാററങ്ങൾ വരുത്തുകയുണ്ടായി.

1. 1931 മുതലുള്ള സാമ്പത്തികവർഷം കലണ്ടർവർഷത്തിനു് (ജനുവരി 1 മുതൽ ഡിസമ്പർ 31 വരെ) ഒപ്പമുള്ളതാക്കി.

2. നികുതിവസൂൽസമ്പ്രദായം പരിഷ്കരിച്ചു. 1930-ൽ സാമൂഹ്യവല്ക്കരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥയിൻകീഴിലുണ്ടായിരുന്ന നികുതികളെല്ലാം യോജിപ്പിച്ചു് ടേൺഓവർ നികുതി എന്ന ഒരൊററ നികുതിയാക്കി. അപ്പോഴേയ്ക്കും സാമൂഹ്യവല്ക്കരിക്കപ്പെട്ട മേഖല വളരെയധികം വലുതാകുകയും സ്വകാര്യമേഖല ചുരുങ്ങുകയും സഹകരണസംരംഭങ്ങളും സംഘടനകളും വർദ്ധിക്കുകയും ചെയ്തിരുന്നു. ചുമത്തപ്പെട്ട അനേകം നികുതികൾ കണക്കാക്കുന്നതിലും പിരിക്കുന്നതിലും അനുഭവപ്പെട്ട സങ്കീർണ്ണത്വം ഉല്പാദനത്തെ നിയന്ത്രിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാക്കുകയും സാധനങ്ങളുടെ കൈമാററത്തിനു് തടസ്സമുണ്ടാക്കുകയും ചെയ്തു. തന്നെയുമല്ല അതു് വിലനയത്തെ കുഴപ്പംപിടിച്ചതാക്കുകയും ചെയ്തു. സാമൂഹ്യവല്ക്കരിക്കപ്പെട്ട വ്യവസായത്തിൻേറയും വ്യാപാരത്തിൻേറയും ബഡ്ജററുമായിട്ടുള്ള സങ്കീർണ്ണബന്ധങ്ങൾ ദേശീയസമ്പദ്‌വ്യവസ്ഥയുടെ മൊത്തത്തിലുള്ള ആസൂത്രണത്തേയും അതിൻെറ വിവിധ രംഗങ്ങളേയും വളരെ വഷളാക്കി.

അതുകൊണ്ടു് നികുതിസമ്പ്രദായം പരിഷ്കരിക്കേണ്ടതു് അത്യാവശ്യമായിവന്നു. സാമൂഹ്യവല്ക്കരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥയിൽ നിന്നു് അന്നു് ലഭിച്ചിരുന്ന 61 വിവിധ സ്റ്റേയിററ്-പ്രാദേശിക നികുതികളുടെ സ്ഥാനത്തു് രണ്ടുതരത്തിലുള്ള നികുതികൾ ഗവ ണ്മെണ്ടു് ഏർപ്പെടുത്തി. 54 വിവിധ നികുതികൾ ചേർന്ന ടേൺ

ഓവർ നികുതിയും 7 നികുതികഠം ചേൎന്ന ലാഭങ്ങളിൽനിന്നുള്ള കിഴിവുകളും.

സോഷ്യലിസ്റ്റ് സംരംഭങ്ങളുടെ ധനശേഖരണത്തിൻെറ ഒരു ഭാഗമാണ് സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിലെ ടേൺ ഓവർ നികുതി. സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽ, കേന്ദ്രീകൃതവരുമാനത്തിൻെറ ഒരു ഭാഗമെന്ന നിലയിൽ, ഈ നികുതി സാധനങ്ങളുടെ വിലയിൽ ചേക്കപ്പെടുന്നു. സാധനങ്ങഠം വില്ക്കുമ്പോഴാണ് ഈ നികുതി ബഡ്ജററിൽ കൊള്ളിക്കുന്നതു്. ഈ ടേൺ ഓവർ നികുതി മുതലാളിത്തരാജ്യങ്ങളിൽ സാധാരണ ചുമത്തപ്പെടുന്ന ടേൺ ഓവർ നികുതിപോലെയല്ല. ഈ നികുതിയുടെ സാമ്പത്തികമായ ഉള്ളടക്കം എക്സൈസ് നികുതിയുടെ ഉള്ളടക്കത്തിൽനിന്നും വ്യത്യസ്തമാണ്. സമുദായമുണ്ടാക്കുന്ന ശുദ്ധമായ ആദായത്തിൻെറ ഒരു ഭാഗമാണതു്. അതു് തൊഴിലാളിവൎഗ്ഗത്തിൻെറ കൂലിയിൽനിന്നോ സ്വകാര്യാദായത്തിൽനിന്നോ, വില വദ്ധിപ്പിച്ചുകൊണ്ടു്, ഒരു കിഴിവുവരുത്തലല്ല. ഭൗതീകോല്പാദനമേഖലയിൽ സൃഷ്ടിക്കപ്പെടുന്ന, സമുദായത്തിൻേറതായ, ശുദ്ധമായ ആദായത്തിൻെറ ഒരു രൂപമാണതു്. അതു മുഴുവനും രാഷ്ട്രത്തിൻെറ ഉപയോഗത്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നു. സോഷ്യലിസ്റ്റ് സംരംഭങ്ങളുടെ റൊക്കമായിട്ടുള്ള ധനത്തിൻെറ ഒരു നിശ്ചിതഭാഗം ഖജനാവു് ഏറെറടുക്കുന്ന ഒരു മാൎഗ്ഗമാണ് ടേൺ ഓവർ നികുതി.

നികുതിചുമത്തൽവഴി ഉണ്ടാകുന്ന ധനശേഖരണംപോലെ തോന്നും ഈ ടേൺ ഓവർ നികുതി (ഈ നികുതി നിർബ്ബന്ധിതമാണ്; കൊടുക്കേണ്ട വ്യവസ്ഥകളും നിശ്ചയിക്കപ്പെട്ടിട്ടുണ്ടു്; നികുതിദായകനു് അതു മടക്കിക്കൊടുക്കുന്നതല്ല.) പക്ഷെ അതിൻെറ ബാഹ്യരൂപങ്ങഠം, അതിൻെറ പേരിനെപ്പോലെതന്നെ, അതിൻെറ ശരിയായ സാമ്പത്തിക ഉള്ളടക്കത്തെ പ്രതിഫലിപ്പിക്കുന്നില്ല.

ഗവണ്മെൻറ്സംരംഭങ്ങഠം, സമ്പേദ്സംഘടനകഠം എന്നിവയുടെ ആദായങ്ങളിൽനിന്നുള്ള കിഴിവുസമ്പ്രദായമാണ് മറെറാന്നു്. ഒരു സംരംഭത്തിൻെറ വികസനപരിപാടികളും അതിൻെറ

പ്രചാരത്തിലുള്ള സ്വത്തുക്കളുടെ വദ്ധനവിനും എത്ര പണം ആവശ്യമുണ്ടോ അതിനെ ആശ്രയിച്ചാണ് അതിൻെറ ലാഭത്തിൽ നിന്നുള്ള കിഴിവുസംഖ്യ ബഡ്ജററിലേയ്ക്കു കൊടുക്കുന്ന കാര്യം നിണ്ണയിക്കപ്പെടുന്നതു്. പഞ്ചവത്സരപദ്ധതിയനുസരിച്ച് ഒരു സംരംഭം ഉപയോഗിക്കാത്ത ആദായ വിഭാഗമാണ് സ്റ്റേയിററ് ബഡ്ജററിലേയ്ക്കു പോകുന്നതു്. ഏററവും ചുരുങ്ങിയ കിഴിവ് ആദായത്തിൻെറ 10 ശതമാനവും ഏററവും കൂടുതൽ 81 ശതമാനവും ആണ്.

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ബഡ്ജററുവരുമാനം വളരെയധികം വദ്ധിച്ചു. ആ വദ്ധനവിൻെറ ഒരു പട്ടിക താഴെ കൊടുക്കുന്നു.

സ്റ്റേയിററ് ബഡ്ജററ് വരുമാനം
(ദശലക്ഷറൂബിളിൽ)

| | സാമ്പത്തികവഷം | | |
|---|---|---|---|
| | 1928_29 | 1931 | 1932 |
| ഒട്ടാകെയുള്ള വരുമാനം (താഴെ പറയുന്നവ യുംപ്പെടെ) | 8830 | 25,264 | 38,042 |
| a) ടേൺ ഓവർ നികുതി | 3146 | 11,672 | 19,595 |
| b) ആദായക്കിഴിവ് | 557 | 2158 | 2023 |
| c) സഹകരണസ്ഥാപനങ്ങൾ, മററു സംരംഭങ്ങൾ, സംഘടനകൾ | 162 | 402 | 791 |
| d) ജനങ്ങളിൽനിന്നുള്ള നികുതികൾ | 1029 | 1876 | 2500 |
| e) ഗവമ്മെണ്ട് വായ്പ | 725 | 3269 | 3922 |
| f) ചുങ്കം | 258 | 281 | 282 |
| g) സ്റ്റേയിററ് സോഷ്യൽ ഇൻഷ്വറൻസ് | 1221 | 2242 | 3577 |

സാമൂഹ്യവൽക്കരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥയിൽനിന്നുള്ള ഗണ്യമായ ബഡ്ജററവരുമാനവർദ്ധനവ് (ടേൺഓവർ നികുതി, ആദായക്കിഴിവ്, സോഷ്യൽ ഇൻഷ്വറൻസിൽനിന്നുള്ള വരുമാനം) രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽവന്ന മാററങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നതു്. ഗവമ്മെണ്ടിന്റെ അധീനത്തിലുള്ള വ്യവസായം, വ്യാപാരം, കൃഷി എന്നിവയുടെ ദ്രുതഗതിയിലുള്ള വളച്ച എന്നു സാരം. ഉൽപാദക–ഉപഭോക്തൃ–കാഷിക സഹകരണ സംഘങ്ങളുടെ വികസനംമൂലം അവയുടെ ലാഭത്തിൽനിന്നു് കൂടുതൽ സംഖ്യകഠം, നികുതിവഴിയായി, ബഡ്ജററിലേക്കു ചെന്നു:

## സോഷ്യലിസത്തിന്റെ അടിസ്ഥാനം നിമ്മിക്കുമ്പോഴുള്ള സ്റ്റേയിററ് ബഡ്ജററ് ചിലവുകഠം

നിലവിലുള്ള ഫാക്ടറികളുടെ പുന:സംഘടന, കാഷിക പുനരുദ്ധാരണം, സാമ്പത്തിക–സാമൂഹ്യ ജീവിതത്തിന്റെ ക്രമീകരണം എന്നിവ പുനരുദ്ധാരണഘട്ടത്തിൽ ആവശ്യമായിരുന്നു. വരുമാനമെന്നനിലയിൽ ബഡ്ജററിൽ കടന്നുകൂടിയ ധനം ഈ ഉദ്ദേശം സാധിക്കുന്നതിനു് സഹായകമായി.

അക്കാലത്തെ ബഡ്ജററചിലവുകളുടെ രൂപം താഴെകൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

(പട്ടിക അടുത്ത പേജിൽ)

ബഡ്ജററ് ചിലവിലധികവും (45–55 ശതമാനം) സാമ്പത്തിക പുനരുദ്ധാരണത്തിനും സാമൂഹ്യ–സാംസ്കാരിക നടവടികഠംക്കുമായിരുന്നു. ദേശീയ സമ്പദ്‌വ്യവസ്ഥക്കുള്ള മൊത്തം ചിലവിൽ 25 മുതൽ 35 ശതമാനംവരെയും വ്യവസായങ്ങഠംക്കുവേണ്ടിയായിരുന്നു. (ഫാക്ടറികളുടെ പുന:സംഘടനയ്ക്കും ക്യാപ്പിററൽ റിപ്പയറുകഠംക്കും) 15 മുതൽ 25 ശതമാനംവരെ ചിലവാക്കിയതു് കൃഷിയുടെ പുനരുദ്ധാരണത്തിനായിരുന്നു. (പ്രധാനമായും വിവിധ സഹകരണ സംഘങ്ങളുടെ വികസനത്തിനു്) കാഷിക സഹകരണസംഘങ്ങളും കടംകൊടുക്കുന്ന സഹകരണസംഘങ്ങളും

യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിററ് ബഡ്ജററ് ചിലവുകഠം

(ദശലക്ഷം റൂബിളിൽ)

| | സാമ്പത്തികവർഷം | | |
|---|---|---|---|
| | 1923_24 | 1925_26 | 1927_28 |
| ഒട്ടാകെയുള്ള ബഡ്ജററ് ചിലവ് (താഴെ പറയുന്നവയുഠംപ്പടെ | 2022 | 4210 | 7205 |
| a) സാമ്പത്തിക പുനരുദ്ധാരണം | 557 | 1224 | 2815 |
| b) സാമൂഹ്യ_സാംസ്കാരിക വികസനം | 355 | 746 | 1275 |
| c) രാജ്യരക്ഷ | 402 | 569 | 765 |
| d) ഭരണച്ചിലവ് | 283 | 532 | 477 |
| e) സമ്മാനങ്ങഠംക്കും സ്റ്റെയിററുകടങ്ങഠംക്കുമുള്ള പലിശയും | 75 | 123 | 300 |
| f) സോഷ്യൽ ഇൻഷൂറൻസ് | — | 670 | 1052 |

കൂടുതൽ വികസിപ്പിക്കുകയെന്നതായിരുന്നു അക്കാലത്തെ പ്രധാന കടമ. കാർഷികോല്പാദനവസ്തുക്കഠം സംസ്ക്കരിക്കുന്നതിനും അവ വിററഴിക്കുന്നതിനും ഈ സംഘങ്ങഠം പരിശ്രമിക്കേണ്ടിയിരുന്നു. സാധുക്കളും ഇടത്തരക്കാരുമായ കർഷകരെ സഹായിക്കുക, അവക്കു ഉല്പാദനോപകരണങ്ങഠം നല്കുക, കൂട്ടുകൃഷിസമ്പ്രദായം വികസിപ്പിക്കുന്നതിനു് ധനസഹായം നല്കുക എന്നീ കടമകളും ഈ സംഘടനകഠംക്കു് നിവ്വഹിക്കേണ്ടിയിരുന്നു.

സ്വന്തം ഇഷ്ടമനുസരിച്ചാണ് കൃഷിക്കാർ കാർഷികസഹകരണസംഘടനകളിൽ ചേർന്നതു്. ഗ്രാമങ്ങളിൽ സഹകരണസംഘങ്ങൾ വളത്തുവാനും അവയ്ക്കു് ഭദ്രമായ സാമ്പത്തികാടിസ്ഥാനം ഉണ്ടാക്കുവാനും വേണ്ടതായ സഹായം ഗവമ്മെണ്ടു് നല്കി. 1924 ആരംഭത്തിൽ കാർഷികസഹകരണസംഘങ്ങൾക്കു് 300 ലക്ഷം റൂബിളിന്റെ മുതലുണ്ടായിരുന്നു. 1925 അവസാനത്തോടുകൂടി ഇതു് 9000 ലക്ഷം റൂബിളിലധികമായി. ഇതിൽ 1300 ലക്ഷം റൂബിൾ സംഘങ്ങളുടേയും 7700 ലക്ഷം റൂബിൾ ഗവമ്മെണ്ടിന്റേയുമായിരുന്നു. സഹകരണസംഘങ്ങളുടെ വരുമാനത്തിന്റെ വലിയ ഒരു ഭാഗം സ്റ്റേയിററുബഡ്ജററിൽനിന്നായിരുന്നു. കാർഷികവികസനത്തിനു് 1923–24ൽ 89.8 ദശലക്ഷം റൂബിളും 1925–26–ൽ 282.8 ദശലക്ഷം റൂബിളും 1927–28ൽ 393.7 ദശലക്ഷം റൂബിളും സ്റ്റേയിററ് ബഡ്ജററു് ചിലവഴിച്ചു. ഈ നിക്ഷേപങ്ങളും വായ്പകളും ദ്രുതഗതിയിലുള്ള കാർഷികപുനരുദ്ധാരണത്തെ സഹായിക്കുകയും ഉല്പാദനരംഗത്തു് ബഹുജനസഹകരണത്തിനുള്ള വഴിതെളിയിക്കുകയും ചെയ്തു.

1924–മുതൽ 1928–വരെയുള്ള കാലഘട്ടത്തിൽ സാമൂഹ്യ–സാംസ്കാരികനടപടികൾക്കായുള്ള ചിലവു് നാലിരട്ടി വർദ്ധിച്ചു. ആ കാലഘട്ടത്തിലെ അവസാനത്തെ രണ്ടു കൊല്ലങ്ങളിൽ ഭരണച്ചിലവു് പത്തു ശതമാനത്തിലധികം കുറഞ്ഞു.

വ്യാവസായീകരണത്തിന്റെയും കൃഷിയുടെ സഹകരണമാർഗ്ഗത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റെയും കാലഘട്ടത്തിൽ ദേശീയ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്കുള്ള ചിലവുകൾ കുത്തനെ കയറുകയുണ്ടായി. താഴെ കൊടുക്കുന്ന കണക്കുകളിൽനിന്നതു് വ്യക്തമാകുന്നതാണ്.

(പട്ടിക അടുത്ത പേജിൽ)

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് എല്ലാ ബഡ്ജററു ചിലവുകളും 330 ശതമാനം വർദ്ധിച്ചു. സാമ്പത്തികവികസന

ബഡ്ജററ് ചിലവുകഠം (ദശലക്ഷറൂബിളിൽ)

| | സാമ്പത്തികവർഷം | | |
|---|---|---|---|
| | 1928_29 | 1931 | 1932 |
| മൊത്തം ബഡ്ജററചിലവ് (താഴെ പറയുന്നവ യുഠംപ്പെടെ) | 8784 | 25,097 | 37,995 |
| a) സാമ്പത്തികവികസനം | 3687 | 15,976 | 24,784 |
| b) സാമൂഹ്യ_സാംസ്കാരിക നടവടികഠം | 2627 | 5396 | 7580 |
| c) സോഷ്യൽ ഇൻഷൂറൻസ് | 1221 | 2242 | 3577 |

ത്തിനു് നീക്കിവെച്ച തുകയിൽ 570 ശതമാനത്തിൻെറ വദ്ധനവുണ്ടായി.

വ്യവസായവികസനത്തിനു് നീക്കിവെച്ച തുക 970 ശതമാനവും കൃഷിയ്ക്കുള്ളതു് 450 ശതമാനവും വദ്ധിച്ചു.

1932_ൽ ബഡ്ജററവരുമാനത്തിൻെറ 35 ശതമാനം വ്യാവസായികവികസനത്തിനും 10.4 ശതമാനം കൃഷിവികസനത്തിനുംവേണ്ടി നീക്കിവെച്ചു. ഒട്ടാകെയുള്ള ബഡ്ജററചിലവിൻെറ 10.6 ശതമാനം വിദ്യാഭ്യാസത്തിനും 5.2 ശതമാനം പൊജനാരോഗ്യത്തിനും 4.1 ശതമാനം തൊഴിലാളിസംരക്ഷണത്തിനും സോഷ്യൽ ഇൻഷൂറൻസിനുംവേണ്ടിയാണു് ചിലവിട്ടതു്.

വ്യവസായവികസനത്തിനു് നീക്കിവെച്ച തുകയിലധികവും പുതിയ ഫാക്ടറികളും ഖനികളും നിമ്മിക്കുവാനായിരുന്നു. (നിക്ഷേപങ്ങഠം) 46900 ദശലക്ഷം റൂബിളിൻെറ മൂലധനനിക്ഷേപത്തി

നാണ്ട് പഞ്ചവത്സരപദ്ധതിയിൽ വ്യവസ്ഥചെയ്തിരുന്നതെങ്കിലും യഥാൎത്ഥത്തിൽ നിക്ഷേപിച്ചതു് 52500 ദശലക്ഷം റൂബിളായിരുന്നു. ഈ പണത്തിലധികവും ഘനവ്യവസായങ്ങളിലാണു് നിക്ഷേപിച്ചതു്. 14700 ദശലക്ഷം റൂബിൾ ഈ വ്യവസായത്തിൽ നിക്ഷേപിക്കാനായിരുന്നു പദ്ധതിയിലെ വ്യവസ്ഥ. എന്നാൽ യഥാൎത്ഥനിക്ഷേപം 21300 ദശലക്ഷം റൂബിളായി വർദ്ധിക്കുകയാണുണ്ടായതു്. സ്റ്റെയിററ്ബഡ്ജററിൽനിന്നാണു് മൂലധനനിക്ഷേപത്തിൻെറ മൂന്നിൽ രണ്ടുഭാഗവും വന്നതു്. ബാക്കിയുള്ളതാണു് വ്യവസായങ്ങളിൽനിന്നു് ലഭിച്ച സംഖ്യ. (ആദായങ്ങൾ, തേമാനഫണ്ടു്)

പഞ്ചവത്സരപദ്ധതിക്കാലത്തു് കൂട്ടുകൃഷി വികസിപ്പിക്കുവാൻവേണ്ടി 9540 ദശലക്ഷം റൂബിൾ ബഡ്ജററിൽ നീക്കിവെച്ചു. 1932-ൽ മാത്രമായി കൃഷിക്കു് 3944 ദശലക്ഷം റൂബിൾ ബഡ്ജററിൽനിന്നു ലഭിച്ചു. ഈ സംഖ്യയിൽ 78 ശതമാനത്തിലധികം ഗവമ്മെണ്ടു് കാൎഷികക്കളങ്ങളും കാർഷികയന്ത്ര-ഉപകരണസ്റ്റേഷനുകളും സംഘടിപ്പിക്കുവാനും വികസിപ്പിക്കുവാനും 22 ശതമാനം കൂട്ടുകൃഷിസ്ഥലങ്ങൾക്കു് സഹായം നല്കുവാനും ഉപയോഗിച്ചു. കൃഷിക്കാവശ്യമായ ആധുനികോപകരണങ്ങൾ (ട്രാക്ടറുകൾ, വിതയന്ത്രങ്ങൾ മുതലായവ) സപ്ലൈചെയ്യുവാൻ കാരണം ഗവമ്മെണ്ടിൻെറ ധനാഗമമാൎഗ്ഗങ്ങളായിരുന്നു. (ബഡ്ജററ്, വാട്ടാവരുമാനം മുതലായവ) കാർഷികോപകരണങ്ങളും യന്ത്രങ്ങളും വാങ്ങുവാൻ കൃഷിക്കാരെ ഗവമ്മെണ്ടു് സഹായിച്ചതിനുപുറമെ അവക്കു് നികുതിയാനുകൂല്യങ്ങളും വിത്തു്, ഭക്ഷണം മുതലായവ വാങ്ങുന്നതിനു്, അനുകൂലപ്രദമായ വ്യവസ്ഥകളിന്മേൽ, വായ്പകളും അനുവദിക്കുകയും ചിലപ്പോൾ അവരുടെ കടം എഴുതിത്തള്ളുകയും ചെയ്തു. 1933 ജനുവരി 1-ാംനു-യ്ക്കുമുമ്പു് അനുവദിച്ച കാർഷികവായ്പകൾ—ഒട്ടാകെ 435 ദശലക്ഷം റൂബിൾ—1934-ൽ എഴുതിത്തള്ളി.

കൂട്ടകൃഷിസ്ഥലങ്ങൾക്കു നല്കിയ സഹായവും തന്മൂലമുണ്ടായ നേട്ടങ്ങളും സഹകരണമാർഗ്ഗത്തിന്റെ ഗുണം കൃഷിക്കാരെ ബോധ്യപ്പെടുത്തുവാൻ കാരണമായി. ഒന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ (1932) കാർഷികകുടുംബങ്ങളുടെ മിക്കവാറും മൂന്നിൽ രണ്ടുഭാഗവും ഉല്പാദകസഹകരണസംഘങ്ങളിൽ ചേർന്നുകഴിഞ്ഞിരുന്നു. ഒട്ടാകെയുള്ള കൃഷിസ്ഥലത്തിന്റെ 75 ശതമാനത്തെയാണിവർ പ്രതിനിധീകരിച്ചതു്.

പദ്ധതിക്കാലത്തു് ബഡ്ജററുവരുമാനങ്ങൾ ചിലവാക്കിയിരുന്നതു് ഉല്പാദനക്ഷമമായ വിധത്തിലായിരുന്നു. ഇതു് തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായിരുന്നുതാനും. സോഷ്യലിസത്തിന്റെ അടിത്തറ പണിയുവാൻ ബഡ്ജററു് സഹായിച്ചു. വലിയ ഘനവ്യവസായം സ്ഥാപിച്ചു; മിക്ക കൃഷിസ്ഥലങ്ങളും കൂട്ടകൃഷിയുടെ പരിധിയ്ക്കുള്ളിലായി; ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നു; രാജ്യരക്ഷ ശക്തിപ്പെട്ടു. ഘടകറിപ്പബ്ലിക്കുകളുടെ സാമ്പത്തിക വികസനത്തിന്നായി വമ്പിച്ച ധനാഗമമാർഗ്ഗങ്ങൾ കേന്ദ്രീകരിക്കുവാനും വിദ്യാഭ്യാസ—പൊതുജനാരോഗ്യസേവനങ്ങൾ നന്നാക്കുവാനും ശാസ്ത്രവും കലകളും വളർത്തുവാനും ബഡ്ജററു് സഹായിച്ചു.

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനമിടുന്നതിൽ സോവിയററ്ബഡ്ജററു് ഒരു പ്രധാന ഉപാധിയായിരുന്നു.

അദ്ധ്യായം മൂന്ന്

## സോഷ്യലിസം പടുത്തുയർത്തുമ്പോഴുള്ള ബഡ്ജററ് സമ്പ്രദായം

യു. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസത്തിനു സിദ്ധിച്ച വമ്പിച്ച വിജയം സോഷ്യലിസ്റ്റ് രാഷ്ട്രത്തെ ശക്തിപ്പെടുത്തുകയും ദേശീയ സമ്പദ്‌വ്യവസ്ഥയുടെയും ധനത്തിൻെറയും മേലുള്ള ആസൂത്രിത മേൽനോട്ടം പരിഷ്കരിക്കുകയും ബഡ്ജററുസമ്പ്രദായത്തെ ഏകീകരിച്ചുറപ്പിക്കുകയുംചെയ്തു.

### കൂടുതൽ വികാസം

യു. എസ്സ്. എസ്സ്. ആറിൻെറ ഏകീകൃത സ്റ്റെയിററ് ബഡ്ജററ് നടപ്പിലാക്കുന്നതുസംബന്ധിച്ച റിപ്പോർട്ടും യൂണിയൻെറയും റിപ്പബ്ലിക്കുകളുടെയും പ്രാദേശികഭരണസമിതികളുടെയും നികുതികളും വരുമാനങ്ങളും സംബന്ധിച്ച തീരുമാനവും അംഗീകരിക്കുന്നതിനു് സോവിയററ് യൂണിയൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ ഭരണാധികാരികാംക്കു് അധികാരമുണ്ടെന്നു് 1936_ലെ പുതിയ ഭരണഘടനയിൽ വ്യവസ്ഥചെയ്തിരുന്നു. ബഡ്ജററു സമ്പ്രദായത്തിൽ അടുത്തകാലത്തു് (1958_63) പ്രധാന മാററങ്ങാം വരുത്തുകയുണ്ടായി. അതനുസരിച്ചു് വ്യവസായം, കൃഷി, നിർമ്മാണം എന്നിവയുടെ മാനേജ്മെൻറു് പുനഃസംഘടിപ്പിക്കുകയുണ്ടായി. യൂണിയൻ റിപ്പബ്ലിക്കുകളുടെയും പ്രാദേശിക ഭരണസമിതികളുടെയും അധികാരാവകാശങ്ങാം ഗണ്യമായി വർദ്ധി

പ്പിച്ചു. മിക്ക സംരംഭങ്ങളും യൂണിയൻ റിപ്പബ്ലിക്കുകളുടെ നിയന്ത്രണത്തിലായി. ഇതു ബഡ്ജററ് ആകമാനം സംഘടിപ്പിക്കുന്നതിലും വ്യവസായം, കൃഷി, വ്യാപാരം, സാമൂഹ്യ–സാംസ്കാരിക നടപടികൾ എന്നിവയ്ക്കു പണം കാണുന്നതിലും റിപ്പബ്ലിക്കൻ ബഡ്ജററുകൾക്കുള്ള പങ്കു വർദ്ധിപ്പിച്ചു. സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെയും സംസ്കാരത്തിൻെറയും വളർച്ച, പ്രാദേശിക ഭരണസമിതികളുടെ അധികാരവർദ്ധനവു്, വിജയകരമായ ദേശീയ നയം എന്നിവമൂലം പ്രാദേശികബ്ബഡ്ജററുകൾ വലുതാവുകയും പ്രാധാന്യം നേടുകയുംചെയ്തു. എന്നിരുന്നാലും അഖിലയൂണിയൻ നടവടികൾക്കു് വേണ്ടതായ പണം കാണുന്നതിലും അതു ദേശീയ വികസനപദ്ധതിയനുസരിച്ചു യൂണിയൻ റിപ്പബ്ലിക്കുകൾക്കും ദേശീയ സമ്പദ്‌വ്യവസ്ഥയുടെ മററു ശാഖകൾക്കും വിതരണം ചെയ്യുന്നതിലും യൂണിയൻ ബഡ്ജററിനുള്ള പ്രധാന പങ്കു് കുറയുകയുണ്ടായില്ല.

സ്റ്റേയിററ് ബഡ്ജററിൻെറ ഘടനയിലും വിവിധ ബഡ്ജററുകളുടെ പങ്കിലുമുണ്ടായ മാററങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്നു് വ്യക്തമാകുന്നതാണു്.

(പട്ടിക അടുത്ത പേജിൽ) .

റിപ്പബ്ലിക്കൻ ബഡ്ജററ് ചിലവുകളുടെ വർദ്ധനവുമൂലം അവയുടെ വരുമാനമാർഗ്ഗങ്ങൾ നിശ്ചയിച്ചുറപ്പിക്കേണ്ടിവന്നു. റിപ്പബ്ലിക്കൻ ബഡ്ജററുകൾക്കു് നീക്കിവെച്ചിരുന്ന ടേൺഓവർ ഓഹരി വ്യക്തമായി നിർണ്ണയിച്ചുകൊണ്ടും വനംസംബന്ധിച്ച എല്ലാ നികുതികളും ഉപഭോക്തൃസഹകരണസംഘങ്ങളും കൂട്ടുകൃഷിസ്ഥലങ്ങളും നല്കുന്ന ആദായനികുതിയും കാർഷികനികുതിയും നീക്കിവെച്ചുകൊണ്ടുമാണു് ഇക്കാര്യം നിർവ്വഹിച്ചതു്.

നികുതികളും കിഴിവുകളും കണക്കാക്കുന്ന സാങ്കേതികമാർഗ്ഗങ്ങൾ, ബഡ്ജററ് ധനവിതരണസമ്പ്രദായങ്ങൾ എന്നിവയിൽ ചില പരിഷ്കാരങ്ങൾ വരുത്തിയതൊഴിച്ചു്, സോവിയററു യൂണിയ

| | സാമ്പത്തികവർഷം | | | |
|---|---|---|---|---|
| | 1933 | 1940 | 1951 | 1961 |
| യു. എസ്സ്. എസ്സ്. ആർ സ്റ്റെയിററു് ബഡ്ജററു് (ആയിരം ദശലക്ഷറൂബിൾ കണക്കിൽ) (താഴെപറയുന്നവയുൾപ്പെടെ—ശതമാനം | 4.2 | 17.4 | 44.3 | 76.3 |
| a) യൂണിയൻ ബഡ്ജററു് | 79 | 75.8 | 78.1 | 44.8 |
| b) യൂണിയൻ റിപ്പബ്ലിക്കുകളുടെ ബഡ്ജററുകൾ (താഴെപറയുന്നവയുൾപ്പെടെ) | 21 | 24.2 | 21.9 | 55.2 |
| ആട്ടോണമസ് റിപ്പബ്ലിക്കുകളുടെ ബഡ്ജററുകളും പ്രാദേശിക ബഡ്ജററുകളും | 16.2 | 17.2 | 15.1 | 19.2 |

നിലെ ബഡ്ജററ്സമ്പ്രദായത്തിൽ, മററു അടിസ്ഥാനപരമായ മാററങ്ങളൊന്നുമുണ്ടായില്ല.

## സോഷ്യലിസം പടുത്തുയർത്തുന്നകാലത്തുള്ള സ്റ്റെയിററബഡ്ജററ് വരുമാനവും ചിലവും

സോഷ്യലിസം പടുത്തുയർത്തുകയെന്നതു്, പ്രത്യേകിച്ചു് കമ്മ്യൂണിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിസ്ഥാനം നിർമ്മിക്കുകയെന്ന പരിവർത്തനം സാധിക്കുകയെന്നതു്, ബഡ്ജററു വരുമാനവും ചിലവും ദ്രുതഗതിയിൽ വർദ്ധിക്കുവാനിടയാക്കി. അങ്ങിനെ രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് (1933_37) സേ

ഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽനിന്നുണ്ടായ വരുമാനം ഏക ദേശം അഞ്ചിരട്ടി വർദ്ധിച്ചു. തുടൎന്നുള്ള കൊല്ലങ്ങളിൽ ഈ വരുമാനം വർദ്ധിച്ചുകൊണ്ടേയിരുന്നു. 1961-ൽ ഇതു് 71,000 ദശലക്ഷംറൂബിളായി. 1940-നെയപേക്ഷിച്ചു് ഇതു് 330 ശതമാനം കൂടുതലായിരുന്നു. ജനങ്ങളിൽനിന്നുള്ള നികുതിയുടെ പ്രാധാന്യം കുറഞ്ഞു. 1961-ൽ അതു് ഒട്ടാകെയുള്ള ബഡ്ജററുവരുമാനത്തിന്റെ 7.5 ശതമാനവും 1932-ൽ 18.4 ശതമാനവുമായിരുന്നു.

കൂട്ടുകൃഷിസ്ഥലങ്ങളിൽനിന്നു് ലഭിച്ചിരുന്ന കാർഷികനികുതിയുടെ സ്ഥാനത്തു് 1936-ൽ ഒരാദായനികുതിയേർപ്പെടുത്തി. അതിന്നും തുടൎന്നുവരുന്നു. തങ്ങളുടെ ലാഭ-ചേതക്കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള മൊത്തം ആദായത്തിന്മേലാണ് കൂട്ടുകൃഷിസ്ഥലങ്ങൾ ആദായനികുതി നല്കുന്നതു്. പിന്നീടു് നികുതിത്തോതുകൾ സമീകരിക്കുകയും ആദായനികുതി ആദായത്തെ മാത്രം അടിസ്ഥാനപ്പെടുത്തീട്ടുള്ളതാക്കുകയും ചെയ്തു.

സോഷ്യലിസ്റ്റ്നിർമ്മാണ കാലഘട്ടത്തിൽ ബഡ്ജററ്‌വരുമാനം അനുക്രമമായി വർദ്ധിച്ചു. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ അനുസ്യൂതമായ വികസനവും ദേശീയവരുമാനത്തിന്റെ വർദ്ധനവുമാണിതിനു കാരണം.

എക്കാലത്തും വളൎന്നുകൊണ്ടിരുന്ന സ്റ്റെയിററ്ബഡ്ജററിലെ പ്രധാന ചിലവിനം ദേശീയസമ്പദ്‌വ്യവസ്ഥയ്ക്കും സാമൂഹ്യ-സാംസ്കാരിക നടവടികൾക്കുമുള്ള പണം കൊടുക്കലായിരുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തെയപേക്ഷിച്ചു്, രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്കുള്ള ചിലവ് 230 ശതമാനം വർദ്ധിച്ചു. സാമൂഹ്യ-സാംസ്കാരികനടപടികൾക്കുള്ള ചിലവ്‌വർദ്ധന 310 ശതമാനമായിരുന്നു. 1940ൽ 5800 ദശലക്ഷം റൂബിൾ ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്കുവേണ്ടി ചിലവാക്കിയപ്പോൾ 1961-ൽ ഇതേയാവശ്യത്തിനുവേണ്ടി ചിലവാക്കിയതു് 32,600 ദശലക്ഷം റൂബിളായിരുന്നു. 1961ൽ ബഡ്ജററ്‌വരുമാനത്തിൽനിന്നു് 27,200 ദശലക്ഷം റൂബിൾ സാമൂ

ഹ്യ—സാംസ്കാരികാവശ്യങ്ങൾക്കായി ചിലവഴിച്ചു. ഇതു 1940നെ അപേക്ഷിച്ചു 560 ശതമാനം അധികമായിരുന്നു.

1961ൽ ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്കും സാംസ്കാരിക—സാമൂഹ്യ നടവടികൾക്കും വേണ്ടി ബഡ്ജററ്‌വരുമാനത്തിന്റെ 78.4 ശതമാനം ചിലവാക്കി. മററു ചിലവുകൾ ഇവയായിരുന്നു. രാജ്യരക്ഷയ്ക്കു 15.2 ശതമാനം; ഭരണച്ചിലവിനു് 1.4 ശതമാനം; ഗവമ്മെണ്ടിന്റെ വായ്പകൾ സംബന്ധിച്ച ചിലവിനു് 1 ശതമാനം.

സോവിയററ്‌രാഷ്ട്രത്തിന്റെ പ്രവർത്തനവൈപുല്യത്തെയാണു് ബഡ്ജററു ചിലവുകൾ പ്രതിഫലിപ്പിക്കുന്നതു്.

ജനങ്ങളുടെ ഭൌതികവും സാംസ്കാരികവുമായ നിലവാരം ഉയത്തുവാൻവേണ്ടിയുള്ള ബഡ്ജററുചിലവുകൾ ദ്രുതഗതിയിലാണു് വദ്ധിച്ചതു്. വീടുനിമ്മാണം, വ്യാപരവികസനം, കൂലിവദ്ധനവു്, ജനങ്ങൾക്കു കൂടുതൽ ആനുകൂല്യങ്ങൾ, സൌജന്യങ്ങൾ, (അവുധി, വൈദ്യസേവനം, കൂടുതൽ വായനശാലകൾ, ക്ലാസ്സുകൾ, വിശ്രമകേന്ദ്രങ്ങൾ, വിനോദകേന്ദ്രങ്ങൾ മുതലായവ) മുതലായവയ്ക്കുള്ള ചിലവുകൾ ഇതിൽ ഉൾപ്പെടുന്നു. അതേയവസരത്തിൽ ഭരണനിവ്വഹണത്തിനു കുറച്ചുമാത്രമാണു് ചിലവുചെയ്തതു്. സൈനികാവശ്യങ്ങൾക്കുള്ള ചിലവു് തുടച്ചയായി കുറച്ചുകൊണ്ടുവന്നതു് സോവിയററ്‌രാഷ്ട്രത്തിന്റെ സമാധാനനയത്തെയാണു് കാണിക്കുന്നതു്. സമാധാനപരമായ സമ്പദ്‌വ്യവസ്ഥയ്ക്കും സാംസ്കാരികപുനർനിമ്മാണത്തിനുംവേണ്ടിയാണു് ബഡ്ജററ്‌വരുമാനത്തിലധികവും ചിലവുചെയ്തിരുന്നതെങ്കിലും സോവിയററ്‌യൂണിയൻ അതിന്റെ രാജ്യരക്ഷാശക്തിയുടെ കാര്യം വിസ്മരിക്കുന്നില്ല.

മുമ്പത്തെ കൊല്ലങ്ങളിലെന്നപോലെ, സോവിയററ് റിപ്പബ്ലിക്കുകളുടെ സമാധാനപരമായ സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക, വിവിധ ജനവിഭാഗങ്ങൾ തമ്മിൽ പരസ്പരസൌഹാർദ്ദം വളർത്തുക, അനേകം ദേശീയവിഭാഗങ്ങളടങ്ങുന്ന സോവിയററു് രാഷ്ട്രത്തെ ശക്തിപ്പെടുത്തുക, സോവിയററ്‌രാജ്യത്തിലധിവസിക്കുന്ന—കമ്മ്യൂണിസത്തിലേയ്ക്കു് പുരോഗമിക്കുന്ന—ജനങ്ങൾ തമ്മിലുള്ള സൌഹാർദ്ദം ശക്തിപ്പെടുത്തുകയെന്ന സോവിയററ്‌നയമാണു് 1951–65 കാലഘട്ടത്തിലെ ബഡ്ജററുകളും പ്രതിഫലിപ്പിച്ചതു്.

അദ്ധ്യായം നാല്

## സോവിയററ് സ്റ്റേയിററ് ബഡ്ജററിൻെറ ആസൂത്രണവും രൂപീകരണവും നിർവ്വഹണവും

വിവിധ ബഡ്ജററുകൾ തയ്യാറാക്കലും അംഗീകരിക്കലും നടപ്പിലാക്കലും സംബന്ധിച്ച മാർഗ്ഗങ്ങൾ, സോവിയററ് ബഡ്ജററ് സമ്പ്രദായം വികസിപ്പിക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കേന്ദ്രീകൃത ജനാധിപത്യതത്വമനുസരിച്ചാണ് (കേന്ദ്രനിർദ്ദേശവും പ്രാദേശികമുൻകയ്യും യോജിപ്പിച്ചുകൊണ്ട്) യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ് ബഡ്ജററ് തയ്യാറാക്കുന്നതും അംഗീകരിക്കുന്നതും നടപ്പിലാക്കുന്നതും. ഈ തത്വം യൂണിയൻെറയും റിപ്പബ്ലിക്കുകളുടെയും പ്രാദേശിക സോവിയററുകളുടെയും പരമാധികാരത്തെയും ബഡ്ജററ് സമ്പ്രദായത്തിൻെറ അവികലതത്വത്തെയും സോവിയററ് രാഷ്ട്രത്തിൻെറ സാമ്പത്തികനയത്തെയും കാത്തുരക്ഷിക്കുന്നു.

### സ്റ്റേയിററ് ബഡ്ജററിൻെറ കരട് തയ്യാറാക്കൽ

സോവിയററ് യൂണിയനിൽ സമ്പദ്‌വ്യവസ്ഥ നിയന്ത്രിക്കപ്പെടുന്നതു പദ്ധതിയനുസരിച്ചാണ്. സ്റ്റേയിററ് ബഡ്ജററും റിപ്പബ്ലിക്കുകളുടെ ബഡ്ജററുകളും ദേശീയ സാമ്പത്തികവികസന പദ്ധതികൾക്കനുസൃതമായാണ് തയ്യാറാക്കുന്നതു്.

സാമ്പത്തികവൎഷം ജനുവരി ഒന്നുമുതൽ ഡിസമ്പർ മുപ്പത്തി യൊന്നുവരെയാണു്. നടപ്പുവൎഷത്തിലെ സാമ്പത്തികലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിട്ടുള്ളതാണു് സ്റ്റേയിററ്ബഡ്ജററ്. പ്രാപ്തമായ സാമ്പത്തികസമിതികൾ സാമ്പത്തികവികസനപദ്ധതിയുടെ കരടുപകൎപ്പിനോടൊപ്പം സ്റ്റേയിററ്ബഡ്ജററിൻെറ കരടുപകൎപ്പും തയ്യാറാക്കുന്നു. കരട്ബഡ്ജററ് തയ്യാറാക്കുകയെന്ന പ്രവൃത്തി ഇപ്പോൾ പ്രാദേശികാധികൃതന്മാർ ആരംഭിക്കുകയും റിപ്പബ്ലിക്കൻ അധികൃതന്മാർ അതു് തുടരുകയും യു. എസ്സ്. എസ്സ്. ആർ. ധനകാൎയ്യമന്ത്രിയുടെ ആപ്പീസ് അതു് മുഴുമിപ്പിക്കുകയും ചെയ്യുന്നു. ഉല്പാദനത്തിനുള്ള സാമ്പത്തികപദ്ധതിയുടെ ലക്ഷ്യങ്ങൾ, അധ്വാനത്തിൻെറ അളവിലുള്ള വൎദ്ധനവു്, തദനുസാരമുള്ള ഉല്പാദനച്ചിലവിലെ കുറവ്, വ്യാപാരവികസനം എന്നിവ കണക്കിലെടുത്തുകൊണ്ടാണു് ബഡ്ജററുവരുമാനങ്ങളുടെ കരടു് തയ്യാറാക്കുന്നതു്.

മൂലധനനിക്ഷേപപദ്ധതികൾ, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പ്രത്യേക യോഗ്യതയുള്ളവൎക്കുള്ള പരിശീലനം മുതലായവയ്ക്കുള്ള ചിലവുകൾ ഉൾക്കൊള്ളുന്നതാണു് ബഡ്ജററ്ചിലവുകൾ.

സാമ്പത്തികപദ്ധതികളുടെയും പ്രതീക്ഷകളുടേയും അടിസ്ഥാനത്തിലാണു് വിവിധ ബഡ്ജററുകളുടെ കരടുപകൎപ്പുകൾ തയ്യാറാക്കപ്പെടുന്നതു്. കോസ്റ്റ് അക്കൗണ്ടിങ്ങ് അടിസ്ഥാനത്തിൽ പ്രവൎത്തിക്കുന്ന എല്ലാ സംരംഭങ്ങളും മന്ത്രികാൎയ്യാലയങ്ങളും വകുപ്പുകളും സാമ്പത്തികപദ്ധതികൾ തയ്യാറാക്കുന്നു. സംരംഭങ്ങളുടേയും സമ്പദ്‌വ്യവസ്ഥയുടെ മററു ശാഖകളുടേയും വരവുകളേയും ചിലവുകളേയും അവയ്ക്കു സ്റ്റേയിററുബഡ്ജററുമായുള്ള ബന്ധങ്ങളെയും സാമ്പത്തികപദ്ധതികൾ പ്രതിഫലിപ്പിക്കുന്നു. ടേൺഓവർ നികുതി, ആദായങ്ങളിൽനിന്നുള്ള കിഴിവുകൾ, ബഡ്ജററിലേയ്ക്കു ചെല്ലേണ്ടതായ മററു വരുമാനങ്ങൾ, ബഡ്ജററുവരുമാനം ചിലവു ചെയ്യേണ്ടതായ സമ്പ്രദായം എന്നിവയും ഈ സാമ്പത്തികപദ്ധതികളിൽ നിൎദ്ദേശിക്കപ്പെടുന്നു. സംരംഭങ്ങൾക്കും സംഘടനകൾക്കും

സ്ഥാപനങ്ങൾക്കും ധനം മുഴുവനുമായോ ഭാഗികമായോ ചിലവാക്കുന്നതുസംബന്ധിച്ചുള്ള പ്രധാനരേഖകൾ എസ്റ്റിമെററുകളാണ്. (പ്രതീക്ഷകൾ) ഈ എസ്റ്റിമെററുകൾ ഒരു സ്ഥാപനത്തിനു മാത്രമായിട്ടുള്ളതോ (സ്കൂൾ, ആസ്പത്രി മുതലായവ) ഒരു പ്രദേശത്തെ ഒരേ മാതൃകയിലുള്ള ഒരു കൂട്ടം സ്ഥാപനങ്ങൾക്ക് ഒന്നായിട്ടുള്ളതോ (ഒരു റിപ്പബ്ലിക്കിലെയോ, ജില്ലയിലേയോ, നഗരത്തിലേയോ സ്കൂളുകളോ, ആസ്പത്രികളൊ, മററുള്ളവയൊ) ആയിരിക്കും.

ബഡ്ജററ് ആസൂത്രണംചെയ്യുമ്പോൾ ഒരേതരത്തിലുള്ള സ്ഥാപനങ്ങൾ, സംരംഭങ്ങൾ, ഇടപാടുകൾ എന്നിവയ്ക്ക് ആസൂത്രണംചെയ്തിട്ടുള്ള വരവുകളിലും ചിലവുകളിലും ഐക്യമുണ്ടാകുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വരവും ചിലവും സംബന്ധിച്ച് ബഡ്ജററിൽ തരംതിരിക്കലുകൾ ഉള്ളതുമൂലം അങ്ങിനെയുള്ള ഐക്യം സുഗമമാകുന്നു. ഈ തരംതിരിവിനനുസരിച്ച് എല്ലാ വരവുകളും ചിലവുകളും ഒരു പ്രത്യേകക്രമമനുസരിച്ചാണ് (ഒന്നിൻെറ പിറകെ മറെറാന്ന് എന്നരൂപത്തിൽ) ഗ്രൂപ്പ്ചെയ്യപ്പെടുന്നത്. (വരവിൻെറ മാർഗ്ഗങ്ങളും സ്വഭാവവും ചിലവിൻെറ സ്വഭാവവും ആശ്രയിച്ചുകൊണ്ടെന്നർത്ഥം) അതുകൊണ്ട് എല്ലാ ബഡ്ജററുകളിലേയും വരവുകൾ ഭാഗങ്ങളായും ഖണ്ഡികകളായും വകുപ്പുകളായും വിഭജിക്കപ്പെട്ടിരിക്കുന്നു.

വിവിധരൂപങ്ങളിലുള്ള വരുമാനങ്ങൾ വിഭാഗങ്ങളിലും സ്റ്റെയിററുവരുമാനത്തിൻെറ മാർഗ്ഗങ്ങൾ, സമ്പദ്‌വ്യവസ്ഥയുടെ ശാഖ, മന്ത്രികാര്യാലയങ്ങൾ എന്നിവ ഖണ്ഡികകളിലും ടേൺഓവർ നികുതികൊടുക്കുന്ന വ്യവസായശാഖകൾ, മററു നികുതികൾ കൊടുക്കുന്നവർ വകുപ്പുകളിലും ഉൾപ്പെടുത്തപ്പെട്ടിരിക്കും.

ഗ്രൂപ്പുകൾ, വിഭാഗങ്ങൾ, ഖണ്ഡികകൾ, വകുപ്പുകൾ എന്നിവയായി ബഡ്ജററുചിലവുകൾ വിഭജിക്കപ്പെട്ടിരിക്കുന്നു. ദേശീയസമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട ചിലവുകൾ ഒന്നാം ഗ്രൂപ്പായി തരംതിരിക്കപ്പെട്ടിരിക്കുന്നു; സാമൂഹ്യ–സാംസ്കാരികനട

വടികഠം രണ്ടാം ഗ്രൂപ്പിലും രാജ്യരക്ഷ മുതലായവ മൂന്നാം ഗ്രൂപ്പിലും ഉഠംപ്പെടുത്തിയിരിക്കുന്നു. ഈ ഗ്രൂപ്പുകഠംക്കുള്ളിൽ ചിലവുകഠം വിഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രദേശങ്ങഠം, ശാഖകഠം എന്നിവയനുസരിച്ചാണ് ഈ വിഭാഗങ്ങഠം ക്രമപ്പെടുത്തിയിരിക്കുന്നതു്. ഉദാഹരണത്തിനു്, വിവിധമന്ത്രികാര്യാലയങ്ങളുടെയും വകുപ്പുകളുടെയും ചിലവുകഠം ഒന്നാം ഗ്രൂപ്പിലെ വ്യത്യസ്തവിഭാഗങ്ങളിലാണ് കാണിച്ചിരിക്കുക. സാമൂഹ്യ–സാംസ്കാരികവികസനത്തിനുള്ള ചിലവുകഠം വിഭാഗങ്ങളായി (വിദ്യാഭ്യാസം, പൊതുജനാരോഗ്യം മുതലായവ) വിഭജിക്കപ്പെട്ടിരിക്കുന്നു. വിഭാഗങ്ങഠം ഖണ്ഡികകളായി തരംതിരിക്കപ്പെടുന്നു. പ്രത്യേക സ്ഥാപനങ്ങഠംക്കുള്ള (വിദ്യാലയങ്ങഠം, അനാഥ ശുശ്രൂഷാകേന്ദ്രങ്ങഠം മുതലായവ) മുതൽമുടക്കുകഠം ഈ ഖണ്ഡികകളിൽ കാണിച്ചിരിക്കും. ഖണ്ഡികകഠം, വകുപ്പുകഠം ആയി തരംതിരിച്ചിരിക്കുന്നു. കൂലി, കൂലിവദ്ധനവു്, ആഫീസ് ചിലവ്, പഠിപ്പിക്കൽ എന്നിവക്കുള്ള ചിലവുകളായി ഖണ്ഡികകഠം തരംതിരിച്ചിരിക്കും.

യു. എസ്സ്. എസ്സ്. ആർ. ധനകാര്യമന്ത്രികാര്യാലയം, റിപ്പബ്ലിക്കൻ ധനകാര്യമന്ത്രികാര്യാലയങ്ങഠം, പ്രാദേശിക സാമ്പത്തികസമിതികഠം എന്നിവ ബഡ്ജററ് തയ്യാറാക്കുന്നതു സംഘടിപ്പിക്കുകയും പട്ടികകഠം തയ്യാറാക്കുകയും കീഴെയുള്ള ഗവമ്മെണ്ടുസമിതികഠം, എക്സിക്യൂട്ടീവ് കമ്മിററിവകുപ്പുകഠം, ബഡ്ജററ് കൈകാര്യംചെയ്യുന്ന സ്ഥാപനങ്ങഠം, സാമ്പത്തികസമിതികഠം, എന്നിവയ്ക്കു് എസ്റ്റിമേററുകളും സാമ്പത്തികപദ്ധതികളും തയ്യാറാക്കുന്നതിൽ നേതൃത്വം നല്കുകയും ഇവയിൽനിന്നു ലഭിക്കുന്ന രേഖകഠം പഠിക്കുകയും (കീഴ്ഘടകങ്ങളിൽനിന്നു ലഭിക്കുന്ന കരടുബഡ്ജററ്, സാമ്പത്തികപദ്ധതികഠം, എസ്റ്റിമേററുകഠം, മററു രേഖകഠം മുതലായവ) ഒട്ടാകെയുള്ള ബഡ്ജററ് ലഭിക്കത്തക്കവിധം അവയെ ഏകീകരിക്കുകയും, ഏകീകരിച്ച ബഡ്ജററുരേഖ അഹ്മായ എക്സിക്യൂട്ടീവ്കമ്മിററിയ്ക്കോ മന്ത്രിസഭയ്ക്കോ സമപ്പിക്കുകയും ചെയ്യുന്നു.

നിലവിലുള്ള ബഡ്ജററ് നടപ്പിലാക്കുന്നതു് പരിശോധി ച്ചുകൊണ്ടാണു് പുതിയ ബഡ്ജററ് സാധാരണ തയ്യാറാക്കുക. സാമ്പത്തികവഷംമുതല്ക്കു് കഴിഞ്ഞിടത്തോളംകാലത്തെ പ്രവർത്ത നങ്ങളെയും ബാക്കിയുള്ളകാലത്തു് നടക്കാതിരിക്കുന്ന പ്രവർത്തന ങ്ങളെയും വേർതിരിച്ചു പരിശോധിച്ചുകൊണ്ടാണിതു് സാധിക്കു ന്നതു്.

സംരംഭങ്ങളും സ്ഥാപനങ്ങളും മന്ത്രികാര്യാലയങ്ങളും വകു പ്പുകളും സമപ്പിക്കുന്ന സാമ്പത്തികപദ്ധതികളെയും എസ്റ്റിമേററു കളെയും ധനകാര്യാസൂത്രണക്കാർ പരിശോധിക്കുന്നു. ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന വരുമാനങ്ങളും വരവിനും ചിലവിനുമുള്ള അടി സ്ഥാനങ്ങളായ നിക്ഷേപങ്ങളും അദ്ധ്വാനലക്ഷ്യങ്ങളും ശരിയായി ട്ടുണ്ടോ എന്നും നീതീകരിക്കത്തക്കതാണോ എന്നുമാണു് അവർ നോക്കുക. താഴെ പറയുന്നവിധത്തിലാണു് ബഡ്ജററിന്റെ ക രട്ടു് തയ്യാറാക്കുന്ന ജോലി പുരോഗമിക്കുന്നതു്. യു. എസ്സ്. എസ്സ്. ആർ. മന്ത്രികാര്യാലയങ്ങളും വകുപ്പുകളും സമപ്പിക്കുന്ന കരടുസാ മ്പത്തികപദ്ധതികളുടെയും മതിപ്പുകളുടെയും അടിസ്ഥാനത്തിൽ യു. എസ്സ്. എസ്സ്. ആർ. ധനകാര്യവകുപ്പ് യൂണിയൻബഡ്ജ ററിന്റെ കരട്ടു് തയ്യാറാക്കുന്നു. മന്ത്രികാര്യാലയങ്ങളുടെയും വകു പ്പുകളുടെയും പ്രതിനിധികളും ധനകാര്യവകുപ്പുപ്രതിനിധികളും കൂടി ഈ കരടുബഡ്ജററ് പരിശോധിക്കുന്നു.

അഖിലയൂണിയൻ, കേന്ദ്ര ട്രേഡ്‌യൂണിയൻ കൗൺസിലുമായി ആലോചിച്ചുകൊണ്ടു്, യൂണിയൻ ധനകാര്യവകുപ്പ് സോഷ്യൽ ഇൻഷൂറൻസ്ബഡ്ജററിന്റെ കരടും പരിശോധനയ്ക്കു് വിധേയ മാക്കുന്നു. അപ്രകാരംതന്നെ യൂണിയൻറിപ്പബ്ലിക്കുകളുടെ പ്രതി നിധികളുമൊത്തു് റിപ്പബ്ലിക്കൻ ബഡ്ജററുകളും യൂണിയൻ ധന കാര്യവകുപ്പു് പരിശോധിക്കുന്നു.

യൂണിയൻ ബഡ്ജററ്, യൂണിയൻ റിപ്പബ്ലിക്കൻ ബഡ്ജ ററുകാം, സോഷ്യൽ ഇൻഷൂറൻസ് ബഡ്ജററ് എന്നിവയുടെ കരട്ടുകളുടെ അടിസ്ഥാനത്തിലാണു് യു. എസ്സ്. എസ്സ്. ആർ.

കരടുബഡ്ജററ് തയ്യാറാക്കുന്നതു്. പിന്നീടതു് യു. എസ്സ്. എസ്സ്. ആർ. മന്ത്രിസഭയ്ക്കു് സമപ്പിക്കപ്പെടുന്നു.

## സ്റ്റേയിററ് ബഡ്ജററിൻെറ അംഗീകാരം

ഒരേവിധത്തിലാണു് യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ് ബഡ്ജററും റിപ്പബ്ലിക്കൻ ബഡ്ജററുകളും പ്രാദേശികബഡ്ജററുകളും അംഗീകരിക്കപ്പെടുന്നതു്. യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ്ബഡ്ജററിൻെറ കരടുപകർപ്പ് ധനകാര്യവകുപ്പ് ഗവമ്മെണ്ടിനും മന്ത്രിസഭയ്ക്കും സമപ്പിക്കുന്നു.

ഈ കരടുബഡ്ജററിനെപ്പററിയും അതു സംബന്ധിച്ചുള്ള സ്റ്റേയിററ് പ്ലാനിങ്ങ്കമ്മീഷൻെറ പ്രമേയത്തെപ്പററിയും യു. എസ്സ്. എസ്സ്. ആർ. മന്ത്രിസഭ ആലോചിക്കുകയും സാമ്പത്തിക പദ്ധതികളും എസ്റ്റിമേററുകളും സംബന്ധിച്ച് മന്ത്രികാര്യാലയങ്ങളും വകുപ്പുകളും തമ്മിൽ ഉണ്ടാകാൻ ഇടയുള്ള അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു. റിപ്പബ്ലിക്കൻ ബഡ്ജററുകളും, സോഷ്യൽ ഇൻഷൂറൻസ് ബഡ്ജററും ഇപ്രകാരമുള്ള പരിഗണനയ്ക്കു് വിധേയമാക്കപ്പെടുന്നതാണു്. ഗവമ്മെണ്ടു് അംഗീകരണത്തിനുശേഷം, ബഡ്ജററ് യു. എസ്സ്. എസ്സ്. ആർ. സുപ്രീം സോവിയററിൻെറ മുമ്പാകെ സമപ്പിക്കപ്പെടുന്നു.

സുപ്രീംസോവിയററിലെ യൂണിയൻ സോവിയററിൻേറയും ദേശീയവിഭാഗങ്ങളുടെ സോവിയററിൻേറയും പ്രതിനിധികളടങ്ങിയ സ്ഥിരം ബഡ്ജററ്കമ്മീഷനുകളാണു് ബഡ്ജററിനെപ്പററി ആദ്യമായി ആലോചന നടത്തുന്നതു്.

തങ്ങളുടെ സാമ്പത്തികപദ്ധതികളേയും എസ്റ്റിമേററുകളേയും പററി യു. എസ്സ്. എസ്സ്. ആർ. മന്ത്രികാര്യാലയങ്ങളും വകുപ്പുകളും സമപ്പിക്കുന്ന റിപ്പോർട്ടുകളും വരുമാനങ്ങളേയും ചിലവുകളേയും പററി യൂണിയൻ റിപ്പബ്ലിക്കൻ മന്ത്രിസഭകളും സോഷ്യൽ ഇൻഷൂറൻസ് ബഡ്ജററിനെപ്പററി കേന്ദ്ര ട്രേഡ്യൂണിയൻ കൗൺസിലും നല്കുന്ന റിപ്പോർട്ടുകളും ബഡ്ജററ്കമ്മീഷനുകൾ പരി

ശോധിക്കുകയും അവയുടെ തീരുമാനങ്ങളും ശിപാർശികളും യു. എസ്സ്. എസ്സ്. ആർ. സുപ്രീംസോവിയററിനു് സമർപ്പിക്കുകയും ചെയ്യുന്നു.

സ്റ്റെയിററ്ബഡ്ജററ്സംബന്ധിച്ചു് യു. എസ്സ്. എസ്സ്. ആർ. മന്ത്രിസഭ നല്കുന്ന റിപ്പോർട്ടും ബഡ്ജററ്കമ്മീഷനുകളുടെ പ്രമേയവും ബഡ്ജററ് ആലോചനാസമയത്തു് സുപ്രീംസോവിയററിലെ ഡെപ്യൂട്ടിമാരിൽനിന്നു വരുന്ന നിർദ്ദേശങ്ങളും സുപ്രീംസോവിയററ് പരിഗണിക്കുന്നതാണു്. ജനാധിപത്യാടിസ്ഥാനത്തിലാണു് ബഡ്ജററിനെപ്പററി ചർച്ചനടക്കുക. മന്ത്രികാര്യാലയങ്ങൾ വകുപ്പുകൾ, സംരംഭങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ കീഴിലുള്ള സാമ്പത്തികവും ധനകാര്യപരവുമായ പ്രവർത്തനങ്ങൾ, ഉല്പാദനം എന്നിവ പരിപൂർണ്ണമായും പരിശോധിക്കപ്പെടുന്നു. അടുത്ത കൊല്ലത്തേയ്ക്കുള്ള യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിററ്ബഡ്ജററ് നടപ്പ്സാമ്പത്തികവഷത്തിൻെറ അവസാനത്തിലാണു് അംഗീകരിക്കപ്പെടുന്നതും അതിനു് നിയമപ്രാബല്യം സിദ്ധിക്കുന്നതും.

യു. എസ്സ്. എസ്സ്. ആർ. സുപ്രീംസോവിയററ് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നു:

a) സ്റ്റെയിററ്ബഡ്ജററുവരുമാനം ഒരു സംഖ്യ എന്ന നിലയിൽ അംഗീകരിക്കുന്നു. എന്നാൽ പ്രധാന വരുമാനമാർഗ്ഗങ്ങളെ ഇനങ്ങളായി തിരിക്കുന്നു. (ഗവണ്മെണ്ടു് അധീനത്തിലുള്ളവയും സഹകരണസംഘങ്ങളുടെ കീഴിലുള്ളവയുമായ സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനങ്ങൾ) അപ്രകാരംതന്നെ ചിലവുകളേയും ഇനങ്ങളായി തരംതിരിക്കുന്നു. (സാമ്പത്തിക—സാമൂഹ്യ—സാംസ്കാരിക വികസനത്തിനുള്ള ചിലവുകൾ, രാജ്യരക്ഷ, ഭരണച്ചിലവ് മുതലായവ)

b) യൂണിയൻബഡ്ജററിനെ പ്രത്യേകം അംഗീകരിക്കുന്നു.

c) ഓരോ യൂണിയൻ റിപ്പബ്ലിക്കിൻേറയും സ്റ്റെയിററുബഡ്ജററിലെ മൊത്തവരുമാനത്തേയും മൊത്ത ചിലവിനേയും അംഗീകരിക്കുന്നു.

d) അഖിലയൂണിയൻ സ്റ്റെയിററ് നികുതികളിൽനിന്നും ആദായനികുതികളിൽനിന്നും യൂണിയൻ റിപ്പബ്ലിക്കുകളുടെ ബഡ്ജററിലേയ്ക്കുള്ള കിഴിവുകളെ (വിഹിതം) അംഗീകരിക്കുന്നു.

യൂണിയൻ റിപ്പബ്ലിക്കുകളുടെ മന്ത്രിസഭകൾ അംഗീകരിച്ച റിപ്പബ്ലിക്കൻ കരടുബഡ്ജററുകൾ അംഗീകരണാർത്ഥം റിപ്പബ്ലിക്കുകളുടെ സുപ്രീം സോവിയററുകൾക്ക് സമപ്പിക്കപ്പെടുന്നു.

ഓരോ യൂണിയൻ റിപ്പബ്ലിക്കിൻെറയും സുപ്രീംസോവിയററ് കരടുബഡ്ജററിനെപ്പററി ആലോചിക്കുന്നു. അതേയവസരത്തിൽത്തന്നെ ബന്ധപ്പെട്ട റിപ്പബ്ലിക്കിൻെറ മന്ത്രിസഭയ്ക്കുവേണ്ടി ധനകാര്യമന്ത്രിയും ബഡ്ജററുകമ്മീഷനും നല്കുന്ന റിപ്പോർട്ട് റിപ്പബ്ലിക്കൻ സുപ്രീംസോവിയററ് കേൾക്കുന്നു. ബഡ്ജററുകമ്മീഷൻെറ നിഗമനങ്ങളെപ്പററിയും ബഡ്ജററിനെപ്പററിയുള്ള ചർച്ച നടക്കുന്നയവസരത്തിൽ ഡെപ്യൂട്ടിമാർ നല്കുന്ന നിർദ്ദേശങ്ങളെപ്പററിയും സുപ്രീംസോവിയററ് പരിഗണിക്കുന്നു. അതെയവസരത്തിൽത്തന്നെ ബന്ധപ്പെട്ട റിപ്പബ്ലിക്കിൻെറ മന്ത്രിസഭയ്ക്കുവേണ്ടി ധനകാര്യമന്ത്രിയും ബഡ്ജററുകമ്മീഷനും നല്കുന്ന റിപ്പോർട്ട് റിപ്പബ്ലിക്കൻ സുപ്രീംസോവിയററ് കേൾക്കുകയും ചെയ്യുന്നു. ബഡ്ജററുകമ്മീഷൻെറ നിഗമനങ്ങളെപ്പററിയും ബഡ്ജററു ചർച്ച്ചെയ്യപ്പെടുമ്പോൾ ഡെപ്യൂട്ടിമാർ ഉന്നയിക്കുന്ന നിർദ്ദേശങ്ങളെപ്പററിയും സുപ്രീംസോവിയററ് പരിഗണിക്കുന്നു. ഡെപ്യൂട്ടിമാരുടെ വിശദമായ ബഡ്ജററുചർച്ച, ബഡ്ജററുവരുമാനത്തെപ്പററിയും ചിലവിനെപ്പററിയും ഭേദഗതികളവതരിപ്പിക്കുവാനുള്ള അവകാശം, വാദപ്രതിവാദത്തിനു നല്കുന്ന പ്രചുരപ്രചാരം എന്നിവ സോവിയററ് ബഡ്ജററുസമ്പ്രദായത്തിൻെറ ജനാധിപത്യസ്വഭാവത്തിനു ഉറപ്പുനല്കുന്നു.

റിപ്പബ്ലിക്കുകളുടെ സുപ്രീംസോവിയററുകൾ തങ്ങളുടെ ബഡ്ജററുകളെപ്പററി പര്യാലോചിക്കുമ്പോൾ, യൂണിയൻ സുപ്രീംസോവിയററ് തങ്ങൾക്ക് വ്യവസ്ഥചെയ്തിട്ടുള്ള വരുമാനങ്ങളുടെയും ചിലവുകളുടെയും തുകകളിൽ ഭേദഗതിവരുത്തുന്നതിന്നാവ

ശ്യപ്പെട്ടവാൻ റിപ്പബ്ലിക്കൻ സുപ്രീംസോവിയററുകാംക്കവകാശ മുണ്ട്. പക്ഷെ അഖിലയൂണിയൻ ആദായങ്ങളിൽനിന്നും നികുതി കളിൽനിന്നും റിപ്പബ്ലിക്കകാംക്കനുവദിച്ചിട്ടുള്ള വിഹിതങ്ങളിൽ മാററം വരുത്താവുന്നതല്ല. റിപ്പബ്ലിക്കൻ ബഡ്ജററുകാം നട പ്പിലാക്കുമ്പോാം പദ്ധതിസംഖ്യയിൽ കൂടുതൽ വരുമാനമുണ്ടാകുന്ന പക്ഷം അതു് റിപ്പബ്ലിക്കുകളുടെ ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്കും സാമൂഹ്യ–സാംസ്കാരിക വികസനത്തിനുംവേണ്ടി ഉപയോഗി ക്കപ്പെടുന്നതാണ്.

യൂണിയൻ റിപ്പബ്ലിക്കിൻെറ സുപ്രീംസോവിയററ് താഴെ പറയുന്നവ അംഗീകരിക്കുന്നു:

a) യൂണിയൻ റിപ്പബ്ലിക്കിൻെറ വരുമാനത്തെ ഒരു സം ഖ്യയെന്ന നിലയിൽ അംഗീകരിക്കുന്നു; എന്നാൽ പ്രധാന വരു മാനമാർഗ്ഗങ്ങളെ ഒരു സംഖ്യയെന്ന നിലയിൽ ഇനംതിരിച്ചു കാട്ടുന്നു; ചിലവുകളെയും ഒരു സംഖ്യയെന്നനിലയിൽ അംഗീകരി ക്കുന്നു. എന്നാൽ ദേശീയ സമ്പദ്‌വ്യവസ്ഥ, സാമൂഹ്യ–സാംസ്കാ രികാവശ്യങ്ങാം, ഭരണനിർവ്വഹണം, നീതിന്യായം എന്നിവയ്ക്കുള്ള ചിലവുകളെ ഇനംതിരിച്ചുകാണിക്കുന്നു.

b) യൂണിയൻ റിപ്പബ്ലിക്കിൻെറയും ആട്ടോണമസ് റിപ്പ ബ്ലിക്കുകളുടെയും പ്രദേശങ്ങളുടെയും ബഡ്ജററിലെ വരുമാനത്തെ യും ചിലവുകളെയും അംഗീകരിക്കുന്നു.

c) അഖിലയൂണിയൻ സ്റ്റെയിററുവരുമാനത്തിൽനിന്നും നി കുതികളിൽനിന്നും പ്രാദേശികബഡ്ജററുകാംക്കുള്ള വിഹിതത്തെ അംഗീകരിക്കുന്നു.

d) ബഡ്ജററ് പ്രാവർത്തികമാക്കുന്നവരുടെ പക്കലുള്ള റൊക്കം കയ്യിരുപ്പിനെ അംഗീകരിക്കുന്നു.

റിപ്പബ്ലിക്കുകളുടെ കീഴിലുള്ള പ്രദേശങ്ങാം, മേഖലകാം, നഗരങ്ങാം എന്നിവയുടെ ബഡ്ജററുകളും ഇതേവിധത്തിൽതന്നെ അംഗീകരിക്കപ്പെടുന്നു. എക്സിക്യൂട്ടീവ് കമ്മിററിയുടെ റിപ്പോർട്ടി ൻെറയും ബഡ്ജററ്കമ്മീഷൻെറ നിഗമനങ്ങളുടെയും അടിസ്ഥാ

നത്തിൽ പ്രാദേശിക സോവിയററ് ബഡ്ജററിനെപ്പററി ആലോചിക്കുകയും പ്രാദേശിക ബഡ്ജററ്ചച്ചാവേളയിൽ പൊന്തിവരുന്ന, ഡെപ്യൂട്ടികളുടെ നിർദ്ദേശങ്ങരം, പരിഗണിക്കപ്പെടുകയും ചെയ്യുന്നു.

ഇപ്രകാരംതന്നെയാണ് ജില്ലാ–പട്ടണ–ഗ്രാമസോവിയററുകളും അവയുടെ ബഡ്ജററുകളെപ്പററി പര്യാലോചന നടത്തുന്നതു്. ജില്ലാ സാമ്പത്തികവകുപ്പ് തയ്യാറാക്കിയ കരടുബഡ്ജററ് ജില്ലാ സോവിയററിൻെറ എക്സിക്യൂട്ടീവ് കമ്മററിയ്ക്കു സമപ്പ്പിക്കുന്നു. ഈ എക്സിക്യൂട്ടീവ് കമ്മററിയാകട്ടെ, പ്ലാനിങ്ങ്കമ്മീഷൻെറ ശുപാശികളുടെ അടിസ്ഥാനത്തിലും വില്ലേജ്–പട്ടണ സോവിയററ് എക്സിക്യൂട്ടീവ് കമ്മററികളുടെ അദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യത്തിലും കരടുബഡ്ജററിനെപ്പററി പര്യാലോചന നടത്തുന്നു. കരടുബഡ്ജററിനെപ്പററി അഭിപ്രായവ്യത്യാസമുണ്ടായാൽ അതു് എക്സിക്യൂട്ടീവ്കമ്മററിയോ അല്ലെങ്കിൽ പ്രത്യേകം നിയുക്തമാകുന്ന കമ്മീഷനോ പരിഹരിക്കുന്നതാണ്. ബഡ്ജററ്ചച്ചാവേളയിൽ ഉന്നയിക്കപ്പെടുന്ന ഭേദഗതികളോടുകൂടി കരടുബഡ്ജററിനെ ജില്ലാ എക്സിക്യൂട്ടീവ്കമ്മററി ജില്ലാ സോവിയററിൻെറ മുമ്പിൽ സമപ്പ്പിക്കുന്നു.

ഈ കരടുബഡ്ജററ് ജില്ലാസോവിയററിൻെറ പരിഗണനയ്ക്കു വരുന്നതിനു മുമ്പ്, അതിനെപ്പററി ബഡ്ജററ്കമ്മീഷൻ പര്യാലോചിക്കുന്നതാണ്. ഈ കമ്മീഷനും ജില്ലാസോവിയററ് ഡെപ്യൂട്ടിമാരും നിർദ്ദേശിക്കുന്ന ഭേദഗതികരം പരിഗണിച്ചശേഷമാണ് ജില്ലാസോവിയററ് ആ ബഡ്ജററ് അംഗീകരിക്കുന്നതു്.

മേഖലാ, ജില്ലാ, പട്ടണ സോവിയററുകരം താഴെ പറയുന്നവയ്ക്കു് അംഗീകാരം നൽകുന്നു:

a) ജില്ലയിലെയോ പ്രദേശത്തെയോ ഒട്ടാകെയുള്ള വരുമാനം; എന്നാൽ പ്രധാന വരുമാനമാഗ്ഗങ്ങളെ ഇനംതിരിച്ചു കാണിക്കുന്നു.

ഒട്ടാകെയുള്ള ചിലവ്. എന്നാൽ പ്രാദേശിക സമ്പദ്വ്യവസ്ഥ, സാമൂഹ്യ-സാംസ്കാരികാവശ്യങ്ങൾ, പ്രാദേശികഭരണം എന്നിവക്കുള്ള ചിലവുകൾ ഇനംതിരിച്ചുകാണിക്കുന്നു.

b) അഖിലയൂണിയൻ സ്റ്റേയിററ് ആദായങ്ങളിൽനിന്നും നികുതികളിൽനിന്നും ജില്ലാസോവിയററിനോ ഗ്രാമസോവിയററിനോ നിശ്ചയിച്ചിട്ടുള്ള വിഹിതം അംഗീകരിക്കുന്നു.

c) റൊക്കം കയ്യിരുപ്പിനെ അംഗീകരിക്കുന്നു.

മേഖലാ (Region) ബഡ്ജററുകൾ മേഖലയുടെ കീഴിലുള്ള ജില്ലകളുടെയും നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും ബഡ്ജററുകൾ ഉൾക്കൊള്ളുന്നവയാണ്.

## സ്റ്റേയിററ് ബഡ്ജററ് നടപ്പിലാക്കൽ

യു. എസ്സ്. എസ്സ്. ആർ. സുപ്രീംസോവിയററ് അംഗീകരിച്ച യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ്ബഡ്ജററും യൂണിയൻ റിപ്പബ്ലിക്കുകളിലെ സുപ്രീംസോവിയററുകളംഗീകരിച്ച റിപ്പബ്ലിക്കൻ ബഡ്ജററുകളും നിയമപ്രാബല്യമുള്ളവയാണ്. ഗവമ്മെണ്ടിൻെറ എല്ലാ ഘടകങ്ങളും എല്ലാ സംരംഭങ്ങളും സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകളും സ്ഥാപനങ്ങളും അവക്കു് അംഗീകാരം നല്കുവാൻ കടപ്പെട്ടിരിക്കുന്നു.

യു. എസ്സ്. എസ്സ്. ആർ. ധനകാര്യവകുപ്പ്, യു. എസ്സ്. എസ്സ്. ആർ. മന്ത്രികാര്യലയങ്ങൾ, വകുപ്പുകൾ, റിപ്പബ്ലിക്കൻ മന്ത്രിസഭാകൌൺസിലുകൾ എന്നിവ മുഖേനയാണ് യു. എസ്സ്. എസ്സ്. ആർ. മന്ത്രിസഭ ബഡ്ജററ് നടപ്പിലാക്കുന്നതു്. ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള വരുമാനം ഉണ്ടാക്കുന്നതിനേയും ഉൽപാദന-സാമ്പത്തികലക്ഷ്യങ്ങൾ നിറവേററുന്നതിനു് ഉറപ്പുവരുത്തുന്ന വിധത്തിൽ വരുമാനങ്ങൾ നിർദ്ദിഷ്ടലക്ഷ്യങ്ങൾക്കു മാത്രമായി ചിലവു ചെയ്യുന്നതിനേയും ഇവ നിയന്ത്രിക്കുന്നു. ലഭ്യമായ വരുമാനങ്ങളേയും ചിലവുകൾക്കായുള്ള ധനവിനിയോഗത്തേയും യു. എസ്സ്. എസ്സ്. ആർ. ധനകാര്യവകുപ്പും അതിൻെറ സമിതികളും

നിയന്ത്രിക്കുന്നു. സാമ്പത്തികഘടകങ്ങളിൽനിന്നു് പണം സ്വീകരിക്കുന്ന വകുപ്പുകളുടേയും സംഘടനകളുടേയും കണക്കുകൾ ഈ സമിതികൾ പരിശോധിക്കുകയും പ്രവർത്തനപുരോഗതിക്കും പരിഷ്കാരത്തിനുമുള്ള ശിപാർശികൾ, ആവശ്യമുണ്ടെന്നു് തോന്നുന്ന പക്ഷം, നല്കുകയും ചെയ്യുന്നു.

ബഡ്ജററ് നടപ്പിലാക്കുന്നതിനിടയിൽ സംഘടനകളിൽനിന്നും സംരംഭങ്ങളിൽനിന്നും സമയം കഴിഞ്ഞിട്ടും പിരിയാത്തതും ബഡ്ജററിലേയ്ക്കു ചെല്ലേണ്ടതുമായ നികുതികളും മററും പിരിച്ചെടുക്കുവാനും മുമ്പു് അവയ്ക്കു നല്കിയിട്ടുള്ള പണം ദുരുപയോഗപ്പെടുത്തുകയോ, നിയമങ്ങളും ചട്ടങ്ങളും തെററിക്കുകയോ, ആസൂത്രിതപദ്ധതികൾ നിറവേററാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അവയ്ക്കുള്ള ധനസഹായം ചുരുക്കുകയോ നിർത്തുകയോ ചെയ്യുവാനും സാമ്പത്തികസമിതികൾക്കധികാരമുണ്ടു്. ബഡ്ജററിൽ ഇനംതിരിച്ചിട്ടുള്ള എല്ലാ ഉപവിഭാഗങ്ങൾക്കും സാമ്പത്തിക സമിതികൾ നീക്കിവെച്ചിട്ടുള്ള വരവും ചിലവും ഇനംതിരിച്ചു കൊണ്ടാണു് ബഡ്ജററ് പ്രാവർത്തികമാക്കുന്നതു്. ഏതു ബഡ്ജററിനും വരുമാനവും ചിലവും സംബന്ധിച്ചു് ഒരു നിർദ്ദേശം ഉണ്ടായിരിക്കും. ബന്ധപ്പെട്ട സാമ്പത്തിക സമിതികളുടെ തലവന്മാർ ആ നിർദ്ദേശം അംഗീകരിക്കുന്നു. ബഡ്ജററ് പ്രാവർത്തികമാക്കുന്നതിൽ ഈ നിർദ്ദേശം പ്രധാനമായ കർമ്മരേഖയാണു്. ബഡ്ജററ് നടപ്പിലാക്കുന്നതിനു് ഒരു വഴികാട്ടിയാണിതു്. ഇതു് വരവുകളേയും ചിലവുകളേയും നിയന്ത്രിക്കുന്നു.

റൊക്കം സംഖ്യയുടെ അടിസ്ഥാനത്തിലുള്ള ബഡ്ജററ പ്രവർത്തനം യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിററ് ബാങ്ക് മുഖേനയാണു് നിർവ്വഹിക്കപ്പെടുന്നതു്. സംരംഭങ്ങൾ, സംഘടനകൾ, ജനത എന്നിവയിൽനിന്നു് ഈ ബാങ്കിൻെറ ഘടകങ്ങൾ പണം സ്വീകരിക്കുകയും അങ്ങിനെ കിട്ടുന്ന പണം ബന്ധപ്പെട്ട ബഡ്ജററ കണക്കുകളിൽ വരവുവെച്ചുകൊണ്ടു് ബഡ്ജററുകൾക്കു് വിതരണം ചെയ്യുകയും ചെയ്യുന്നു. സംരംഭങ്ങൾ, സംഘടനകൾ,

സ്ഥാപനങ്ങരം എന്നിവയ്ക്കു ബാങ്ക് പണമനുവദിക്കുന്നതു് സാമ്പത്തികസമിതികരം നല്കുന്ന നിർദ്ദേശമനുസരിച്ചാണു്. യൂണിയൻ ബഡ്ജററിൻേറയും റിപ്പബ്ലിക്കൻ ബഡ്ജററുകളുടേയും വരവുചിലവുകളുടെ കണക്കുകരം സൂക്ഷിക്കുക, സ്റ്റേയിററ് വരുമാനത്തിൻേറയും നികുതികളുടേയും ഒരോഹരി റിപ്പബ്ലിക്കൻ പ്രാദേശിക ബഡ്ജററുകളിലേയ്ക്കു മാററുക, കൂലിനല്കാനുള്ള നിക്ഷേപത്തിൻെറ ഉപയോഗം, ഭരണനിർവ്വഹണച്ചിലവ്, ബഡ്ജററുപ്രവർത്തനംസംബന്ധിച്ച മററു പ്രവൃത്തികരം എന്നിവയുടെമേൽ നിയന്ത്രണം ചെലുത്തുക ഇത്യാദി കാര്യങ്ങളും ബാങ്ക് നിർവ്വഹിക്കുന്നു.

സ്റ്റേയിററു ബഡ്ജററ് നിധികളുടെ ഉപയോഗം നിയന്ത്രിക്കുന്നതു് യു. എസ്സ്. എസ്സ്. ആർ. ധനകാര്യമന്ത്രികാര്യാലയവും റിപ്പബ്ലിക്കൻ ധനകാര്യമന്ത്രികാര്യാലയങ്ങളും പ്രാദേശിക സാമ്പത്തിക സമിതികളുമാണ്. ബഡ്ജററ് നടപ്പാക്കുന്നതു് സംബന്ധിച്ച് ഇവ കണക്കുകരം സൂക്ഷിക്കുകയും റിപ്പോർട്ടു് തയ്യാറാക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ടുകരം ബന്ധപ്പെട്ട സ്റ്റേയിററ് അധികാരികരംക്കു്—മന്ത്രിസഭാകൌൺസിലുകളും സോവിയററുകളുടെ നിർവ്വാഹകസമിതികളും—സമർപ്പിക്കുന്നു. സ്റ്റേയിററ് ബഡ്ജററ് നടപ്പിലാക്കുന്നതു സംബന്ധിച്ച ഈ റിപ്പോർട്ടുകളെ യു. എസ്സ്. എസ്സ്. ആർ. സുപ്രീംസോവിയററിൻെറ ബഡ്ജററ് കമ്മീഷനുകരം പരിശോധിക്കുകയും അവയുടെ അഭിപ്രായങ്ങരം രേഖപ്പെടുത്തിക്കൊണ്ടു് യു. എസ്സ്. എസ്സ്. ആർ. സുപ്രീംസോവിയററിനു് സമർപ്പിക്കുകയും ചെയ്യുന്നു. യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ് ബഡ്ജററ് നടപ്പിലാക്കുന്നതുസംബന്ധിച്ച റിപ്പോട്ട് യു. എസ്സ്. എസ്സ്. ആർ. സുപ്രീംസോവിയററ് അംഗീകരിക്കുന്നു. റിപ്പബ്ലിക്കൻ പ്രാദേശിക ബഡ്ജററുകളുടെ നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ടുകരം അവയുമായി ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങരം അംഗീകരിക്കുന്നു. അടുത്ത കൊല്ലത്തേയ്ക്കുള്ള ബഡ്ജററുകളോടൊപ്പമാണു്, ബഡ്ജററ് നടപ്പിലാക്കുന്നതുസംബന്ധിച്ച, മേൽപ്പറഞ്ഞ റിപ്പോർട്ടുകരം അംഗീകരിക്കപ്പെടുന്നതു്.

## ഭാഗം മൂന്ന്

# വായ്പാസമ്പ്രദായത്തിന്റെ ഘടന

ആധുനികസമുദായത്തിന് ഒരു സാമ്പത്തികസമ്പ്രദായം മാത്രമല്ല ഒരു വായ്പാ (കടംകൊടുക്കൽ) സമ്പ്രദായവും ആവശ്യമുണ്ട്. സാമ്പത്തികസമ്പ്രദായത്തെപ്പോലെത്തന്നെ വായ്പാസമ്പ്രദായവും സാധനങ്ങളുടെ ഉല്പാദനവും പണസമ്പ്രദായവുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്നു.

I grasp that V. Posadligin will be a Marxian believer - by the reading of out of this book —

**അദ്ധ്യായം ഒന്നു്**

# വായ്പാസമ്പ്രദായത്തിന്റെ നിർവ്വചനം

വായ്പാസമ്പ്രദായത്തിന്റെ പങ്കിനെപ്പററിയും പ്രാധാന്യത്തെപ്പററിയും ഉള്ളടക്കത്തെപ്പററിയും വിവരിക്കുകയും ഈ സമുദായത്തിലൊ മറേറതെങ്കിലും സമുദായത്തിലൊ അതു് ഏതേതു് രൂപങ്ങൾ കൈക്കൊള്ളുന്നുണ്ടെന്നു് ഗ്രഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## വായ്പാസമ്പ്രദായമെന്താണു്?

വിപുലമായ തോതിൽ പ്രായോഗികമായി ഉപയോഗിക്കപ്പെടുന്ന ആ വാക്കിനെപ്പററി എളുപ്പമായ നിർവ്വചനം നിർദ്ദേശിക്കാതെത്തന്നെ, വായ്പ, സാധാരണമായി മനസ്സിലാക്കപ്പെട്ടതുപോലെ, ഒരു കടമൊ ബാധ്യതയൊ ആണെന്നു് പറയാം. ഒരു വായ്പയിലൊ ബാധ്യതയിലൊ അടങ്ങിയ സംഖ്യയല്ല പ്രധാനം; വായ്പ കൊടുക്കുന്ന കക്ഷിയും വാങ്ങുന്ന കക്ഷിയും തമ്മിൽ ഉത്ഭവിക്കുന്ന ബന്ധങ്ങളാണു്. ഈ ബന്ധങ്ങൾക്കു വ്യക്തമായും ഒരു സാമ്പത്തികബന്ധമുണ്ടു്. അതുകൊണ്ടു്, ഒരു വ്യക്തിയൊ, സംരംഭമൊ, രാജ്യമൊ, മടക്കിക്കൊടുക്കാമെന്ന വ്യവസ്ഥയിന്മേൽ, താല്ക്കാലികാവശ്യത്തിന്നായി, വേറെ മൂല്യങ്ങളിലേയ്ക്കു് തിരിയുമ്പോൾ ഉണ്ടാകുന്ന സാമ്പത്തികബന്ധങ്ങളെയാണു് കടം (വായ്പ) പ്രതിനിധീകരിക്കുന്നതെന്നു് പറയുകയായിരിക്കും കൂടുതൽ ശരിയാവുക. സാധാരണനിയമമെന്ന നിലയിൽ, കടംകൊടുക്കുന്നതു് ഒരുദ്ദേശം വെച്ചുകൊണ്ടാണു്—കടത്തിന്മേലുള്ള പലിശ.

ആർ ആക്ക കടം കൊടുക്കുന്നുവെന്നും ഏതു രൂപത്തിലും എന്തു വ്യവസ്ഥയിന്മേലും കൊടുക്കുന്നുവെന്നുമുള്ള കാര്യങ്ങൾ ജനങ്ങളുടേയും വർഗ്ഗങ്ങളുടേയും സാമ്പത്തികസ്ഥിതിയേയും സാമൂഹ്യ സമ്പ്രദായത്തേയും ആശ്രയിച്ചാണിരിക്കുന്നതു്. കടംസംബന്ധിച്ച ബന്ധങ്ങൾ ആധുനികസമുദായത്തിൽ വ്യാപകമാണു്. ബാങ്കുകളെപ്പോലെയുള്ള പ്രത്യേകസ്ഥാപനങ്ങൾ വായ്പകൾ നല്കുന്നതിനുണ്ടായിട്ടുണ്ടു്. മിക്കവാറും എല്ലാ രാജ്യങ്ങളിലും ഇങ്ങിനെയുള്ള അനേകം സ്ഥാപനങ്ങളുണ്ടു്. അതുകൊണ്ടു് വായ്പാസമ്പ്രദായത്തെ രണ്ടുവിധത്തിൽ വ്യാഖ്യാനിക്കാം: ഒന്നാമതായി വായ്പയുടെ സ്വഭാവമനുസരിച്ചു്; രണ്ടാമതായി വായ്പകൊടുക്കുന്ന പ്രത്യേക സ്ഥാപനങ്ങളുടെ ഒട്ടാകെയുള്ള സംഖ്യയനുസരിച്ചു്. വായ്പാ സമ്പ്രദായത്തിൻെറ പ്രഥമനിർവ്വചനമിങ്ങനെ വായിക്കാം: ഒരു പ്രത്യേക രാജ്യത്തിലെ ഒരു പ്രത്യേകസമുദായത്തിൽ സ്ഥാപിതമായ സാമ്പത്തികരൂപങ്ങളും വായ്പകൊടുക്കുന്ന മാർഗ്ഗങ്ങളും ചേർന്നതാണു് വായ്പാസമ്പ്രദായം.

രണ്ടാമത്തെ നിർവ്വചനമിങ്ങനെ വായിക്കാം: ഒരു പ്രത്യേക രാജ്യത്തിൽ ഒരു പ്രത്യേകസമയത്തു് അല്ലെങ്കിൽ പ്രത്യേകദശയിൽ പ്രവർത്തിക്കുന്ന വായ്പനല്കുന്ന സ്ഥാപനങ്ങളുടെ ആകത്തുകയാണു്—മൊത്തത്തിലുള്ളതാണു്—വായ്പാ സമ്പ്രദായം.

ആധുനിക ജനസമുദായങ്ങളിൽ (മുതലാളിത്ത—സോഷ്യലിസ്റ്റു്) ഏതെല്ലാം വായ്പാസമ്പ്രദായങ്ങളുണ്ടെന്നും കോളണിഭരണം വലിച്ചെറിഞ്ഞു് വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ വായ്പാസമ്പ്രദായമെങ്ങിനെ പ്രവർത്തിക്കുന്നുവെന്നും നമുക്കിനി പരിശോധിക്കാം.

## മുതലാളിത്ത രാജ്യങ്ങളിലെ വായ്പാസമ്പ്രദായം

എല്ലാ മുതലാളിത്തരാജ്യങ്ങളിലും രണ്ടു തരത്തിലുള്ള വായ്പകളുണ്ടു്—വ്യാപാരവായ്പയും ബാങ്ക് വായ്പയും. വ്യാപാരവായ്പ

യുടെ കാര്യത്തിൽ കൊടുക്കുന്നവൻ വാങ്ങുന്നവന്ന്, ഒരു പ്രത്യേക തീയതിക്ക് മടക്കിക്കൊടുക്കാമെന്ന വ്യവസ്ഥയിന്മേൽ, കടംകൊടുക്കുന്നു. ഈ കടം അനുവദിക്കുന്നതും വാങ്ങുന്നതും, മിക്ക സംഗതികളിലും, മുതലാളിമാർ തമ്മിലായിരിക്കും. വ്യവസായികൾ തങ്ങളുടെ സാധനങ്ങൾ വ്യാപാരികൾക്ക് കടമായി കൊടുക്കുന്നു. കച്ചവടക്കാർ ഈ സാധനങ്ങൾ പരസ്പരം കടംകൊടുക്കുന്നു. അവർ വ്യവസായികൾക്കും കടംകൊടുക്കുന്നു. അസംസ്കൃതസാധനങ്ങൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ പരസ്പരം കടംകൊടുത്തുകൊണ്ട്, ഈ രൂപത്തിലുള്ള വായ്പയെ വ്യവസായികൾ മിക്കപ്പോഴും ഉപയോഗപ്പെടുത്തുന്നു. മുതലാളിമാർ തമ്മിൽ സാധനങ്ങളുടെ രൂപത്തിലുള്ള വ്യാപാരപരമായ കടംകൊടുക്കൽ, മുതലാളിത്തസമുദായത്തിലെ വായ്പാസമ്പ്രദായത്തിൻെറ അടിസ്ഥാനമാണ്. എന്നിരുന്നാലും മുതലാളിത്തവായ്പാസമ്പ്രദായത്തിൻെറ രൂപം അതുമാത്രമല്ല. ബാങ്കിൽനിന്നുള്ള വായ്പയുടെ കാര്യത്തിൽ വായ്പ കൊടുക്കുന്നതു് മൂലധന(റൊക്കം)മായിട്ടാണ്. പണാധിപന്മാരായ—പണമൂലധനത്തിൻെറ ഉടമകളായ—മുതലാളിമാരോ ബാങ്കുകളോ ആണ് വ്യാപാര—വ്യവസായ മുതലാളിമാക്ക് കടംകൊടുക്കുന്നതു്.

പണമുതലാളിമാക്കു നേരിട്ടോ ബാങ്കുകൾമുഖേനയോ പണമൂലധനം വ്യവസായിക്കും വ്യാപാരിക്കും വായ്പയായി കൊടുക്കാവുന്നതാണ്. ബാങ്കുകൾമുഖേന പണമൂലധനം വായ്പയായി നല്കുന്നതിനെ ബാങ്ക്വായ്പയെന്നു പറയുന്നു. വൻകിട സാമ്രാജ്യത്തരാജ്യങ്ങളിലെ പ്രധാനമായ വായ്പാസമ്പ്രദായമാണിതു്. മുതലാളിത്തവായ്പാസമ്പ്രദായംകൊണ്ടുള്ള ഗുണം മുതലാളിമാക്കാണ്. മൂലധനത്തിൻെറ, പ്രത്യേകിച്ച് പണത്തിൻെറയോ വായ്പമൂലധനത്തിൻെറയോ ഗതിയുമായി(വളച്ച്, ശേഖരണം)ബന്ധപ്പെട്ടതാണിതു്. തങ്ങളുടെ സംരംഭങ്ങൾ വികസിപ്പിച്ചുകൊണ്ടും ഉല്പാദനം ത്വരിതപ്പെടുത്തിക്കൊണ്ടും തങ്ങളുടെ മൂലധനം വദ്ധിപ്പിക്കുവാൻ, വായ്പയായി വാങ്ങുന്ന പണം, മുതലാളിമാരെ സഹായിക്കുന്നു. തൊ

ഴിലാളിചൂഷണം ശക്തിപ്പെടുത്തിക്കൊണ്ടു് അവർ കൂടുതൽ ലാഭം അടിച്ചെടുക്കുന്നു. തൊഴിലാളികളുടെ ചിലവിൽ കൂടുതൽ പണക്കാരാകുവാൻ പരസ്പരവായ്പാസമ്പ്രദായം അങ്ങിനെ മുതലാളിമാക്കൊരു ഉപകരണമാകുന്നു. സാമ്രാജ്യത്തരാജ്യങ്ങളുടെ കയ്യിൽ വായ്പയായികിട്ടുന്ന പണം കോളണികളിലും ആശ്രിതരാജ്യങ്ങളിലുമുള്ള സമ്പത്തു് ഊററിയെടുക്കുന്നതിന്നു് മുതലാളിമാക്കു സഹായമാവുകയും അങ്ങിനെ കൊള്ളയടിയുടേയും വദ്ധിച്ച ചൂഷണത്തിൻെറയും ഉപകരണമാവുകയും ചെയ്യുന്നു.

അനേകം ബാങ്കുകളെയും കടംകൊടുക്കുന്ന മററു സ്ഥാപനങ്ങളെയും ഉൾക്കൊള്ളുന്നതാണു് ആധുനികമുതലാളിത്തരാജ്യങ്ങളിലെ വായ്പാസമ്പ്രദായം. മുടങ്ങിക്കിടക്കുന്ന പണമൂലധനത്തെയും ജനങ്ങളുടെ സ്വകാര്യാദായത്തിൻെറ ഒരു ഭാഗത്തെയും ഇവ ശേഖരിക്കുകയും ലാഭത്തിൻെറ അടിസ്ഥാനത്തിൽ കടംകൊടുക്കുകയും ചെയ്യുന്നു. ബാങ്കുകൾക്കു പുറമെ, കടംകൊടുക്കുന്ന വിവിധ സഹകരണസ്ഥാപനങ്ങൾ, നിക്ഷേപട്രസ്റ്റ്കൾ, സേവിങ്ങ്സ്ബാങ്കുകൾ, ഹുണ്ടികസ്ഥാപനങ്ങൾ എന്നിവയും വായ്പാസമ്പ്രദായത്തിൽ ഉൾപ്പെടുന്നു. മുതലാളിത്തസമുദായത്തിലെ വായ്പാസമ്പ്രദായം മുതലാളിമാരായ അധികാരിവഗ്ഗത്തിന്നു് കീഴ്പ്പെട്ടതും അവരുടെ താല്പര്യങ്ങളെ സേവിക്കുന്നതുമാണു്. ഈ സമ്പ്രദായം സാമ്രാജ്യത്തത്തിന്നു് കീഴിൽ വികസിക്കുകയും കടംകൊടുക്കുന്ന അനേകം സ്ഥാപനങ്ങൾ ഉണ്ടാവുകയും ചെയ്തിരിക്കുന്നു.

വായ്പകൊടുക്കുവാനുള്ള പണമൂലധനത്തിൻെറ സിംഹഭാഗവും വൻകിട ബാങ്കുകളുടെ പക്കൽ കേന്ദ്രീകരിച്ചിരിക്കുകയാണു്.

കുത്തകബൂഷ്വാസിക്കു് (ബാങ്കുടമകൾക്കു്) ഏററവുമധികം ലാഭമുണ്ടാക്കുകയെന്ന ഏക ഉദ്ദേശത്തോടുകൂടി വിവിധ പ്രവത്തനങ്ങൾ നടത്തുന്ന ശക്തമായ കുത്തകസ്ഥാപനങ്ങളാണു് ആധുനികമുതലാളിത്തബാങ്കുകൾ. ഈ ബാങ്കുകൾ താഴെ പറയുന്ന പ്രവത്തനങ്ങൾ നടത്തുന്നു:

a) കടംകൊടുക്കൽസംബന്ധിച്ച പ്രവൎത്തനങ്ങളിൽ ഇവ ഇടത്തട്ടുകാരാണു്; പണമുതലാളിമാരിൽനിന്നു് ഇവ പണംവാങ്ങി വ്യവസായികൾക്കും വ്യാപാരികൾക്കും വായ്പനൽകുന്നു.

b) സംഖ്യകൾ കൊടുക്കുന്ന ഘട്ടങ്ങളിൽ ഇടത്തട്ടുകാരായി വൎത്തിക്കുന്നു. മുതലാളിമാരുടെയും മററുടമസ്ഥന്മാരുടെയും പണം സൂക്ഷിച്ചു് അവൎക്കുവേണ്ടി പണം കടംകൊടുക്കുന്നു.

c) മുടങ്ങിക്കിടക്കുന്ന (Idle Money) മൂലധനമായി മാറുന്നു. സമുദായത്തിലെ വിവിധ ജനവിഭാഗങ്ങളുടെ ചെറിയ സമ്പാദ്യങ്ങളും ആദായങ്ങളും ശേഖരിക്കുകയും അതിനെ, പണമൂലധനരൂപത്തിൽ വ്യവസായികൾക്കും വ്യാപാരികൾക്കും കടംകൊടുക്കുകയും ചെയ്യുന്നു. അവരുടെ കയ്യിൽ ഈ വായ്പാധനം മൂലധനമായി മാറുന്നു.

പുറമെ, അനേകം ബാങ്കുകളെ പണം സൃഷ്ടിക്കുവാനും (ബാങ്ക്നോട്ടുകൾ പുറപ്പെടുവിക്കുവാൻ) അധികാരപ്പെടുത്തിട്ടുണ്ടു്.

കുത്തകമുതലാളിത്തത്തിനു് കീഴിൽ വൻകിട ബാങ്കുകൾ ഷെയറുകൾ (ഓഹരികൾ) വാങ്ങുകയും മററുള്ളവൎക്കു വില്ക്കുകയും ചെയ്യുന്നു. അതായതു് പുതിയ സംരംഭങ്ങളും ട്രാൻസ്പോർട്ടുസ്ഥാപനങ്ങളും വ്യാപാരക്കമ്പനികളും സംഘടിപ്പിക്കുന്നതിൽ പങ്കെടുക്കുന്നുവെന്നൎത്ഥം. ആധുനിക ബാങ്കുകൾ ഇങ്ങിനെ ശക്തിയുള്ള കുത്തകസ്ഥാപനങ്ങളായി മാറുകയും വമ്പിച്ച പണമൂലധനത്തിന്മേൽ സ്വാധീനമുളവായിത്തീരുകയും ചെയ്യുന്നു. സാമ്പത്തിക ജീവിതത്തിന്റെ കേന്ദ്രങ്ങളായും ഉല്പാദനോപകരണങ്ങളിൽ ഏററിയ കൂറിന്റേയും അസംസ്കൃതവിഭവമാൎഗ്ഗങ്ങളുടെയും ഉടമസ്ഥന്മാരായും ഈ ബാങ്കുകൾ പരിണമിക്കുന്നു. കുത്തകബാങ്കുകൾ അവയുടെ കൊള്ളയടിസ്വഭാവം ഏററവും നഗ്നമായി പ്രകടിപ്പിക്കുന്നതു് കോളണികളിലും ആശ്രിതരാജ്യങ്ങളിലുമാണു്. ഈ രാജ്യങ്ങളിലെ സമ്പത്തു് സ്വായത്തമാക്കുവാനും ഇവയിലെ ജനങ്ങളുടെ മേലുള്ള ചൂഷണം ശക്തിപ്പെടുത്തുവാനും ഈ ബാങ്കുകൾ തങ്ങളുടെ രാജ്യങ്ങളെ സഹായിക്കുന്നു.

മുതലാളിത്തലോകത്തിലെ കടംകൊടുക്കൽ സമ്പ്രദായം, തൊഴിലാളികളും മുതലാളിമാരും തമ്മിലുള്ളതും കോളണികളുള്ള രാജ്യങ്ങളും അവയുടെ കോളണികളും തമ്മിലുള്ളതുമായ വൈരുദ്ധ്യങ്ങൾ മൂർഛിപ്പിക്കുന്നുവെന്നാണിതെല്ലാം കാണിക്കുന്നത്.

സോഷ്യലിസ്റ്റ്രാജ്യങ്ങളിലെ വായ്പാസമ്പ്രദായം, മുതലാളിത്തരാജ്യങ്ങളിലുള്ളതിനെയപേക്ഷിച്ച്, തുലോം വ്യത്യസ്തമാണ്.

## സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ വായ്പാസമ്പ്രദായം

മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുകയൊ ശക്തിയുള്ള രാജ്യങ്ങൾ ആശ്രിതരാജ്യങ്ങളിലെ സമ്പത്ത് അടിച്ചെടുക്കുകയോ ചെയ്യുകയെന്ന അടിസ്ഥാനത്തിലുള്ള ബന്ധങ്ങളെയല്ല സോഷ്യലിസ്റ്റ്സമുദായത്തിലെ വായ്പാസമ്പ്രദായം വ്യക്തമാക്കുന്നത്. നേരെമറിച്ച്, ഉല്പാദനോപകരണങ്ങളുടെ കൂട്ടായ പൊതുഉടമാവകാശമെന്നതിൻെറ അടിസ്ഥാനത്തിലുള്ള ബന്ധങ്ങളെയാണ് വ്യക്തമാക്കുന്നത്. ഉല്പാദനവികസനത്തിനും സാമ്പത്തികജീവിതത്തിൻെറ എല്ലാ വശങ്ങളുടേയും പുരോഗതിക്കും വേണ്ടിയുള്ളവയാണ് ആ ബന്ധങ്ങൾ. സൗഹാർദ്ദപരമായ സഹകരണം, പരസ്പരസഹായം എന്നിവയാണ് ഈ ബന്ധങ്ങൾക്ക് നിദാനം. ഭൗതികസമ്പത്തിൻെറ വദ്ധിച്ചുവരുന്ന ഉല്പാദനാവശ്യങ്ങൾക്കനുസരിച്ച് സമ്പദ്വ്യവസ്ഥയിലെ ധനാഗമമാർഗ്ഗങ്ങൾ പുനർവിതരണം ചെയ്യുന്നതിന്നാണ സോഷ്യലിസ്റ്റ്ലോകത്തിലെ ആസൂത്രിതമായ വായ്പ ഉപയോഗപ്പെടുത്തുന്നത്. മുടങ്ങിക്കിടക്കുന്ന പണം ആവശ്യക്കാക്ക് കൊടുത്തുകൊണ്ടാണ്, ധനംസംബന്ധിച്ച, ഈ പുനർവിതരണം നിർവ്വഹിക്കപ്പെടുന്നത്. വായ്പ പലിശയോടുകൂടി തിരിച്ചടയ്ക്കേണ്ടതാണ്.

സാമ്പത്തികവികസനത്തിൻെറ വസ്തുനിഷ്ഠമായ വ്യവസ്ഥകൾ (സ്ഥിതി) അനുസരിച്ചാണ് വായ്പയ്ക്കുള്ള ആവശ്യം, സോഷ്യലിസത്തിനു കീഴിൽ, ഉത്ഭവിക്കുന്നത്. സംരംഭങ്ങളും സംഘടന

കളും സ്ഥാപനങ്ങളും നടത്തുന്ന സാമ്പത്തികവും ധനപരവുമായ പ്രവർത്തനങ്ങൾക്കിടയിൽ ഉണ്ടാകുന്നതും മുടങ്ങിക്കിടക്കുന്നതുമായ പണം താല്ക്കാലികമായി അവ പുറത്തുവിടുന്നു. കൂലികൊടുക്കുവാനും സാധനസാമഗ്രികൾ വാങ്ങുവാനുമുള്ള പണം ശേഖരിച്ചുകിടക്കുക, തയ്യാറുള്ള ഉല്പാദിതവസ്തുക്കൾ വിററഴിയുക, അവയുടെ പണം ഉപയോഗിക്കാതെകിടക്കുക എന്നിങ്ങിനെയുള്ള പരിത:സ്ഥിതികളിലാണ് മുടങ്ങിക്കിടക്കുന്ന പണം കൈവിടപ്പെടുന്നതു്. ഉല്പാദനത്തിൻെറ കാലികസ്വഭാവംമൂലം കാർഷികസഹകരണസംഘങ്ങളിലും മുടങ്ങിക്കിടക്കുന്ന പണം കാണപ്പെടുന്നുണ്ടു്. വിളവെടുപ്പിനു ശേഷമാണ് ആദായം ലഭിക്കുക. ചിലവുകളാകട്ടെ ക്രമേണയുള്ളവയും. സമ്പത്തുല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും ഇതു് ബാധകമാണ്; ചിലവിനെക്കാളധികം ബഡ്ജററുവരുമാനമുണ്ടാവുകയും റിസർവ്വുഫണ്ടുകളിലോ റൊക്കമായോ പണം ശേഖരിക്കപ്പെടുകയും ചെയ്യുമ്പോൾ, നേരെമറിച്ചു് ചില സ്ഥാപനങ്ങൾക്കു് ചിലപ്പോൾ പണം അത്യാവശ്യമായി വരുന്നു. കാലികമായ സ്റ്റോക്കു് ശേഖരിക്കുവാനും സാധനങ്ങൾ ധാരാളം വാങ്ങിവെയ്ക്കുവാനും ഉല്പാദനം വികസിപ്പിക്കുവാനുമാണ് പണം ആവശ്യമായി വരുന്നതു്.

ഇങ്ങിനെയുള്ള പരിതസ്ഥിതികളിൽ താല്ക്കാലികമായി മുടങ്ങിക്കിടക്കുന്ന പണം ആവശ്യക്കാർക്കു കൊടുക്കുവാൻ അനുവദിക്കുന്നതു് സ്വാഭാവികംമാത്രമാണ്. വായ്പമുഖേനയാണ് സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽ ഈ ചുമതല നിർവ്വഹിക്കപ്പെടുന്നതു്. സംരംഭങ്ങൾ, സ്ഥാപനങ്ങൾ, സാമ്പത്തികസമ്പ്രദായം എന്നിവയിലെ മുടങ്ങിക്കിടക്കുന്ന പണവും ജനങ്ങളുടെ റൊക്കം സമ്പാദ്യത്തിൻെറ ഒരു ഭാഗവും, സമ്പദ്‌വ്യവസ്ഥയെ പുരോഗമിപ്പിക്കുന്നതിനുവേണ്ടി, താല്ക്കാലികമായി, ഉപയോഗിക്കുവാൻ വായ്പാസമ്പ്രദായം അനുവദിക്കുന്നു. മുടങ്ങിക്കിടക്കുന്ന പണത്തെ, സമുദായത്തിൻെറ നന്മയ്ക്കുവേണ്ടി, സംരംഭങ്ങളും സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകളും താല്ക്കാലികമായി ഉപയോഗിക്കുന്ന ഒരു മാർഗ്ഗമായിരിക്കുന്നു വായ്പാസമ്പ്രദായം.

സോഷ്യലിസ്റ്റ്സമുദായത്തിൽ നിഷേധാത്മകമല്ലാത്ത ഒരു പങ്കാണ് വായ്പ വഹിക്കുന്നത്. ഉല്പാദനവികസനത്തിനുവേണ്ടി മുടങ്ങിക്കിടക്കുന്ന പണം ഉപയോഗിക്കുന്നതിനു് വായ്പാസമ്പ്രദായം അനുവദിക്കുന്നു. വായ്പാബന്ധങ്ങൾ സംരംഭങ്ങളുടെ സാമ്പത്തികപ്രവർത്തനങ്ങളിന്മേലുള്ള ധനപരമായ് നിയന്ത്രണം വർദ്ധിപ്പിക്കുകയും സാധനങ്ങളും അദ്ധ്വാനവും വരുമാനങ്ങളും എങ്ങിനെയുപയോഗിക്കുന്നുവെന്നു പരിശോധിക്കുവാൻ ബാങ്കുകൾക്കു് സൌകര്യം നല്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ്നിർമ്മാണത്തിൻെറ പ്രാരംഭഘട്ടത്തിൽ വ്യാപാരക്കടവും ബാങ്ക്കടവും ഉപയോഗപ്പെടുത്തുകയുണ്ടായി. ചില സംരംഭങ്ങളും സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകളും ഒരു നിശ്ചിതതീയതിക്കു പണം കൊടുക്കാമെന്ന വ്യവസ്ഥയിന്മേൽ, ബിൽസ് ഓഫ് എക്സ്ച്ചെയിഞ്ച്* കൊടുക്കുകയും വാങ്ങുകയും ചെയ്തുകൊണ്ടു്, മററുള്ളവയ്ക്കു് സാധനങ്ങൾ കൊടുക്കുന്നതിനെയാണ് വ്യാപാരക്കടമെന്നു പറയുന്നതു്. എന്നിരുന്നാലും അങ്ങിനെയുള്ള വായ്പയിൽ പണത്തിൻെറ അനാസൂത്രിതമായ പുനർവിതരണം അന്തർല്ലീനമായിട്ടുണ്ടു്; സംരംഭ-സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിന്മേലുള്ള ബാങ്ക്നിയന്ത്രണത്തെ അതു ക്ഷീണിപ്പിക്കുകയും സാമ്പത്തികാസൂത്രണത്തെ തടയുകയും ചെയ്യുന്നു. സോഷ്യലിസ്റ്റ് നിർമ്മാണത്തിൻെറ പിന്നീടുള്ള ഘട്ടങ്ങളിൽ, സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ വികസിക്കുകയും ആസൂത്രണം പുരോഗമിക്കുകയും ചെയ്തതോടുകൂടി, വ്യാപാരക്കടത്തിൻെറ സ്ഥാനത്തു് ബാങ്ക്കടം (വായ്പ)നിലവിൽവന്നു.

---

* സംരംഭങ്ങളും, സംഘടനകളും നല്കുന്ന പ്രോമിസ്സറിനോട്ടുകളാണ് (വാഗ്ദത്തപത്രങ്ങൾ) ബിൽസ് ഓഫ് എക്സ്ച്ചെയിഞ്ച്. അവ കൈമാററംചെയ്യപ്പെടാവുന്നവയും ബാങ്കുകൾ ഡിസ്കൌണ്ടുചെയ്തുകൊടുക്കുന്നവയുമാണ്. ബിൽസംഖ്യ ബാങ്കുകൾ റൊക്കമായി കൊടുക്കുമെന്നു സാരം.

ബാങ്ക്‌വായ്പ, ഗവമെന്റ്‌വായ്പ, അന്താരാഷ്ട്രീയവായ്പ, ഉപഭോക്താക്കളുടെ വായ്പ എന്നിവയാണ് വികസിച്ച സോഷ്യലിസ്റ്റ് സമുദായത്തിൽ ഉപയോഗപ്പെടുത്തുന്ന വായ്പയുടെ പ്രധാന രൂപങ്ങൾ. ബാങ്ക് കൊടുക്കുന്ന കടം ദീർഘകാലത്തേയ്ക്കുള്ളതും ഹ്രസ്വകാലത്തേയ്ക്കുള്ളതുമാകാം. തങ്ങളുടെ സമ്പത്തുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംരംഭങ്ങൾക്കും സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകൾക്കും ഒരു മാസം മുതൽ ഒരു കൊല്ലം വരെയുള്ള കാലഘട്ടത്തേയ്ക്ക് ബാങ്കുകൾ ഹ്രസ്വകാലവായ്പകൾ അനുവദിക്കുന്നു.

ഇങ്ങനെ കടംകൊടുക്കുന്ന സംഖ്യ—ഇതിനെ ചിലപ്പോൾ ഉപയോഗത്തിലിരിക്കുന്ന മുതലിന്മേലുള്ള വായ്പ എന്നും പറയാറുണ്ട്—പല കാരണങ്ങൾകൊണ്ടുമുണ്ടാകുന്ന താല്ക്കാലിക പണദൌർല്ലഭ്യം നികത്തുവാനും മററുമായി ഉപയോഗപ്പെടുത്തുന്നു. വായ്പാസംഖ്യ ഉപയോഗിക്കുന്നകാലത്തെ അടിസ്ഥാനമാക്കിയാണ് വായ്പാവ്യവസ്ഥകൾ നിർണ്ണയിക്കപ്പെടുന്നതു്.

സംരംഭങ്ങളുടെ പുന:സംഘടനയ്ക്കും പുതിയ ഉപകരണങ്ങൾ മുതലായവ ഏർപ്പെടുത്തുവാനുമായി ഒരു കൊല്ലത്തിലധികംകാലത്തേയ്ക്ക് സാധാരണമായി അനുവദിക്കുന്നതാണ് ദീർഘകാലവായ്പ.

സോഷ്യലിസത്തിനു് കീഴിൽ താഴെ പറയുന്ന തത്വങ്ങളനുസരിച്ചാണ് ബാങ്ക് കടം സംഘടിപ്പിക്കുന്നതും നടപ്പിലാക്കുന്നതും.

a) ഏതെങ്കിലും സംരംഭത്തിൻെറ പദ്ധതിയിൽ പറഞ്ഞിട്ടുള്ള നടവടികൾക്ക് ധനസഹായം നല്കുവാനാണ് ബാങ്ക് വായ്പ അനുവദിക്കുന്നതു്.

b) വായ്പ കൊടുക്കുന്നതു നേരിട്ടാണ്. ഏതെങ്കിലും സ്ഥാപനത്തിനു്.ബാങ്ക് നേരിട്ടു വായ്പ നല്കുന്നു.

c) കടം വാങ്ങിയ സംഖ്യ മടക്കിക്കൊടുക്കണം.

d) ഒരു പ്രത്യേക കാലഘട്ടത്തേയ്ക്കാണ് വായ്പ അനുവദിക്കുന്നതു്. ആ കാലഘട്ടത്തിൻെറ അവസാനത്തിൽ കടം തിരിച്ചടയ്ക്കുകയും വേണം,

e) ഒരു ഉദ്ദേശത്തിൻെറ അടിസ്ഥാനത്തിലാണ് കടമനുവദിക്കുന്നതു്. അതായതു് വാങ്ങിയ കടം പലിശയോടുകൂടി തിരിച്ചുകൊടുക്കണമെന്നത്ഥം. പലിശനിരക്കു് ഗവമ്മെണ്ടു് നിശ്ചയിക്കുന്നതാണ്.

ഗവമ്മെണ്ടും കടമെടുക്കുന്നു. കടമെടുക്കുന്ന സംഖ്യയുടെ അധികഭാഗവും ജനങ്ങളുടെ സമ്പാദ്യമാണ്. ഈ സംഖ്യ ജനങ്ങളുടെ നന്മയ്ക്കായി ഗവമ്മെണ്ടു് ഉപയോഗപ്പെടുത്തുന്നു. സേവിങ്ങ് സ്ബാങ്കുകളിൽക്കൂടി ജനങ്ങളുടെ നിക്ഷേപങ്ങറം സ്വീകരിച്ചുകൊണ്ടും ഗവമ്മെണ്ടു് കടപ്പത്രങ്ങറം പുറപ്പെടുവിച്ച് ജനങ്ങളെക്കൊണ്ടു് അവ വാങ്ങിപ്പിച്ചുകൊണ്ടുമാണ് ഇതിലേയ്ക്കുള്ള സംഖ്യകറം ഉണ്ടാക്കുന്നതു്.

വിദേശവ്യാപാരം, വ്യാപാരപരമല്ലാത്ത പ്രവത്തനങ്ങറം (ട്രാൻസ്പോർട്ടു് (ഗതാഗതം) ടൂറിസം (വിനോദയാത്ര) മുതലായവ) മുതലായവ നടവടികറംക്കിടയിൽ ഒരു രാജ്യം മറെറാരു രാജ്യത്തിനു് നല്കുന്ന വായ്പയാണ് അന്താരാഷ്ട്രീയ വായ്പ.

വ്യാപാരപരമായ കടംകൊടുക്കലാണ് സോഷ്യലിസ്റ്റ്രാജ്യങ്ങളിലെ ഉപഭോക്തൃവായ്പ. വ്യാപാരസംഘടനകറം ജനങ്ങറംക്കു് അനുവദിക്കുന്ന വായ്പയാണിതു്. ജനങ്ങറം വാങ്ങിക്കുന്ന തുണി, വീട്ടുസാമാനങ്ങറം മുതലായ ഉപഭോഗവസ്തുക്കറം സംബന്ധിച്ചുള്ളതാണ് ഈ വായ്പ. വാങ്ങുന്നവൻ വാങ്ങിയ സാധനത്തിൻെറ വില തവണകളായി കൊടുക്കുന്നു. അത്തരം കടംവീട്ടുന്നതുസംബന്ധിച്ചുള്ള വ്യവസ്ഥകറം ഗവമ്മെണ്ടു് ഉണ്ടാക്കിയിട്ടുണ്ടു്. സാധനം വാങ്ങിയതിൻെറ പണം, വാങ്ങുന്നവൻെറ കൂലിയിൽനിന്നു് കുറച്ച്, മാസഗഡുവുകളായി തിരിച്ചടയ്ക്കുന്നു.

സോഷ്യലിസ്റ്റ്സമുദായത്തിൽ എല്ലാ വായ്പാബന്ധങ്ങളും സമ്പദ്വ്യവസ്ഥയുടെ ആസൂത്രിതവികസനത്തിന്മേൽ അടിസ്ഥാനപ്പെടുത്തീട്ടുള്ളവയാണ്. അതുകൊണ്ടു് വായ്പാസമ്പ്രദായങ്ങളും ആസൂത്രിതമാണ്. ഗവമ്മെണ്ടിൻെറ വായ്പാസ്ഥാപനങ്ങറം കടംകൊടുക്കുന്നതുസംബന്ധിച്ച പദ്ധതികറം ആവിഷ്ക്കരിക്കുകയും നട

പ്പിലാക്കുകയും ചെയ്യുന്നു. ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കു ന്നതിനുവേണ്ടി, ആസൂത്രിതമായ വായ്പാസമ്പ്രദായത്തെ പ്രധാനവും ഉപയോഗപ്രദവുമായ ഉപാധിയായി ഗവമ്മെണ്ട് കാണുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. സ്റ്റേയിററ്ബാങ്ക്, സേവിങ്ങ്സ്ബാങ്കുകൾ, പണയം വാങ്ങുന്ന ഷാപ്പുകൾ എന്നിവയുൾപ്പെട്ടതാണ് സോഷ്യലിസ്റ്റ്രാജ്യങ്ങളിലെ വായ്പാസമ്പ്രദായം.

പണയഷാപ്പുകൾ ജനങ്ങൾക്ക് ജാമ്യത്തിന്മേൽ—ഈടിന്മേൽ—കടംകൊടുക്കുകയും കടംകൊടുക്കുന്ന സംഖ്യയിന്മേൽ പലിശ വാങ്ങുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ്രാജ്യങ്ങളിലെ കടംകൊടുക്കുന്ന സ്ഥാപനങ്ങൾ ഗവമ്മെണ്ട കുത്തകയും ഗവമ്മെണ്ട ഉടമയിലുള്ളവയുമാണ്. ജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടിയാണവ പ്രവത്തിക്കുന്നതു്. ഗവമ്മെണ്ടഭരണാധികാരത്തിന്റെ ഉയന്ന കേന്ദ്രഘടകങ്ങളാണ് വായ്പാസമ്പ്രദായത്തെ നടപ്പിലാക്കുന്നതും നിയന്ത്രിക്കുന്നതും.

സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്തുവാനും വികസിപ്പിക്കുവാനും സോഷ്യലിസ്റ്റ്നിമ്മാണം ത്വരിതപ്പെടുത്തുവാനും ജനങ്ങളുടെ ഭൌതികവും, സാംസ്കാരികവുമായ നിലവാരം ഉയത്തുവാനുമാണ് വായ്പാസമ്പ്രദായത്തേയും അതിന്റെ സ്ഥാപനങ്ങളേയും ഗവമ്മെണ്ട് ഉപയോഗപ്പെടുത്തുന്നതു്. വായ്പാസമ്പ്രദായമങ്ങിനെ സമുദായത്തെ സേവിക്കുകയും സമുദായത്തിന്റെ പുരോഗമനപരമായ വികാസത്തെ സഹായിക്കുകയും ചെയ്യുന്നു.

വികസിച്ചുവരുന്ന രാജ്യങ്ങളിലെ വായ്പാസമ്പ്രദായം മുതലാളിത്തരാജ്യങ്ങളുടേതിൽനിന്നും സോഷ്യലിസ്റ്റ്രാജ്യങ്ങളുടേതിൽനിന്നും വ്യത്യസ്തമാണ്.

## വികസിച്ചുവരുന്ന രാജ്യങ്ങളിലെ വായ്പാസമ്പ്രദായം

കോളണിപാരതന്ത്ര്യത്തിൽനിന്നു് അടുത്തകാലത്തു് വിമുക്തമായ രാജ്യങ്ങളിലെ വായ്പാസമ്പ്രദായത്തിനു്, അവയുടെ അവ

സാനിച്ചുപോയതും പ്രതിബന്ധാത്മകവുമായ പാരമ്പര്യംനിമി ത്തം, കോട്ടംതട്ടീട്ടുണ്ട്. കോളണിമർദ്ദനം നടമാടുന്ന ഘട്ടത്തിൽ ഈ രാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥയിൽ മേധാവിത്വംവഹിച്ചി രുന്നതു് മുതലാളിത്തവായ്പാസമ്പ്രദായത്തിൻെറ ആസൂത്രിതരൂപങ്ങ ളായിരുന്നു. കുത്തകബാങ്ക്‌വായ്പയും ഹുണ്ടികക്കാരുടെ വായ്പയും കെട്ടുപിണഞ്ഞതാണ് പ്രവർത്തിച്ചിരുന്നതു്. ഈ ഹുണ്ടികക്കാർ വായ്പകളിന്മേൽ വമ്പിച്ച പലിശയാണ് അദ്ധ്വാനിക്കുന്ന ജനങ്ങ ളിൽനിന്നു തട്ടിപ്പറിച്ചിരുന്നതു്. വിദേശപണമൂലധനവും വിദേ ശവായ്പാസ്ഥാപനങ്ങളും ഈ രാജ്യങ്ങളിലെ വായ്പാസമ്പ്രദാ യത്തിൽ മേധാവിത്വം വഹിച്ചിരുന്നു. ഈ രാജ്യങ്ങളിൽ ദേശീയ വായ്പാസ്ഥാപനങ്ങൾ മിക്കവാറും ഇല്ലെന്നുതന്നെ പറയാം. കോ ളണിവാഴ്ചയുടെ പാരമ്പര്യത്തിൽനിന്നു് വിമുക്തമാകുന്നതിനുവേ ണ്ടി അവ തങ്ങളുടെ മുൻ ഭരണാധികാരികളുടെ വായ്പാസ്ഥാപ നങ്ങളെ പുറത്താക്കുകയും സ്വതന്ത്രവും ദേശീയവുമായ ഒരു വാ യ്പാസമ്പ്രദായം പടുത്തുയർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ സമ്പ്രദായം വികസിക്കുന്നതോടുകൂടി, തങ്ങളുടെ സാമ്പത്തികവും സാംസ്കാരികവുമായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ജനതയെ വിദേശമൂലധനത്തിൽനിന്നും ബാങ്കുകളിൽനിന്നും നിശ്ശേഷം മോ ചിപ്പിക്കുന്നതിനും വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങൾക്കു് സാ ധിക്കുന്നതാണ്.

ഒരു ദേശീയവായ്പാസമ്പ്രദായം എങ്ങിനെ സൃഷ്ടിക്കാമെ ന്നു് മാലിറിപ്പബ്ലിക്കു് കാണിച്ചുതന്നിട്ടുണ്ടു്. മാലി (മുമ്പത്തെ ഫ്രഞ്ചു് സുഡാൻ) ഒരു കോളണിയായിരുന്നപ്പോൾ അതിൻെറ വാ യ്പാസമ്പ്രദായം തികച്ചും ഫ്രഞ്ചു്മൂലധനത്തിൻെറ സ്വാധീന ത്തിലും നിയന്ത്രണത്തിലുമായിരുന്നു. വായ്പനല്കാനുള്ള പ്രത്യേകം ഘടകങ്ങൾവഴി എല്ലാ ബാങ്കുകളേയും ഫ്രാൻസ് നിയന്ത്രിച്ചു. രാജ്യത്തു പ്രചരിച്ചിരുന്ന കറൻസിനോട്ടുകൾ പുറപ്പെടുവിച്ചിരു ന്നതു് ഒരു ഫ്രഞ്ച്ബാങ്കായിരുന്നു. തന്മൂലം ഈ ബാങ്കിനു് വമ്പി ച്ച ലാഭമാണ് ലഭിച്ചിരുന്നതു്. അനേകം ഫ്രഞ്ച്കോളനികൾ

സ്വാതന്ത്ര്യമായപ്പോൾ ഈ ബാങ്ക് മാറിയ പരിതസ്ഥിതികൾക്കനുസരിച്ച് അതിന്റെ പേരൊന്നു മാററി. മാലായിൽ കറൻസി പുറപ്പെടുവിച്ചിരുന്നത് ഈ ബാങ്കിന്റെ ഒരു പ്രത്യേക ഏജൻസിയായിരുന്നു. 1962 ജൂലായിവരെ ഇതു തുടൎന്നു. 1962 ജൂലായിൽ മാലിഗവമ്മെണ്ട് ഒരു പണപ്പരിഷ്ക്കാരം നടപ്പിലാക്കുകയും അതിന്റെ സ്വന്തം നാണയമായ മാലി ഫ്രാങ്ക് (.0036 ഗ്രാം ശുദ്ധസ്വൎണ്ണം) ഇറക്കുകയും ചെയ്തു. രാജ്യത്തിലേയ്ക്കു വിദേശകറൻസി ഒലിച്ചുകടത്തുന്നതു് ഇതോടെ അവസാനിച്ചു. മാലിയുടെ ദേശീയ ബാങ്ക് കറൻസിയും പുറപ്പെടുവിച്ചു. പണം പുറപ്പെടുവിക്കുവാനുള്ള കുത്തകാധികാരം ഈ ബാങ്കിനു് നല്കി. സ്വകാര്യബാങ്കുകളുടെ പ്രവൎത്തനം നിയന്ത്രിക്കുവാനും ഈ ബാങ്കിനെ ചുമതലപ്പെടുത്തി. ഫ്രഞ്ച്ബാങ്കിന്റെ കീഴിലായിരുന്ന കറൻസിനിയന്ത്രണം മാലീ ബാങ്കിന്റെ കീഴിലാക്കി.

താഴെ പറയുന്ന നിയന്ത്രണങ്ങളടങ്ങിയ ഒരു സമ്പ്രദായമാണ് കറൻസി നിയന്ത്രണം അല്ലെങ്കിൽ കറൻസി ഉപയോഗത്തിനുള്ള പരിധി.

1. വിദേശരാജ്യങ്ങളിലേയ്ക്കു് പണമടയ്ക്കുന്നതു് നിയന്ത്രിക്കുക. 2. സ്വൎണ്ണം, ബാങ്കുനോട്ടുകൾ, സെക്യൂരിററികൾ എന്നിവ പുറമേയ്ക്കയയ്ക്കുന്നതു് നിയന്ത്രിക്കുക. 3. വിദേശ കറൻസി സ്വതന്ത്രമായി വില്ക്കുന്നതും വാങ്ങുന്നതും നിരോധിക്കുക. 4. ഔദ്യോഗികവിനിമയത്തോതനുസരിച്ച് ഖജനാവുകളിലൊ സ്റ്റേയിററ് ബാങ്കിലൊ വിദേശകറൻസി മാററംചെയ്യുവാൻ, അതു് കൈവശം വെയ്ക്കുന്നവൎക്കു, കടപ്പാടുണ്ടാക്കുക.

വിദേശമൂലധനത്തിന്റെ തുളച്ചുകയററത്തിൽനിന്നു് റിപ്പബ്ലിക്കിനെ രക്ഷിക്കുവാനുള്ള പ്രധാനമാൎഗ്ഗമായിരുന്നു കറൻസിനിയന്ത്രണം മാലി സ്റ്റേയിററ്ബാങ്കിന്റെ അധീനത്തിലാക്കിയതു്. റിപ്പബ്ലിക്കിന്റെ ആഭ്യന്തരകാര്യങ്ങളിൽ വിദേശരാജ്യങ്ങൾ ഇടപെടുന്നതിനെ അതു തടഞ്ഞു. സ്റ്റേയിററ്ബാങ്ക് സംഘടിപ്പിക്ക

പ്പെട്ടപ്പോൾ ബഡ്ജററിൽനിന്നു് 1000000000 മാലി ഫ്രാങ്ക് ബാങ്കിനു് മൂലധനമായി മാററിവെച്ചു.

ഫ്രഞ്ച് കമ്മേർസിയൽ (വ്യാപാരപരമായ) ബാങ്കുകളുടെ പല ശാഖകളും മാലിയിൽ പ്രവത്തിക്കുന്നുണ്ടു്. എന്നിരുന്നാലും അവയെ മാലി സ്റ്റെയിററ്ബാങ്ക് കൂടുതലായി നിയന്ത്രിച്ചുവരുന്നു. മാലിയുടെ വകയായ കമ്മേർസിയൽ ബാങ്കുകളും പ്രവത്തിക്കുന്നുണ്ടു്. ദേശീയവികസനത്തിനുവേണ്ടി ആഭ്യന്തരവും വൈദേശികവുമായ ധനാഗമമാർഗ്ഗങ്ങൾ ശേഖരിക്കുകയാണവയുടെ ലക്ഷ്യം. കേന്ദ്ര കാഷികവായ്പാബാങ്കും രൂപീകരിക്കപ്പെട്ടിട്ടുണ്ടു്. മാലി ഗവമ്മേണ്ടിൻെറ വായ്പാനയമനുസരിച്ചു് ഈ ബാങ്കുകളും വായ്പാസമ്പ്രദായവും രാജ്യത്തിൻെറ സമ്പദ്വ്യവസ്ഥയേയും—പ്രധാനമായി കൃഷിയേയും വ്യവസായത്തേയും—ജനങ്ങളുടെ ആരോഗ്യത്തേയും സംസ്കാരത്തേയും ജനകീയ ഐക്യത്തേയും സാമ്പത്തികസ്വാതന്ത്ര്യത്തേയും പുരോഗമിപ്പിക്കുവാൻ സഹായിക്കുന്നു.

മാലി ഗവമ്മേണ്ടും സൂഡാനീസ് യൂണിയൻ പാർട്ടിയും സോഷ്യലിസം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവത്തനങ്ങളിൽ മുഴുകിയിരിക്കുകയാണു്.

വായ്പാസമ്പ്രദായം സൃഷ്ടിക്കുന്നതിലും അതുപയോഗപ്പെടുത്തുന്നതിലും സോവിയററ്യൂണിയനു് ലഭിച്ച പരിചയത്തെപ്പററി മനസ്സിലാക്കുന്നതു്, മാലിയുടെ പ്രധാന ചുമതലകൾ നിവ്വഹിക്കുന്നതിനു്, ആ രാജ്യത്തിനു് സഹായകമായിരിക്കും.

## അദ്ധ്യായം രണ്ട്

# സോവിയററ് വായ്പാസമ്പ്രദായം

സോവിയററ് വായ്പാസമ്പ്രദായം ദീഘ്ലവും കെട്ടുപിണഞ്ഞതുമായ വളച്ച്യയിൽക്കൂടിയാണ് പ്രയാണംചെയ്തിട്ടുള്ളതു്. രാജ്യത്തിൻെറ സമ്പദ്‌വ്യവസ്ഥ പുനരുദ്ധരിക്കപ്പെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് സോവിയററുവായ്പാസമ്പ്രദായം ഉടലെടുത്തതു്. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ അടിത്തറ പണിയുവാനും സോഷ്യലിസ്റ്റ്നിമ്മാണം ശക്തിപ്പെടുത്തുവാനും അതു് ജനങ്ങളെ സഹായിച്ചു. ഇന്നിപ്പോഠം കമ്മ്യൂണിസത്തിൻെറ ഭൌതികവും സാങ്കേതികവുമായ അടിസ്ഥാനം പണിയുന്നതിന്ന് ഗവമ്മെണ്ടും ജനങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്ന ഒരു ഉപകരണമാണതു്.

സോവിയററ് വായ്പാസമ്പ്രദായം എങ്ങിനെ സംഘടിപ്പിച്ചുവെന്നും സോഷ്യലിസത്തിൻെറ അടിസ്ഥാനം നിമ്മിക്കുന്നതിന്ന് അതിനെയെങ്ങിനെ ഉപയോഗപ്പെടുത്തിയെന്നും ഗ്രഹിക്കുന്നതു് രസാവഹമായിരിക്കും.

## ആ സമ്പ്രദായത്തിൻെറ രൂപീകരണം

പുതിയ സാമൂഹ്യവ്യവസ്ഥയോടൊപ്പമാണ് സോവിയററ് വായ്പാസമ്പ്രദായം നിലവിൽവന്നതു്; രാജ്യം പുരോഗമിച്ചതോടുകൂടി അതു് വളരുകയും നന്നാവുകയുംചെയ്തു. ആദ്യംമുതല്ക്കുതന്നെ ആ സമ്പ്രദായത്തിൽ, സാറിസ്റ്റ്റഷ്യയിലുണ്ടായിരുന്ന സമ്പ്രദായത്തെയപേക്ഷിച്ച്, അടിസ്ഥാനപരമായ വ്യത്യാസ

മുണ്ടായിരുന്നു. ആദ്യംതന്നെ ബാങ്കിങ്ങ് സമ്പ്രദായത്തിൽ മൌലികമായ മാററങ്ങൾ വരുത്തി. വൻകിട ബാങ്കുകളെക്കൂടാതെ സോഷ്യലിസം പടുത്തുയർത്തുവാൻ സാദ്ധ്യമല്ലെന്നു് ലെനിൻ പഠിപ്പിച്ചിരുന്നു. ഉല്പാദനവും വ്യാപാരവും നിയന്ത്രിക്കുവാനും പണപ്രചാരം ശക്തിപ്പെടുത്തുവാനും പുതിയ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ വളർത്തുവാനും ആവശ്യമായ സ്റ്റെയിററ് ഉപകരണമാണു് ബാങ്കുകളെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

രാജ്യത്തിൻെറ സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിച്ചുനിർത്തുവാനാണു് വൻകിട കുത്തകബാങ്കുകളെ റഷ്യൻ മൂലധനക്കാരും വിദേശമൂലധനക്കാരും ഉപയോഗിച്ചതു്.

ലെനിൻെറ നേതൃത്വത്തിലുണ്ടായിരുന്ന സോവിയററ് ഗവർമ്മെണ്ടിൻെറ ഏററവും പ്രധാനമായ ആദ്യത്തെ നടപടി സ്റ്റെയിററ് ബാങ്കിൻെറ ദേശവല്ക്കരണമായിരുന്നു. അതിനെത്തുടന്നു് എല്ലാ സ്വകാര്യ വ്യാപാരബാങ്കുകളും ദേശവല്ക്കരിക്കപ്പെട്ടു. ബാങ്കിങ്ങ് ഇടപാടു് ഗവർമ്മെണ്ടു് കുത്തകയാക്കി. ആർ. എസ്സ്. എഫ്. എസ്സ്. ആറിൽ പീപ്പിൾസ് ബാങ്ക് രൂപവല്ക്കരിച്ചു. മോസ്കോവിലെ പീപ്പിൾസ് കോഓപ്പറേററീവ് ബാങ്ക് നിലനിർത്തുകയും സഹകരണസംഘടനകളെ സഹായിക്കുവാൻ അതിനെ ചുമതലപ്പെടുത്തുകയുംചെയ്തു. പിന്നീടതിനെ ആർ. എസ്സ്. എഫ്. എസ്സ്. ആറിലെ പീപ്പിൾസ് ബാങ്കുമായി യോജിപ്പിക്കുകയും സ്വതന്ത്ര സഹകരണശാഖയായി വർത്തിക്കുവാൻ അനുവദിക്കുകയുംചെയ്തു. 1918_ൽതന്നെ ഈ ശാഖ 668 ദശലക്ഷം ഡോളർ പുതിയ വായ്പകളായി നല്കി. ഈ സംഖ്യയുടെ ഏകദേശം പകുതിയും ഉപഭോക്തൃസഹകരണസംഘങ്ങൾക്കാണു് നല്കിയതു്.

ദേശവല്ക്കരിക്കപ്പെട്ട സംരംഭങ്ങളെ സഹായിക്കുവാൻവേണ്ടി സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകളുടെയും തൊഴിലാളിസംഘടനകളുടെയും പ്രതിനിധികളടങ്ങുന്ന ഒരു ലോൺ ആൻറ് ഡിസ്കൌണ്ട് കമ്മററിയെ പീപ്പിൾസ് ബാങ്ക് രൂപീകരിച്ചു. ഉല്പാ

ദനാവശ്യങ്ങൾക്കു് വായ്പയും ധനവും നല്കുന്നതിനെയും കറൻറ് കണക്കിൽനിന്നു് പണം വാങ്ങുന്നതിനേയും ഈ കമ്മററി നിയന്ത്രിച്ചു.

ബൃഷ്പാസിയുടെ ധനശേഷി നിയന്ത്രിക്കുന്നതിനു് കറൻറ് കണക്കിൽനിന്നു് പണം വാങ്ങുന്നതു് നിയന്ത്രണാധീനമാക്കി. പണമെല്ലാം ബാങ്കുകളിലെ കറൻറ് കണക്കിലേയ്ക്കു് ചെന്നുചേരുവാനുള്ള നടപടികളും എടുക്കുകയുണ്ടായി.

ആഭ്യന്തരസമരപര്യവസാനത്തിനുശേഷമുണ്ടായ കേന്ദ്രപ്രശ്നം സമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിക്കുകയും സോഷ്യലിസ്റ്റു് സമ്പദ് വ്യവസ്ഥയ്ക്കു് ആവശ്യമായ കളം ഒരുക്കുകയുമായിരുന്നു. അക്കാലത്തെ വായ്പാസമ്പ്രദായത്തിൻെറ—പ്രധാനമായും ബാങ്കുകളുടെ—പ്രധാന ചുമതല ഗവർമ്മെണ്ടു് അധീനത്തിലുള്ളവയും സഹകരണാടിസ്ഥാനത്തിലുള്ളവയുമായ സംരംഭങ്ങൾക്കു് കടം കൊടുത്തു് അവയെ സ്വകാര്യ മുതലാളിത്തസംരംഭങ്ങളുമായുള്ള സമരത്തിൽ സഹായിക്കുകയെന്നതായിരുന്നു. ആ ചുമതലയുടെ ഒരു ഭാഗം അദ്ധ്വാനിക്കുന്ന കൃഷിക്കാക്കു് സാമ്പത്തികസഹായം നല്കലായിരുന്നു. വായ്പമുഖാന്തിരം ഗവർമ്മെണ്ടിൻെറയും സഹകരണപ്രസ്ഥാനത്തിൻേറയും വ്യാപാരം വികസിപ്പിക്കുകയും പട്ടണവും ഗ്രാമവും തമ്മിലുള്ള സാമ്പത്തികബന്ധവും തൊഴിലാളി–കൃഷക ഐക്യവും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടിയിരുന്നു.

അങ്ങിനെയുള്ള വായ്പാസമ്പ്രദായം സ്റ്റെയിററ്ബാങ്കിൻെറ കൈകളിൽ കേന്ദ്രീകരിക്കേണ്ടതുണ്ടായിരുന്നു. വ്യവസായം, കൃഷി, വ്യാപാരം, എന്നിവയുടെ വികാസത്തെ പുരോഗമിപ്പിക്കുവാനും പണമിടപാടു് നിയന്ത്രിക്കുവാനും ആരോഗ്യകരമായ പണപ്രചാരത്തിനുറപ്പുവരുത്തുവാനുള്ള മററു നടപടികൾ ഏപ്പെടുത്തുവാനും ഉദ്ദേശിച്ചുകൊണ്ടു് 1921 അവസാനത്തിൽ ആർ. എസ്സ്. എഫ്. എസ്സ്. ആറിൻെറ സ്റ്റെയിററുബാങ്കു് രൂപീകൃതമായി.

എന്നിരുന്നാലും പരിമിതമായ ശാഖകൾ മാത്രമുണ്ടായിരുന്ന സ്റ്റേയിററ്ബാങ്കിന്നു് ഈ ചുമതലകൾ മുഴുവനും നേരിടുന്നതിന്നു് കഴിവുണ്ടായില്ല. അതിൻെറ അനുബന്ധമായി അനേകം വായ്പാ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടിവന്നു. സ്റ്റേയിററ്ബാങ്കിന്നു് താഴെയുള്ള ഈ സ്ഥാപനങ്ങൾ ഈ ബാങ്കിൻെറ നേതൃത്വപരമായ പങ്കിന്നു് കോട്ടമൊന്നും വരുത്തിയില്ല.

പ്രത്യേകതരത്തിലുള്ള ബാങ്കുകളുടേതായ ഒരു സമ്പ്രദായത്തിൻെറ ആവിർഭാവത്തെ കുറിക്കുന്നതാണ് 1922_24 കാലഘട്ടം. ആദ്യമായി രൂപീകരിക്കപ്പെട്ടതു് (1922) കൺസ്യൂമേഴ്സ് കോഓപ്പറേറീവ് ബാങ്കായിരുന്നു. 1923_ൽ ഇതിനെ അഖില റഷ്യൻ കോഓപ്പറേററീവ് ബാങ്കായി പുന:സംഘടിപ്പിച്ചു. കമ്മേഴ്സ്യൽ ആൻറ് ഇൻഡസ്ട്രിയൽ ബാങ്ക്, ഉക്രേനിയൻ കോഓപ്പറേററീവ് ബാങ്ക്, റഷ്യൻ കമ്മേഴ്സ്യൽ ബാങ്ക് (വിദേശവ്യാപാരം വികസിപ്പിക്കുന്നതിന്നു് ഉത്തരവാദപ്പെട്ടതു്) എന്നിവ പ്രത്യേകതരം ബാങ്കുകളിൽ ഉൾപ്പെടുന്നു. 1924_ൽ ഈ കമ്മേഴ്സ്യൽ ബാങ്കിനെ യു. എസ്സ്. എസ്സ്. ആർ. ഫോറിൻ ടെയിഡ് ബാങ്കായി പുന:സംഘടിപ്പിച്ചു. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ക്രെഡിററ് (കടം) കോഓപ്പറേറീവ് സൊസൈററികൾക്കും പ്രവർത്തനസ്വാതന്ത്ര്യമനുവദിച്ചു. കൃഷിയും കൈത്തൊഴിലുകളും വികസിപ്പിക്കുന്നതിനുവേണ്ടി നാട്ടിൻപുറങ്ങളിൽ ക്രെഡിററ് സേവിങ്ങ്സ് സൊസൈററികൾ സ്ഥാപിക്കുവാനും അനുവാദം നല്കി.

ഗവമ്മെണ്ടുതലത്തിൽ കടംകൊടുക്കുവാൻ ഏർപ്പാടുകളുണ്ടാക്കിയതിനു പുറമെ, പരസ്പര വായ്പാസഹകരണസംഘങ്ങളുടെ ഒരു ശൃംഖലതന്നെ സൃഷ്ടിച്ചു. വായ്പ ആവശ്യമുള്ള ചെറുകിട ഉല്പാദകരെ ഈ സൊസൈററികളിൽ സംഘടിപ്പിച്ചു. മെമ്പർഷിപ്പ് ഫീസ്സും മെമ്പർമാർ സൊസൈററിയിൽ നിക്ഷേപിക്കുന്ന പണവും അനുവദിക്കപ്പെട്ട വായ്പകളിൽനിന്നു കിട്ടുന്ന പലി

ശയും ബാങ്ക്‌വായ്പയും ഗവമ്മെണ്ടിൽനിന്നുള്ള ധനസഹായവു മായിരുന്നു സൊസൈററിയുടെ മൂലധനം.

കരകൌശലക്കാരെയും ശില്പികളെയും മററും സഹായിക്കു ന്നതിനുവേണ്ടി ടൌൺക്രെഡിററ് സൊസൈററികൾ പട്ടണങ്ങ ളിലും സാധുകൃഷിക്കാക്കു സഹായം നല്കികൊണ്ട് അവരെ പണ ക്കാരായ അയൽപക്കക്കാരിൽ (സ്വകാര്യമുതലാളിമാർ) നിന്ന് വി മോചിപ്പിക്കുന്നതിനുവേണ്ടി കാഷിക ക്രെഡിററ് സൊസൈററി കൾ ഗ്രാമങ്ങളിലും സ്ഥാപിച്ചു. ഈ ക്രെഡിററ് സൊസൈററി കളോട് സഹകരിക്കുവാൻ പണക്കാരായ കൃഷിക്കാരെയും പ്രേരി പ്പിച്ചു. തന്മൂലം ഈ പണക്കാരായ കൃഷിക്കാർ സാധുകൃഷിക്കാക്കു നേരിട്ട് പണംകൊടുത്ത് ഉപദ്രവമുണ്ടാക്കുന്നതില്ലാതാക്കുവാൻ ക ഴിഞ്ഞു. സൊസൈററികളിൽ ചേന്ന പാവപ്പെട്ട കുഡുംബക്കാക്കു പല ആനുകൂല്യങ്ങളും അനുവദിക്കപ്പെട്ടു. അവരെ മെമ്പർഷിപ്പ് ഫീസ്സിൽനിന്ന് ഒഴിവാക്കുകയോ ചുരുങ്ങിയ ഫീസ്സ് കൊടുക്കുക യോ ചെറിയ തവണകളായി ആ ഫീസ്സ് അടയ്ക്കുവാൻ അനുവദി ക്കുകയോ ചെയ്തു.

കാഷികവായ്പാ സഹകരണസംഘങ്ങളുടെ വിപുലമായ വളച്ച, കൃഷിക്കാക്ക് എളുപ്പം വായ്പകിട്ടുന്നതിന് സൌകര്യമു ണ്ടാക്കുകയും നാട്ടിൻപുറങ്ങളിൽനിന്നു ചൂഷകന്മാരെ പുറത്താക്കു വാൻ സഹായിക്കുകയും ചെയ്തു. 1942ൽ സെൻട്രൽ അഗ്രികൾ ച്ചറൽബാങ്ക് (കേന്ദ്ര കാഷികബാങ്ക്) രൂപീകരിച്ചു. ഗവമ്മെണ്ട് വക പണം കൃഷിക്കാക്കു അനുവദിക്കുകയെന്നതായിരുന്നു ആ ബാ ങ്കിൻെറ ലക്ഷ്യം. ഉക്രെയിനിൽ ഒരു കാഷികബാങ്കും സ്ഥാപിക്കു കയുണ്ടായി. സെൻട്രൽ കമ്മ്യൂണൽ ബാങ്കിൻെറ (കേന്ദ്ര സാമൂഹ്യ ബാങ്ക്) കീഴിൽ പ്രാദേശിക കമ്മ്യൂണൽ ബാങ്കുകൾ രൂപീകരിച്ചു.

1926–ൽ വായ്പാസമ്പ്രദായം അതിൻെറ അവസാനരൂപ ത്തിലെത്തിയിരുന്നു. 1926 ഒക്ടോബർ 1–ാംനു-യ്ക്ക് ശാഖകൾ ഉൾപ്പെടെ 1374 വായ്പാസ്ഥാപനങ്ങൾ നിലവിൽവന്നു. അവ യുടെ വിവരം ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണാം.

| | സ്ഥാപനങ്ങളുടെ എണ്ണം | ശാഖകളുടെ എണ്ണം |
|---|---|---|
| സ്റ്റേയിററ് ബാങ്ക് | 1 | 486 |
| ക്മേഴ്സ്യൽ ബാങ്കുകൾ | 6 | 120 |
| കോ-ഓപ്പറേററീവ് ബാങ്കുകൾ | 2 | 97 |
| കമ്മ്യൂണൽ ബാങ്കുകൾ | 45 | 120 |
| കാഷ്ഷിക വായ്പാസമ്പ്രദായം | 78 | 134 |
| (താഴെ പറയുന്നവയുൾപ്പെടെ) | | |
| കേന്ദ്ര കാഷ്ഷിക ബാങ്ക് | 1 | — |
| റിപ്പബ്ലിക്കൻ ബാങ്കുകൾ | 6 | 17 |
| കാഷ്ഷിക വായ്പാസൊസൈററികൾ | 71 | 117 |
| പരസ്പര വായ്പാസൊസൈററികൾ | 285 | — |
| ആകെ | 417 | 957 |

മേൽപ്പറഞ്ഞതവയ്ക്കു പുറമെ 9114 കാഷ്ഷികവായ്പായൂണിയനുകളുമുണ്ടായിരുന്നു.

ബാങ്കുകൾ ദീഘ്കാല-ഹ്രസ്വകാലവായ്പകൾ അനുവദിച്ചിരുന്നു.

1923-ൽ 541 ദശലക്ഷം റൂബിളിൻെറ ബാങ്കുവായ്പകൾ 1926-ൽ 3420 ദശലക്ഷം റൂബിളായി വദ്ധിച്ചു. ആറിരട്ടിയിലധികമാണ് ഈ വദ്ധനവ്. വായ്പകളുടെ വിതരണം ദശലക്ഷക്കണക്കിൽ ചുവടെ കൊടുത്തിരിക്കുന്നു.

(പട്ടിക അടുത്ത പേജിൽ)

ഹ്രസ്വകാലവായ്പയുടെ മൂന്നിൽ രണ്ടു ഭാഗവും കൊടുത്തതു് യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററബാങ്കിൻെറ ആപ്പീസ്സുകളായിരുന്നു.

അക്കാലത്തു് കടലാസ്സ്‌വായ്പ (ബിൽസ് ഓഫ് എക്സ്ചേയിഞ്ച്—കൈമാററം) നിയമവിധേയമാക്കുകയുണ്ടായി. സാ

| | ഹ്രസ്വകാലം | ദീർഘകാലം | മൊത്തം |
|---|---|---|---|
| 1923 ഒക്ടോബർ 1 | 419 | 122 | 541 |
| 1924 ,, ,, | 952 | 219 | 1171 |
| 1925 ,, ,, | 2087 | 415 | 2502 |
| 1926 ,, ,, | 2580 | 840 | 3420 |

ധനങ്ങളുടെയൊ ബിൽസ് ഓഫ് എക്സ്ച്ചെയിഞ്ചുകളുടെയൊ ഉറപ്പിന്മേൽ ബാങ്കുകഠം കടംകൊടുത്തു. ബിൽസ് ഓഫ് എക്സ്ച്ചെയിഞ്ച് ഡിസ്കൗണ്ടുചെയ്യലും ബിൽസ് ഓഫ് എക്സ്ച്ചെയിഞ്ച് ഈടാക്കീട്ടുള്ള സ്പെഷൽ കറൻറ് അക്കൗണ്ട് പ്രവത്തനങ്ങളും ബാങ്കുകളെ എപ്പോഴും പ്രവത്തനനിരതമാക്കി.

ബാങ്ക്വരുമാനങ്ങളിൽ ഇവ ഉഠംപ്പെടുന്നു. a) നിക്ഷേപങ്ങളിലേയ്ക്കും കറൻറ് അക്കൗണ്ടുകളിലേയ്ക്കും വരുന്ന, മുടങ്ങിക്കിടക്കുന്ന പണം, (ഇതു് 1923–നെയപേക്ഷിച്ച് 1926–ൽ ആറിരട്ടി വദ്ധിച്ചു) b) ഓഹരികഠം വില്ക്കുന്നതുമൂലം ലഭിക്കുന്ന പണം. (ഈ പണം മൂന്നു കൊല്ലങ്ങഠംക്കിടയിൽ പത്തിരട്ടി വദ്ധിച്ചു.)

വായ്പകഠം വാങ്ങീട്ടുള്ള പ്രധാനസ്ഥാപനങ്ങളുടെ വിവരവും വായ്പകളിലുള്ള മാററങ്ങളും (ശതമാനക്കണക്കിൽ) ചുവടെ കൊടുക്കുന്നു.

(പട്ടിക അടുത്ത പേജിൽ)

ഈ പണത്തിൻെറ ഭൂരിഭാഗവും ഗവമ്മെണ്ട്സ്ഥാപനങ്ങഠംക്കും സഹകരണസ്ഥാപനങ്ങഠംക്കും സംഘടനകഠംക്കും കടംകൊടുക്കുവാനാണ് വിനിയോഗിച്ചതു്. സ്വകാര്യമൂലധനത്തോടു അവ നടത്തിയിരുന്ന സമരത്തിൽ അവയ്ക്കു് ഈ പണം ഉപകരിച്ചു.

| | 1923 | 1924 | 1925 | 1926 |
|---|---|---|---|---|
| ഗവമ്മെണ്ട് സംരംഭങ്ങൾ | 61.0 | 72.0 | 77.5 | 81.0 |
| സഹകരണസ്ഥാപനങ്ങൾ | 27.5 | 26.0 | 20.0 | 17.0 |
| സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും | 11.5 | 2.0 | 2.5 | 2.0 |

വായ്പാസമ്പ്രദായത്തിനുള്ള വരുമാനമാർഗ്ഗങ്ങൾ പരിമിതമായിരുന്നതിനാൽ, ഗവർമ്മെണ്ട് വ്യാവസായികസംരംഭങ്ങളുടെ പ്രവർത്തനമൂലധനത്തിലുള്ള കുറവ് നികത്തുവാനേ വായ്പകൾ അനുവദിച്ചിരുന്നുള്ളു. മൂലധനനിക്ഷേപങ്ങൾക്കായി കുറച്ച് വായ്പകളും അനുവദിക്കുകയുണ്ടായി.

അക്കാലത്ത് വ്യാവസായികസംരംഭങ്ങൾക്ക് പ്രവർത്തനമൂലധനത്തിനുള്ള പണം അത്യാവശ്യമായിരുന്നു. തുണി, ഭക്ഷണസാധനങ്ങൾ, മററു ഉപഭോഗവസ്തുക്കൾ എന്നിവയുണ്ടാക്കുന്ന വ്യവസായങ്ങൾക്ക് വായ്പയുടെ കാര്യത്തിൽ മുൻഗണന നല്കേണ്ടിവന്നു. എന്തുകൊണ്ടെന്നാൽ, അവ സാധനങ്ങളുടെ ഉല്പാദനവുമായി ബന്ധപ്പെട്ടവയും വായ്പകൾ വേഗം തിരിച്ചടയ്ക്കുവാൻ കഴിവുള്ളവയുമായിരുന്നു.

1925–മുതൽ ഇന്ധന (കല്ക്കരി, എണ്ണ) വ്യവസായത്തിനും ലോഹനിമ്മാണവ്യവസായത്തിനും വലിയ തോതിൽ വായ്പകൾ അനുവദിച്ചു.

പുനരുദ്ധാരണഘട്ടത്തിൽ (1922–26) സോവിയററ് വായ്പാസമ്പ്രദായം ഒരു ഉറച്ച അടിസ്ഥാനത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. സോഷ്യലിസത്തിൻെറ അടിസ്ഥാനം നിമ്മിക്കുന്ന കാലഘട്ടത്തിനാവശ്യമായ വളച്ച് സമ്പാദിക്കുവാൻ ഇതുപകരിക്കുകയുണ്ടായി.

## പ്രാരംഭവളച്ച്

ദ്രുതഗതിയിലുള്ള വ്യവസായവല്ക്കരണം, ചിന്നിച്ചിതറിക്കിടന്നിരുന്ന കൃഷിസ്ഥലങ്ങളുടെ സഹകരണപന്ഥാവിലേയ്ക്കുള്ള മാററം, അതിനെത്തുടർന്നുണ്ടായ വൻതോതിലുള്ള കാർഷികോല്പാദനം എന്നിവ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനം നിർമ്മിക്കുന്ന കാലഘട്ടത്തിലെ സവിശേഷതകളായിരുന്നു.

അതിവേഗം വികസിച്ചുവന്ന ഘനവ്യവസായങ്ങൾ സോവിയററ് യൂണിയനെ വ്യവസായീകരിച്ചു. സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ ആഭ്യന്തര ധനശേഖരം അതിന്നാവശ്യമായ പണമുണ്ടാക്കി. സാധുക്കളും ഇടത്തരക്കാരുമായ കൃഷിക്കാരെ, സ്വമേധയാലുള്ള യോജിപ്പിന്റെ അടിസ്ഥാനത്തിൽ, ഉല്പാദകസഹകരണസംഘങ്ങളിൽ ചേർത്തുകൊണ്ടാണ് കൂട്ടുകൃഷി നടപ്പിലാക്കിയത്. ഈ സംഘങ്ങൾക്ക് ഭൗതികവും സാമ്പത്തികവുമായ എല്ലാ സഹായങ്ങളും ഗവമ്മെണ്ട് നല്കി.

സോഷ്യലിസത്തിന്റെ അടിസ്ഥാനം നിർമ്മിക്കുകയെന്ന പ്രശ്നം, വായ്പാസമ്പ്രദായത്തിന് പുതിയ ചുമതലകളുണ്ടാക്കി. രാജ്യത്തെ വ്യവസായവല്ക്കരിക്കുവാനും കൃഷിയെ കൂട്ടുകൃഷിയിലേയ്ക്കു പരിവർത്തനംചെയ്യിപ്പിക്കുവാനും വമ്പിച്ച ധനവ്യയം ആവശ്യമായിവന്നു. ഈ ധനാഗമമാർഗ്ഗങ്ങളുണ്ടാക്കുവാനും അവയെ സാധ്യമാകുംവിധം ഏററവും നല്ല രീതിയിൽ ഉപയോഗപ്പെടുത്തുവാനും ബാങ്കുകൾ ശക്തിയായി പ്രവർത്തിക്കേണ്ടിവന്നു.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ജനങ്ങളുടെയും ധനാഗമമാർഗ്ഗങ്ങൾ സംയോജിപ്പിക്കുകയും ധനം ശേഖരിക്കുകയും ചെയ്യുക, ഈ മാർഗ്ഗങ്ങളെ പ്രധാനമായും വ്യവസായവല്ക്കരണത്തിലേയ്ക്കു തിരിച്ചുവിടുക, പദ്ധതിയനുസരിച്ചു വായ്പകൾ നൽകുന്നതിന് ഉറപ്പുവരുത്തുക (പ്രത്യേകിച്ചും ഘനവ്യവസായങ്ങൾക്കും കൂട്ടുകൃഷിക്കും) ഉല്പാദനത്തിലും വ്യാപാരത്തിലും സാമ്പത്തികനിയന്ത്രണമേർപ്പെടുത്തുക, മുതലുകളുടെ കൈമാററം ത്വരിതപ്പെടുത്തു

കയും ചിലവ് കഴിയുന്നത്ര ചുരുക്കുകയും ഉല്പാദനക്ഷമമല്ലാത്ത ചിലവുകൾ കുറയ്ക്കുകയും ചെയ്യുക എന്നീ കാര്യങ്ങളുടെ മേൽനോട്ടം ബാങ്കുകൾ വഹിക്കേണ്ടിയിരുന്നു.

ഇങ്ങിനെയുള്ള പരിത:സ്ഥിതിയിൽ, ദീർഘകാലവായ്പയെ ഹ്രസ്വകാലവായ്പയിൽനിന്നു വേർതിരിക്കുവാനും വായ്പകൾ വിദഗ്ധമായ ആസൂത്രണാടിസ്ഥാനത്തിലാക്കുവാൻ തക്കവണ്ണം ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ പരിധി നിശ്ചയിക്കുവാനുംവേണ്ടി ബാങ്കുകളുടെ സംഘടനാപരമായ അടിസ്ഥാനം മാറേറണ്ടതാവശ്യമായിവന്നു.

പുനരുദ്ധാരണകാലഘട്ടത്തിൽ വായ്പാസമ്പ്രദായത്തിൻെറ വ്യത്യസ്തഘടകങ്ങളും താല്ക്കാലികാടിസ്ഥാനത്തിലാണ് സംഘടിപ്പിക്കപ്പെട്ടതു്. അവയുടെ പ്രവർത്തനപരിധി നിർണ്ണയിച്ചിരുന്നതു് നിലവിലിരുന്ന പരിതസ്ഥിതികളായിരുന്നു. പുതിയ പരിതസ്ഥിതികളിൽ ആസൂത്രിത സമ്പദ്‌വ്യവസ്ഥയ്ക്കാവശ്യമായ കേന്ദ്രീകരണതത്വം പുതിയ മാർഗ്ഗങ്ങൾവഴി നടപ്പിലാക്കേണ്ടിവന്നു. വിവിധ വായ്പാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് അതിർത്തി നിശ്ചയിക്കേണ്ടിയിരുന്നു. പഴയ പരിതസ്ഥിതികൾക്കനുസരിച്ച് രൂപമെടുത്ത പഴയ വായ്പാസമ്പ്രദായം പുതിയ ചുമതലകൾക്കും പുതിയ പരിതസ്ഥിതികൾക്കും യോജിക്കാതെയായി. തന്മൂലം ധനദുർവ്യയത്തിനും ചുവപ്പുനാടയുടെ പ്രോത്സാഹനത്തിനും ഇടയായി.

പുതിയ പരിതസ്ഥിതിയും വായ്പാസമ്പ്രദായത്തിൻെറ സംഘടനാപരമായ സംവിധാനവും തമ്മിലുള്ള പൊരുത്തക്കേടിൻെറ മറെറാരു ഫലം, വിവിധ വായ്പാസ്ഥാപനങ്ങൾ ഒരേവിധത്തിലുള്ള പ്രവൃത്തിചെയ്യുകയെന്നതായിരുന്നു. മൊത്തമായ ഉല്പാദനമോ വില്പനയോ വർദ്ധിപ്പിക്കുവാനുള്ള ശ്രമത്തിൽ ബാങ്കുകൾ ഏതു വ്യവസായശാഖയെ സേവിക്കണമെന്നു വെച്ചിരുന്നുവോ ആ ശാഖയിലെ സംരംഭങ്ങളും സംഘടനകളുമായിമാത്രമല്ലാ മററുള്ളവയുമായും ഇടപാടുകൾ ചെയ്തു. അതിൻെറ ഫലമായി ഈ സംരംഭങ്ങൾക്കും സംഘടനകൾക്കും ഒന്നിലധികം ബാങ്കുകളിൽനിന്നു്

വായ്പകൾ ലഭിക്കുവാനിടയായി. പണം ഉപയോഗപ്പെടുത്തുന്നതിലുള്ള ബാങ്ക്നിയന്ത്രണത്തെ ഇതു ദുർബ്ബലമാക്കി. ഇതു ബാങ്കുകൾ തമ്മിൽ അനാരോഗ്യകരമായ മത്സരം സൃഷ്ടിക്കുകയും വായ്പകൾ നല്കുന്ന പ്രധാന ഏജൻസിയായ സ്റ്റേയിററ് ബാങ്കിൻെറ നിലയ്ക്കു ക്ഷീണമുണ്ടാക്കുകയും ചെയ്തു. ഈ പരിതസ്ഥിതിയ്ക്കു പരിഹാരമുണ്ടാക്കുവാനാണ് വായ്പാപരിഷ്കാരം ഏൎപ്പെടുത്തിയതു്.

വായ്പാസമ്പ്രദായത്തിൻെറ ആസൂത്രിതനിയന്ത്രണം ശക്തിപ്പെടുത്തുന്നതിനു്, സ്റ്റേയിററ്ബാങ്ക് എല്ലാ ബാങ്കുകൾക്കും വായ്പ അനുവദിക്കുമെന്നും വായ്പയുടെ ഉപയോഗം, ഗവമ്മെണ്ടിൻെറ വായ്പാനയമനുസരിച്ചു്, സമ്പദ്‌വ്യവസ്ഥയുടെ എല്ലാ ശാഖകളിലേയ്ക്കും എല്ലാ ധനാഗമമാൎഗ്ഗങ്ങളും തിരിച്ചുവിടുമെന്നും യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ് ബാങ്കിൻെറയും സേവിങ്ങ്സ് ബാങ്കുകളുടെയും സ്റ്റേയിററ് ഇൻഷുറൻസ് സ്ഥാപനങ്ങളുടെയും സോഷ്യൽ ഇൻഷുറൻസ് സ്ഥാപനങ്ങളുടെയും മുടങ്ങിക്കിടക്കുന്ന പണം സൂക്ഷിക്കുമെന്നും കല്പനയായി.

കടംകൊടുക്കുന്ന എല്ലാ സ്ഥാപനങ്ങളെയും സ്റ്റേയിററ്ബാങ്കിന്നധീനമാക്കിയതു് സംഘടനാപരമായ ഒരു പ്രധാന നടവടിയായിരുന്നു; കടംകൊടുക്കൽസമ്പ്രദായത്തെ അതു അവികലമാക്കി.

വിവിധ ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് അതിരുകൾ നിൎണ്ണയിച്ചു. ബാങ്കുകൾക്കും, സംഭരണ ഏജൻസികൾ, ട്രാൻസ്പോർട്ട്, ഗവമ്മെണ്ട് വ്യാപാരസംരംഭങ്ങൾ, വൻകിട വ്യവസായസംരംഭങ്ങൾ മുതലായ സമ്പദ്‌വ്യവസ്ഥയിലെ പ്രധാന ഘടകങ്ങൾക്ക് വായ്പ നല്കുവാൻ സ്റ്റേയിററ്ബാങ്കിനെ അധികാരപ്പെടുത്തി. സ്റ്റേയിററ് ബാങ്ക്, കോഓപ്പറേററീവ് ബാങ്ക്, ഊക്രേനിയൻ ബാങ്ക്, കേന്ദ്ര കാൎഷികബാങ്ക് എന്നിവ ഏതേതു സഹകരണസംഘങ്ങൾക്ക് കടംകൊടുക്കണമെന്നു കാണിക്കുന്ന പ്രത്യേക ലിസ്റ്റുകൾ തയ്യാറാക്കപ്പെട്ടു. പ്രാദേശിക ഗവമ്മെണ്ടുവ്യവസായങ്ങളെയും വ്യാപാരസംരംഭങ്ങളെയും സ്റ്റേയിററുബാങ്കിനും പ്രാദേശിക കമ്മ്യൂണൽ-ബാങ്കുകൾക്കുമായി വിഭജിച്ചു. ഹ്രസ്വകാലവായ്പകൾക്കു പുറമെ

വ്യവസായങ്ങൾക്ക് ദീർഘകാലവായ്പകൾ നല്കുവാനും സ്പെഷൽ ബാങ്കുകളെ അധികാരപ്പെടുത്തി.

പദ്ധതിക്കനുസരിച്ച പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിന് ഉറപ്പുവരുത്തുവാൻവേണ്ടി, സംരംഭങ്ങളുടെയും ധനോല്പാദനസംഘടനകളുടെയും ഉല്പാദനവും സാമ്പത്തികപദ്ധതികളും അനുസരിച്ച് വായ്പ നൽകുകയെന്ന തത്വം നിലനിർത്തുകയും വികസിപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു. ഉല്പാദനാവശ്യങ്ങൾക്കും കാർഷികവിഭവങ്ങൾ, അസംസ്കൃതപദാർത്ഥങ്ങൾ എന്നിവ സംഭരിക്കുന്നതിനും പ്രചാരത്തിലുള്ള സാധനങ്ങൾ സംബന്ധിച്ച ക്രയവിക്രയങ്ങൾക്കു വായ്പ നല്കുന്നതിനും പ്രത്യേകോദ്ദേശവായ്പകൾ ഏപ്പെടുത്തി.

കാർഷികവായ്പാസമ്പ്രദായമനുസരിച്ചാണ് ഗവൺമെണ്ട് കൃഷിക്ക് സഹായം നൽകിയതു്. തുടക്കത്തിൽ ഈ സമ്പ്രദായം ആവിഷ്ക്കരിച്ചതു് സഹകരണതത്വമനുസരിച്ചാണ്. പിന്നീടതു് കോ-ഓപ്പറേററീവ് അടിസ്ഥാനത്തിലും നടത്തപ്പെട്ടു. 1931-32ൽ അതിനെ ഒരു സ്റ്റേയിററ്സമ്പ്രദായമായി രൂപാന്തരപ്പെടുത്തി.

സോഷ്യലിസത്തിൻെറ അടിസ്ഥാനവും അതിന്നാദ്യം വേണ്ടതായ സജ്ജീകരണങ്ങളും സൃഷ്ടിക്കുന്ന അവസരത്തിലുള്ള വായ്പാസൌകര്യങ്ങളുടെ വളർച്ച താഴെ പറയുന്ന കണക്കുകളിൽനിന്നു് മനസ്സിലാക്കാം.

1925-29 കാലഘട്ടത്തിൽ ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്കനുവദിച്ച വായ്പ നാലുമടങ്ങു് വർദ്ധിച്ചു. ഹ്രസ്വകാലവായ്പ 2.5 മടങ്ങും ദീർഘകാലവായ്പ 13 മടങ്ങും വർദ്ധിച്ചു. 1925ൽ ആകെ കൊടുത്ത വായ്പയുടെ 16.6 ശതമാനവും ദീർഘകാലവായ്പയായിരുന്നു. 1929ൽ ദീർഘകാലവായ്പയുടെ ശതമാനം 54.1 ആയി ഉയർന്നു. ദീർഘകാല-ഹ്രസ്വകാലബാങ്ക് വായ്പാവിതരണത്തിൻെറ പട്ടിക ചുവടെ കൊടുക്കുന്നു.

(പട്ടിക അടുത്ത പേജിൽ)

| | ഒക്ടോബർ 1 | | | | ജൂലായ് 1 |
|---|---|---|---|---|---|
| | 1925 | 1926 | 1927 | 1928 | 1929 |
| ഹ്രസ്വകാലം | 2087 | 2580 | 3794 | 4486 | 4758 |
| ദീർഘകാലം | 415 | 840 | 2357 | 4144 | 5577 |
| ഒട്ടാകെ | 2502 | 3420 | 6151 | 8630 | 10,335 |

1926_29 കാലഘട്ടത്തിലെ പരിഷ്കാരംമൂലമുണ്ടായ മാററങ്ങരം മറെറാരു പട്ടികയിലും കൊടുത്തിട്ടുണ്ടു്.

1926_നും 1929_നും മദ്ധ്യേ സ്റ്റെയിററ് ബാങ്ക് കൊടുത്ത വായ്പ ഇരട്ടിയായി. എല്ലാ ബാങ്കുകളുംകൂടി കൊടുത്ത ഹ്രസ്വകാല വായ്പ 1926 ഒക്ടോബർ 1_ാംനു-യിലെ 56.4 ശതമാനത്തിൽ നിന്നു് 1929 ജൂലായി 1_ാംനു-ക്കു് 73 ശതമാനമായി ഉയൎന്നു. 1926_ൽ സ്റ്റെയിററ് ബാങ്ക് അനുവദിച്ച ദീർഘകാലവായ്പ ഒട്ടാകെയുള്ള ദീർഘകാലവായ്പയുടെ 40 ശതമാനമായിരുന്നു. 1929_നോടുകൂടി സ്റ്റെയിററ് ബാങ്ക് കൊടുത്തിരുന്ന ദീർഘകാലവായ്പ ഒട്ടാകെയുള്ള ദീർഘകാലവായ്പയുടെ 4.7 ശതമാനമായി കുറഞ്ഞു. എന്തുകൊണ്ടെന്നാൽ വ്യവസായബാങ്കുകളും കമ്മ്യൂണൽ ബാങ്കുകളും കൊടുക്കുന്ന ദീർഘകാലവായ്പയും കാർഷികവായ്പയും അതിനകം വൎദ്ധിച്ചിരുന്നു. 1926 ഒക്ടോബർ 1_ാംനു-യോടുകൂടി ഒട്ടാകെ കൊടുത്ത ഹ്രസ്വകാലവായ്പയുടെ 16 ശതമാനം ജോയിൻറ് സ്റ്റോക്ക് ബാങ്കുകരം കൊടുത്തു. എന്നാൽ 1929 ജൂലായി 1_ാംനു-യോടുകൂടി ഇവയുടെ വായ്പ 1.5 ശതമാനമായി കുറഞ്ഞു.

(പട്ടിക അടുത്ത പേജിൽ)

| | 1926 ഒക്ടോബർ 1 | | | 1929 ജൂലായ് 1 | | |
|---|---|---|---|---|---|---|
| | ഹ്രസ്വകാല വായ്പ | ദീർഘകാല വായ്പ | ഒട്ടാകെയുള്ള വായ്പകളുടെ തുക (ശതം) | ഹ്രസ്വകാല വായ്പ | ദീർഘകാല വായ്പ | ഒട്ടാകെയുള്ള വായ്പകളുടെ തുക (ശതം) |
| 1. യൂ. എസ്സ്. എസ്സ്. ആർ. സ്റ്റേറ്റ് ബാങ്ക് | 56.4 | 40.0 | 52.6 | 73.0 | 4.7 | 36.1 |
| 2. ജോയിൻറ് സ്റ്റോക്ക് ബാങ്ക് ഹ്രസ്വകാല വായ്പ | 19.0 | 7.5 | 16.0 | 3.0 | 0.2 | 1.5 |
| 3. ഇൻഡസ്ട്രീയൽ ബാങ്ക് | — | — | — | — | 32.8 | 18.0 |
| 4. കമ്മ്യൂണൽ ബാങ്കുകൾ | 9.0 | 32.8 | 14.6 | 7.6 | 24.7 | 17.0 |
| 5. കോ-ഓപ്പറേറ്റീവ് ബാങ്കുകൾ | 4.6 | 1.2 | 3.8 | 6.0 | 2.0 | 3.6 |
| 6. കാർഷികബാങ്കുകളുടെ കാർഷികവായ്പാസമ്പ്രദായം | 9.1 | 18.5 | 11.5 | 10.2 | 35.6 | 23.7 |
| 7. മ്യൂച്വൽ (പരസ്പര സഹായ) ക്രഡിററ് സൊസൈററികൾ | 1.9 | — | 1.5 | 0.2 | — | 0.1 |
| ഒട്ടാകെ | 100 | 100 | 100 | 100 | 100 | 100 |

കേന്ദ്ര കമ്മ്യൂണൽ ബാങ്കും പ്രാദേശിക കമ്മ്യൂണൽ ബാങ്കുകളും നല്കിയ വായ്പകൾ രണ്ടിരട്ടി വർദ്ധിച്ചു. ആ കാലഘട്ടത്തിൽ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ വായ്പാപ്രവർത്തനങ്ങൾ, അവയുടെ പങ്കനുസരിച്ച്, വർദ്ധിക്കുകയുണ്ടായില്ല. പക്ഷെ റൊക്കമായിട്ടുള്ള പ്രവർത്തനങ്ങൾ മൂന്നിരട്ടിയിലധികം വർദ്ധിക്കുകയുണ്ടായി. കേന്ദ്ര കാർഷികബാങ്കിൻെറ വായ്പകളും മററു ബാങ്കുകളുടെ വായ്പകളും 11.5 ശതമാനംമുതൽ 23.7 ശതമാനംവരെ വർദ്ധിക്കുകയുണ്ടായി. വായ്പ നല്കിയ സംഖ്യ 1926-ൽ 390 ദശലക്ഷം ഡോളറായിരുന്നതു് 1929-ൽ 2472 ദശലക്ഷം ഡോളറായി വർദ്ധിച്ചു (6.3 ഇരട്ടിയിലധികം).

അദ്ധ്വാനിക്കുന്ന കൃഷിക്കാരെ സഹകരണമാർഗ്ഗത്തിലേയ്ക്കു് പരിവർത്തനംചെയ്യുവാൻ കാർഷികവായ്പാസമ്പ്രദായത്തിൽ നിക്ഷേപിച്ച വമ്പിച്ച ധനം സഹായകമായി.

രാജ്യത്തിലെ വിജയകരമായ വ്യവസായവല്ക്കരണം, ഭൂരിപക്ഷം കൃഷിക്കാരുടെയും കൂട്ടുകൃഷിയിലേയ്ക്കുള്ള പ്രയാണം, മൊത്തവ്യാപാരവും ചില്ലറവ്യാപാരവും ഗവർമ്മെണ്ടിൻെറയും സഹകരണസ്ഥാപനങ്ങളുടെയും കൈകളിൽ കേന്ദ്രീകരിക്കൽ, ജനങ്ങളുടെ ജീവിതനിലവാരത്തിൻെറയും സാംസ്കാരികനിലവാരത്തിൻെറയും ഉയർച്ച എന്നിവ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയ്ക്കു് ഭദ്രമായ ഒരടിസ്ഥാനമിടുവാൻ സഹായിച്ചു. പിന്നീടുണ്ടായതു് പൊതുജീവിതത്തിൻെറ എല്ലാ രംഗങ്ങളിലും സോഷ്യലിസം പടുത്തുയർത്തുവാനും അതിനെ ശക്തിപ്പെടുത്തുവാനുമുള്ള പരിപൂർണ്ണനീക്കമായിരുന്നു.

## സോഷ്യലിസ്റ്റ് നിർമ്മാണഘട്ടത്തിലെ സോവിയററ് വായ്പാസമ്പ്രദായം

യു. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനനിർമ്മാണം ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് (1928-32) മുഴുവനുമാക്കി. സമ്പദ്‌വ്യവസ്ഥയുടെ സോഷ്യലിസ്റ്റ് രൂപങ്ങൾക്കു് മേധാവിത്വം സിദ്ധിച്ചു.

സോഷ്യലിസം വേണമൊ മുതലാളിത്തം വേണമൊ എന്ന പ്രശ്നം സംബന്ധിച്ചുണ്ടായ ജനകീയ വിധി സോഷ്യലിസത്തിനു് അനുകൂലമായിട്ടായിരുന്നു.

ഇത്തിക്കണ്ണിവർഗ്ഗങ്ങളെ നിഷ്കാസനംചെയ്തു; മനുഷ്യനെ മനുഷ്യൻ ചൂഷണംചെയ്യുന്നതിൻെറ അടിസ്ഥാനവും മാർഗ്ഗങ്ങളും ഇല്ലാതാക്കി.

രാജ്യത്തിലെ പുതിയ സാമ്പത്തികസ്ഥിതികൾക്കും സോവിയററ് ജനതയുടെയും ഗവർമ്മെണ്ടിൻെറയും കടമകൾക്കും അനുസൃതമായവിധത്തിൽ വായ്പാസമ്പ്രദായത്തെ ശരിപ്പെടുത്തേണ്ടതുണ്ടായിരുന്നു. 1930_32 കാലഘട്ടത്തിലെ വായ്പാപരിഷ്കാരമായിരുന്നു ഏററവും പ്രധാനമായ സാമ്പത്തികനടപടികളിലൊന്നു്.

സോഷ്യലിസ്റ്റ് വ്യവസായത്തിൻേറയും വൻതോതിലുള്ള കൂട്ടുകൃഷിയുടേയും ഗവർമ്മെണ്ടു്—സഹകരണവ്യാപാരത്തിൻേറയും വളർച്ചയും ആസൂത്രണത്തിൻെറ ഉയൎന്ന മാനദണ്ഡവും സ്റ്റെയിററ് ബാങ്കിൻെറ നേതൃത്വപരമായ പങ്കും വായ്പാസമ്പ്രദായത്തിൽ പരിഷ്കാരമുണ്ടാക്കേണ്ടതായ ആവശ്യകതയുളവാക്കി. വായ്പാസമ്പ്രദായത്തിൻെറ നിലവിലുള്ള മാർഗ്ഗങ്ങളും രൂപങ്ങളും വായ്പനല്കുന്ന സമ്പ്രദായവും മാറിയ പരിതസ്ഥിതികൾക്കു് യോജിച്ചതായിരുന്നില്ല.

വായ്പാപരിഷ്കാരത്തിനുമുമ്പു്, സംരംഭങ്ങളും സാമ്പത്തിക സംഘടനകളും തമ്മിലുള്ള ധനപരമായ ഇടപാടുകൾ പ്രധാനമായും ബിൽസ് ഓഫ് എക്സ്ചെയിഞ്ച്മുഖേനയായിരുന്നു. ബാങ്കുകളുടെ തലയ്ക്കുമീതെയുള്ള ഇടപാടുകളായിരുന്നു ഇവ. സംരംഭങ്ങൾ തമ്മിൽ വ്യാപാരപരമായ വായ്പകൾ ധാരാളം കൊടുത്തിരുന്നു. ബാങ്കിങ്ങ് സമ്പ്രദായത്തിനു് ധാരാളം കണ്ണികളുണ്ടു്. അതുകൊണ്ടു് പണം പദ്ധതിയനുസരിച്ചാണൊ ചിലവിടുന്നതെന്നു് ഉറപ്പുവരുത്തുവാൻ സാദ്ധ്യമല്ലായിരുന്നു. വായ്പകൊടുക്കുന്നതു സംബന്ധിച്ച ആസൂത്രണത്തിൽ അതു് കയ്യിട്ടു; കോസ്റ്റ് അക്കൌണ്ടിംഗ് തത്വങ്ങളെ അതു് ലംഘിക്കുകയും സമ്പദ്‌വ്യവസ്ഥയിൽ അനാസൂത്രിതമായ സാമ്പത്തികപുനർവിതരണത്തിന്നിട

യാക്കുകയുംചെയ്തു. സാമ്പത്തികാച്ചടക്കത്തിനു് അതു് കുറവു വരുത്തി; ധനവിനിയോഗസരണിയിലതു് കുഴപ്പങ്ങളുണ്ടാക്കി. വാസ്തവം പറഞ്ഞാൽ നില്‌വിലുള്ള വായ്പാസമ്പ്രദായം സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ വദ്ധമാനമായ വളച്ചയ്ക്കു് ഒരു തടസ്സമായിത്തീൎന്നു.

വായ്പാപരിഷ്കാരത്തിൻെറ ഉദ്ദേശം ഈ വൈപരീത്യങ്ങളെയും വിഷമങ്ങളെയും നീക്കുകയെന്നതായിരുന്നു. വ്യാപാരപരമായ വായ്പ റദ്ദാക്കിക്കൊണ്ടു് തൽസ്ഥാനത്തു് ബാങ്കു് നേരിട്ടു കടം കൊടുക്കുകയെന്ന സമ്പ്രദായം നടപ്പിൽവരുത്തലായിരുന്നു ഇതിൻെറ ഫലം. കൊടുക്കുന്ന കടം മടക്കിക്കൊടുക്കുവാനുള്ള സാദ്ധ്യത, കടംകൊടുക്കുന്നതിനുള്ള മുതലുണ്ടായിരിക്കുക എന്നീ അടിസ്ഥാനത്തിലാണു് ബാങ്കുകഠം കടം കൊടുത്തിരുന്നതു്. അതേയവസരത്തിൽതന്നെ കടം തീക്കുന്നതു സംബന്ധിച്ച പുതിയതും ശാസ്ത്രീയവുമായ വ്യവസ്ഥകളുമുണ്ടാക്കി (രേഖാമൂലമുള്ള അധികാരപ്പെടുത്തലനുസരിച്ചാണു് ബാങ്കു് കടംകൊടുക്കുക). എല്ലാ ഹ്രസ്വകാല വായ്പകഠം കൊടുക്കുവാനും കണക്കുകഠം തീക്കുവാനും സ്റ്റെയിററ് ബാങ്കിനെ ഏല്പിച്ചു; ദീഘകാലവായ്പകളുടേയും മൂലധനനിക്ഷേപങ്ങളുടേയും ഭരണച്ചുമതല സ്പെഷ്യൽ ബാങ്കുകഠംക്കു് നല്കി. ഈ ബാങ്കുകഠം സമ്പദ്‌വ്യവസ്ഥയുടെ ഓരോ ശാഖകളെയാണു് പരിസേവിച്ചതു്. വ്യാപാരപരമായ വായ്പയ്ക്കു പകരം ബാങ്കു് വായ്പ ഏപ്പെടുത്തുകയും പദ്ധതിനിവ്വഹണത്തിൽ യഥാൎത്ഥ പുരോഗതിയുണ്ടെങ്കിൽമാത്രം കടംകൊടുക്കുകയെന്ന തത്വം നടപ്പിലാക്കുകയും ചെയ്തതിനെത്തുടൎന്നു്, വായ്പനൽകലും പദ്ധതിപൂർത്തീകരണവും തമ്മിൽ നേരിട്ടുള്ള ബന്ധമുണ്ടായി. സാമ്പത്തികപദ്ധതികഠം നിറവേററുന്നതിന്മേൽ ബാങ്കുകഠംക്കിപ്പോഠം നേരിട്ടുള്ള നിയന്ത്രണമുണ്ടാവുകയും കോസ്റ്റ് അക്കൌണ്ടിംഗ് തത്വത്തെ അതു് സഹായിക്കുകയുംചെയ്തു. അസംസ്കൃതപദാൎത്ഥങ്ങളുടേയും മററും കാലികമായ സംഭരണം, പ്രവർത്തനമൂലധനത്തിലുണ്ടാകുന്ന കുറവു നികത്തൽ

മുതലായ പ്രത്യേകാവശ്യങ്ങൾക്കാണ് സ്റ്റേറ്റ് ബാങ്ക് വായ്പകൾ നല്കിയതു്.

സംരംഭങ്ങൾക്ക് പ്രവത്തനമൂലധനം നല്കികൊണ്ടും അതിൻെറ ഉപയോഗങ്ങൾ നിശ്ചയിച്ചുകൊണ്ടും സംരംഭങ്ങളുടെ പ്രവത്തനവൈദഗ്ദ്ധ്യം പ്രകടിപ്പിക്കുവാനുള്ള ഒരു പ്രധാന നടപടിയും സ്വീകരിക്കുകയുണ്ടായി. പുതിയ സമ്പ്രദായമനുസരിച്ച സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകൾക്കും മററും അസംസ്കൃതപദാർത്ഥങ്ങൾ വാങ്ങി ശേഖരിക്കുവാൻ വേണ്ടത്ര മൂലധനം ലഭിക്കുകയുണ്ടായി. മാർഗ്ഗമദ്ധ്യത്തിലുള്ള ചരക്കുകൾക്ക് വേണ്ട ചിലവു്, കാലികമായ ഉല്പാദനനടപടികൾക്ക് വേണ്ടതായ മുൻകൂർ, അസംസ്കൃതവസ്തുക്കൾ, ഇന്ധനം മുതലായ കാലികസ്റ്റോക്കുകൾ ശേഖരിച്ചുവെക്കുന്നതിനും ഉല്പാദനം സംബന്ധിച്ച മററാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടതായ ചിലവു് എന്നിങ്ങനെ നിർദ്ദിഷ്ടമായ ആവശ്യങ്ങൾക്കുവേണ്ടിമാത്രമാണ് ഹ്രസ്വകാലവായ്പകൾ അനുവദിച്ചിരുന്നതു്.

സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകൾക്ക് സ്വന്തമായി പ്രവത്തനമൂലധനമുണ്ടാക്കികൊടുക്കുന്നുവെന്ന വസ്തുത, ഈ ധനം ഉപയോഗിക്കുന്നതിലുള്ള വ്യക്തിപരമായ ഉത്തരവാദിത്വം വദ്ധിപ്പിക്കുകയും സംരംഭങ്ങളുടെ സ്വന്തം ധനവും കടമായി കിട്ടുന്ന ധനവും ചിലവാക്കുന്നതിൽ ഒരതിർത്തി കല്പിക്കുകയും സ്വന്തം ധനം നിലനിർത്തുവാനും വർദ്ധിപ്പിക്കുവാനും സംരംഭങ്ങൾക്കും സംഘടനകൾക്കും പ്രചോദനമുണ്ടാക്കുകയും ചെയ്തു. തന്നെയുമല്ല, കരുതൽസ്റ്റോക്കുകൾ ഉണ്ടാക്കിവെയ്ക്കുന്നതിൽ സാധാരണത്വം സൃഷ്ടിക്കുവാനും മൊത്തമായ ഉല്പാദനവും മൊത്തമായ വ്യാപാരവും അവയുടെ ഉപയോഗവും നിയന്ത്രിക്കുവാനും സംരംഭങ്ങൾക്കു സാധിച്ചു.

സംരംഭങ്ങൾ തമ്മിൽ ബിൽസ് ഓഫ് എക്സ്ച്ചേയിഞ്ചു് മുഖേനയുള്ള ഇടവാടുകൾ വേണ്ടെന്നുവെച്ചതിനെത്തുടന്ന്, കരുതൽസ്റ്റോക്കുകളും എത്തിച്ചേരുവാനുള്ള ചരക്കുകളും ലഭിക്കുവാനുള്ള

പണവും അടിസ്ഥാനമാക്കി ഹ്രസ്വകാലവായ്പകറം അനുവദിക്കുന്നതു് സ്റ്റെയിററ്ബാങ്കിൻെറ വായ്പാപ്രവർത്തനങ്ങളിലെ ഒരിനമായി. 1932 അവസാനത്തോടുകൂടി അധികൃതമായ എല്ലാ ഹ്രസ്വകാലവായ്പകളും മററും സ്റ്റെയിററ്ബാങ്കിൻെറ ഹസ്തങ്ങളിൽ കേന്ദ്രീകൃതമായി.

സ്റ്റെയിററ്ബാങ്കു് അങ്ങിനെ എല്ലാ ഹ്രസ്വകാലവായ്പകളും കൊടുക്കുവാനുള്ള സ്ഥാപനവും രാജ്യത്തിലെ വിതരണകേന്ദ്രവുമായിത്തീൎന്നു. 1930 ജനുവരിയിൽ ഈ ബാങ്കിനു് 589 ശാഖകളുണ്ടായിരുന്നു. 1932 ജനുവരി 1-ാംനു-യ്ക്കു് ശാഖകളുടെ എണ്ണം 2465 ആയി വൎദ്ധിച്ചു.

എല്ലാ ജില്ലാ കാർഷികവായ്പാ സഹകരണ സംഘങ്ങളും 1931ൽ സ്റ്റെയിററ്ബാങ്കിൽ ലയിച്ചതാണു് ഈ ശാഖകളുടെ വൎദ്ധനവിനുള്ള കാരണം. 1929 ഒക്ടോബർ 1-ാംനു-ക്കു് ബാങ്കു് അനുവദിച്ച ഹ്രസ്വകാലവായ്പ 5053 ദശലക്ഷം റൂബിളായിരുന്നു. 1933 ജനുവരി 1-ാംനു-ക്കു് ഈ സംഖ്യ 10567 ദശലക്ഷം റൂബിളായി വിദ്ധിച്ചു.

ദീൎഘകാലവായ്പകറം അനുവദിക്കുന്നതിനു് 1932ൽ നാലു പ്രത്യേക ബാങ്കുകറം സ്ഥാപിച്ചു. പ്രോം ബാങ്കു് (വ്യവസായത്തിനു്) ടോർഗ് ബാങ്കു് (വ്യാപാരത്തിനു്) സെൽക്കോസ്സ് ബാങ്കു് (കൃഷിക്കു്) സിക്കോം ബാങ്കു് (കേന്ദ്ര കമ്മ്യൂണൽ ബാങ്കു്) എന്നിവയാണു് ഈ പ്രത്യേക ബാങ്കുകറം. ആദ്യത്തെ മൂന്നു ബാങ്കുകളും കേന്ദ്ര ധനകാര്യവകുപ്പിൻെറ കീഴിലാണു്. കേന്ദ്ര കമ്മ്യൂണൽ ബാങ്കു്, കമ്മ്യൂണൽ വായ്പാസമ്പ്രദായത്തിൻെറ കീഴിലും.

ലാഭങ്ങറം, തേമാനഫണ്ടു് മുതലായ എല്ലാ വരുമാനങ്ങളും ഈ ബാങ്കുകളിലാണു് കേന്ദ്രീകരിച്ചതു്. മൂലധനനിക്ഷേപങ്ങറക്കുള്ള പണം ഈ ബാങ്കുകറം നല്കുകയും നിർദ്ദേശമനുസരിച്ചു് ആ പണം ഉപയോഗിക്കുന്നതിൽ നിയന്ത്രണം പാലിക്കുകയും ചെയ്യുന്നു.

ജില്ലാ കാൎഷികവായ്പാ സഹകരണസംഘങ്ങറം സ്റ്റെയിററ് ബാങ്കിൽ ലയിപ്പിച്ചതിനെത്തുടൎന്നു കാർഷികോല്പാദനത്തിനുള്ള

ദീഘകാലവായ്പകഠം കൊടുക്കുന്ന ഉത്തരവാദിത്തം സ്റ്റേയിററ് ബാങ്ക് ഏറെറടുത്തു. പുതുതായി രൂപീകരിച്ച സെൽക്കോസ് ബാങ്കാണ് പിന്നീടു് ആ ചുമതല ഏറെറടുത്തതു്.

1930ലും അതിനുശേഷവും രൂപംപ്രാപിച്ചുവന്ന വായ്പാസമ്പ്രദായത്തിനു്, സോഷ്യലിസം പൂണ്ണമായി നടപ്പിലാക്കുന്നഘട്ടത്തിലും, വലിയ വ്യത്യാസം സംഭവിച്ചില്ല. കടംകൊടുക്കുക, ഉപയോഗിക്കുക, മടക്കിക്കൊടുക്കുക എന്നിവ സംബന്ധിച്ച വായ്പാതന്ത്രങ്ങളിൽ ചില പരിഷ്ക്കാരങ്ങഠം വരുത്തുകമാത്രമാണുണ്ടായിട്ടുള്ളതു്.

സാമൂഹ്യവല്ക്കരിക്കപ്പെട്ട സമ്പദ്‌വ്യവസ്ഥയുടെ എല്ലാ രംഗങ്ങളിലുമുണ്ടായ ദ്രുതഗതിയിലുള്ള പുരോഗതി ദേശീയ സമ്പദ്‌വ്യവസ്ഥയിലേയ്ക്കു് കൂടുതൽ വായ്പാനിക്ഷേപങ്ങഠം ചെന്നുചേരുവാനിടയാക്കി.

രണ്ടും മൂന്നും പഞ്ചവത്സരപദ്ധതികാലഘട്ടങ്ങളിൽ സോവിയററ് യൂണിയനിലെ എല്ലാ ബാങ്കുകളിലുമുണ്ടായ വായ്പാനിക്ഷേപങ്ങളുടെ ദശലക്ഷറൂബിളിലുള്ള കണക്കു് ചുവടെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

| താഴെ കൊടുക്കുന്ന വർഷങ്ങളുടെ ഒടുക്കത്തിൽ | ഹ്രസ്വകാല വായ്പ | | ദീർഘകാല വായ്പ | മൊത്തം | സ്റ്റേയിററ് ബാങ്കു കടത്തിന്റെ ഓഹരി ശതമാനക്കണക്കിൽ |
|---|---|---|---|---|---|
| | മൊത്തം | സ്റ്റേയിററ ബാങ്ക് നല്കിയതു് | | | |
| 1933 | 10,692 | 10,452 | 6292 | 16,984 | 62.1 |
| 1938 | 40,895 | 40,698 | 6848 | 47,743 | 85.3 |
| 1941 | 55,700 | 55,009 | 8167 | 63,867 | 86.0 |

1933_40 കാലഘട്ടത്തിൽ എല്ലാ വായ്പാനിക്ഷേപങ്ങളും കൂടി 3.7 മടങ്ങ് വർദ്ധിച്ചു. ഹ്രസ്വകാലവായ്പ 5 ഇരട്ടിയിലധികവും ദീർഘകാലവായ്പ 1.3 ഇരട്ടിയും വർദ്ധിച്ചു.

വായ്പാസംഖ്യകളുടെ—1941 ആദ്യത്തിൽ 86 ശതമാനം—ഭൂരിഭാഗവും സ്റ്റേയിററ്ബാങ്കിന്റെ നിയന്ത്രണത്തിലായിരുന്നു.

1933_40 കാലഘട്ടത്തിൽ സ്റ്റേയിററ്ബാങ്കിന്റെ വായ്പാനിക്ഷേപം 5.3 ഇരട്ടിയായി വർദ്ധിച്ചു. ഇതിൽ ഘനവ്യവസായത്തിനുള്ള ഓഹരി 10 ഇരട്ടിയിലധികമായിരുന്നു; തുണിവ്യവസായമുൾപ്പെടെയുള്ള ചെറുകിടവ്യവസായത്തിനുള്ള ഓഹരി 13 ഇരട്ടിയും ഭക്ഷ്യവ്യവസായത്തിന് 6.3 ഇരട്ടിയും കൃഷിക്ക് 1.5 ഇരട്ടിയും വ്യാപാരത്തിന് 7.4 ഇരട്ടിയുമായിരുന്നു.

1957_ൽ ടൊർഗ്ബാങ്ക് (വ്യവസായം) അവസാനിപ്പിക്കുകയും അതിന്റെ പ്രവർത്തനം സെൽക്കോസ് ബാങ്കും (കൃഷി) സിക്കോം ബാങ്കും (കേന്ദ്ര കമ്മ്യൂണൽ ബാങ്ക്) ഏറെറടുക്കുകയും ചെയ്തു.

1959_വരെ ദീർഘകാല മൂലധനനിക്ഷേപങ്ങൾക്കുള്ള ധനമിറക്കിയതും കടംകൊടുത്തതും പ്രോംബാങ്കും സെൽക്കോസ്ബാങ്കും സിക്കോംബാങ്കും അവയുടെ അനേകം ശാഖകളുമായിരുന്നു. സമ്പദ്‌വ്യവസ്ഥയുടെ വിവിധശാഖകളിലുള്ള വൻകിടനിർമ്മാണത്തിന് ധനം നല്കിയതു് ബന്ധപ്പെട്ട സ്പെഷൽ ബാങ്കുകളായിരുന്നു.

അനേകം ദീർഘകാലനിക്ഷേപബാങ്കുകളുടെ അസ്തിത്വവും അവയുടെ സമാനമായ പ്രവർത്തനങ്ങളും, മൂലധനനിക്ഷേപപദ്ധതികൾ മുഴുവനാക്കുന്നതിൽ നിയന്ത്രണം ചെലുത്തുന്നതിന് വിഷമമുണ്ടാക്കി. പല സംഗതികളിലും പല ബാങ്കുകളും ഒരേവിധത്തിലുള്ള സ്ഥാപനങ്ങൾക്ക് പണം കൊടുത്തു. വ്യവസായസ്ഥാപനങ്ങൾ നടത്തുന്ന വീടുനിർമ്മാണപദ്ധതിക്ക് പ്രോംബാങ്ക് (വ്യവസായം) പണംകൊടുത്തു. കാർഷികസംഘടനകൾ നടത്തുന്ന വീടു

നിർമ്മാണപദ്ധതിക്ക് സെൽക്കോസ് ബാങ്ക് (കൃഷി) പണംകൊടുത്തു. ചിലപ്പോൾ പതിവുകാരൻ ഒരു ബാങ്കുമായി ഇടപാടുചെയ്തപ്പോൾ കരാറുകാരൻ വേറൊരു ബാങ്കുമായി ഇടപാടുചെയ്തു. തന്മൂലം ബാങ്കുകളിറക്കുന്ന ദീർഘകാലനിക്ഷേപങ്ങൾ സംബന്ധിച്ച് ഒരു പരിഷ്കാരം ആവശ്യമായിവന്നു. 1959_ൽ സെൽക്കോസ് ബാങ്കും കമ്മ്യൂണൽ ബാങ്കുകളും അവസാനിപ്പിച്ചു. അവയുടെ പ്രവർത്തനങ്ങൾ സ്റ്റേറ്റ്ബാങ്ക് ഏറെറടുത്തു. പ്രോം ബാങ്കിൻെറ പേരു് സ്റ്റ്റോയി ബാങ്ക് (നിർമ്മാണബാങ്ക്) എന്നാക്കി. സ്റ്റേറ്റ് വായ്പാസമ്പ്രദായത്തിൽ വേറെ മാററങ്ങളൊന്നും വരുത്തിയില്ല. അതിപ്പോൾ കമ്മ്യൂണിസ്റ്റ്നിർമ്മാണത്തിൻെറ ഉദ്ദേശത്തെ വിജയകരമായി സേവിച്ചുവരുന്നു.

## അദ്ധ്യായം മൂന്നു്

# ഇന്നത്തെ സോവിയററ് വായ്പാസമ്പ്രദായം

വികസിതവും ആധുനികവും സാമൂഹ്യവൽകൃതവുമായ വായ്പാസമ്പ്രദായമാണു് സോവിയററു്യൂണിയനു് ഇപ്പോഴുള്ളതു്. സോഷ്യലിസ്റ്റു് സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുവാനും വികസിപ്പിക്കവാനും ജനങ്ങളുടെ ജീവിതത്തോതും സാംസ്കാരികനിലവാരവും ഉയത്തുവാനും കമ്മ്യൂണിസത്തിൻെറ ഭൌതികവും സാങ്കേതികവുമായ അടിസ്ഥാനം പടുത്തുയത്തുന്നതു് ത്വരിതപ്പെടുത്തുവാനും അതിനെ മററു സാമ്പത്തികോത്തോലകങ്ങളു (Lever) മൊന്നിച്ചു് ഉപയോഗപ്പെടുത്തിവരുന്നു.

## സോവിയററ് വായ്പാസമ്പ്രദായത്തെ പ്പററിയുള്ള വിവരണം

ഒരു പദ്ധതിയനുസരിച്ചാണു് സോവിയററു് വായ്പാസമ്പ്രദായം പ്രവത്തിക്കുന്നതു്. ആസൂത്രിതമായ സോഷ്യലിസ്റ്റു് സമ്പദ്‌വ്യവസ്ഥയെ അടിസ്ഥാനമാക്കിയാണു് അതു് നിലകൊള്ളുന്നതു്. വായ്പാസമ്പ്രദായം ഒരു ഗവമ്മെണ്ടുകുത്തകയാണു്; എല്ലാ വായ്പാസ്ഥാപനങ്ങളും ഗവമ്മേണ്ടിൻേറതാണു്. ഗവർമ്മെണ്ടു് അധികാരത്തിൻേറയും ഭരണത്തിൻേറയും ഉയന്ന സമിതികളാണു് അവയെ നിയന്ത്രിക്കുന്നതു്. വായ്പാസമ്പ്രദായത്തിൻെറ ഘടനയും പ്രവത്തനങ്ങളും തീരുമാനിക്കുന്നതും അവയ്ക്കു് നേതൃത്വം നല്കുന്നതും ഗവർമ്മേണ്ടാണു്. വായ്പാസമ്പ്രദായത്തിൻെറ പ്രധാനരൂപം ബാങ്കുവായ്പയാണു്.

സമ്പദ്‌വ്യവസ്ഥയിലെ മുടങ്ങിക്കിടക്കുന്ന പണം കമ്മ്യൂണിസ്റ്റ് നിർമ്മാണത്തിനുവേണ്ടി, പ്ലാൻ അനുസരിച്ച്, പുനർവിതരണം ചെയ്യുന്നതിനു് സോവിയററ് വായ്പാസമ്പ്രദായം സഹായിക്കുന്നു. ആഭ്യന്തരമായ സാമ്പത്തികക്കഴിവുണ്ടാക്കുവാൻ ആവശ്യമായ പണത്തിൻെറ ഒരു ഭാഗം നികത്തുന്നതു് സോവിയററ് വായ്പയാണ്. സ്വർണ്ണനാണ്യത്തിനു് പകരമായി വായ്പാധനം (ബാങ്ക്നോട്ടുകൾ) ഉപയോഗിക്കുവാൻ വായ്പാസമ്പ്രദായം സാധ്യമാക്കുന്നു.

സംഖ്യകൾ റൊക്കത്തിലല്ലാതെ കൊടുക്കുന്നതിനു് വായ്പാ ഇടപാടുകൾ (വിവിധ സംരംഭങ്ങൾക്കു ബാങ്കുകൾ വായ്പ അനുവദിക്കൽ) അനുവദിക്കുന്നു.

സോവിയററ് വായ്പാസമ്പ്രദായം നിരന്തരമായി വികസിച്ചുവരുന്നു; അതിപ്പോൾ അങ്ങേയററം സംഘടിതവും ഏകീകൃതവുമായ സമ്പ്രദായമായിത്തീർന്നിരിക്കുന്നു.

## സോവിയററ് വായ്പാസമ്പ്രദായത്തിൻെറ ഘടന

താഴെപ്പറയുന്നവ ഉൾക്കൊള്ളുന്നതാണ് സോവിയററ്യൂണിയനിലെ ആധുനിക വായ്പാസമ്പ്രദായബന്ധങ്ങൾ: a) ദീർഘകാല-ഹ്രസ്വകാലബാങ്ക്‌വായ്പ. b) സേവിങ്ങ്സ്ബാങ്കുകളിലുള്ള ജനങ്ങളുടെ നിക്ഷേപം. c) മൂന്നു ശതമാന ഷോഡതിവായ്പാവിതരണം (സേവിങ്ങ്സ്ബാങ്കുകൾ ഇവ സ്വതന്ത്രമായി വില്ക്കുകയും വാങ്ങുകയും ചെയ്യുന്നു) d) മററു രാജ്യങ്ങൾക്കു് വായ്പ അനുവദിക്കൽ. e) വ്യാപാരക്കടം അനുവദിക്കൽ (തവണകളായി അടച്ചുവീട്ടാവുന്നവിധം ജനങ്ങൾക്കു് സാധനങ്ങൾ വിൽക്കൽ) f) വ്യക്തിപരമായ മുതലുകൾ ഈടിന്മേൽ ജനങ്ങൾക്കു് കടം കൊടുക്കൽ (Pawnshops)

സംരംഭങ്ങളുടെയും സംഘടനകളുടെയും മററും ഉല്പാദനം തടസ്സമില്ലാതെ നടത്തുവാനും ഉല്പാദനലക്ഷ്യങ്ങൾ വിജയകരമായി നിറവേററുവാനും ആവശ്യമുള്ളതും ഉപയോഗത്തിലുള്ളതുമായ ധനം

നിലനിത്തുവാനും ബാങ്കുവായ്പ സഹായിക്കുന്നു. അങ്ങിനെയുള്ള ബാങ്കുവായ്പകൾ ഈ സ്ഥാപനങ്ങളുടെ ധനോപയോഗത്തെ തരി തപ്പെടുത്തുകയും ധനം ലാഭകരമായും ശാസ്ത്രീയമായും ഉപയോഗി ക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. വ്യവസായവും കൃഷിയും തമ്മിലുള്ള സാമ്പത്തികബന്ധങ്ങൾ വികസിപ്പിക്കുവാനും ശക്തി പ്പെടുത്തുവാനും അതു സഹായിക്കുന്നു. കാർഷിക സഹകരണസംഘ ങ്ങൾക്കു ദീർഘകാലവായ്പകൾ അനുവദിക്കുന്നതുമൂലം, അവക്കു വലിയ സാമ്പത്തികസഹായമാണു ഗവമ്മെണ്ടു ചെയ്യുന്നതു്.

യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിററ്ബാങ്ക്, സ്റ്റെയിററു സേവിങ്ങ്സ് ബാങ്കുകൾ, സ്റ്റെയിററു പോൺഷോപ്പുകൾ, *സ്ട്രോ യിബാങ്ക്, വ്നെഷ് ടോർഗ്ബാങ്ക് എന്നിവയാണിന്നു വായ്പാ സമ്പ്രദായം കൈകാര്യംചെയ്യുന്നതു്.

കറൻസിനോട്ടുകൾ പുറപ്പെടുവിക്കുന്ന ഏകകേന്ദ്രം സ്റ്റെയി ററ്ബാങ്കാണ്. നിമ്മാണമൊഴിച്ചുള്ള ദേശീയ സമ്പദ്‌വ്യവസ്ഥ യുടെ എല്ലാ രംഗങ്ങളിലേയ്ക്കും ഈ ബാങ്കുവായ്പകൾ അനുവദിക്കു ന്നു. കണക്കുകൾ തീക്കുന്നതിൻെറ കേന്ദ്രവും രാഷ്ട്രത്തിൻെറ ഖജ നാവും ഈ ബാങ്കുതന്നെയാണ്.

വ്നെഷ്ടോർഗ് ബാങ്ക് വിദേശവ്യാപാരത്തിനുള്ള വായ്പ കൾ അനുവദിക്കുകയും അന്താരാഷ്ട്രീയ കണക്കുകൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നു.

സമ്പദ്‌വ്യവസ്ഥയിലെ കൃഷിയൊഴിച്ചുള്ള (ഗവമ്മെണ്ടുവ കയും സഹകരണപ്രസ്ഥാനംവകയും) എല്ലാ രംഗങ്ങളിലെയും ഗവമ്മെണ്ടു സംരംഭങ്ങളുടെയും സംഘടനകളുടെയും മൂലധന നിക്ഷേപങ്ങൾക്കുള്ള പണം നല്കുന്നതു് സ്ട്രോയിബാങ്കാണ്. കെ ട്ടിടനിമ്മാണക്കരാറുകാക്കും ഈ ബാങ്ക് വായ്പകൾ അനുവദിക്കുന്നു.

## സംരംഭങ്ങൾക്കു വായ്പ അനുവദിക്കൽ

അസംസ്കൃത സാധനങ്ങൾ, ഇന്ധനം, നിർമ്മാണം പകുതി യായ സാധനങ്ങൾ, പൂർത്തിയായ സാധനങ്ങൾ എന്നിവ കാലാ

കാലങ്ങളിൽ ശേഖരിച്ചുവെയ്ക്കുന്നതിനു് വ്യവസായസ്ഥാപന ങ്ങൾക്കു് ആവശ്യമായ ഹ്രസ്വകാലവായ്പകൾ സ്റ്റെയിററ്ബാങ്കു് നല്കുന്നു. പദ്ധതിനിർവ്വഹണം കവച്ചുവെയ്ക്കുന്നതു സംബന്ധിച്ച താൽക്കാലികാവശ്യങ്ങൾക്കും സംരംഭത്തിന്റെ നിയന്ത്രണത്തിന്നതീതമായി വരുന്ന കാര്യങ്ങൾക്കും പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഉപഭോഗവസ്തുക്കളുടെ നിർമ്മാണം വികസിപ്പിക്കുന്നതിനും ഇങ്ങിനെ വായ്പകൾ കൊടുക്കാറുണ്ടു്.

കാലാകാലങ്ങളിൽ സ്റ്റോക്കുകൾ സംഭരിച്ചുവെയ്ക്കുന്നതിന്നും പ്ലാൻ ചെയ്തതിലധികം സ്റ്റോക്കുചെയ്യേണ്ടിവരുമ്പോഴുള്ള ചിലവുകൾ നിർവ്വഹിക്കുന്നതിന്നും സ്ഥാപനങ്ങൾക്കു് വായ്പകൾ നല്കാറുണ്ടു്. കാരണം, ഈ സ്ഥാപനങ്ങളുടെ പക്കലുള്ള പണം ഈ ചിലവുകൾക്കു് ചിലപ്പോൾ മതിയാവുന്നതല്ല.

സംരംഭങ്ങൾക്കു് വായ്പകൾ അനുവദിക്കുമ്പോൾ, അവ താഴ്ന്നതരം ചരക്കുകളുണ്ടാക്കുവാനും ആവശ്യത്തിലധികം വരുന്നതും അനാവശ്യവുമായ ചരക്കുകൾ നിർമ്മിക്കുവാനും ആ പണം ഉപയോഗിക്കുന്നില്ലെന്നു് ഉറപ്പുവരുത്തുവാൻ ബാങ്കു് ശ്രദ്ധിക്കാറുണ്ടു്. പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ളതിലധികം വരുന്ന നിർമ്മിതവസ്തുക്കളിന്മേലോ എളുപ്പം വിററഴിക്കുവാൻ സാധിക്കാത്ത സാധനങ്ങളിന്മേലോ ബാങ്കു് കടംകൊടുക്കുകയില്ല. വായ്പ നല്കുമ്പോൾ, ആ വായ്പ കൈവശമുള്ള സ്റ്റോക്കുകളുടെ (മുതലുകളുടെ) ഉറപ്പിന്മേലാണോ വാങ്ങുന്നതെന്നു് സ്റ്റെയിററുബാങ്കു് പരിശോധിക്കാറുണ്ടു്; കയ്യിരിപ്പുള്ള മുതലുകളുടെ സ്റ്റോക്കു് പുസ്തകങ്ങളിൽ ശരിക്കു കാണിച്ചിട്ടുണ്ടോയെന്നും സ്റ്റോക്കു് ശരിക്കു് സൂക്ഷിച്ചിട്ടുണ്ടോയെന്നും ബാങ്കു് അന്വേഷിക്കാറുണ്ടു്. നഷ്ടങ്ങൾ നികത്തുവാനായി വായ്പാസംഖ്യ ഉപയോഗിക്കുന്നതു് തടയുവാനാണു് ഈ പരിശോധന.

ഉല്പാദനലക്ഷ്യവും ചരക്കുകളുടെ മൊത്തോല്പാദന പദ്ധതികളും നിറവേററുന്നതിൽ സംരംഭങ്ങൾക്കു് താൽക്കാലിക ബുദ്ധിമുട്ടുകൾ നേരിടുന്ന അവസരത്തിൽ അവയ്ക്കു നല്കുന്ന സാമ്പത്തികസഹായത്തിന്റെ ഒരു രൂപമാണു് താൽക്കാലികാവശ്യങ്ങൾക്കുള്ള വാ

യ്യുകഠം. ഉല്പാദനവും ഉല്പാദിതവസ്തുക്കളുടെ ഗുണവും വദ്ധിപ്പിക്കുന്നതിനും ആവശ്യമായ വസ്തുക്കഠം യഥാസമയം ശേഖരിക്കുന്നതിനും ആവശ്യമുത്ഭവിക്കുമ്പോഴാണ് ഈ വായ്പയുടെ ആവശ്യംവരുന്നതു്. ചിലപ്പോഠം ഒരു സംരംഭത്തിനു് അങ്ങിനെയുള്ള വായ്പയുടെ ആവശ്യം നേരിടുന്നു. മേലെയുള്ള ഘടകം മുമ്മൂന്നു മാസത്തേയ്ക്കുള്ളതോ അല്ലെങ്കിൽ ഒരു മാസത്തേയ്ക്കുള്ളതോ ആയ ഉല്പാദനപദ്ധതിയിൽ മാററം വരുത്തുമ്പോഴോ അല്ലെങ്കിൽ സംരംഭത്തിൻെറ അടുത്ത മൂന്നുമാസത്തേയ്ക്കു് നീക്കിവെച്ച സംഖ്യയുടെ പേരിൽ ചരക്കു് സപ്ലൈചെയ്യുന്നവർ ചരക്കയയ്ക്കുമ്പോഴൊ ആണു് ഈ വായ്പയുടെ ആവശ്യം നേരിടുന്നതു്. (നീക്കിവെച്ച പണം വരുന്ന ചരക്കിൻെറ വില കൊടുക്കുന്നതിനു് ഉപയോഗിക്കുവാൻ പററാതാവുമ്പോഠം എന്നത്ഥം.)

പുതിയ ഉപകരണങ്ങഠം സ്ഥാപിക്കുന്നതിനും ഉല്പാദനയന്ത്രങ്ങളിൽ പരിഷ്കാരങ്ങഠം വരുത്തുന്നതിനും പുതിയ ഉപകരണങ്ങഠം ഉപയോഗിക്കുന്നതിനുംവേണ്ടി സ്റ്റേയിററ്ബാങ്ക് നൽകുന്ന വായ്പകളാണു് പ്രത്യേകം പ്രാധാന്യമഹിക്കുന്നതു്. മൂന്നു കൊല്ലംവരെയ്ക്കുള്ള കാലത്തേയ്ക്കാണു് ഈയാവശ്യങ്ങഠംക്കുള്ള വായ്പകഠം അനുവദിക്കുക. നിക്ഷിപ്തമൂതൽ പൂണ്ണമായും പുനഃശക്തമാക്കുകയും വായ്പാനുകൂല്യംവഴി വരുമാനം ശരിപ്പെടുത്തികൊണ്ടു് നിശ്ചിതസമയത്തിനു് വായ്പാസംഖ്യ മടക്കിക്കൊടുക്കുകയും ചെയ്യണമെന്ന വ്യവസ്ഥയിന്മേലാണു് വായ്പ നല്കപ്പെടുന്നതു്.

തങ്ങളുടെ ഉപകരണസാമഗ്രികളും ഉല്പാദനമുറകളും ഉല്പാദനം സംഘടിപ്പിക്കലും നന്നാക്കുവാൻ സംരംഭങ്ങഠംക്കു കഴിവുണ്ടാക്കുന്നതാണു് ഈ ബാങ്കുവായ്പ.

ഉപഭോഗവസ്തുക്കഠം നിമ്മിക്കുവാനും അവയുടെ ഗുണം വദ്ധിപ്പിക്കുവാനും സ്റ്റേയിററ്ബാങ്ക് വായ്പകഠം നല്കാറുണ്ടു്. ഇതിൻെറ കാലാവധി ഒരു കൊല്ലമാണു്. ലാഭത്തിൽനിന്നു കടം വീട്ടുന്നതിനും സാധനങ്ങളുടെ ഉല്പാദനം വദ്ധിപ്പിക്കുന്നതിനും വായ്പ

പര്യാപ്തമാകണമെന്ന വ്യവസ്ഥയിന്മേലാണ് വായ്പ അനുവദിക്കുന്നതു്.

മേല്പറഞ്ഞ വായ്പകൾക്കു പുറമെ സംരംഭങ്ങളുടെ ഇളകാത്ത (സ്ഥിരം) മുതലുകളായ വസ്തുക്കളിന്മേൽ വരുത്തുന്ന മൂലധനചിലവുകൾ (Capital repairs) വഹിക്കുവാനോ മൂലധനനിക്ഷേപങ്ങൾക്ക് സംഭവിക്കുന്ന ന്യൂനതകൾ പരിഹരിക്കുവാനോ വായ്പകൾ അനുവദിക്കപ്പെടുന്നു. തേമാനത്തിൻെറ പേരിൽ കിഴിവ് തള്ളപ്പെടുന്ന സംഖ്യയേക്കാളധികം ഈ ചിലവു് വരുമ്പോഴാണ് ഇത്തരം വായ്പകളനുവദിക്കുന്നതു്.

വന്നുകൊണ്ടിരിക്കുന്ന —മാറ്ഗ്ഗമദ്ധ്യത്തിലുള്ള— ചരക്കുകളുടെ പേരിൽ അനുവദിക്കുന്ന വായ്പയാണ് വളരെയധികം സാധാരണമായിട്ടുള്ളതു്. ചരക്കുകൾ കയററി അയക്കുന്ന തീയതിയും സംഖ്യ കൊടുക്കേണ്ടതായ. തീയതിയും പൊരുത്തപ്പെടാതെ വരുമ്പോഴാണ് സംരംഭങ്ങൾക്ക് ഇത്തരം വായ്പ അനുവദിക്കുന്നതു്. സംഖ്യ ലഭിച്ചുവെന്നു വാങ്ങുന്നവൻെറ ബാങ്കിൽനിന്നു വില്ക്കുന്നവൻെറ (നിർമ്മാതാവിൻെറ) ബാങ്കിനു് വിവരം കിട്ടിയ ഉടനെ ഈ വായ്പ റദ്ദാക്കപ്പെടുന്നു.

വ്യവസായസംരംഭങ്ങൾക്ക് സ്റ്റെയിററ്ബാങ്ക് വായ്പ അനുവദിക്കുമ്പോൾ അവയുടെ ഉല്പാദനം, വില്പന, ലാഭപദ്ധതികൾ, എന്നിവയിന്മേൽ ബാങ്ക് നിയന്ത്രണമേപ്പെടുത്തുന്നു. ചുമതലപ്പെടുത്തിയ ആവശ്യങ്ങൾക്കാണോ സംരംഭങ്ങൾ തങ്ങളുടെ ധനവും വായ്പാസംഖ്യയും ഉപയോഗിക്കുന്നതെന്നും ബാങ്ക് അന്വേഷിക്കാറുണ്ടു്. സ്റ്റോക്കുകളുടെ സ്ഥിതിയും കണക്കുകളുടെ നിലയും ബാങ്ക് പരിശോധിക്കുകയും ബാങ്കിലേയ്ക്കു ചെല്ലുവാനുള്ള പണം സമയത്തിന്നടയ്ക്കുന്ന കാര്യത്തിൽ ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഒരു സംരംഭത്തിനു് അതിൻെറ കുററംമൂലമല്ലാതെ പണസംബന്ധമായ വിഷമം നേരിടുമ്പോൾ യഥാസമയം വായ്പ നല്കി സഹായിക്കുവാൻ സ്റ്റെയിററ്ബാങ്ക് കടപ്പെട്ടിരിക്കുന്നു. അതൃപ്തികരമായ പ്രവർത്തനംമൂലമാണ് ആ വിഷമം നേരിടുന്നതെ

ങ്കിൽ, ഭരണപരവും സാമ്പത്തികവുമായ കുറവുകൾ ഇല്ലാതാക്കുന്നതിനു് നടവടികൾ എടുക്കുവാൻ സ്റ്റേയിററ്ബാങ്ക് ആ സംരംഭത്തിൻെറ മാനേജ്മെൻറിനോടാവശ്യപ്പെടുന്നു. ആവശ്യമായ നടപടികൾ ആ സംരംഭം എടുക്കുന്നില്ലെങ്കിൽ, അക്കാര്യത്തിലിടപെടുവാൻ മേലെയുള്ള സമ്പദ്സംഘടനയോടു് ബാങ്ക് അഭ്യർത്ഥിക്കുന്നതാണ്. അങ്ങിനെയുള്ള സംരംഭങ്ങളുടെനേരെ സ്റ്റേയിററ് ബാങ്ക് സാമ്പത്തികോപരോധം ഏർപ്പെടുത്തുന്നതാണ്. കടംകൊടുക്കുന്നതു ബാങ്ക് നിർത്തുന്നു. മേലെയുള്ള സംഘടനകൾ ഉറപ്പുകൊടുത്താൽമാത്രമേ വായ്പ അനുവദിക്കുകയുള്ളൂ. വായ്പയുടെ കാലാവുധി അവസാനിക്കുന്നതിനു മുമ്പു് വായ്പ കൊടുത്തുതീക്കുവാൻ ബാങ്ക് ആവശ്യപ്പെടുന്നു.

ഗവമ്മെണ്ടു് ഉടമയിലുള്ള കാഷിക്കസംരംഭങ്ങൾക്കും സ്റ്റേയിററ്ബാങ്ക് കടം കൊടുക്കുന്നതാണ്. കാലാകാലങ്ങളിലുള്ള ഉല്പാദനപ്രവത്തനങ്ങളുടെ ചിലവുകൾ വഹിക്കുവാനും കാലിത്തീററ, ഇന്ധനം, കാഷികോപകരണങ്ങളുടെ സ്പെയർപാർട്ടുകൾ മുതലായവ സ്റ്റോക്കുചെയ്യുവാനും മററുമായിട്ടാണ് ഇവയ്ക്കു വായ്പ അനുവദിക്കുന്നതു്.

കാഷിക സഹകരണ സ്ഥാപനങ്ങൾക്കും സ്റ്റേയിററ് ബാങ്കിൽനിന്നു് ഹ്രസ്വകാലവായ്പകൾ ലഭിക്കുന്നു. ഉല്പാദനം സംബന്ധിച്ച ചിലവുകൾ വഹിക്കുന്നതിനും ഉല്പാദന–സാമ്പത്തിക പദ്ധതികളിൽ പറഞ്ഞിട്ടുള്ള മൂലധനനിക്ഷേപങ്ങളുണ്ടാക്കുവാനുമാണ് ഈ സ്ഥാപനങ്ങൾ കടം വാങ്ങുന്നതു്. മൂലധനനിക്ഷേപത്തിനു് നീക്കിവെച്ചിട്ടുള്ള തുക (ആദായം) ക്രമമായി കിട്ടാതിരിക്കുമ്പോഴും മൂലധനനിക്ഷേപം മുടക്കേണ്ട ഘട്ടത്തിൽ ആദായം ലഭിക്കാതിരിക്കുമ്പോഴുമാണ് മൂലധനനിക്ഷേപത്തിലേയ്ക്കുള്ള വായ്പകൾ ഈ സംരംഭങ്ങൾക്കു് അനുവദിക്കുന്നതു്. ഉല്പാദനാവശ്യങ്ങൾക്കുള്ള വായ്പയുടെ കാലാവുധി സാധാരണമായി ഒരു കൊല്ലമാണ്. പ്രായം കുറഞ്ഞ കന്നുകാലികളെ വാങ്ങുവാൻ അനുവദിക്കുന്ന വായ്പയുടെ കാലാവുധി രണ്ടുകൊല്ലംവരേയ്ക്കാണ്,

സ്ഥിരംമുതലുകളുടെ (ഉല്പാദനത്തിനുള്ള കെട്ടിടങ്ങൾ, പരിസരങ്ങൾ, സ്കൂളുകൾ എന്നിവ നിർമ്മിക്കൽ, ഉപകരണങ്ങൾ, കന്നുകാലികൾ എന്നിവ വാങ്ങൽ, തോട്ടങ്ങളുണ്ടാക്കൽ, കൃഷിസ്ഥലങ്ങൾ നന്നാക്കൽ) വികസനത്തിനുവേണ്ടിയാണ് കാർഷികസംരംഭങ്ങൾ സ്റ്റേയിററ്ബാങ്കിൽനിന്ന് ദീർഘകാലവായ്പകൾ വാങ്ങുന്നത്. ഒരു സംരംഭം അതിൻെറ കടംവീട്ടുന്നത് അതിൻെറ സഹകരണാടിസ്ഥാനത്തിലുള്ള ഉല്പാദന (ധന) ശേഖരണത്തിൽ നിന്നാണ്. ഈ വായ്പയുടെ കാലാവധി 3 മുതൽ 15 കൊല്ലം വരെയാണ്. ആവശ്യത്തിൻെറ രൂപമനുസരിച്ചായിരിക്കും വായ്പയുടെ കാലാവധി.

വ്യവസായസംരംഭങ്ങൾക്ക് സ്റ്റേയററ്ബാങ്ക് വായ്പ നല്കുന്നതുപോലെത്തന്നെയാണ് കൺസ്ട്രക്ഷൻബാങ്ക് (നിർമ്മാണബാങ്ക്) കെട്ടിനിർമ്മാണക്കരാറുകാർക്കു ഹ്രസ്വകാലവായ്പകൾ അനുവദിക്കുന്നത്. കെട്ടിടനിർമ്മാണസാമഗ്രികൾ വാങ്ങുവാനും നിർമ്മാണയന്ത്രങ്ങൾ റിപ്പയർ ചെയ്യുവാനും മററുമാണിവക്കു വായ്പകൾ അനുവദിക്കുന്നത്.

നിർമ്മാണസംരംഭങ്ങൾക്കും കടം അനുവദിക്കപ്പെടുന്നു. വൻകിട യന്ത്രങ്ങളും മററും വാങ്ങുവാനും യന്ത്രവല്ക്കരണം നടപ്പിലാക്കുവാനും നിർമ്മാണപദ്ധതി (മൂന്നു മാസത്തേയ്ക്കുള്ളത്) ലക്ഷ്യത്തിൽ കവിഞ്ഞു നിറവേററുകയും നിർമ്മാണത്തിനു കൊള്ളിച്ച വക (മൂന്നു മാസത്തേയ്ക്കുള്ളത്) പോരാതെ വരികയും ചെയ്യുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യത തീർക്കുവാനുമാണ് വായ്പകൾ സ്വീകരിക്കുന്നത്.

വ്യാപാരസംരംഭങ്ങൾക്കും സംഘടനകൾക്കും വായ്പനല്കുന്നതു യു. എസ്സ്. എസ്സ്. ആർ. സ്റ്റേയിററ്ബാങ്കാണ്. ഒരു സംരംഭത്തിനു സ്റ്റോക്കുകൾ സൃഷ്ടിക്കുവാനും (സ്വന്തം മുതലുകളേക്കാളധികം) സപ്ലൈ ചെയ്യുവാനുള്ള സാധനങ്ങൾ വാങ്ങിവെയ്ക്കുവാനും ഒട്ടാകെയുള്ള വില്പന, സംരംഭത്തിൻെറ കുററംകൊണ്ടല്ലാതെ, പ്ലാനിൽ വ്യവസ്ഥചെയ്തിട്ടുള്ളതിനേക്കാൾ കുറയുമ്പോൾ

ഉണ്ടാകുന്ന താല്ക്കാലികാവശ്യങ്ങൾ നിറവേററുവാനുമാണ് ആ സംരംഭം വായ്പ വാങ്ങുന്നതു്.

യു. എസ്സ്. എസ്സ്. ആർ. സമ്പദ്‌വ്യവസ്ഥയിൽ ഇന്നു് നിലവിലുള്ള പ്രധാന വായ്പാബന്ധങ്ങളിവയാണ്.

## യു. എസ്സ്. എസ്സ്. ആറിലെ വായ്പയുടെ ആസൂത്രണം

യു. എസ്സ്. എസ്സ്. ആർ. വായ്പാസമ്പ്രദായത്തിന്റെ പ്രധാന സ്വഭാവം അതു് ആസൂത്രിതമാണെന്നുള്ളതാണ്. സംഖ്യയും വിഭവവിനിയോഗവും അവയുടെ ഉറവിടങ്ങളും ഒരു പ്രത്യേക കാലത്തേയ്ക്കു് ഉപയോഗിക്കുന്നതു് മുൻകൂട്ടി തീരുമാനിക്കുന്നുവെന്നുള്ളതാണ് ആസൂത്രണത്തിന്റെ അർത്ഥം. (അഞ്ചുകൊല്ലം, ഒരു കൊല്ലം, മൂന്നുമാസം, ഒരു മാസം എന്നിങ്ങനെയുള്ള കാലത്തേയ്ക്കു് എന്നർത്ഥം) അതായതു് ആർക്ക് എത്ര പണം എന്തുദ്ദേശത്തിനു്, എത്രകാലത്തേയ്ക്കു് കൊടുക്കും എന്നെല്ലാം മുൻകൂട്ടി പ്ലാൻ ചെയ്യുന്നുവെന്നു് സാരം.

സംരംഭങ്ങളുടേയും സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകളുടേയും സാമ്പത്തികപ്രവർത്തനങ്ങൾക്ക സഹായം നൽകുവാനും ഗവർമ്മെണ്ടു്ധനം ആവശ്യത്തിനും യുക്തിക്കും ചേർന്നവിധത്തിൽ ഉപയോഗിക്കുന്നതിനുറപ്പുവരുത്തുവാനും സമ്പദ്‌വ്യവസ്ഥയുടെ ആഭ്യന്തരവരുമാനമാർഗ്ഗങ്ങൾ ശേഖരിക്കപ്പെടുവാനും വായ്പകൾ നിർണ്ണയിച്ച അളവിൽ ഉപയോഗപ്പെടുത്തുവാനുമാണ് വായ്പയുടെ ആസൂത്രണത്തെ ഗവർമ്മെണ്ടു് ഉപയോഗപ്പെടുത്തുന്നതു്.

വായ്പനല്കുന്ന സ്ഥാപനങ്ങളും സമ്പത്തുല്പാദിപ്പിക്കുന്ന സംഘടനകളുമാണ് വായ്പാപദ്ധതികൾ തയ്യാറാക്കുന്നതു്. സംരംഭങ്ങളുടേയും ഉല്പാദന–സാമ്പത്തികപദ്ധതികളെ അടിസ്ഥാനമാക്കിട്ടുള്ളവയും പണപ്രചാരത്തിന്റെ പദ്ധതിയും സ്റ്റെയിററുബഡ്ജററുമായി അടുത്തു ബന്ധപ്പെടുത്തിട്ടുള്ളവയുമാണ് ഈ വായ്പാപദ്ധതികൾ.

സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയ്ക്കും അതിന്റെ സാമ്പത്തികാസൂത്രണത്തിനുമൊപ്പം വായ്പാസൂത്രണവും വികസിച്ചുവന്നു.

യു. എസ്സ്. എസ്സ്. ആറിലെ എല്ലാ ബാങ്കുകളുടേയും വായ്പാ പ്രവർത്തനങ്ങൾ സംബന്ധിച്ച ഒന്നാമത്തെ സംക്ഷിപ്തപദ്ധതി (മൂന്നുമാസത്തേതു്) 1925-ൽ തയ്യാറാക്കി. സമ്പദ്‌വ്യവസ്ഥയുടെ രംഗങ്ങളും ഒററയ്ക്കുള്ള സംരംഭങ്ങളനുസരിച്ചു് വായ്പകൾ പോകുന്ന മാർഗ്ഗങ്ങളും ഈ പദ്ധതി 1926-ൽ വ്യക്തമാക്കി. 1928നു ശേഷം വാർഷികവായ്പാപദ്ധതികൾ തയ്യാറാക്കപ്പെട്ടു. ഇപ്പോൾ വായ്പകൾക്കുള്ള ആസൂത്രിതാവശ്യം നിർണ്ണയിക്കുന്നതു് റിപ്പബ്ലിക്കൻ അടിസ്ഥാനത്തിലും പ്രാദേശികാടിസ്ഥാനത്തിലുമുള്ള സമ്പദ്സംഘടനകളാണു്. ഈ പദ്ധതികൾ (ആവശ്യങ്ങളടങ്ങിയവ) ബാങ്കുകളുടെ റിപ്പബ്ലിക്കൻ—പ്രാദേശിക ഘടകങ്ങളിലേയ്ക്കു് അയയ്ക്കുന്നു. ഈ ഘടകങ്ങൾ അവയെ കേന്ദ്രബാങ്കുകളിലേയ്ക്കു് അയയ്ക്കുന്നു. വായ്പാനിധികളുടെ കേന്ദ്രീകൃതമായ ആസൂത്രണം നിർവ്വഹിക്കുന്നതു് യു. എസ്സ്. എസ്സ്. ആർ. സ്റ്റെയിററ്ബാങ്ക് ഡയറക്ടർബോർഡും യു. എസ്സ്. എസ്സ്. ആർ. കൺസ്ട്രക്ഷൻ ബാങ്കും സ്റ്റ്റോയി ബാങ്കുംകൂടിയാണു്.

സ്റ്റെയിററുബാങ്കിന്റെ വായ്പാപദ്ധതികളിപ്പോൾ സമ്പദ് വ്യവസ്ഥയുടെ വിവിധശാഖകൾക്കുംവേണ്ടി (വ്യവസായം, കൃഷി മുതലായവ) തയ്യാറാക്കപ്പെടുന്നു. റിപ്പബ്ലിക്കുകൾക്കും മേഖലകൾക്കും പ്രദേശങ്ങൾക്കുമുള്ളവ മേഖലാടിസ്ഥാനത്തിലാണു് തയ്യാറാക്കപ്പെടുന്നതു്. ഏതുതരം വായ്പ, വാങ്ങുന്നതാർ, എന്തുദ്ദേശത്തിനുവേണ്ടി, എന്തു ജാമ്യം കൊടുക്കുന്നു എന്നീ കാര്യങ്ങളെല്ലാം പദ്ധതികളിൽ വ്യവസ്ഥചെയ്യപ്പെടുന്നു. മുമ്മൂന്നു മാസത്തേയ്ക്കുള്ള പദ്ധതികൾക്കു പുറമെ സ്റ്റെയിററ്ബാങ്ക് വാർഷികപദ്ധതിയും തയ്യാറാക്കുന്നു.

വായ്പകൾ ആസൂത്രണംചെയ്യുന്നതിൽ പദ്ധതിരൂപീകരണം മാത്രമല്ല ഉൾപ്പെടുന്നതു്; അവയുടെ നിർവ്വഹണം സംബന്ധിച്ച നിർവ്വചനങ്ങളും ഉൾപ്പെടുന്നു. പദ്ധതിനിർവ്വഹണനിയന്ത്രണത്തെ

സഹായിക്കുവാനും പദ്ധതിയിൽനിന്നുള്ള പാളിച്ചകളെ തെളിയിച്ചുകാട്ടുവാനും വായ്പാസംഖ്യകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ എടുക്കുവാനും വായ്പാ ഇടപാടുകൾ എളുപ്പം തീക്കുവാനും സാമ്പത്തികാച്ചടക്കം ശക്തിപ്പെടുത്തുവാനും ഈ നിവ്വചനം ഉപകരിക്കുന്നു.

സ്റ്റേയിററ്ബാങ്കിൻെറ വായ്പാപദ്ധതിയുടെ ചുരുക്കം ഒരു ബാലൻസ്ഷീററിൻെറ (ആയവ്യയക്കണക്ക്) രൂപത്തിലാണ് തയ്യാറാക്കപ്പെടുന്നതു്. ഒരു ഭാഗത്തു് വരുമാനമാഗ്ഗങ്ങളുടെ (നിധികൾ, ബാങ്കലാഭം, സ്റ്റേയിററുബന്ധഉററധനം, നിക്ഷേപം, കറൻറ് കണക്ക് മുതലായവ) അടിസ്ഥാനത്തിൽ ഇനംതിരിച്ച ബാങ്കുകളുടെ സാമ്പത്തികസാധ്യതകളും മറുഭാഗത്തു് ഈ സാമ്പത്തികസാധ്യതകളുടെ വിനിയോഗവും (സ്റ്റോക്കുകളിന്മേലുള്ള വായ്പ, പുതിയ ഉപകരണങ്ങൾക്കുള്ള വായ്പ, താല്ക്കാലികാവശ്യങ്ങൾക്കുള്ള വായ്പ, എത്തിച്ചേരാനുള്ള ചരക്കുകളിന്മേലുള്ള വായ്പ മുതലായവ) കാണിച്ചിരിക്കും.

സ്റ്റേയിററ്ബാങ്ക് തയ്യാറാക്കുന്ന വായ്പാപദ്ധതി ഗവമ്മെണ്ടു് അംഗീകരണത്തിനുശേഷം നടപ്പിലാക്കപ്പെടുന്നു.

കൺസ്റ്റ്രക്ഷൻബാങ്കിൻെറ വായ്പാപദ്ധതി താഴെ പറയുന്ന വസ്തുവേണ്ടി പ്രത്യേകമായി തയ്യാറാക്കപ്പെടുന്നു. 1) കെട്ടിടനിമ്മാണസംരംഭങ്ങൾക്കുവേണ്ടിയുള്ള ഹ്രസ്വകാലവായ്പകൾ. 2) ദീഘകാലവായ്പകൾ. ഒരു കൊല്ലക്കാലത്തേയ്ക്കാണ് ഹ്രസ്വകാലപദ്ധതി തയ്യാറാക്കുന്നതു്. മൂന്നു മാസത്തേയ്ക്കുള്ള വായ്പകളുടെയും വായ്പാമാഗ്ഗങ്ങളുടെയും വിവരം അതിൽ കാണിച്ചിരിക്കും. ഓരോ മുമ്മൂന്നു മാസം കൂടുമ്പോഴുമുള്ള നീക്കിബാക്കിയും (വായ്പകളും അതിനുള്ള വരുമാനങ്ങളും) വ്യക്തമാക്കപ്പെട്ടിരിക്കും. ഒരു കലണ്ടർവഷത്തേയ്ക്കാണ് ദീഘകാലവായ്പാപദ്ധതി തയ്യാറാക്കുന്നതു്. ആസൂത്രണംചെയ്യപ്പെട്ട വായ്പകളുടെ സംഖ്യയും മുമ്പ് അനുവദിച്ച വായ്പകൾ തിരിച്ചടയ്ക്കുന്നതുമൂലമുള്ള വരുമാനങ്ങളും

അതിൽ കാണിച്ചിരിക്കും. മററൊരുവിധത്തിൽ പറഞ്ഞാൽ അതു നീക്കിബാക്കിയല്ലാ പ്രത്യുത ആസൂത്രണംചെയ്യപ്പെട്ട വരുമാനങ്ങളുടെ ആകത്തുകയോ മൊത്തം സംഖ്യയോ ആണ്. കൺസ്ട്രക്ഷൻ ബാങ്കിൻെറ വായ്പാപദ്ധതി. സ്റ്റെയിററ്ബാങ്കിൻേറതുപോലെത്തന്നെ, മേഖലാടിസ്ഥാനത്തിലാണ് തയ്യാറാക്കപ്പെടുന്നതു്. റിപ്പബ്ലിക്കൻ മന്ത്രിസഭകളുടെയും വകുപ്പുകളുടെയും പ്രാദേശിക സോവിയററ് എക്സിക്യൂട്ടീവ് കമ്മററികളുടെയും ആവശ്യങ്ങൾ അടിസ്ഥാനമാക്കിയാണ് വായ്പാപദ്ധതി തയ്യാറാക്കപ്പെടുന്നതു്.

യു. എസ്സ്. എസ്സ്. ആറിലെ വായ്പയുടെ ആസൂത്രണം, ഉല്പാദനത്തിൻെറയും വ്യാപാരത്തിൻെറയും വളച്ച ത്വരിതപ്പെടുത്തുന്നതിലും പണത്തിൻെറ കൈമാററം സുഗമമാക്കുന്നതിലും കോസ്റ്റ് അക്കൌണ്ടിങ്ങ്തത്വവും സോഷ്യലിസ്റ്റ് സംരംഭങ്ങളുടെ സാമ്പത്തികാടിസ്ഥാനവും വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിലും വായ്പയ്ക്കുള്ള പങ്ക് വദ്ധമാനമാകുന്നു.

It is a fine book

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M330.0947 Acc. No. 80153

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M330.947
Cl.No. LR4-f Acc.No. 84153

Author ലിങ്ങ്ലിൻ, ചെറസ് .വി

Title ധനവും കടവും

M 84153

330.947

LT4-f

ലിങ്ങ്ലിൻ, ചെറസ് .വി

ധനവും കടവും.

KOTTAYAM PUBLIC LIBRARY

Call No M330.947 Acc. No 89153

Author ഷിപ്പിൻ, കോംസ്. വി

Title ധനവും കടവും.